❑Kozhikode ❑Volume No: 5 ❑Issue No: 2 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

1 ഏപ്രിൽ 2026

**വിഷുപ്പതിപ്പ്**

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം



പാരമ്പര്യമൂല്യങ്ങളോടൊപ്പം
ആധുനിക ശാസ്ത്രത്തിന്റെ പരിരക്ഷ
പരമ്പരാഗതമായ ആയുർവേദത്തോടൊപ്പം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സംയോജിപ്പിച്ച്
കാലാനുസൃതമായ സമ്പൂർണ്ണ ആരോഗ്യ പരിചരണത്തിന് നാഗാർജുന.
GMP & ISO
NAGARJUNA
AYURVEDA
പാരമ്പര്യത്തിന്റെ കരുത്ത്, ആധുനിക ശാസ്ത്രത്തിന്റെ കൃത്യത
+91 99616 33366 | cmo@nagarjunaayurveda.com | www.nagarjunaayurveda.com




യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5128 ചൈത്രം കൊല്ലവർഷം 1201 മേടം വസന്ത ഋതു

വാർഷിക വരിസംഖ്യ
300 രൂപ അയക്കാൻ
ഈ ക്യു ആർ കോഡ്
സ്കാൻ ചെയ്യുക

2026 April 1 ❑Kozhikode ❑Volume No: 5 ❑Issue No:2❑email: swasthitrimonthly@gmail.com ❑website: swasthi.org❑Mob:9495369337



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823

**മാനേജിംഗ് എഡിറ്റർ**
ഡോ. വിനോദ് മങ്ങത്തായ 9895621493

**സബ് എഡിറ്റർമാർ**
ഉദയൻ നമ്പൂതിരിപ്പാട് കിഴക്കേടം 8281926325
സ്വപ്ന ഉമാശങ്കർ 9847200185

**പ്രിന്റർ ആന്റ് പബ്ലിഷർ**
ടി.വി. ദിവാകരൻ നമ്പൂതിരി 9447337337

**ധനകാര്യം:**
നാറാണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ നമ്പൂതിരി 9946438951

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


# ഈ വിഷു നിങ്ങളുടേത്

വിഷുപ്പതിപ്പ് തയ്യാറാക്കുമ്പോൾ ജെൻസിക്ക് കൂടുതൽ പ്രാധാന്യം നൽകാൻ ആലോചിച്ചു. പരീക്ഷ സമയത്താണോ ഞങ്ങളോട് എഴുതാൻ പറയുന്നതെന്ന് കുട്ടികൾ. സംഗതി ശരിയാണല്ലോ. മധ്യവേനലവധിയും 'ഓർമ്മകളുടെ ചിത്രശാല' തുറക്കലുമൊക്കെ സ്ട്രിക്റ്റ്‌ലി അഡൾട്സ് ഒൺലി എന്നത് മറ്റൊരു വിഷയം.

ഡിയർ ഗയ്സ്, വിഷുപ്പതിപ്പിന്റെ മുഖപ്രസാദം ദേവഗിരി കോളജിലെ ബിരുദ വിദ്യാർത്ഥിനി മേഘ്ന കൃഷ്ണ. ഗ്രാമത്തിന്റെ പേര് തന്നെ ഒരു നമ്പൂതിരി സഖാവിനു സ്മാരകമായ ചരിത്രമാണ് കവർ സ്റ്റോറി. ജി ഡി പി യെക്കുറിച്ച് സംസാരിക്കുന്ന അഞ്ചാം ക്ലാസുകാരൻ സ്വസ്തിയിലുണ്ട്.

ഉണ്ണിക്കണ്ണന്റെ ആറാട്ടിന് മഞ്ഞൾക്കുടവുമായി ഉണ്ണിനമ്പൂതിരിയാണ് മുന്നിൽ. ഒന്നാന്തരം ഓത്തനായ വേദസ് ചെറുപ്പം വിടാത്ത സ്കൂൾ അധ്യാപകൻ. പറമ്പിടി തിറയുത്സവത്തിന്റെ അൽഗോരിതം ഇല്ലത്തെ യംഗ്സ്റ്റേഴ്സിനും തെറ്റാറില്ല. ഡ്രംസ് വായിക്കുന്ന ശ്രീശങ്കരൻ മള്ളിയൂരിലെ ഉണ്ണിയാണ്. 'കിടുവാണ് കിർഗിസ്ഥാൻ' നല്ല വായനായാത്ര നൽകുന്നു. കുട്ടിക്കൂട്ടം നിറഞ്ഞു തുളുമ്പി പ്രവഹിച്ച വിഷുപ്പതിപ്പിന്റെ യുവജനോത്സവം ഇങ്ങിനെയൊക്കെ.

വിഷുമധുരമായി ഒരു കാര്യം. ഈ വെക്കേഷനിൽ കുട്ടികൾക്ക് - മുതിർന്നവർക്കും - ഒരു മസ്റ്റ് വിസിറ്റ് സൈറ്റ് ഉണ്ട്. കേരളത്തിലെ കേംബ്രിഡ്ജ്, ഓക്സ്ഫോർഡ്, നളന്ദ, തക്ഷശില..എല്ലാമായിരുന്ന വൺ ആൻറ് ഓൺലി കൂടല്ലൂർ അഥവാ നാറേരി മന. നേദ്യച്ചോറും ഉപ്പുമാങ്ങയും കഴിച്ച് തലമുറകളായി ശാസ്ത്രവും വ്യാകരണവും വ്യാഖ്യാനിച്ച ഗുരുക്കന്മാർ, ശിഷ്യന്മാർ. അവരുടെ ജ്ഞാനവഴികൾ. ലൊക്കേഷൻ മാപ്പും വിവരങ്ങളും വിഷുപ്പതിപ്പിൽ ചേർത്തിട്ടുണ്ട്.

വിഭവങ്ങൾ ഇനിയും ധാരാളമുണ്ട്.

വായനക്കാരുടെ വിഷുഫലം അറിയാൻ കാത്തിരിക്കുന്നു..

എല്ലാം ഗംഭീരമാവട്ടെ. നിറഞ്ഞ വിഷു ആശംസിക്കുന്നു.


Yogakshemasabha Swasthi Trimonthly. **Printed & Published by T.V. Divakaran Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Offset Prints, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**

Vol No:5 Issue No: 2 Registration Number : KERMAL/2022/83817

# ആരൊക്കെ/എന്തൊക്കെ




**06**
**കവർ സ്റ്റോറി**
ഈ നമ്പൂതിരി സഖാവിന്റെ പേരിൽ ഒരു ഗ്രാമം തന്നെയുണ്ട്
ഉദയൻ നമ്പൂതിരിപ്പാട്

**15**
ജിഡിപിയെക്കുറിച്ച് സംസാരിക്കുന്ന അഞ്ചാം ക്ലാസുകാരൻ

പി.എൻ വിജയൻ

**34**
കേരളത്തിന്റെ നളന്ദയും തക്ഷശിലയും ഈ മണ്ണിലായിരുന്നു. പതഞ്ജലി മഹർഷി ചാൻസലറായ യൂനിവേഴ്സിറ്റി

ഡോ: വിനോദ് മങ്ങത്തായ





**50**
ഇല്ലപ്പെരുമ:
പറമ്പിടി പുതുശ്ശേരി തിറയുത്സവം നാടിന്റെ കുംഭമേള

ദിവാകരൻ താമരക്കുളം

കവിതകൾ, യാത്രാവിവരണങ്ങൾ. പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങിയ സ്ഥിരം പംക്തികളും

| | |
|---|---|
| 13 | **വിഷുഫലം**<br>മിനി പി.എസ്. |
| 18 | **ഞാൻ ഏകയാണ്**<br>ഉമ ഉണ്ണികൃഷ്ണൻ |
| 20 | **വിഷുക്കണി**<br>എം.എൻ ദേവസേന |
| 21 | **രാധാമാധവം**<br>ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം |
| 22 | **കേരളത്തിന്റെ ഭാരതോത്സവം**<br>കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ |
| 24 | **കിടുവാണ് കിർഗിസ്ഥാൻ**<br>ധന്യ ദാമോദരൻ |
| 28 | **കഠോപനിഷത്ത്  ഒരെത്തിനോട്ടം**<br>പാറക്കോട് വാസുദേവൻ നമ്പൂതിരി |
| 30 | **വേദസംസ്കാരവും വാദ്യലോകവും.**<br>പാലേലി മോഹൻ |
| 32 | **തൃപ്പൂണിത്തുറ സ്റ്റാൻഡേർഡ് ടൈം**<br>രമേശൻ തമ്പുരാൻ |
| 42 | **മാപ്പിള സ്കൂളിൽ ഒരു വേദാർച്ചന**<br>ശ്രീജ പട്ടലൂർ |
| 44 | **നമ്മയേറുന്നൊരു പെണ്ണിനെ വേൾപ്പാനായി...**<br>കെ.എം.എസ് ഭട്ടതിരിപ്പാട് |
| 58 | **ഏകാംബരനാഥം മഹാത്മ്യഹം**<br>മാന്തിട്ട വിഷ്ണു |
| 59 | **ഇലകൾ പൊഴിഞ്ഞുകൊണ്ടേയിരിക്കും**<br>കല്ലൂർ ഈശ്വരൻ പോറ്റി |
| 62 | **ഒരു സ്വപ്ന സാക്ഷാത്കാരം**<br>പ്രീത കണ്ടഞ്ചാത, പ്രസീദ പാലശ്ശേരി |
| 66 | **പട്ടും വളയും നൽകി**<br>ജയൻ പഴങ്ങോട്ടുപൊറ്റ |
| 82 | **ജയദേവൻ ചിക്കാഗോ: അനുസ്മരണം**<br>ഒ എൻ രാജേഷ് |
| 85 | **'സമയം' സൂക്ഷിക്കുന്ന നമ്പൂതിരി**<br>ശ്രീഭ നാറണിയാട് |
| 78 | **കുട്ടിക്കൂട്ടത്തിൽ ഇവർ** അൻവിത ടി.എൽ, നവനീത് കൃഷ്ണൻ, ഘനശ്യാം ഗോവിന്ദ് കെ, മിത്രവിന്ദ സി.പി, മധു കുട്ടംപേരൂർ, ദ്യുതി പി.എൻ, അദിതി കെ, സ്വസ്തിക, ദീക്ഷിക പി.എൻ., സുഭദ്ര കൃഷ്ണൻ, പാർവ്വതി പി, ധ്വനി പി.എൻ. തുടങ്ങിയവർ |



15 YEARS OF TRUST
YATHRI
TEAM YATHRI HOLIDAYS
KAILASH
MANASAROVAR
YATHRA 2026
SCAN FOR MORE
APR 21, MAY 26
VARNASI AYODHYA PRAYAGRAJ
5 DAYS
MAY 01 | 10 DAYS
NEPAL MUKTHINATH
MAY 03 | 9 DAYS
BADRI KEDAR
MAY 14 | 13 DAYS
CHAR DHAM
MAY 08 | 9 DAYS
NAINITAL JIM CORBET HARIDWAR MUSSORIE
JUN 20 | 11 DAYS
ADI KAILASH
JUN 20 | 14 DAYS
PANCH KEDAR
JUL 10 | 7 DAYS
AMARNATH VAISNODEVI
+91 98471 88880 / +91 96562 35342
KOCHI | TRIVANDRUM | COIMBATORE




# സോവിയറ്റ് എന്നൊരു നാടുണ്ടത്രേ...

# സ. കെ.പി.ജി. നമ്പൂതിരി



**ഉദയൻ നമ്പൂതിരിപ്പാട്**




ഇല്ലത്തിന്റെ പേരു തന്നെ സ്ഥല പേരായിട്ടുള്ള ധാരാളം പ്രദേശങ്ങൾ കേരളത്തിലുണ്ട്. അതുപോലെ, റോഡിനും, ബസ് സ്റ്റോപ്പിനും, പൊതു സ്ഥാപനങ്ങൾക്കും മരിച്ചു പോയ മഹാവ്യക്തികളുടെ പേരിട്ടിട്ടുള്ളതും കണ്ടിട്ടുണ്ട്. എന്നാൽ ജനിച്ചു വളർന്ന ഗ്രാമം തന്നെ മരണശേഷം തന്റെ പേരിൽ അറിയപ്പെടുന്നത് വളരെ അപൂർവ്വമാണ്. അതും ഒരു നമ്പൂതിരി ജനിച്ച സ്ഥലം . എന്നാൽ കേരളത്തിൽ അങ്ങനെയൊരു സ്ഥലമുണ്ട്. അങ്കമാലിക്കടുത്ത് കറുകുറ്റി പഞ്ചായത്തിലെ കെ.പി.ജി.നഗർ ആണ് ആ ഗ്രാമം. അവിടെയാണ് കെ.പി.ജി എന്ന ചുരുക്കപേരിലറിയപ്പെടുന്ന കാരണത്തു മന പരമേശ്വരൻ ഗോവിന്ദൻ നമ്പൂതിരി ജനിച്ചു, ജീവിച്ചു മരിച്ചത്. ആ ഗ്രാമത്തിലെ ബസ് സ്റ്റോപ്പും,വായനശാലയും, സാംസ്ക്കാരിക കേന്ദ്രവും എല്ലാം കെ. പി.ജി യുടെ സ്മാരകങ്ങളാണ്.

ആരായിരുന്നു കെ.പി.ജി. നമ്പൂതിരി? യോഗക്ഷേമ സഭയുടെ ചരിത്രമറിയുന്നവർ വി.ടിയോടും, ഇ എം എസ്സിനോടും, എം ബി,എം ആർ ബി എന്നിവരോടൊപ്പം യോഗക്ഷേമ സഭയുടെ നവോത്ഥാന കാലത്തെ പ്രവർത്തകനായിരുന്നെന്നു പറയും. കവിതകൾ വായിക്കുന്നവർ ശങ്കരക്കുറുപ്പിന്റേയും, ഇടപ്പള്ളിയുടേയും ചങ്ങംപുഴയുടേയും സമകാലീനനായിരുന്ന കവിയായിരുന്നു എന്നു പറയും. പുരോഗമന ജീവൽ സാഹിത്യ പ്രസ്ഥാനക്കാർ അവരുടെ ആദ്യകാല പ്രവർത്തകനും സെക്രട്ടറിയുമായിരുന്നു എന്നു പറയും. കമ്മ്യൂണിസ്റ്റു ചരിത്രകാരന്മാർ ആ പേരിലൊരു സഖാവും വിപ്ലവ കവിയുമുണ്ടായിരുന്നു എന്നുപറയും. ദേശാഭിമാനി പത്രക്കാർ പത്രം തുടങ്ങിയ കാലത്തെ പത്രാധിപരിൽ ഒരാളായിരുന്നെന്നു പറയും, കാലടി ആശ്രമം സ്കൂളിൽ 1950 –70 കാലത്തു പഠിച്ച പലരും ഞങ്ങളുടെ പ്രിയ അദ്ധ്യാപകനായിരുന്നു എന്നു പറയും. എന്നാൽ അതു മാത്രമായിരുന്നില്ല കാരണത്തു ഗോവിന്ദൻ നമ്പൂതിരി. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ജിഹ്വയായി വർഷങ്ങൾ അണിയറയിൽ തിരശ്ശീലക്കു പിന്നിൽ പ്രവർത്തനനിരതനായി പിന്നീട് സ്വയം പിൻവാങ്ങി ജീവിച്ചിരിക്കുമ്പോൾ തന്നെ വിസ്മരിക്കപ്പെട്ട അറിയപ്പെടാതേയും രേഖപ്പെടുത്താതേയും മൺമറഞ്ഞ മനുഷ്യസ്നേഹിയായിരുന്നു എന്നു അറിയുന്നവർ ചുരുക്കം.

1973 ജനുവരി മാസം 10 നാണ് കെ.പി.ജി അന്തരിച്ചത്. അടുത്ത ദിവസം ഇല്ലപറമ്പിൽ സംസ്ക്കാര ചടങ്ങുകൾ നടത്തി. മൂന്നു ദിവസത്തിനു ശേഷം സഞ്ചയന






*കെ.പി.ജി.യെക്കുറിച്ച് എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ച പുസ്തകം*

ചടങ്ങുകൾ പൂർത്തിയാക്കി ഇല്ലത്തുള്ളവരെല്ലാം വിശ്രമിക്കുമ്പോൾ ഒരു അംബാസിഡർ കാർ ഇല്ലത്തെ മുറ്റത്തു വന്നു നിന്നു. കമ്മ്യുണിസ്റ്റ് പാർട്ടിയുടെ ആചാര്യനും, ആദ്യ കേരള മുഖ്യമന്ത്രിയും ആയിരുന്ന ഇ എം എസ്സായിരുന്നു കാറിൽ വന്നിറങ്ങിയത്. ബന്ധുക്കളോട് മരണ ദിവസം താൻ ഡൽഹിയിലായിരുന്നതിനാൽ അവസാനമായി കാണാൻ പറ്റാത്തതിന്റെ വിഷമം അറിയിച്ചു. രോഗവിവരങ്ങളും അവസാന നിമിഷങ്ങളെ പറ്റിയും ചോദിച്ചറിഞ്ഞു. ഒരോ വിവരം ചോദിക്കുമ്പോഴും സ്വതേ സംസാരിക്കുമ്പോളുള്ള വിക്ക് കൂടുതലായി. ഓർമ്മകൾ സ്പന്ദിക്കുന്ന ചിതയിലേക്ക് കുറെ നേരം നോക്കി നിന്നു. താൻ കൂടി നേതൃത്വം കൊടുത്ത പ്രസ്ഥാനത്തിന്റെ ആരംഭ കാലം തൊട്ട് ദീർഘകാലം

> കമ്മ്യുണിസ്റ്റ് പാർട്ടിയുടെ ആചാര്യനും, ആദ്യ കേരള മുഖ്യമന്ത്രിയും ആയിരുന്ന ഇ എം എസ്സായിരുന്നു കാറിൽ വന്നിറങ്ങിയത്.

തന്നോടൊപ്പം നടന്ന സഹയാത്രികന്റെ എത്രയോ ഓർമ്മ ചിത്രങ്ങൾ മനസ്സിൽ ഉണർന്നിട്ടുണ്ടാവണം. സ്വതേ ആരേപറ്റി പറയുമ്പോഴും വാക്കുകൾ പിശുക്കി മാത്രം ഉപയോഗിക്കുന്ന അദ്ദേഹം പറഞ്ഞു. 'പാർട്ടിക്കു വേണ്ടി ഒട്ടേറെ ഓടി നടന്നിട്ടുണ്ട് കെ. പി. ജി, ഒന്നും മറന്നു കൂടാ. 'ഈ വാക്കുകൾ മാത്രം മതി ആരായിരുന്നു അദ്ദേഹം എന്നറിയാൻ. പോകുമ്പോൾ ഒപ്പമുള്ള നേതാക്കളോട് ഇതും കൂടി പറഞ്ഞു 'കെ.പി.ജിയുടെ കവിതകളൊന്നും തന്നെ കിട്ടാനില്ല, എല്ലാം സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ ഏർപ്പാടു ചെയ്യണം.

ഒരു നൂറ്റാണ്ടു മുൻപ് നമ്പൂതിരി സമുദായത്തിൽ ജനിച്ച അപ്ഫൻ നമ്പൂതിരിയെ പറ്റി വി ടി ഭട്ടതിരിപ്പാട് തന്റെ കണ്ണീരും കിനാവും എന്ന ലേഖന സമാഹാരത്തിൽ അവതരിപ്പിച്ച ഒരു ചിത്രമുണ്ട്. 'കൊല്ലവർഷം ഇത്രാമതിൽ ഇന്ന നക്ഷത്രത്തിൽ ജനിച്ചു. വാസുദേവൻ എന്നു പേരിട്ടു ഇട്യാസു എന്നു വിളിച്ചു .പൗരോഹത്യം അയാളെ നായാടിപിടിച്ച് ഉപനയനമെന്ന ഹിരണ്യ ഗർഭത്തിലൂടെ ബ്രഹ്മചാരിയാക്കി. ആറേഴു കൊല്ലത്തെ വേദാധ്യായനത്തിനു ശേഷം സമാവർത്തനത്തിലൂടെ തിരുമേനിയായി. സ്വന്തം സാമർത്ഥ്യത്താൽ ഒരു വെള്ളരിക്കാ ചെല്ലം കരസ്ഥമാക്കി. പതിനെട്ടു വയസ്സിൽ ഒരു മധുര പതിനേഴുകാരിയുടെ നിശാകാമുകനായി. കുളപ്പുര, പൂമുഖപ്പടി, ബലിക്കൽപുര ഇതൊക്കെ അയാളുടെ താവളങ്ങളാണ്. പുല്ലും ചമതയും ശേഖരിച്ചും പവിത്രം കെട്ടിയും അഴിച്ചും അയാൾ നാൾ പോക്കി. 'ഋതുക്കളും വർഷങ്ങളും പിന്നിട്ട് ഗ്രഹപ്പിഴക്ക് ഒരു നാൾ തീപ്പെട്ടു. പടിക്കലെ തന്ത മാവ് ഈ കഠിന സംഭവത്താൽ നിലം പൊത്തി. ഒന്നു വിതുമ്പാൻ പോലും ആരും ഉണ്ടായില്ല. ഇതു പറയാൻ കാരണം കാരണത്തു മനയിലെ വഴി മാറി നടന്ന കെ.പി.ജി എന്ന അപ്ഫൻ നമ്പൂതിരിയെ പറ്റി പറയാനാണ് .'അദ്ദേഹം മരിച്ചപ്പോഴും തന്തമാവ് നിലംപൊത്തി. അന്നു കാരണത്തു മനയിലെ ഫോൺ നിരന്തരമായി അടിച്ചുകൊണ്ടിരുന്നു. കേരളത്തിന്റെ പല ഭാഗത്തുനിന്നും നേതാക്കന്മാരും പാർട്ടി പ്രവർത്തകരുമായിരുന്നു വിളിച്ചിരുന്നത്. അവർക്കെല്ലാം അവസാനമായി ഒന്നു കാണണം, അന്ത്യപ്രണാമം അർപ്പിക്കണം. എ കെ.ജി വിളിച്ച് സംസ്ക്കാരം അടുത്ത ദിവസത്തേക്കു മാറ്റിവെയ്ക്കാൻ അപേക്ഷിച്ചു. അന്ത്യകർമ്മങ്ങൾക്കു സാക്ഷ്യം വഹിക്കാനായി നാടിന്റെ പല ഭാഗത്തുനിന്നും ജനങ്ങൾ ഒഴുകി എത്തി. അവർക്കു നേതൃത്വം കൊടുത്തത് കേരളം ഭരിച്ച ഒരു പാർട്ടിയുടെ ഏറ്റവും സമുന്നതനായ നേതാവ്



*സോവിയറ്റ് ലാൻഡ് നെഹ്രു അവാർഡ് കെ പി ജിക്ക് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി നൽകുന്നു*

എ കെ ജി യായിരുന്നു. അന്ന് ആ ഗ്രാമത്തിൽ എത്തിചേർന്ന നൂറുകണക്കിന് കർഷകരും, പണിയാളരും ,പാവങ്ങളും, തൊഴിലാളികളും നിറഞ്ഞ സദസ്സിൽ വെച്ച് സഖാവ് എ.കെ.ജിയാണ് ആ സ്ഥലത്തിന് കെ.പി.ജി നഗർ എന്നു പേരിട്ടത്. അന്ന് അന്ത്യോപചാരം അർപ്പിക്കാൻ വന്ന രാഷ്ട്രീയ സാഹിത്യ സംസ്ക്കാരിക രംഗത്തെ പ്രമുഖരുടെ ബാഹുല്യം കണ്ടാണ് എന്നും തങ്ങളുടെ മുന്നിലൂടെ ഒറ്റമുണ്ടും മുറിക്കയ്യൻ ഷർട്ടുമിട്ടു നടന്നു പോയിരുന്ന കാരണത്തു മനയിലെ അനിയൻ നമ്പൂതിരി ഇത്ര വലിയ മനുഷ്യനായിരുന്നു എന്നു നാട്ടുകാർ പോലും തിരിച്ചറിഞ്ഞത്.

ജീവിച്ചിരിക്കുമ്പോഴും ഇതുപോലെ ചില നാടകീയ രംഗങ്ങൾ ഉണ്ടായിട്ടുണ്ട്. ജീവിത പ്രാരാബ്ധം കൊണ്ടു സജീവ പാർട്ടി പ്രവർത്തനം വിട്ട് കാലടിയിലെ ബ്രഹ്മാനന്ദോദയം സ്ക്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കുന്ന കാലം. അപ്പോഴേക്കും രൂപീകരണം തൊട്ടു താൻ ചോരയും നീരും കൊടുത്തു വളർത്തി വലുതാക്കിയ പ്രസ്ഥാനം ഭരണത്തിലേക്കു എത്തിയിട്ടുണ്ടായിരുന്നു. തനിക്കൊപ്പം പാർട്ടി പ്രവർത്തനങ്ങളുമായി നടന്നിരുന്ന സഖാക്കളിൽ പലരും എം എൽ എ യും മന്ത്രിമാരുമായി മാറിയിരുന്നു. അന്നു നാടുമുഴുവൻ

**ആ ഗ്രാമത്തിൽ എത്തിചേർന്ന നൂറുകണക്കിന് കർഷകരും, പണിയാളരും ,പാവങ്ങളും, തൊഴിലാളികളും നിറഞ്ഞ സദസ്സിൽ വെച്ച് സഖാവ് എ.കെ.ജിയാണ് ആ സ്ഥലത്തിന് കെ.പി.ജി നഗർ എന്നു പേരിട്ടത്.**

പട്ടിണി.അരി വേണമെങ്കിൽ കരിഞ്ചന്തയിൽ വലിയ വിലകൊടുത്തു വാങ്ങിക്കണം. സ്വന്തം ഇല്ലത്തുള്ളവരുടെ പട്ടിണി മാറ്റാൻ ഒരു മണി അരിയില്ല. സഹോദരിയെ വിവാഹം ചെയ്തു കൊടുത്ത ഇല്ലത്തു നിന്ന് ഒരു ചാക്ക് അരി കൊടുത്തു. അതു ഇല്ലത്തെത്തിക്കാനുള്ള പണമില്ലാതെ തലച്ചുമടായി ഇല്ലം വരെ സ്വയം കൊണ്ടുവന്നുവത്രെ. അതുപോലെ കെ.പി.ജിക്ക് സോവിയറ്റ് ലാൻഡ് അവാർഡിനോടൊപ്പം റഷ്യയിൽ ഒരാഴ്ചത്തെ സന്ദർശ്ശനത്തിനുള്ള ക്ഷണവും കിട്ടി.യാത്രാ ചിലവും താമസ ഭക്ഷണ ചിലവുകളും മാത്രമേ റഷ്യയിലെ സർക്കാർ വഹിക്കൂ. നാട്ടിലെ വേഷമായ ഒററ മുണ്ടും മുറിക്കയ്യൻ ഷർട്ടുമിട്ടു പാലും തേനും ഒഴുകുന്ന നാട് എന്നു താൻ തന്നെ വർണ്ണിച്ച സോവിയറ്റ് നാട്ടിലേക്കു പോകുന്നതു നാണക്കേടല്ലേ. കോട്ടും സ്യൂട്ടും ഷൂസും ഒന്നുമില്ലെങ്കിലും പാന്റും നല്ലൊരു ചെരിപ്പെങ്കിലും വേണ്ടേ. നൂറുകണക്കിനു കവിതകളെഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹം കയ്യിൽ പണമില്ലാതെ വിഷമിച്ചു. ഒടുവിൽ നെയ്‌വേലിയിൽ ജോലി ചെയ്തിരുന്ന മരുമകൻ തന്റെ ഷർട്ടുകളും പാന്റുകളും കൂടെ 500 രൂപയും അമ്മാവനു കൊടുത്തു. അങ്ങനെയാണത്രെ സോവിയറ്റു യൂണിയനിൽ പോകാൻ സാധിച്ചത്.

ദേശാഭിമാനിയിലെ ജോലി വിട്ട ശേഷം ഇല്ലത്തിനടുത്ത് കൃസ്ത്യൻ മാനേജ്മെൻറ് നടത്തുന്ന സ്കൂളിലാണ് ആദ്യം ജോലി കിട്ടിയത്. പുതിയ



*കെ പി ജി ഭാര്യ ആട്ടയൂർ ഉമാദേവി അന്തർജനത്തോടൊപ്പം*



*നമ്പൂതിരി നവോത്ഥാന പ്രവർത്തകർ - മുൻനിരയിൽ മഹാകവി അക്കിത്തം, പട്ടത്ത് പരമേശ്വരൻ ഭട്ടതിരി. പിൻനിരയിൽ കെ.പി.ജി., അക്കൂരം നാരായണൻ നമ്പൂതിരി.*

പുതിയ മാഷ് വലിയൊരു കമ്മ്യൂണിസ്റ്റുകാരനാണെന്നു സ്ക്കൂൾ ഭരിക്കുന്ന അച്ചൻമാർ മനസ്സിലാക്കിയിരുന്നില്ല. തങ്ങളൊരു തീക്കനലിനെയാണു ജോലിക്കെടുത്തതെന്നു പിന്നീടു മനസ്സിലായപ്പോൾ ഉടനെ പിരിച്ചുവിട്ടു.

മാഷ് വലിയൊരു കമ്മ്യൂണിസ്റ്റുകാരനാണെന്നു സ്ക്കൂൾ ഭരിക്കുന്ന അച്ചൻമാർ മനസ്സിലാക്കിയിരുന്നില്ല. തങ്ങളൊരു തീക്കനലിനെയാണു ജോലിക്കെടുത്തതെന്നു പിന്നീടു മനസ്സിലായപ്പോൾ ഉടനെ പിരിച്ചുവിട്ടു. എന്നാൽ എല്ലാം മനസ്സിലാക്കി തന്നെ രാമകൃഷ്ണ മിഷൻ സ്കൂളിലെ സന്യാസിമാർ അവരുടെ സ്കൂളിൽ ജോലി കൊടുത്തു.

വലിയൊരു തറവാട്ടിലായിരുന്നു ജനനം. അച്ഛനെ ചെറുപ്പത്തിലെ നഷ്ടപ്പെട്ടു. വേദാദ്ധ്യായനമായി നടന്നാൽ പോരാ ആധുനിക വിദ്യാഭ്യാസം നേടണമെന്നു ആഗ്രഹമുണ്ടായിരുന്നു. അതിനായി എന്തു ചെയ്യണമെന്നു പറഞ്ഞു കൊടുക്കാൻ ആരുമുണ്ടായിരുന്നില്ല. സ്വന്തം തീരുമാനപ്രകാരമാണ് തൃശൂർ ബ്രഹ്മസ്വം മഠത്തിൽ ചേർന്നത്. നമ്പൂതിരി വിദ്യാലയത്തിലും, മോഡൽ ഹൈസ്കൂളിലും, സെൻറ് തോമസ്സ് കോളേജിലുമായിരുന്നു പഠനം. ആ കാലത്ത് യോഗക്ഷേമ സഭാ പ്രവർത്തനങ്ങളുടെ കേന്ദ്ര സ്ഥാനമായിരുന്നു തൃശൂർ ബ്രഹ്മസ്വം മഠം. തങ്ങളുടെ സമുദായത്തിൽ മാറ്റങ്ങൾ വേണമെന്ന ചിന്താഗതിക്കാരായ കുറെ ഉണ്ണിനമ്പൂതിരിമാർ അവിടെ താമസിച്ചു പഠിച്ചിരുന്നു. നമ്പൂതിരി സമുദായത്തിലു ണ്ടായിരുന്ന മനുഷ്യത്വ ഹീനമായ അനാചാരങ്ങൾക്കെതിരെ വി.ടി, എം ആർ ബി തുടങ്ങിയവരുടെ നേതൃത്വത്തിൽ പടയൊരുക്കങ്ങൾ നടക്കുന്ന കാലമായിരുന്നു അന്ന്.

കാരണത്തുമന ഗോവിന്ദൻ നമ്പുതിരിയേയും ഇതെല്ലാം സ്വാധീനിക്കാൻ തുടങ്ങി.അന്നത്തെ യോഗക്ഷേമ മുഖപത്രമായിരുന്ന ഉണ്ണിനമ്പൂതിരി മാസികയിൽ കവിതകളും ,സാമുദായിക വിഷയങ്ങളെ പറ്റി 'മുഖം നോക്കാതെ' എന്ന പംക്തിയിൽ ലേഖനങ്ങളും എഴുതാൻ തുടങ്ങി. സഭയുടെ നേതൃത്വത്തിൽ 1934 ൽ നടന്ന വിധവാ വിവാഹത്തിൽ പങ്കെടുത്തു. വലിയൊരു വില അതിനായി കൊടുക്കേണ്ടിവന്നു. ഇദ്ദേഹം വിവാഹത്തിൽ പങ്കെടുത്തതിന് കാരണത്ത് ഇല്ലത്തുള്ളവരെ മുഴുവൻ ഭ്രഷ്ടരാക്കി. എന്നാൽ പിന്നീട് നമ്പൂതിരിയെ മനുഷ്യനാക്കാൻ ഇറങ്ങിത്തിരിച്ചവർ വേറെ വഴികൾ തിരഞ്ഞെടുത്തു സഭ വിട്ടപ്പോൾ അദ്ദേഹവും സഭാ പ്രവർത്തനം അവസാനിപ്പിക്കുകയാണുണ്ടായത്.

സ്കൂൾ പഠന കാലത്തുതന്നെ കവിതകൾ എഴുതിയിരുന്നു. അയൽനാട്ടുകാരനായിരുന്ന മഹാകവി ജി. ശങ്കരകുറുപ്പു അന്ന് തൃശൂരിൽ അദ്ധ്യാപകനാണ്.അദ്ദേഹത്തോടുള്ള അടുപ്പവും സഹവാസവും കവിതാ രചനകൾക്ക് ഉത്തേജനമായി. കോളേജിൽ പഠിക്കുമ്പോൾ കവിതാമത്സരങ്ങളിൽ ഒന്നാം സമ്മാനം നേടി പ്രത്യേക ഫീസിളവു നേടിയിരുന്നു. അന്നത്തെ സാഹിത്യ നായകന്മാരായ എം.പി പോൾ, മു



*ചെറുകാട്, തായാട്ട് ശങ്കരൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, പുനലൂർ ബാലൻ, ഏഴാച്ചേരി രാമചന്ദ്രൻ, കെ.പി.ജി*



*റഷ്യൻ എംബസി ഉദ്യോഗസ്ഥരോടൊപ്പം- (ജെമിനി എ.ഐ.യുടെ സഹായത്തോൽ പുനരാവിഷ്കരിച്ചത്) കെ.പി.ജി.യുടെ മുന്നിൽ ഒ.എം. അനുജൻ, ഒളപ്പമണ്ണ*

ണ്ടശ്ശേരി എന്നിവരുടെ ശിഷ്യത്വവും കോളേജിൽ സീനിയർ ക്ലാസിൽ പഠിച്ചിരുന്ന ഇ എം എസ് അച്ചുതമേനോൻ, എം.എസ് നമ്പുതിരി എന്നിവരുടെ സഹവർത്തിത്വവും പുരോഗമനാശയങ്ങളുടെ വിത്തുകൾ പാകി .എഴുതുന്ന കവിതകൾക്ക് പുതിയ ദിശാബോധം നൽകി. ആദ്യകാലത്ത് എഴുതിയ കവിതകളെല്ലാം ഭഗ്നപ്രണയാനുഭവങ്ങളേയും കാല്പനികത്വ വിഷയങ്ങളെയും പറ്റിയായിരുന്നു അതേറെ കാലം നീണ്ടു നിന്നില്ല പുതിയ തത്വസംഹിതക്കു വേണ്ടി പ്രവർത്തിക്കുന്നവരുമായുള്ള കൂട്ടുകെട്ട് വ്യക്തി ജീവിതത്തേയും കാവ്യ ജീവിതത്തേയും മാറ്റിമറിച്ചു. പിന്നീട് റൊമാന്റിക്ക് രീതി വിട്ട് സമകാലിക പ്രശ്നങ്ങളായി കവിതാ വിഷയങ്ങൾ.

പഠനകാലത്താണ് സഖാവ് പി. കൃഷ്ണപിള്ളയുമായി അടുപ്പമായത്. പ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ആത്മാർത്ഥതയും അന്നേ കെ പി ജി യെ ആകർഷിച്ചു. 1937 ൽ തൃശൂരിലെ ലേബർ കോൺഗ്രസ്സിന്റെ സംഘാടകരിൽ പ്രധാനി കൃഷ്ണ പിള്ളയായിരുന്നു. തന്റെ പരിചയക്കാരെ തേടി പിടിച്ച് സ്നേഹപൂർവ്വം എന്തെങ്കിലും പണി എല്പിക്കാനും ചെയ്യിപ്പിക്കാനും അദ്ദേഹം മിടുക്കനായിരുന്നു. ഒരു ദിവസം അദ്ദേഹം പറഞ്ഞു ' സമ്മേളനത്തിൽ പാടാൻ ഒരു പാട്ടു വേണം ' അതു കെ.പി.ജി എഴുതി തരണം.

'എനിക്കു പാട്ടെഴുതാൻ അറിയില്ല' കൃഷ്ണപിള്ളയുണ്ടോ വിടുന്നു.

'താൻ പാട്ടെഴുതു.താനാണ് എഴുതിയതെങ്കിൽ ഞാനാവും പാടുന്നത് 'ചുവപ്പു കൊടിയെപറ്റി ആയാലെന്താ?

വിഷയവും അദ്ദേഹം നിർദ്ദേശിച്ചു. കെ.പി. ജി എഴുതി കൊടുത്തു

'മർദ്ദിത ലക്ഷങ്ങളുടെ ചുടുനെടുവീർപ്പുകളാൽ,
മുറ്റും വരണ്ടുണങ്ങിയൊരന്തരീക്ഷത്തെ,
ഉത്തരോത്തരമുയർന്നു നീളെപ്പാറിടുന്ന,
രക്തവർണ്ണക്കൊടികളാൽ വീശുക നമ്മൾ'.

രാമവർമ്മ തിയേറ്ററിൽ ലേബർ സമ്മേളനത്തിന്റെ നിറഞ്ഞ സദസ്സിൽ വെച്ച് സഖാവ് കൃഷ്ണപിള്ളയും എൻ.സി ശേഖറും പാട്ടു മുഴുവൻ മുഴങ്ങുന്ന ശബ്ദത്തിൽ പാടി . സദസ്സ് മിനിട്ടുകൾ നീണ്ടുനിന്ന കയ്യടികളോടെ കേട്ടു. അതായിരുന്നു തുടക്കം. പിന്നെ വിപ്ലവ ഗാനങ്ങളുടെ പ്രവാഹമായിരുന്നു. മർദ്ദിത ജനങ്ങൾക്കും തൊഴിലാളി കൾക്കും പട്ടിണി പാവങ്ങൾക്കും വേണ്ടി തൂലിക നിരന്തരം ചലിക്കാൻ തുടങ്ങി . 1930 നു ശേഷം എഴുത്തുകാരുടെ ഇടയിൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തെ പറ്റി ചർച്ചകൾ നടന്നിരുന്ന കാലമായിരുന്നു. പുരോഗമന സാഹിത്യ അല്ലെങ്കിൽ ജീവത് സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രധാന സംഘാടകനായി മാറി. അന്നത്തെ പുതു തലമുറ എഴുത്തുകാരെല്ലാം ഇതിനോടു സഹകരിച്ചിരുന്നു. അവരുടെ മുഖപത്രം 'പുരോഗതി'യുടെ പത്രാധിപ സമിതി അംഗമായി. ആദ്യം ജീവത് സാഹിത്യ സംഘത്തിന്റെ ജോയൻറ് സെക്രട്ടറിയായി ,പിന്നീട് അതിന്റെ സെക്രട്ടറിയുമായി .

1939 ൽ തൃശൂരിലെ ബിരുദ പഠനം പൂർത്തിയായി. ജന്മി കുടുംബാംഗ മായിരുന്നെങ്കിലും ഇല്ലത്തു ദാരിദ്ര്യമായിരുനന്നു.ഉന്നത വിദ്യാഭ്യാസം നേടിയ കെ.പി.ജി, നല്ലൊരു ജോലി നേടി തങ്ങൾക്കു സാമ്പത്തിക സുരക്ഷ നല്കുമെന്ന പ്രതീക്ഷയിലായിരുന്നു ഇല്ലത്തുള്ളവർ . അദ്ദേഹം അതു തന്നെയാണു ഉദ്ദേശിച്ചിരുന്നതും . ഇല്ലത്തേക്കു മടങ്ങാനായി പെട്ടിയുമായി റെയിൽ വേ സ്റ്റേഷനിൽ ഇരിക്കുമ്പോഴാണ് സഖാവ് കൃഷ്ണപിള്ള സ്റ്റേഷനിൽ വന്നത്. കയ്യോടെ പിടി കൂടി. ഇല്ലത്തേക്കു പുറപ്പെട്ട ആളെ കോഴിക്കോട്ടേക്കുള്ള തീവണ്ടിയിൽ കയറ്റി വിട്ടു . വലിയൊരു ദൗത്യം ഏറ്റെടുക്കാനായിരുന്നു അങ്ങോട്ടു പറഞ്ഞയച്ചത്. അന്നു കമ്മ്യൂണിസ്റ്റ് പാർട്ടി നിലവിൽ വന്നിട്ടില്ല. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ മുഖപത്രമായ പ്രഭാതത്തിന്റെ പത്രാധിപചുമതല ഏറ്റെടുക്കാനായിരുന്നു നിയോഗിച്ചത് . ക്രാന്തദർശ്ശിയായ കൃഷ്ണപിള്ള കെപിജിയുടെ കഴിവുകൾ മുൻകൂട്ടി കണ്ടു. ഇതായിരുന്നു ജീവിതത്തിലെ ടേണിങ്ങ് പോയൻറ് . പിന്നെ പത്തു കൊല്ലത്തോളം ഇല്ലം വിട്ടുള്ള അജ്ഞാത വാസമായിരുന്നു. അതേ കൊല്ലം പിണറായിയിലെ പാറപ്രത്തു വെച്ച് നടന്ന സമ്മേളനത്തിൽ വെച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഔപചാരികമായി പിറവി എടുത്തു. അതിൽ പങ്കെടുത്ത കെ പി ജി ക്ക് സുപ്രധാനമായൊരു ദൗത്യം ഇ എം എസും ,കൃഷ്ണപിള്ളയും ഏല്പിച്ചു കൊടുത്തു. പാർട്ടിയുടെ അടിത്തറ കെട്ടിപൊക്കാനായി പ്രവർത്തകർക്ക് സൈദ്ധാന്തിക വിദ്യാഭ്യാസം നല്കുക എന്നതായിരുന്നു ദൗത്യം. ഇംഗ്ലീഷ്

ഭാഷാ പരിജ്ഞാനവും, സാഹിത്യ, പത്രാധിപ രംഗത്തുള്ള പരിചയവും, പാർട്ടി സിദ്ധാന്തങ്ങളിലുള്ള അറിവും പ്രസ്ഥാനത്തോടുള്ള കൂറും വിശ്വാസവുമായിരുന്നു ഇതിനു തിരഞ്ഞെടുക്കാൻ കാരണം . അതിനായി രൂപീകരിച്ച പാർട്ടി സെല്ലിൽ കെ.പി. ജി , എം. എസ് .ദേവദാസ്, സി. ഉണ്ണിരാജ, ശങ്കരനാരായണൻ തമ്പി എന്നീ നാലു പേരായിരുന്നു ഉണ്ടായിരുന്നത്. സെല്ലിന്റെ ആഭിമുഖ്യത്തിൽ ഇന്നും പാർട്ടി ഗ്രാമങ്ങളായി അറിയപ്പെട്ടുന്ന വടക്കെ മലബാറിലെ ഗ്രാമങ്ങളിലെല്ലാം ഇവരെത്തി .രഹസ്യമായി പാർട്ടി ക്ലാസുകളും ചർച്ചാ സമ്മേളനങ്ങളും സംഘടിക്കപ്പെട്ടു . വൈരുദ്ധ്യാത്മക ഭൗതികവാദം മുതൽ കടിച്ചാൽ പൊട്ടാത്ത മാർക്സിയൻ സിദ്ധാന്തങ്ങൾ വരെ പാർട്ടി സഖാക്കളെ പഠിപ്പിച്ചു. ബ്രിട്ടീഷ് പോലീസിന്റെ കണ്ണു വെട്ടിച്ചു വേണമായിരുന്നു ഗ്രാമങ്ങളിൽ സ്റ്റഡി ക്ലാസു നടത്താൻ. അതിനോടൊപ്പം ദേശാഭിമാനി പത്രത്തിന്റെ മുൻഗാമികളായ പ്രഭാതം വാരിക, പുരോഗതി മാസിക തുടങ്ങിയവയിൽ ആവേശോജ്വലങ്ങളായ ലേഖനങ്ങളും കവിതകളും എഴുതി പ്രസിദ്ധികരിച്ചു. പാർട്ടിയുടെ വേരുകൾ ആഴത്തിൽ പടർത്താനായുള്ള ഇവരുടെ ശ്രമങ്ങളാണ് പിന്നീട് പാർട്ടിയെ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിച്ചെതെന്നു പറയാം. അക്കാലത്ത് വടക്കേ മലബാറിൽ നീറിപടർന്ന കർഷസമരങ്ങൾക്ക് ഊർജം പകരാനായി രൂപീകരിച്ച മൂന്നംഗ സെല്ലിലും ഇകെ നയനാർ, കല്ലാട്ട് കൃഷ്ണൻ, എന്നിവരോടൊപ്പം സജീവ പ്രവർത്തനത്തിൽ പങ്കാളിയായി . കയ്യൂർ, കരിവള്ളൂർ, കാവുമ്പായി തുടങ്ങിയ ഗ്രാമങ്ങളിൽ ക്യാമ്പു ചെയ്തു പരിമിത സൗകര്യങ്ങളിലായിരുന്നു പ്രവർത്തനം .പാർട്ടി ചരിത്രത്തിലെ വിപ്ലവവീര ഇതിഹാസമായി രേഖപ്പെ ടുത്തിയ സമരത്തെ പറ്റി എഴുതിയ കയ്യൂർ സഖാക്കൾ എന്ന കവിത ഇന്നും ആവേശഭരിതമാണ്.

'കേഴുകില്ലെന്നാൽ ഞങ്ങൾ,

നിങ്ങൾ പൊക്കിയ കൊടി താഴുകില്ലി ഞങ്ങളിലുയിരുള്ളോളം കാലം.'

വൈരുദ്ധ്യാത്മക ഭൗതികവാദം മുതൽ കടിച്ചാൽ പൊട്ടാത്ത മാർക്സിയൻ സിദ്ധാന്തങ്ങൾ വരെ പാർട്ടി സഖാക്കളെ പഠിപ്പിച്ചു.

സമര സഖാക്കളേ തൂക്കിലേറ്റുന്നതിനു തൊട്ടു മുമ്പ് അഭിവാദ്യമർപ്പിക്കാനായി വന്ന അഖിലേന്ത്യാ നേതാക്കൾക്ക് ദ്വിഭാഷിയായി സെൻട്രൽ ജയിലിൽ പോയി അവരുമായി സംസാരിച്ചത് ജീവിതത്തിലെ മറക്കാനാവാത്ത നിമിഷമായിരുന്നുവെന്ന് കുറിച്ചിട്ടുണ്ട്. 1943 ൽ ദേശാഭിമാനി ദിനപത്രമായി കോഴിക്കോടു നിന്നു പ്രസിദ്ധീകരിക്കാൻ തുടങ്ങി. ഇ എം എസ്, കെ പി ജി ,എം എസ് ദേവദാസ് , കെ കെ വാര്യർ എന്നിവർക്കായിരുന്നു തുടക്ക കാലത്ത് പ്രത്രാധിപ ചുമതല.പത്തു വർഷത്തോളം പാർട്ടി പത്രത്തിൽ ജോലി ചെയ്തു അതിന്റെ വളർച്ചക്ക് ചുക്കാൻ പിടിച്ചു.

സ്വാതന്ത്ര്യ ലബ്ദിക്കുശേഷം പാർട്ടി നിരോധിക്കപ്പെട്ടു. ആ കാലത്ത് നേതാക്കന്മാർക്ക് ഒളിത്താവളം ഒരുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന ചുമതലയായിരുന്നു. നമ്പൂതിരിമാരേയും ഇല്ലങ്ങളേയും അറിയുന്ന അദ്ദേഹം കൂടുതലും അത്തരം സ്ഥലങ്ങളാണ് ഒളിത്താവളങ്ങളായി (ഷെൽട്ടർ) ഏർപ്പാടു ചെയ്തിരുന്നത്. ഇല്ലത്ത് എപ്പോഴെങ്കിലും അസമയത്ത് വന്നു പോകുന്ന കെ.പി ജിയെ ആദ്യ കാലത്തൊന്നും പോലീസിനു പിടികൂടാനായില്ല. ഒരു ദിവസം എന്തോ അത്യാവശ്യ കാര്യത്തിനായി ഇല്ലത്തു വരേണ്ടി വന്നപ്പോൾ മണത്തറിഞ്ഞ പോലീസ് ഇല്ലം വളഞ്ഞു. കുളപ്പുരയിൽ വെച്ച് ഈറൻ മാറാൻ കൂടി അനുവദിക്കാതെ പിടിച്ചു കൊണ്ടുപോയി.വിചാരണ ഇല്ലാതെ ആലുവ ജയിലിലടച്ചു.നേതാക്കന്മാർക്ക് ഒളിത്താവളമൊരുക്കി, സർക്കാരിനെതിരെ ലഘുലേഖകൾ എഴുതി അച്ചടിച്ച് നാടു മുഴുവൻ വിതരണം ചെയ്തു എന്നൊക്കെയായിരുന്നു കുറ്റം' മാസങ്ങൾക്കു ശേഷം ലോക്കപ്പിൽ നിന്ന് വിട്ടയച്ചപ്പോഴേക്കും ദൃഢഗാത്രനായ അദ്ദേഹം തീരെ അവശനായിരുന്നു. പിന്നാലെ ക്ഷയ രോഗിയുമായി .

അനാരോഗ്യം കൊണ്ട് പാർട്ടി പ്രവർത്തനവും, കുടുബത്തിന്റെ ഉത്തരവാദിത്വങ്ങളും ഒരുമിച്ചു കൊണ്ടുപോകാനാവാതെ വന്നപ്പോൾ ദേശാഭിമാനി വിട്ട് നാട്ടിലേക്കു തിരിച്ചു വന്നു. 1952 മുതൽ കാലടി ബ്രഹ്മാനന്ദോദയം സ്കൂളിൽ അധ്യാപകനായി. റിട്ടയർ ചെയ്ത ശേഷം വീണ്ടും കൊച്ചി ദേശാഭിമാനിയിൽ ചേർന്നെങ്കിലും ഒരു കൊല്ലം തികയുന്നതിനു മുമ്പു തന്നെ അന്തരിച്ചു. സമകാലികന്മാരായ കവികളിൽ പലരും വിപ്ലവ ഗാനങ്ങൾ എഴുതി തന്നെയാണു തുടങ്ങിയത് .വയലാർ ,ഓ എൻ വി ,പി ഭാസ്ക്കരൻ ,വൈലോപ്പള്ളി, മഹാകവി അക്കിത്തം പോലും ചോര തുടിക്കുന്ന കവിതകളാണ് ആദ്യകാലത്ത് എഴുതിയിരുന്നത്. അതിൽ വയലാറും പി ഭാസ്ക്കനും സിനിമാ പാട്ടുകൾ എഴുതി പ്രശസ്തരായി. മറ്റുള്ളവർ വലിയ കാവ്യങ്ങളും കവിതാ സമാഹാരങ്ങളും രചിച്ച് മഹാകവികളായി മാറി, അവാർഡുകൾ വാങ്ങി. കവിതകൾ രചിക്കാനുള്ള സിദ്ധിയും വൈഭവവും ജന്മസിദ്ധമായിരുന്നു .എന്നിട്ടും പാർട്ടിക്കു വേണ്ടി മാത്രം എഴുതി. പാർട്ടിയെ വളർത്താനായി അണികളെ ഉത്തേജിപ്പിച്ച് സമരമുഖത്തെത്തിക്കാൻ അതാവും നല്ലത് എന്ന ചിന്തയായിരുന്നു. കവിയായിട്ടുള്ള യശസ്സിനേക്കാൾ പാവപ്പെട്ടവരുടെ മോചനമായിരുന്നു ലക്ഷ്യമിട്ടിരുന്നത്.അതുകൊണ്ട് തന്നെ സാഹിത്യരംഗത്ത് അവഗണിക്കപ്പെട്ട കവിയായി . പാർട്ടി അധികാരത്തിൽ എത്തിയിട്ടും പട്ടിണിക്കാർക്കും, തൊഴിലാളികൾക്കും വേണ്ടി മാത്രം തുലിക ചലിപ്പിച്ചു.സാഹിത്യ ലോകത്തേക്ക് കൈ പിടിച്ചു കൊണ്ടുവന്ന ജി ശങ്കരകുറുപ്പ് ഒരിക്കൽ ചോദിക്കയുണ്ടായി ' ഇനിയെങ്കിലും ഈ പെടാപ്പാട് നിർത്തിക്കൂടെ എന്ന് '. ആവാം എന്നോ വയ്യ എന്നോ പറയാതെ തികഞ്ഞ മൗനമായിരുന്നു ഗുരുവിനുള്ള മറുപടി '''പണത്തിനോ പ്രശസ്തിക്കോ പദവികൾക്കോ വേണ്ടിയായിരുന്നില്ല എഴുതിയിരുന്നത്. ഇന്നത്തെ കാലത്ത് പാർട്ടി അനുഭാവം പറഞ്ഞും ബുദ്ധിജീവി ചമഞ്ഞും അക്കാദമികളിലും യൂണിവേഴ്സി

റ്റികളിലും അദ്ധ്യക്ഷ പദവികളിൽ കയറി പറ്റുന്നവരെ കാണുമ്പോൾ ഓർമ്മ വരുന്നത് 'സ്വതന്ത്ര ഭാരത നൂതനചരിതം, സ്വന്തം ചോരയിൽ എഴുതിയവരെ' എന്നു തുടങ്ങുന്ന വരികൾ എഴുതിയ കവിയുടെ ത്യാഗോജ്വല ജീവിതം തന്നെയാണ് .

ഇന്ത്യ ചൈന യുദ്ധം നടക്കുന്ന കാലം പാർട്ടി നയം വ്യക്തമാക്കി നടത്തിയ പ്രസിദ്ധമായ പ്രസ്താവനയുണ്ടല്ലോ. 'നമ്മളുടെതെന്നു നമ്മളും അവരുടേതെന്ന് അവരും അവകാശപ്പെടുന്ന അല്പം സ്ഥലം' എന്ന രീതിയിലുള്ളത്. പക്ഷേ രാഷ്ട്രീയക്കാരുടെ ഭാഷയിൽ പറയാൻ കവിക്ക് ആയില്ല. പാർട്ടിയുടെ ആശയം സമർത്ഥിക്കാനായി സനാതന ധർമ്മത്തെ കൂട്ടുപിടിച്ചു എഴുതി.

'ഉന്നതനായുള്ളൊരർത്ഥിക്കു രണ്ടിഞ്ചു
മണ്ണു ദാനം ചെയ്‌വതിനു മടിക്കുമോ
സ്വന്തം ശരീരവും കൂടിയപരന്നായ്
സന്ത്യജിച്ചീടുവാൻ ശീലിച്ച ഭാരതം'

സോവിയറ്റ് യൂണിയന്റെ ആരാധകനായിരുന്ന അദ്ദേഹം എഴുതിയ 'നാണിയുടെ ചിന്ത' എന്നൊരു കവിതയുണ്ട്

' സോവിയറ്റെന്നൊരു നാടുണ്ടത്രെ പോകാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം'.

ഉടുതുണിക്ക് മറുതുണി ഇല്ലാതേയും പട്ടിണികൊണ്ടു വശം കെട്ടും നാണി എന്ന സ്ത്രീ സോവിയറ്റ് യൂണിയൻ എന്നൊരു സ്ഥലമുണ്ടെന്നും അവിടെ പട്ടിണിയില്ലെന്നും കേട്ട് അവിടെ പിറന്നെങ്കിൽ എന്ന് ആശിച്ചു. ഈ കവിത വായിച്ച് അന്നത്തെ നിരൂപണ കേസരികളായ മാരാരും സ്ഞ്ജയനും എന്തിന് മുണ്ടശ്ശേരിയടക്കം ഇദ്ദേഹം കവിയല്ല ചന്ത പാട്ടുകാരനാണെന്നു വരെ പരിഹസിച്ചു. രാജ്യ ദ്രോഹിയാണെന്നുവരെ പറഞ്ഞവരുണ്ട്. വിമർശനങ്ങളൊന്നും കവിയെ പിന്തിരിപ്പിച്ചില്ല തന്നെ അക്ഷേപിച്ചവർക്കു നാണിയെ കൊണ്ടു തന്നെ മറുപടി പറയിച്ചു.

'ഊറ്റമേറും പൊന്നു ചേട്ടന്മാരേ
കുറ്റം പറഞ്ഞോളിൽ വേണ്ടുവോളം
പട്ടിണിക്കാരുടെയാശയാം സോവിയറ്റ്
നാട്ടിൽപ്പിറക്കാൻ കൊതിപ്പൂനാണി
ഇന്നീനാട്ടിൽ പിറന്നതാം കൊച്ചു നാണി
എന്നുടെ നാടുമാ സോവിയറ്റന്നപോൽ
ധന്യമാക്കാവു, ഞാൻ പാടിയാടാം,
എന്നും പുണ്യമാം ഭാരത കീർത്തനങ്ങൾ.'

ഈ കവിത എഴുതി കുമ്മി പാട്ടിന്റെ രീതിയിൽ പാർട്ടി സമ്മേളനങ്ങളിൽ പാടി നടന്നത്രെ. പന്തീരാണ്ടു കഴിഞ്ഞപ്പോൾ കവിക്കു തന്നെ1969 ൽ നാണി പിറക്കാൻ മോഹിച്ച സോവിയറ്റ് യൂണിയനിൽ പോകാനുള്ള സൗഭാഗ്യമുണ്ടായി. റഷ്യൻ കൃതികളുടെ വിവർത്തകന്മാരുടെ സാർവ്വദേശീയ സമ്മേളനത്തിൽ പങ്കെടുക്കാനായിട്ടായിരുന്നു ക്ഷണം. ലെനിൻ നടന്ന വഴികളിലൂടെ നടന്നപ്പോൾ താൻ കോരിത്തരിച്ചു പോയി എന്നു കവിതന്നെ ദേശാഭിമാനി വാരികയിൽ തന്റെ യാത്രാനുഭവങ്ങളിൽ എഴുതിയിട്ടുണ്ട്.

കുട്ടിക്കാലം മുതലേ കവിതകൾ എഴുതിയിരുന്നു.ആസന്ന വിപ്ലവമാണ് ആദ്യം പ്രസിദ്ധീകരിച്ച കവിതാ സമാഹാരം 'ഇ.എം.എസ്സ് ആണ് അവതാരിക എഴുതിയത്, തുടർന്ന് കവി കാലത്തിലൂടെ, പൊട്ടിയ മാല ,നവയുഗം , തകർച്ചകൾ, കെട്ടുകെട്ടിക്കുക തുടങ്ങിയ കവിതാ സമാഹാരങ്ങൾ പുറത്തുവന്നു ഇനിയും ഇരുനൂറിൽപ്പരം കവിതകൾ സമാഹരിക്കപ്പെടേണ്ട തായിട്ടുണ്ട്.

ദേശാഭിമാനിയിൽ ജോലി ചെയ്യുന്ന കാലത്ത് ധാരാളം ലഘുലേഖകൾ മൊഴിമാറ്റം ചെയ്തിട്ടുണ്ട്. ഇ എം എസ് എഴുതിയ National problems of kerala, റഷ്യൻ വിപ്ലവ കഥയായ റെയിൻബോ, പുഷ്കിന്റെ 'ദുബ്രോവ്സ്കി' അമേരിക്കൻ നോവലിസ്റ്റ് ഹോവാർഡ് ഫാസ്റ്റിന്റെ ഫ്രീഡംറോഡ്, എന്നിവ മലയാളത്തിലേക്ക് തർജമ ചെയ്തു. മയക്കോവിസ്കിയുടെ 'ലെനിൻ' എന്ന കാവ്യത്തിന്റെ തർജ്ജമ 1947 ൽ പ്രസിദ്ധീകരിച്ചു. പാബ്ലോ നെരൂദയുടെ കവിതകൾ അതിമനോഹരമായി മൊഴിമാറ്റം ചെയ്തിട്ടുണ്ട്.

1968 ലാണ് കെ.പി.ജിക്ക് സോവിയറ്റ്ലാന്റ് നെഹ്റു അവാർഡു ലഭിച്ചത്. വൈകി കിട്ടിയ അംഗീകാരമെന്ന് അദ്ദേഹം തന്നെ വിശേഷിപ്പിച്ചിട്ടുള്ള പുരസ്ക്കാരചടങ്ങ് അതേ കൊല്ലം നവമ്പർ 15 ന് ദില്ലിയിൽ വെച്ചാണ് നടന്നത്. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധിയാണ് കാഷ് അവാർഡും ബഹുമതി പത്രവും സമ്മാനിച്ചത്. ജീവിതത്തിൽ ആദ്യമായും അവസാനമായും ലഭിച്ച അംഗീകാരം അതായിരുന്നു. അതൊരു അഖിലേന്ത്യാ അവാർഡായിരുന്നു .

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ കനൽ വഴികളിലൂടെ നടന്നു പ്രവർത്തിച്ചു വളർത്തി ഭരണം വരെ എത്തിച്ച രണ്ടു നമ്പൂതിരിമാരായിരുന്നു മൂന്നക്ഷരക്കാരായി അറിയപ്പെട്ടിരുന്ന ഇ എം എസും കെ.പി ജിയും . അതിൽ ആദ്യ പേരുകാരൻ നാടിന്റെ ചരിത്രം തന്നെ തന്റെ പേരിൽ കുറിച്ചു വെച്ചു. രണ്ടാമനോ ആരുമാകാതെ, ആരാലും അറിയപ്പെടാതെ വിസ്മൃതിയിൽ മറഞ്ഞതു എന്തുകൊണ്ടാകാം. എന്തു തന്നെ ആയാലും കേരളത്തിൽ കമ്മ്യൂണിസത്തിനു അടിത്തറ പാകിയതിന്റെ ചരിത്ര ദൗത്യത്തിൽ നിന്ന് കെ.പി. ജിയെ ആർക്കും ഒഴിവാക്കാനാവില്ല. ഇന്നും തങ്ങളുടെ ഗ്രാമങ്ങളെ ചുവപ്പിച്ച ആചാര്യന്റെ ജന്മസ്ഥലം കാണാനും സ്മൃതി മണ്ഡപത്തിൽ അഭിവാദ്യം അർപ്പിക്കാനുമായി വടക്കേ മലബാറിൽ നിന്നു സാധാരക്കാരായ ആളുകളും, ജനപ്രധിനിധികളും കെ.പി ജി നഗറിൽ വരാറുണ്ടെന്നതു അതിനുള്ള തെളിവാണ്.

ഭാര്യ അന്തരിച്ച ആട്ടയൂർ മന ഉമാദേവി അന്തർജനം. ●

കടപ്പാട്. കെ.ജി. നാരായണൻ ,
കാരണത്തുമന, കെ.പി.ജി. നഗർ,
അഴകം. മൊ നമ്പർ.9495194131.
ഉദയൻ നമ്പൂതിരിപ്പാട്
മറവഞ്ചേരി കിഴക്കേടത്തു മന,
മഞ്ചേരി, മൊ നമ്പർ 8281926325.

# വിഷുഫലം



മിനി പി.എസ്.




**നി**ദ്ര പൂകും കണിവെള്ളരി
വിത്തുകളെത്തി വിഷുവെന്നു നാമ്പു നീട്ടി.

കാളപൂട്ടും കാലവർഷ
മേഘങ്ങളെ കാണാ -
വിഷുപ്പക്ഷി പാട്ടു പാടി.

മേടമുലയിലടിച്ചു
പരത്തിയ തീനാള
മേറ്റന്റെ കൊന്നക്കു
പൊള്ളവേ.

പിച്ചവെക്കും തൊട്ടിലാട്ടം
മുറിക്കുവാനൊത്തിരി
പ്പോന്ന സ്വപ്നങ്ങൾ
കരിക്കുവാൻ.
പൂത്തിരിക്കണ്ണിൽ
കദനം നിരളുന്നു
നാക്കിലച്ചോറിൽ
ദുരിതം നിറയുന്നു
കണ്ണീരൊഴുകി
ക്കടലായ്ത്തിരയാ
യ്ട്ടെങ്ങിനെയെത്തും
വിഷുവെന്നു താരകം

ഏഴല്ലൊരേഴായിരം
വെട്ടമൊറ്റയായ്
ത്തീർന്നാലിരുമ്പാ
യിരുട്ടിനെക്കീറിടാം.

മേഘങ്ങളാനന്ദ
വർഷം ചൊരിയുവാ
നൂഴിയിൽ തെന്നൽ
പരാഗം പുരളുവാൻ

തോരാതിലയായ്
ത്തണലായി മറുവിളി
കാതോർക്കുവാനൊ
ന്നു കൈ പിടിക്കാൻ

എന്നാലുമേതോ
വെളിച്ചപ്പിറാവുകൾ
കണ്ണാടി നോക്കുന്ന -
കായിൽ വരമ്പിലും.
ജീവതരംഗമോരോന്നും
കണിയായിത്തീരും
വിഷു വന്നു
മുമ്പിൽ നിൽക്കേ.


- മിനി പി.എസ്.
9605317136


Vaidyaratnam P.S. Varier's
ARYA VAIDYA SALA KOTTAKKAL
ESTD 1902
Kottakkal
ayurveda
SAFFRONSILK
SKIN CARE SERUM
Timeless Tradition - Graceful Glow
Daily care for Silky Skin
10 ml
Kottakkal
SAFFRONSILK
WITH PREMIUM SAFFRON
Scan the QR code
to shop now
shop.aryavaidyasala.com
SAFFRON
LOTUS
SANDALWOOD
GOAT MILK
VETIVER, MANJISHTA, LAC, YASHTI, FRACTIONATED COCONUT OIL
കാലാതീതമായ ആയുർവേദ പാരമ്പര്യത്താലും
123 വർഷത്തെ കോട്ടക്കൽ ആര്യവൈദ്യശാലയുടെ മികവിനാലും സമ്പന്നം
Available at all Arya Vaidya Sala outlets, dealer networks, leading stores and online.
Head office: Kottakkal (PO), Malappuram (Dist.), Kerala - 676 503, INDIA
aryavaidyasala.com marketing@aryavaidyasala.com 0483-2806523



# ജി ഡി പിയെക്കുറിച്ച് സംസാരിക്കുന്ന അഞ്ചാംക്ലാസുകാരൻ

**പി.എൻ.വിജയൻ**



ചിത്രത്തിൽക്കാണുന്ന അഞ്ചാംക്ലാസുകാരനായ കൊച്ചുമിടുക്കനെ ഇന്റർവ്യൂ ചെയ്യുന്ന മൂന്നാം ക്ലാസുകാരിയായ സഹോദരിയും മിടുക്കിയാണ്. ഒരേ തൂവൽപ്പക്ഷികളായ ഈ കുട്ടികളെ വായനക്കാർക്ക് പരിചയപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്.

കേരളത്തിൽ ജനിച്ച്, ദില്ലിയിൽ വളർന്ന്, വീണ്ടും കേരളത്തിലേക്ക് പറിച്ചുനട്ട ഒരു കുടുംബത്തിലെ രണ്ടുകുട്ടികളാണ് അദ്വൈതും അദിതിയും . അമ്മയുടെയും മുത്തശ്ശിയുടെയും കൂടെ ഒരു പ്രത്യേകസാഹചര്യത്തിൽ ഗുരുവായൂരിലെ അവരുടെ മാതൃഗൃഹത്തിൽ താമസിച്ചുവരുന്ന ഈ കുട്ടികളുടെ ഭാവനയും ചിന്തയും ധാരണകളും പൊതുവിജ്ഞാനവും അത്ഭുതകരമാണ് എന്ന് മാത്രമല്ല, അവർ വളർത്തിയെടുത്ത കഴിവുകളും പരിശീലിച്ച കലകളും അഭിമാനകരവും കൂടിയാണ്.

കേരളത്തിൽ ജനിച്ച്, ദില്ലിയിൽ വളർന്ന്, വീണ്ടും കേരളത്തിലേക്ക് പറിച്ചുനട്ട ഒരു കുടുംബത്തിലെ രണ്ടുകുട്ടികളാണ് അദ്വൈതും അദിതിയും അമ്മയുടെയും മുത്തശ്ശിയുടെയും കൂടെ ഒരു പ്രത്യേകസാഹചര്യത്തിൽ ഗുരുവായൂരിലെ അവരുടെ മാതൃഗൃഹത്തിൽ താമസിച്ചുവരുന്ന ഈ കുട്ടികളുടെ ഭാവനയും ചിന്തയും ധാരണകളും പൊതുവിജ്ഞാനവും അത്ഭുതകരമാണ്

ഈ രണ്ടുകുട്ടികൾ വീട്ടിനകത്ത് കളിക്കുന്നതിനിടയിൽ അഞ്ചാംക്ലാസുകാരനായ അദ്വൈത ജി ഡി പി എന്ന് പറഞ്ഞുകേട്ടപ്പോഴാണ് അവിടെ സന്ദർശകനായി എത്തിയ ഞാൻ അവരെ ശ്രദ്ധിച്ചതും എന്റെ ജിജ്ഞാസ അത്ഭുതമായി മാറിയതും.

ഞാൻ അദ്വൈതിനെ വിളിച്ച് എന്താണ് ജിഡിപി എന്ന് ഒരു കൗതുകംകൊണ്ടു ചോദിച്ചു.

അപ്പോൾ എന്നെ ഞെട്ടിച്ചു കൊണ്ട് അയാൾ പറഞ്ഞു.

'അതു മുത്തശ്ശാ ഒരു രാജ്യത്തിന്റെ എക്കണോമിക്ക് ഡെവലപ്പ്മെന്റിനെപ്പറ്റി പറയുമ്പോൾ നമ്മൾ ഉപയോഗിക്കുന്ന ഒരു ടേം ആണ്. means Gross Domestic Product.'

എന്നു പറഞ്ഞാലെന്താ എന്ന് ഞാൻ ചോദിച്ചപ്പോൾ ആ അഞ്ചാംക്ലാസ് കാരൻ വിശദീകരിക്കാൻ തുടങ്ങി.

'ഒരു രാജ്യത്തിന്റെ മൊത്തം ഉല്പന്നങ്ങളുടെ എണ്ണവും അളവും അതിന്റെ മൂല്യവും. അതായത് ആ രാജ്യത്ത് ഉണ്ടാവുന്ന കാർഷികവിളവുകൾ വ്യാവസായിക ഉല്പന്നങ്ങൾ തുടങ്ങിയവയുടെ total production and its total cost.'

'അതെങ്ങനെയാണ് നമ്മൾ അറിയുക?'

ഞാൻ ആ കൊച്ചു മിടുക്കന്റെ വിശദീകരണത്തിന്നു കാത്തു

'അതു മുത്തശ്ശാ അതിന്നൊരുപാടുവഴികളുണ്ട്. ഒരു രാജ്യത്തിന്റെ കയറ്റുമതി ഇറക്കുമതി അതിന്ന് വരുന്ന ടാക്സ് എന്നിവ നോക്കണം. ഇന്ന് ലോകത്തിൽ അമേരിക്കയുടെ ജി.ഡി.പി. യാണ് ഏറ്റ

വും ഉയർന്നത്. അത് 2026 ൽ 31.82 ട്രില്യൻ ഡോളർ ആണ്. 20.65 ട്രില്യൻ ഡോളറുമായി ചൈന രണ്ടാം സ്ഥാനത്തും 5.33 ട്രില്യൻ ഡോളറുമായി ജർമ്മനി മൂന്നാം സ്ഥാനത്തും നിൽക്കുന്നു. നാലാം സ്ഥാനം ഇന്ത്യക്കാണ്. അല്ലെങ്കിൽ അധികം താമസിയാതെ ഇന്ത്യ ആ സ്ഥാനത്തെത്തും. അത് ജപ്പാനെ പിറകിലാക്കിക്കൊണ്ടാവും.'

'അതെങ്ങനെ മനസ്സിലായി? ക്ലാസിൽ ടീച്ചർ പറഞ്ഞതാണോ?'

'അല്ല ഞാൻ വായിച്ചറിഞ്ഞതാണ്.'

According to statistics,

India is going to be the fourth-largest economy, with a GDP of 4.51 trillion ഡോളേഴ്സ്, defeating Japan. തോൽപ്പിക്കുന്നത് യുദ്ധത്തിലല്ല, സാമ്പത്തികമായ growth ൽ ജപ്പാനെ പിന്നിലാക്കിക്കൊണ്ടാണ്.'

'സാമ്പത്തിക growth എങ്ങനെ തീരുമാനിക്കും?'

'This economic growth is decided by demographics, എന്നുവച്ചാൽ domestic consumption, digital infrastructure, and industrial policy.'

മലയാളവും ഇംഗ്ലീഷും ഹിന്ദിയും ഒരുവിധം ഭംഗിയായി കൈകാര്യം ചെയ്യുന്ന ഈ കുട്ടിയോട് ഞാൻ വീണ്ടും ചോദിച്ചു:

'എന്താണ് ഈ പറഞ്ഞ demographics?"

" Demographics is the study of population and its characteristics, like age, sex, religion, income, education .....etc. "

അത് ജനസംഖ്യയുടെ വലുപ്പത്തെയും കുട്ടികളും മുതിർന്നവരും തമ്മിലുള്ള റേഷ്യോയേയും നഗരത്തിൽ ഉള്ളവരുടേയും ഗ്രാമത്തിൽ ഉള്ളവരുടേയും വരവുചെലവുകളെക്കുറിച്ചും ഒക്കെയുള്ള കണക്കുകളാണ്.

ഈ ഡെമോഗ്രാഫിക്സ് ഇപ്പോൾ ഒരു വലിയ ശാസ്ത്രമായി വളർന്നിട്ടുണ്ട്. അത് ഒരു സർക്കാരിന്റെ കാര്യങ്ങൾക്കും ബിസിനസുകാരുടെ വളർച്ചയ്ക്കും ഗവേഷകന്മാരുടെ ഉപയോഗങ്ങൾക്കും വേണ്ടിയുള്ളതാണ്. ഒരു രാജ്യത്തിന്റെ മൊത്തം പുരോഗതിയെ വിലയിരുത്താൻ ഇത് വേണം. രാജ്യത്തിന്റെ ആലോചനകളും തീരുമാനങ്ങളും Plans and services പിന്നെ aims & objective ഒക്കെ ഇതനുസരിച്ചാണ്.'

ഇത്തവണ ഞാൻ ഞെട്ടുകയല്ല മനസ്സിൽ നമസ്കരിച്ചുപോയി.

മിടുക്കൻ സംസാരിച്ചത് പകുതി മലയാളത്തിലും പകുതി ഇംഗ്ലീഷിലും ഇടയ്ക്കിടയ്ക്ക് ഹിന്ദിയിലും ആണ്. അത് ഞാൻ എന്റെ ഭാഷയിൽ ക്രമീകരിച്ചു എന്ന് മാത്രം.

ഗുരുവായൂർ ദേവസ്വം സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ അദ്വൈത്

Shuttle badminton , Clay modelling Drawing & painting.. എല്ലാം ചെയ്യുന്നുണ്ട്.

Children's Comics , History books, Spy family - Series ൽ താല്പര്യമുള്ള ഈ കുട്ടി Dinosaur ന്റെ കഥകളിലൂടെയാണ് ഭൂമിയുടെ ഉൽപ്പത്തിയെക്കുറിച്ചു മനസ്സിലാക്കാൻ തുടങ്ങിയത്.

പിന്നെ Geography ഇഷ്ട വിഷയമാവുകയും History, Currunt affairs, Currency, Conversion തുടങ്ങിയവയിൽ ആകൃഷ്ടനായി.

പോപ്പുലേഷനെക്കുറിച്ചു ചോദിച്ചപ്പോൾ അദ്വൈതിന്റെ ഉത്സാഹം ഇരട്ടിച്ചു. ഓരോ രാജ്യത്തിൻറെ ജനസംഖ്യയെ കുറിച്ചും അത് 2026എവിടെ നിൽക്കുന്നു എന്നും ഈ മിടുക്കന്ന് അറിയാം. ചൈന ജനസംഖ്യയെ നിയന്ത്രിച്ചു വരുകയാണെന്നും ഇന്ത്യ ഇപ്പോൾ ഒന്നാം സ്ഥാനത്താണ് എന്നും അയാൾ പറഞ്ഞു. മാത്രമല്ല ഒരു രാജ്യത്തിൻറെ ജനസംഖ്യ അതിൻറെ റിസോഴ്സസ് ആണെന്നും അത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയാൽ രാജ്യത്തിൻറെ സാമ്പത്തിക മുന്നേറ്റത്തിന് സഹായം ആകും എന്നും അയാൾ വിവരിച്ചു

അദ്വൈതിന്റെപൊതുവിജ്ഞാനവും അഭിനന്ദനീയമാണ്.

യൂട്യൂബിൽ നിന്നും ടി.വി.ചാനലുകളിൽ നിന്നും International Politics നെ ക്കുറിച്ച് ഇയാൾക്ക് ചെറിയതല്ലാത്ത ധാരണയുണ്ട്.

ഗുരുവായൂർ ദേവസ്വം സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ അദ്വൈതിന്റെ ലോകം വളരെ വിശാലമാണ്. സ്കൂൾ പുസ്തകങ്ങൾക്കു പുറമെ വായിക്കുന്നു പുസ്തകങ്ങൾ ചരിത്രം ഭൂമിശാസ്ത്രം നദീതടസംസ്കാരങ്ങൾ സാമ്രാജ്യങ്ങൾ  പിരമിഡുകൾ കൊട്ടാരങ്ങൾ കോട്ടകൾ യുദ്ധങ്ങൾ ...... തുടങ്ങിയവ പ്രതിപാദിക്കുന്നതാണ്.

എങ്ങനെയാണ് ഈ വിഷയങ്ങളിൽ തല്പരനായത് ?

'അത് ടീവിയും വീഡിയോകളും ആണ്. അതിൽകണ്ട കാ

ര്യങ്ങൾ കൂടുതൽ അറിയാൻ പുസ്തകങ്ങൾ വാങ്ങി. ചരിത്രം കോമിക്സുകളിൽ നിന്നും ഭൂമിശാസ്ത്രം യൂട്യൂബിൽ നിന്നും മനസ്സിലാക്കി.'

ഭൂമിയെപ്പറ്റി അറിയാനായി എനിക്ക് താല്പര്യം.

ഭൂമിയുടെ കഥ The Big Bang തിയറി മുതൽ ഭൂഖണ്ഡങ്ങളുണ്ടായതും വേർപെട്ടതും മനുഷ്യരാശിഉണ്ടായതും തീ മുതൽ ചക്രം വരെയുള്ള മനുഷ്യന്റെ കണ്ടുപിടുത്തങ്ങളും അയാൾ ലളിതമായി സ്പർശിച്ചു.

'ഭൂമിയുടെ മാറ്റവും പുരോഗതിയും ഞാൻ ഫോളോ ചെയ്തു.

ഇപ്പോൾ സുനിതാ വില്യംസിന്റെ Space odyssey വരെ വായിച്ചു.'

'അതിന്നിടയിൽ population, agriculture, industry, economy, GDP വരെ കാര്യങ്ങൾ മനസ്സിലാക്കി.'

അദ്വൈത് ഒഴിവുസമയത്ത് Badminton കളിക്കാൻ പോവാറുണ്ട്. Clay modelling , Drawing and painting - ൽ ഉത്സാഹിയാണ്. അനിയത്തി അദിതി ഡാൻസ് പഠിക്കുന്നുണ്ട്.

അവളുടെ അരങ്ങേറ്റം കഴിഞ്ഞു. ഗുരുവായൂർ മേല്പത്തൂർ മണ്ഡപത്തിലായിരുന്നു എന്നും മനസ്സിലായി.

ആരൊക്കെയാണ് പ്രോത്സാഹനം?

'അമ്മയും മുത്തശ്ശിയും അമ്മയുടെ ചേച്ചിമാരും'

ടി.വി.യിൽ പിന്നെ എന്തൊക്കെയാണ് കാണുക?

'Games, Current Affairs - Countries, capitals, currencies, languages എല്ലാം ഒരു വിധം അറിയാം

പഴയ നദീതടസംസ്കാരങ്ങളെക്കുറിച്ചും സാമ്രാജ്യങ്ങളെക്കുറിച്ചും അദ്വൈതിന് ഒരുവിധം നല്ല ധാരണയുണ്ട്.

അദ്വൈതിന്റെ മുറിയിലെ ചുമർചിത്രങ്ങൾ ഈ താല്പര്യങ്ങൾ വിളംബരം ചെയ്യുന്നുവയാണ്

Current affairs നെപ്പറ്റി ചോദിച്ചപ്പോൾ യു എസ് , റഷ്യ , ചൈന ഇന്ത്യ- രാഷ്ട്രത്തലവന്മാരുടെ സന്ദർശനങ്ങൾ, വ്യാപാരഉടമ്പടികൾ, ചർച്ചകൾ എല്ലാം അദ്വൈതിന്റെ ഓർമ്മയിലുണ്ട്.

അമേരിക്കൻ ഡോളറിനെ പിറകിലാക്കി ഇന്ത്യൻ റുപ്പി മുന്നേറുമെന്നാണ് ഈ മിടുക്കൻ കരുതുന്നത്.

ഇന്ത്യയിലെ ചരിത്രാവശിഷ്ടങ്ങൾ, പുരാതനക്ഷേത്രനിർമ്മിതി, ശില്പകല .... തുടങ്ങിയവയെക്കുറിച്ചും അദ്വൈത് സംസാരിച്ചു. 'ഞങ്ങളുടെ അടുത്ത യാത്ര ശിവാജിയുടെ നാട്ടിലേയക്കാണ്.

ഔറംഗബാദ് ജില്ലയിൽ അജന്ത യെല്ലോറയ്ക്കു പുറമേ 30-തിലേറെ ഗുഹാക്ഷേത്രങ്ങൾ ഉണ്ട്. പൂനയിലെ പാടലേശ്വർ ക്ഷേത്രം കാണണം.'

'അവിടെയെന്താ വിശേഷം?'

'അത് 8-ാം നൂറ്റാണ്ടിൽ ഒറ്റക്കല്ലിൽ ഉളികൊണ്ട് തുരന്നുണ്ടാക്കിയതാണ്. അവിടെനിന്ന് മദ്ധ്യപ്രദേശിലെ ഗുഹാശില്പങ്ങൾ കാണാൻ പോവും.'

ഇത്രയുമായപ്പോൾ എന്റെ അത്ഭുതം ആശ്ചര്യമാവുകയും അതിന്റ അതിരുകൾ എന്നെ വിസ്മയിപ്പിച്ചുകൊണ്ട് വലുതായിക്കൊണ്ടിരിക്കുകയും ചെയ്തു.

അദ്വൈതും അദിതിയും അവരുടെ അമ്മാത്തായ ഗുരുവായൂർ മഞ്ചറ ഇല്ലത്തു താമസിച്ചാണ് പഠിക്കുന്നത്.

●

പി.എൻ. വിജയൻ
9496304123




*കോഴിക്കോട് സർവകലാശാലയിൽ നിന്നും വിവേകാനന്ദസാഹിത്യ പഠനത്തിൽ ഡോക്ടറേറ്റ് നേടിയ സ്വസ്തി ത്രൈമാസിക മാനേജിങ് എഡിറ്റർ ഡോ. വിനോദ് മങ്ങത്തായയെ ടീം സ്വസ്തി അനുമോദിച്ചു.*

കഥ

# ഞാൻ ഏകയാണ്

**ഉമാ ഉണ്ണികൃഷ്ണൻ**



പ്രകൃതി ഉണരുന്നതേ ഉള്ളൂ. പ്രകൃതിയോടൊപ്പം ഉണരാൻ കർട്ടൻ നീക്കി പുറത്തേക്കു നോക്കികിടന്നു.

ഫാൾ സീസൺ തുടങ്ങുകയാണ്. ഇനി പ്രകൃതി യുടെ വികൃതി തുടങ്ങുകയാണ്. പച്ചിലകൾ, ഓറഞ്ച്, ചുവപ്പ്, മഞ്ഞ എന്നിങ്ങനെ കളർ മാറി പതിക്കുമ്പോൾ പ്രകൃതി എന്ന ചിത്രകാരൻ ഇളംകാറ്റിന്റെ മൂളൽ കേട്ടു ചിത്രം വരക്കുകയാണെന്നു തോന്നും.

കുറച്ചു ദൂരെ നിൽക്കുന്ന ആ മര ത്തിന്റെ ഇലകൾ കൊഴിഞ്ഞ് അതിനു ചുറ്റും ഒരു ഓറഞ്ച്, കാർപെറ്റ് വിരിച്ച പോലെ ഉണ്ട്. അതിൽ ആരോ ഇരിക്കുന്നപോലെ. അതെ ശുഭ്ര വസ്ത്ര ധാരിയായി ഒരു സ്ത്രീ ധ്യാനിച്ചിരിക്കിന്നു. ഈ തണുപ്പത്തു മരചുവട്ടിൽ മെഡിറ്റേഷൻ. ഓ അതും ഈ അമേരിക്കയിൽ. ചിഞ്ചു മോളെ പാർക്കിലേക്ക് കൊണ്ടു പോവുമ്പോൾ അന്വേഷിക്കണം.

കുറേ നേരമായല്ലോ പുറത്തേക്കു കണ്ണും നട്ടു ഒരേ കിടപ്പ്. ചിഞ്ചു മോൾ എഴുന്നേറ്റേന്ന് തോന്നുന്നു. നോക്കു ചേട്ടാ, ഇവിടെ മെഡിറ്റേഷൻ നടക്കുന്നത് കണ്ടോ. ഇത്ര നേരത്തെ ആ മരത്തിന്റെ ചുവട്ടിൽ.

ഓ,അതൊരു വട്ടു കേസ് പോലെയാ എനിക്ക് തോന്നുന്നേ. ചേട്ടന്റെ കമന്റ്.

കുട്ടികൾ ജോലിക്ക് പോയപ്പോൾ ചിഞ്ചു മോളെയും കൂട്ടി നടക്കാൻ ഇറങ്ങി. അതിന്നിടയിൽ അവർ എപ്പോഴോ പോയിരിക്കുന്നു. പണിക്കിടയിൽ എപ്പോഴോ നോക്കിയപ്പോൾ കുറച്ചു ഇന്ത്യൻ സ്ത്രീകൾചുറ്റുമുണ്ടായിരുന്നു.ഇവിടെ ഒരു നല്ല ഇന്ത്യൻ കമ്മ്യൂണിറ്റി ഉണ്ടാവും പരിചയപ്പെടണം. ഇങ്ങോട്ട് വീട് മാറിയിട്ടു രണ്ട് ദിവസം അല്ലേ ആയുള്ളു.അല്ല ചേട്ടൻ പറഞ്ഞ പോലെ വട്ടു കേസ് ആവുമോ. പ്രശ്ന മാവുമോ. എന്തായാലും ഒന്നു പാർക്കുവരെ പോയിട്ട് വരാം. അന്ന് ആരെയും കണ്ടില്ല. പിറ്റേദിവസവും ഇത് തന്നെ സ്ഥിതി.

രണ്ടു ദിവസം കഴിഞ്ഞു വീട്ടിനടുത്ത എത്താറായപ്പോൾ പെട്ടെന്ന് പിന്നിൽ നി ന്നൊരു വിളി. 'oh you are new to here please wailt i am coming' എന്ന് പറഞ്ഞു അവർ വരുന്നു. ഉള്ളിലെ പേടി ഒന്നു ഒതുക്കി അവിടെനിന്നു.പെട്ടെന്ന് അവരുടെ ശ്രദ്ധ മോളുടെ



പാദസരത്തിലേക്ക് തിരിഞ്ഞു. ഇത് എന്താണ്.

ഇതിവിടെ ഇടാൻ പാടില്ല, കുട്ടിയെ എടുക്കരുത്, സ്ട്രോളർ മാത്രമേ ഉപയോഗിക്കാവു.ഡേ കേറിൽ വിടണം. എനിക്ക് പരിചയമുള്ള ഡെകെയർ ഉണ്ട്. അവിടെ ചേർക്കാൻ ഇപ്പോൾ പോവാം

ഞാൻ ഷൂ എടുത്തിട്ട് വരട്ടേ നിൽക്കു എന്ന് പറഞ്ഞു അവർ തിരിഞ്ഞു നടക്കാൻ തുടങ്ങിയതും താൻ ചിഞ്ചു മോളെയും കൊണ്ട് വീട്ടിലേക്കു ഓടി വാതിലടച്ചു. വിയർത്തു വരുന്ന തന്നെ കണ്ടതും 'ഓ ഇന്നു 'സ്വാമിനി'യെ കണ്ടു അല്ലേ. പേടിച്ചു പോയോ.' എന്ന് ചേട്ടൻ. 'ശരിക്കും.' നടന്ന സംഭവം വിവരിച്ചു.അവർമാത്രംസംസാരിച്ചിരുന്നതുകൊണ്ട് തനിക്ക് മറുവാക്കൊന്നും പറയേണ്ടിവന്നില്ല. താൻ എവിടെക്കോടി എന്നും അവർക്കു മനസ്സിലാവാനിടവരുത്താതെ വീട്ടിനുള്ളിൽ കേറാൻ സാധിച്ചു.

ചെരിപ്പിടാതെ, വെറും ഒരു നൈറ്റ് ഗൗണുമായി അലഞ്ഞു നടക്കുന്ന അവരോട് തനിക്ക് തോന്നിയത് സഹതാപം. പാവം, ജീവിതമാകുന്ന ചെടിയിലെ ഒരു വാടിയ ഇല അടരാൻ തുടങ്ങുന്നപോലെയുള്ള പ്രതീതി.

മകനോടു വിവരം പറഞ്ഞപ്പോൾ അമ്മയുടെ സഹതാപവും, സഹാനുഭൂതിയും ഒന്നും ഇവിടെ അരുതേ. ഇത് നമ്മുടെ നാടല്ലെന്നു ഓർമ്മവേണം

രാവിലെ അവർ ആ മരത്തിന്റെ ചുവട്ടിൽ ഒരു യോഗിനിയെ പോലെ ഇരിക്കുന്നത് ദിവസവും കാണാം.

കുറച്ചു കഴിഞ്ഞ് കുറേ ഇന്ത്യൻ സ്ത്രീകൾ അവർക്കു ചുറ്റും ഇരിക്കുന്നതും കാണാം. പിന്നെ

എല്ലാവരും പിരിഞ്ഞു പോവുന്നതും ഒരു പതിവ് സംഭവമായി നോക്കിയിരുന്നു. ആ ഒരു ചെറിയ സമ്മേളനം അവരുടെ എല്ലാം അന്നത്തേ ദിവസം മനോഹരമാക്കുവാനുള്ള ഊർജം പ്രദാനം ചെയ്യുന്നപോലെ. മരം ഐക്യത്തിന്റെ അടയാളമാണല്ലോ.

ഞങ്ങളുടെ രണ്ടു വീടപ്പുറമാണവർ താമസിക്കുന്നതെന്നു മനസ്സിലായി.

പക്ഷെ വാതിൽ തുറക്കുമ്പോൾ കണ്ടാൽ 'ഹായ്' എന്ന ഒരു വാക്കിൽ ഒതുങ്ങുന്ന അയല്പക്ക സൗഹൃദമല്ലേ ഇവിടെയുള്ളു.. ഈ നാട്ടിൽ അവനവന്റെസ്വകാര്യതക്കാണല്ലോ പ്രാധാന്യം

ഒരു ഞായറാഴ്ച്ച പാർക്കിൽ ഇരിക്കുമ്പോൾ പരിചയപ്പെട്ട ശ്രീജയാണ് അവരുടെ കഥ പറഞ്ഞത്. അവിടുത്തെ ഇന്ത്യൻ കമ്മ്യൂണിറ്റിയിലെ ഏറ്റവും സീനിയർ ഫാമിലി.

കമ്പനി ഡെപ്യൂറ്റേഷനിൽ ബോംബെയിൽ നിന്നും അമേരിക്കയിൽ എത്തിയവരാണ് ശരത്തും ആനന്ദിയും. ഒരേ ഒരു മോൾ. ഇവിടുത്തെ ജീവിത ശൈലിയിൽ അവർ ലയിച്ചു ചേർന്നു. ദിനരാത്രങ്ങൾ കാറ്റിൽ ഇലകളെന്നപോലെ പാറിപ്പോയി. ജീവിതത്തിലെ വസന്തകാലവും കഴിഞ്ഞു. വർണ നിറമുള്ള ഓരോ ഇലകൾ പതുക്കെ അടരാൻ തുടങ്ങി.

ഏറ്റവും ദുഖകരമായ സംഭവം നടന്നത് മോളുടെ വിവാഹത്തോടെയാണ്.

കോളേജ് വിദ്യാഭ്യാസത്തിനു വീടുവിട്ടു നിന്നെങ്കിലും കുടുംബ ബന്ധത്തിന് ഉലച്ചിൽ തട്ടിയില്ലായിരുന്നു. മകളുടെ വിവാഹം ആർഭാടമായി നടത്താൻ ഏതൊരു മാതാ പിതാക്കൾക്കും മോഹം ഉണ്ടാകുമല്ലോ. ഇവരുടെ മകളുടെ വിവാഹത്തിന് ഇവർ വെറും ക്ഷണിക്കപ്പെട്ട അതിഥികളായി മാറി.അതു ആനന്ദിക്ക് ഒരു ഷോക്ക് ആയി. അതും പോരാത്തതിന് ശാശ്വതമല്ലാത്ത വിവാഹ ബന്ധങ്ങളും.

കാലചക്രത്തിന്റെ ഈ തിരിയലിൽ അവരുടെ സൗഭാഗ്യത്തിന്റെ ഇലകൾ ഓരോന്നായി കൊഴിയാൻ തുടങ്ങി. അവർ മാനസികമായി തകർന്നു. അതോടെ അവരുടെ ജോലിയും പോയി ചികിത്സക്കായി ഒരുപാട് ചിലവായി . മോൾ അവളുടെ ജീവിത വസന്തത്തിൽ പാറി നടന്നു. കൊഴിഞ്ഞു വീഴുന്ന ഈ ഇലകളെ നോക്കുവാൻ സമയം ഇല്ല പോലും. ഇടക്കൊന്നു വന്നു പോയാൽ അത്ര മാത്രം. ജീവിക്കുവാൻ ശരത്തിനു ഇപ്പോഴും ജോലിക്ക് പോയെ പറ്റു. അതുകൊണ്ട് ആനന്ദി യുടെ കാര്യം നോക്കാൻ സമയം തികയാതെ വന്നു. വലിയ വീട്ടിൽ നിന്നും ചെറിയ വീട്ടിലേക്കു താമസവും മാറ്റേ ണ്ടിവന്നു. തഴുകി ഉറക്കിയ കാറ്റു ഇലകളെ തള്ളിയിടുന്നപോലെ.

അന്നത്തെ സംഭവത്തിനുശേഷം ഒരു ഒളിച്ചു കളിയായിരുന്നു അവരും താനും തമ്മിൽ.അവരുടെ മുന്നിൽ പെടുമെന്നുറപ്പായാൽ ചിഞ്ചുമോളെ വീട്ടിലാക്കി അവരുടെ കൊച്ചു വർത്തമാനങ്ങൾ കേൾക്കാൻ നിൽക്കും. 'കുട്ടികൾ അവരുടെ വഴിയേ ജീവിക്കണം നിങ്ങൾ ഗ്രാൻഡ്മാ കുട്ടികളെ നോക്കാൻ വരരുത്. ഇന്ത്യ യിലെ ഒരു ചീത്ത സംസ്കാര മാണ്. നിങ്ങൾ ഉടനെ തിരിച്ചുപോകണം.' എന്ന് തുടങ്ങിയ ഉപദേശങ്ങൾ.എല്ലാം ചിരിച്ചുകൊണ്ട് മൂളി കേൾക്കും. അന്ന് അവർ സന്തോഷവതിയായി വീട്ടിൽ പോവുന്നത് കാണാം . അതു കണ്ടു സന്തോഷം എന്റെ മനസ്സിലും പൂവിടും.

പക്ഷെ അന്നു മക്കൾ ഓർമിപ്പിക്കും അമ്മേ സഹതാപം ഒരു പാടുവേണ്ട.

ഒരു ഞായറാഴ്ച അവരുടെ മകൾ അമ്മയെ കാണാൻ വന്ന ദിവസം. പത്തോ, പതിനഞ്ചോ മിനിട്ട് അപ്പോയിന്റ്മെന്റ് എടുതിട്ടാണത്രെ അമ്മയെ കാണാൻ വരിക. ബാക്ക് യാർഡിൽ മൂന്ന് പേരും. കൂടി കുറച്ചു നേരം ഇരിക്കുന്നത് കണ്ടു. അന്ന് വൈകുന്നേരം ആനന്ദി ഫ്രണ്ട് ഡോറിൽ വന്നു ഒരേ തട്ടൽ. പ്ലീസ് ഓപ്പൺ ദി ഡോർ. ഐ വാണ്ട് ടു ടോക്ക് ടു യു. ഐ ആം അലോൺ പ്ലീസ് ഓപ്പൺ പ്ലീസ്

ഇവിടെ വീട്ടിലെ കുട്ടികളും ഒരു പാർട്ടിക്കുപോയിരിക്കുകയായിരുന്നു.ഞാൻ എന്തെങ്കിലും അബദ്ധം ചെയ്യുമോ പേടിച്ചു ചേട്ടൻ പെട്ടെന്ന് എല്ലാ ലൈ റ്റും ഓഫാക്കി കുട്ടികൾ വരുന്നതുവരെ വാതിൽ തുറക്കാതെ ഇരുട്ടത്തു തന്നെ ഇരുന്നു. കുറേ തട്ടി അവർ തിരിച്ചു പോയിട്ടുണ്ടാവാം. സംഭവം കുട്ടികൾ പറഞ്ഞപ്പോൾ അവർ അച്ഛനെ അഭിനന്ദിക്കുന്നു. സ്വമേധയാ ഭർത്താവ് അറിയാതെ അവരുടെ സങ്കടങ്ങൾ കേൾക്കാൻ നിന്നു കൊടുക്കുന്ന അമ്മയുടെ അടുത്തേക്ക് അവർ വന്നതാവം. പക്ഷെ വിഭ്രാന്തികാരണം നമ്മൾ നിർബന്ധപൂർവം വരുത്തിയതാണ്, പിടിച്ചു വെച്ചിരിക്കുകയാണ് തുടങ്ങി എന്തെങ്കിലും ഭർത്താവ് അനേഷിച്ചുവരുമ്പോൾ, പറഞ്ഞാൽ, ഇവിടെ അതു പോലീസ് കംപ്ലൈന്റ് ആവും. ഇവിടെ എത്ര പരിചയമുണ്ടെങ്കിലുംഅങ്ങോട്ടുമിങ്ങോട്ടും സമയം പറഞ്ഞുറപ്പിച്ചേ ചെല്ലാൻ പാടുള്ളുവത്രെ. നാട്ടിലെ പോലെ ഈ വഴി പോയപ്പോൾ ഒന്നു കേറി പോകാം എന്ന് പറഞ്ഞു കേറാൻ ഒന്നും പറ്റില്ല.പിന്നെയും ഒന്നു രണ്ടു തവണ അവർ വന്നു വാതിലിൽ തട്ടുമായിരുന്നു. ചില വാതിലുകൾ അടച്ചിടു കയാണ് നല്ലത്. അതു ആഹങ്കാരമോ, കോപമോ കൊണ്ടല്ല. നിസ്സഹായത കൊണ്ട് മാത്രം.ഇവിടെ കവിയുടെ വാക്കുകൾ എനിക്കു തിരുത്തി എഴുതേണ്ടിവന്നു

ഒരു പുഞ്ചിരി ഞാൻ നിനക്കായ് ചിലവാക്കവേ
എൻ ഹൃദയത്തിൽ പരക്കുമൊരു അമാവാസി

രാവിലെ ജനാലയിലൂടെ ആ മരത്തിനു ചുവട്ടിൽ അവർ ഇരിക്കുന്നത് പിന്നെയും കാണുമായിരുന്നു . അവരെ സന്ദർശിക്കാൻ വരുന്ന ആ കൂട്ടുകാർ വർണ്ണങ്ങൾ നിറഞ്ഞ ആ ഇലകളെപ്പോലെ അവരുടെ ജീവിതത്തിൽ സന്തോഷം പ്രദാനം ചെയ്യട്ടെ എന്ന് ആശിക്കും.

നാട്ടിലെത്തിയിട്ടും എന്തോ കുറേ ദിവസത്തെക്ക് അവരുടെ ആ വിളി എന്റെ കാതിൽ അലയടിച്ചു കൊണ്ടേയിരുന്നു. ●

ഉമാ ഉണ്ണികൃഷ്ണൻ
ഹൗസ് നമ്പർ 9, ചോലമന, ടി.കെ.വി. നഗർ
കൽമണ്ഡപം, പാലക്കാട് 678001, 9446814340

# വിഷുക്കണി

**എം.എൻ.ദേവസേന**





പുറത്തുനിന്ന് പടക്കം പൊട്ടുന്ന ശബ്ദം കേട്ടപ്പോൾ അപ്പു ഞെട്ടിയുണർന്നു.

കണ്ണുതുറക്കാതെതന്നെ ഓർത്തു. ഹരിയേട്ടന്റെ വീട്ടിൽനിന്നാണ് പടക്കം പൊട്ടുന്നത്. അവർ എഴുന്നേറ്റിരിക്കുന്നു. കണി കണ്ടതിനുശേഷം അങ്ങോട്ടു പോകണം.

മുത്തശ്ശി ഇന്നലെ പറഞ്ഞേല്പിച്ചിരിക്കുന്നു, ഉണർന്നാലും കണ്ണടച്ചുകിടക്കണമെന്ന്. അമ്മ വന്ന് കൈപിടിച്ചു നടത്തി മച്ചിനു മുമ്പിൽ പലകയിൽ ഇരുത്തും. എന്നിട്ടേ കണ്ണുതുറക്കാവൂ.

ചെവിടോർത്തുകിടന്നു. അമ്മ വിളിക്കുന്നുണ്ടോ? മുത്തശ്ശിയുടെ ശബ്ദം കാതിൽ വന്നലച്ചു. ഗുരുവായൂരപ്പാ, രക്ഷിക്കണേ...

മുത്തശ്ശി കണികണ്ട് തൊഴുകയാവും. ഇനി അമ്മയെ വിളിക്കും. അമ്മ അച്ഛനെ, പിന്നെയാണ് തന്റെ ഊഴം.

അവരെല്ലാം വരുന്നതിനുമുമ്പ് തനിക്ക് കണികാണണം. അപ്പു കണ്ണടച്ചുകൊണ്ട് മെല്ലെ എഴുന്നേറ്റു.

ചുമരുതപ്പി മെല്ലെ നടന്നു. ചുമരിനോട് ചേർത്തിട്ട ബെഞ്ചിൽ കാൽ ശക്തിയായി മുട്ടി. വല്ലാതെ വേദന തോന്നി. അപ്പോൾ കണ്ണുതുറക്കേണ്ടിവന്നു. ബഞ്ചിനടുത്ത് പണിക്കാരി തള്ള മൂടിപ്പുതച്ചു കിടക്കുന്നു. തള്ളയുടെ മുടി വെഞ്ചാമരംപോലെ നിൽക്കുന്നു. അതിന്നിടയിൽകൂടി വികൃതമായ മുഖം കാണാം. വായ്പൊളിച്ച് കൂർക്കം വലിക്കുകയാണ്. അതാണ് അപ്പുവിന്റെ ആദ്യത്തെ കണി.

കാൽതടവിക്കൊണ്ട് കണ്ണടച്ചുപിടിച്ച് മച്ചിന്നുമുമ്പിൽ വന്നു നിന്നു.

'മുത്തശ്ശീ, ഞാനാദ്യം കണികാണട്ടെ' മച്ചിന്നകത്തേക്ക് കടന്ന് അപ്പു പറഞ്ഞു. മുത്തശ്ശി അപ്പുവിനെ പലകയിൽ ഇരുത്തി. 'ഗുരുവായൂരപ്പനെ നല്ലവണ്ണം തൊഴുത് പ്രാർത്ഥിക്ക്. നല്ല ബു ദ്ധിതോന്നാൻ..'

അപ്പു തൊഴുത് പുറത്തുകടന്നു. കണ്ണടച്ച്, അമ്മ മെല്ലെനടന്നു വരുന്നത് കണ്ടു. 'ഞാനമ്മേടെ കൈപിടിക്കാം' അപ്പു അമ്മയുടെ അടുത്തെത്തി കൈപിടിച്ചു.

കണികണ്ടതിനുശേഷം അമ്മ അപ്പുവിനോട് പറഞ്ഞു. 'അപ്പു പറഞ്ഞത് കേൾക്കാഞ്ഞിട്ടല്ലേ കാല് മുട്ടീത്. കുട്ടികളായാൽ അനുസരണ വേണം.'

അമ്മയ്ക്ക് ദേഷ്യഭാവമാണെങ്കിലും മുത്തശ്ശി അടുത്തേക്ക് വിളിച്ചു. കുറച്ച് എണ്ണയെടുത്ത് കാലുഴിഞ്ഞു. കുറച്ചു സമാധാനമായി.

അമ്മ അച്ഛനേയും അമ്മിണിയേയും കണി കാണിച്ചു. ഉഴിയുന്നതിന്നിടയിൽ മതി എന്നു പറഞ്ഞ് അപ്പു എഴുന്നേറ്റ് അച്ഛന്റെ അടുത്തെത്തി. 'ഇങ്ങനെ ഒരു ക്ഷമേല്ല്യാത്ത ചെക്കൻ' മുത്തശ്ശി വാത്സല്യത്തോടെ പറഞ്ഞു.

അമ്മിണീ. ഇതാ കൈനീട്ടം' അച്ഛൻ അമ്മിണിക്ക് അഞ്ചുറുപ്പിക കൊടുത്തു.

'എനിക്കല്ലേ ആദ്യം തരേണ്ടത്?' അപ്പു മുഖം കറുപ്പിച്ചു.

'ആദ്യം ചെറിയ കുട്ടിക്ക്. ഇനി അപ്പുവിന്.' പൈസ നീട്ടിയ പ്പോൾ അപ്പുവിന് വാശിയായി. 'എനിക്കു വേണ്ട' അപ്പു തിരിഞ്ഞു നടന്നു.

'വാ അപ്പു. അമ്മിണി ചെറിയ കുട്ടിയല്ലേ?' അച്ഛൻ വിളിച്ചു.

'എനിക്കുവേണ്ട. അതുകൂടി അമ്മിണിക്ക് കൊടുത്തോളൂ.' അപ്പു മെല്ലെ അടുത്ത വീട്ടിലേക്കു നടന്നു. കാൽമുട്ടിന്ന് ചെറിയൊരു വേദനയുണ്ട്. അതൊന്നും സാരമാക്കിയില്ല.

'പടക്കം കൊളുത്തുന്നത് കണ്ടു നിന്നാൽ മതി. കൊളുത്തരുത് കൈ പൊളുകും' അച്ഛൻ വിളിച്ചുപറഞ്ഞു.

'പൊള്ളട്ടെ ആർക്കാ നഷ്ടം.'

'എന്നാ ഈ വികൃതി മാറ്വാ, ന്റെ ഈശ്വരാ...' മുത്തശ്ശി സങ്കടപ്പെട്ടു.

ഹരിയേട്ടനും രവിയേട്ടനും ഓലപ്പടക്കം കൊളുത്തുകയാണ്. അപ്പുവിന് ഉത്സാഹമായി. സുമചേച്ചി കമ്പിത്തിരിയും മത്താപ്പുമാണ് കത്തിക്കുന്നത്. ഹരി വന്നു.

'ആണുങ്ങളെപ്പോലെ ഉശിരുവേണം അല്ലേ ഹര്യേട്ടാ' അപ്പു ചോദിച്ചു.

'അതെ.' ഹരിയേട്ടൻ സമ്മതിച്ചു. സുമയ്ക്ക് ധൈര്യമില്ല. പേടിക്കാനൊന്നൂല്ല്യ. ഇതാ, ഇങ്ങനെ കൊളുത്തി ഇട്ടാൽ മതി കാണിച്ചുതന്നു.

സുമചേച്ചിയെ പരിഹസിച്ചെങ്കിലും ഭയം തോന്നി. കയ്യിൽ നിന്ന് വിടുന്നതിന്നു മുമ്പ് പൊട്ടിയാലോ?

'കാണട്ടെ അപ്പൂന്റെ ധൈര്യം' കമ്പിത്തിരി കത്തിക്കുന്ന സുമച്ചേച്ചിയുടെ പരിഹാസം ഹൃദയത്തിൽ തറച്ചു. വാശിയായി.

ഓലപ്പടക്കമെടുത്തു കയ്യിൽ പിടിച്ചു. ഹൃദയമിടിപ്പ് ശക്തിയായി. 'അപ്പൂന് പേടീണ്ടെങ്കിൽ പൊട്ടിക്കണ്ട' രവിയേട്ടൻ സമാ ധാനിപ്പിച്ചു.

ഒന്നു കത്തിച്ച് മുറ്റത്തേയ്ക്കിട്ടു. ഠേ... അതുപൊട്ടി. വീണ്ടും പൊട്ടിക്കാൻ ഭയം തോന്നി. കൈ വിറയ്

ക്കുന്നുണ്ടോ?

'ഒന്നു പൊട്ടിച്ചെന്നു കരുതി കേമനാണെന്നു വിചാരിയ്ക്കണ്ട' പിന്നേയും സമുചേച്ചിയുടെ പരിഹാസം...

നാലു പടക്കം അടുത്തേക്കു വെച്ചു. കയ്യിലുള്ളത് കൊളുത്തി എറിയുന്നതിനുമുമ്പ് പൊട്ടി. മുന്നിലുള്ളത് നാലും പൊട്ടിത്തെറിച്ചു. അപ്പു പിന്നോക്കം മറിഞ്ഞു വീണു.

ഓർമ്മ വന്നപ്പോൾ വീട്ടിൽ അമ്മയുടെ കട്ടിലിലാണ്. എന്തെ ല്ലാമാണ് സംഭവിച്ചത്. ആകെ ഒരു നീറ്റൽ. കൈ കെട്ടിയിരിക്കു ന്നു. മുഖം നീറുന്നു. കാലിലും എന്തോ വേദന അരിച്ചുകയറുന്നു.

മെല്ലെ കണ്ണുതുറന്നുനോക്കി. 'അമ്മേ' ചുണ്ടുകൾ അനങ്ങി. 'എന്റെ അപ്പൂ' അമ്മ കരഞ്ഞു. 'നിങ്ങൾടെ ഭാഗ്യം കൊണ്ട് കുട്ടിയെ കിട്ടി. ഇത്ര ചെറിയ കുട്ടിക്ക് പടക്കം കളിക്കാൻ കൊടു ത്താൽ...' ഡോക്ടറുടെ ശബ്ദമാണ്.

'കൊടുത്തതല്ല ഡോക്ടർ' അച്ഛൻ പറയുകയാണ്. 'അവൻ മഹാ വികൃതിയാണ്. ഒന്നും പറഞ്ഞാൽ കേൾക്കില്ല. അടുത്ത വീട്ടിൽചെന്ന് പറ്റിച്ചതാണ്...'

'ഏതായാലും ഒരാഴ്ച അനങ്ങാതെ കിടക്കട്ടെ. കുറച്ചു ദിവസത്തേയ്ക്ക് പേടിയുണ്ടാവും...' ഡോക്ടർ മരുന്നുകൾ നിർദ്ദേശിച്ച് പോയി.

അച്ഛൻ അടുത്തുവന്നു. 'അപ്പൂ. വല്ലാതെ വേദനയുണ്ടോ?'

ഉം! കണ്ണു തുറന്നു. അച്ഛന്റേയും അമ്മയുടെയും കണ്ണുകൾ നിറഞ്ഞിരിക്കുന്നു. മുത്തശ്ശി നാമം ചൊല്ലുന്നു. അമ്മിണിയുടെ മുഖത്തും പരിഭ്രമമുണ്ട്. സുമചേച്ചി ഒരിടത്തു സങ്കടത്തോടെ ഇരിക്കുന്നുണ്ട് താൻ പരിഹസിച്ചിട്ടാണോ അപ്പുവിന് ആപത്തു പിണഞ്ഞത് എന്ന സങ്കമാണ്...

പേടികൊണ്ടാണ് താൻ ബോധമില്ലാതെ വീണത്. പരിക്ക് സാരമുള്ളതല്ല. കയ്പടം പൊള്ളിയിട്ടുണ്ട്. കാലിലും മുഖത്തും പൊള്ളലുണ്ട്. കണ്ണിൽ പെടാഞ്ഞത് ഭാഗ്യമായി.

ഇല്ലെങ്കിൽ താനൊരു കണ്ണുപൊട്ടനായിത്തീരില്ലേ? കുറച്ചു ദി വസത്തേയ്ക്ക് നടക്കാൻ പറ്റില്ല. അമ്മ ഇടയ്ക്കിടെ പറയും. 'എന്റെ ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു. എന്റെ ശ്രദ്ധക്കുറവല്ലേ! ഞാൻ കൂടെ പോയിരുന്നെങ്കിൽ ഒന്നും സംഭവിക്കില്ല...'

പാവം അമ്മ!

അമ്മ ഒരു തെറ്റും ചെയ്തിട്ടില്ല. 'വാശിക്കു നാശമാണ് ഫലം...' അമ്മ എപ്പോഴും പറയാറുണ്ട്. ഇനി താൻ വികൃതി കാണിക്കില്ല. തന്നോട് എല്ലാവർക്കും സ്നേഹമുണ്ട്. വികൃതി കാണിക്കുമ്പോൾ ചീത്ത പറയുന്നത് താൻ നന്നാവാൻ വേണ്ടിയാണ്. തന്നോട് ഇഷ്ടമില്ലാഞ്ഞിട്ടാണെന്നു തോന്നാറുണ്ട്. അതു ശരിയല്ല. താനവരെ എത്ര വേദനിപ്പിച്ചു. ഇനി നല്ല കുട്ടിയായി അനുസരണയോടെ നടക്കും.

അപ്പു ഒരു തീരുമാനത്തിലെത്തി. ●

മന്ത്രേടത്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണിയും കൂടല്ലൂർ മഹളുമാണ് എം.എൻ. ദേവസേന. വിഷുക്കണി അവര് എഴുതി പ്രസിദ്ധീകരിച്ച 'പവിഴമല്ലിപ്പൂക്കൾ' എന്ന പുസ്തകത്തിൽ നിന്നും എടുത്തത്. എം.എൻ.ദേവസേന 2022 ഡിസംബറിൽ നിര്യാതയായി.

കവിത





**ഉണ്ണികൃഷ്ണൻ വാകയാട്ടില്ലം**
9946507103

# രാധാമാധവം

*തമ്മിൽ പിരിയുന്ന ദ്വാപരസന്ധ്യയെ-*
*ന്നുള്ളിലിപ്പോഴും മങ്ങാതിരിയ്ക്കേ,*
*കണ്ണൻ പാടാറുള്ളൊരോടക്കുഴലെന്റെ-*
*കൈയ്യിലല്ലാത്താവിലിങ്ങിരിയ്ക്കേ,*
*അമ്പാടി വിട്ടതിൻ ശേഷമെൻ മാധവൻ*
*പുല്ലാങ്കുഴലെടുത്തില്ലപോലും..*
*രാധതൻ സാമീപ്യമില്ലാതെ കണ്ണന്റെ*
*മാനസം രാഗാർദ്രമാകുമെന്നോ!*
*ആത്മാനുരാഗവും സംഗീതവും കണ്ണ-*
*നാദ്യാവസാനമീരാധയല്ലേ...*
*രാധയോളം പ്രിയം കൃഷ്ണനുണ്ടാകുമോ*
*രാജയോഗത്തിൻ സൗഭാഗ്യത്തിലും...?*

# കേരളത്തിന്റെ ഭാരതോത്സവം

കൊയ്ത്തടി ചെറുമുക്ക് പരമേശ്വരൻ



**118** വർഷങ്ങൾക്കുമുൻപ് ആലുവ ദേശത്തെ പൂർണ്ണാ നദിക്കരയിലുള്ള ചെറുമുക്ക് വൈദികന്റെ ഇല്ലത്ത് ഒത്തു കൂടിയ നമ്മുടെ പൂർവ്വസൂരികൾക്ക് യോഗക്ഷേമസഭ രൂപീകരിച്ച് നവോത്ഥാന പാത സ്വീകരിക്കാൻ ദൈവാധീനം കൊണ്ട് സാധിച്ചു.

പമ്പാനദി പോലെ, പൂർണ്ണാ നദി പോലെ നമുക്ക് നിളാനദിയും ജീവനാഡിയാണ്. മഹാകവി വള്ളത്തോൾ നിളാനദിയെ നിത്യം നമസ്കരിക്കാൻ ഒരു ശ്ലോക മന്ത്രം രചിച്ച ഋഷി പുംഗവനാണ്. ദ്രാവിഡ ദേശത്ത് ഉത്ഭവിച്ച് വാളയാർ ചുരത്തിലൂടെയും മറ്റും പടിഞ്ഞാറോട്ട് ഒഴുകി പൊന്നാനിയിൽ സമുദ്രത്തിൽ ലയിക്കുന്ന ഭാരതപ്പുഴയേയാണ് മഹാകവി നിളാദേവിയായി സ്തുതിച്ചിട്ടുള്ളത്.

'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും സ്വച്ഛാബ്ധി
മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളി കൊണ്ടീടുന്ന നിൻ പാദയുഗ്മ ത്തെക്കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണേശനുമമ്മേ!'

എന്നു പാടി പുരാണപ്രസിദ്ധമായ പരശുരാമ ക്ഷേത്രമുൾക്കൊള്ളുന്ന ചേരസാമ്രാജ്യത്തിന്റെ നാലതിരുകളും ഉദ്ഘോഷിച്ചത് വള്ളത്തോൾ തന്നെ.

'ഭാരതമെന്നു കേട്ടാലഭിമാന പൂരിതമാകണം അന്തരംഗം
കേരളമെന്നു കേട്ടാലോ തിളക്കണം
ചോര നമുക്ക് ഞരമ്പുകളിൽ '

എന്ന വരികളിലൂടെ രാഷ്ട്രഭക്തിയും ദേശഭക്തിയും ഒരുപോലെയുള്ള മഹാകവിത്വം നിളാനദി പെറ്റ സന്തതി കൂടിയത്രേ

പന്ത്രണ്ടുവർഷംകൂടുമ്പോൾ ഭാരതപ്പുഴയോരത്തെ തിരുന്നാവായയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ഒരു മഹോത്സവം നടന്നു വന്നിരുന്നു. മാഘമഹോത്സവം പിൽക്കാലത്ത് മാമാങ്കം എന്ന ചുരുക്കപ്പേരിലും അറിയപ്പെട്ടു. ജനപ്രതിനിധികൾ തങ്ങളുടെ ഭരണാധികാരിയെ – ചേരപ്പെരുമാളെ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത് പന്ത്രണ്ടു വർഷക്കാലം ജനങ്ങളെ പരിപാലിക്കാൻ അധികാരപ്പെടുത്തുന്നതും മാഘമഹോത്സവത്തിന്റെ സുപ്രധാന ചടങ്ങാണ്. പിൽക്കാലത്ത് അധ്യക്ഷസ്ഥാനത്തെ ചൊല്ലിയുള്ള കയ്യാങ്കളിയായി അത് അധ:പതിച്ചത് ദുർവിധിയല്ലാതെ മറ്റെന്താണ്?

മഹാമാഘമഹോത്സവം 2026 ൽ ജനുവരി 18 മുതൽ ഫെബ്രുവരി 3 വരെ തിരുനാവായ – ചെറുതിരുനാവായ (തവനൂർ) നിളാനദി തടത്തെ ഉയർത്തെഴുനേൽപ്പിച്ചതിന് നമ്മളിൽ പലരും പങ്കാളികളായി. തിരുനാവായ യോഗക്കാരുടെ ഓത്തൻമഠത്തിൽ അഭൂത പൂർവ്വമായ അതിഥിസൽക്കാരമായിരുന്നു. രാവും പകലും നോക്കാതെ ബ്രഹ്മാവിന്റേയും ശിവന്റേയും ക്ഷേത്രങ്ങളിൽ ഇത്രയേറെ ഭക്തരെത്തിയ തീർത്ഥാടനക്കാലം ഉണ്ടായില്ലെന്നു വേണം പറയാൻ.

കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെ പരന്നുകിടക്കുന്നതും ഇരുകരകളേയും തഴുകി ഒഴുകുന്നതുമായ നിളാദേവിക്കായി നമുക്ക് പ്രാർത്ഥിക്കാം. വികസിത ഭാരതത്തിൽ വികസിത




സന്യാസി വര്യന്മാർ നാവാ മണപ്പുറത്ത്



*മഹാമാഘ മഹോത്സവം തിരുനാവായ: ആരതി*

കേരളം നിശ്ചയമാണ്. വികസിതകേരളത്തെ ധാർമ്മികമായും ആധ്യത്മീയമായും നിരന്തരം പ്രചോദിപ്പിക്കാൻ തിരുനാവായക്കും നിളാ നദീ ദേവിക്കും അപാര ശക്തിയുണ്ട്. അതു നമ്മെ ബോധ്യപ്പെടുത്തുന്ന പുണ്യവേളക്ക് നേതൃത്വം നൽകാൻ ഹിമവൽസാനുക്കളിൽ നിന്നും കാശീപുരിയിൽ നിന്നും എത്തിയ ആചാര്യന്മാരെ കേരളത്തിലെ സന്യാസി ശ്രേഷ്ഠരുടെ നേതൃത്വത്തിൽ ആഥിധേയത്വം വഹിക്കാൻ നമുക്കുമായി .

തൃശ്ശിവപേരൂരിലെ നാലു ശങ്കരമഠങ്ങളിലേയും ശങ്കരാചാര്യശ്രേഷ്ഠരുടെ മഹനീയ നേതൃത്വത്തിൽ യോഗക്ഷേമപരിവാറും മുൻനിരയിൽത്തന്നെയുണ്ടാകണം. തൃക്കൈക്കാട്ടുമഠത്തിൽ (പഴയ ഇടയിൽ മഠം) നാലു ആചാര്യമാരും ഒന്നിച്ചിരുന്ന് അടുത്ത മാസമഹോത്സവത്തിന് മുൻപായി എന്തൊക്കെ അസ്മാദികൾ ചെയ്യേണ്ടതുണ്ടെന്ന് ചർച്ച ചെയ്ത് നിശ്ചയിക്കട്ടെ. കാസർഗോട്ടെ ഇടനീർ മഠത്തിലും പഴയ തൃശ്ശിവപേരൂർ നടക്കലിൽ കൊല്ലത്തിൽ ഒന്നിലേറെ തവണ നാലു ശങ്കരാചാര്യന്മാരും ഒരുമിച്ചിരിക്കുന്നത് നൽകുന്ന ഐക്യ സന്ദേശം വാചാലമാകും. കേരള ബ്രാഹ്മണ ഫെഡറേഷന്റെ നേതൃത്വവും ഒത്താശയും ഈ കാര്യത്തിൽ ഉണ്ടായേ പറ്റൂ. ഇത്തവണത്തെ മാഘമഹോത്സവവേളയിൽ നാലു ശങ്കരാചാര്യന്മാരും ഒരുമിച്ച് കൂടിയത് ശുഭോദർക്കമായി. നിളാദേവി നിത്യം നമസ്തേ !

'ആ രംഗം സർവ്വമാഥാദിതമഹഹ ചിരാൽ കാലമാം ജാലവിദ്യ
ക്കാരൻ തർ പിഞ്ഛരി കോച്ചാലനമലങ്കിൽ വരുത്തില്ല എന്തെന്തു മാറ്റം!
നേരമ്പോക്കെത്ര കണ്ടു ഭവതിയിഹ പദം തോറു,മെന്തൊക്കെ മേലിൽ
സൈ്വരം കാണും പുരാണ പ്രഥിതനദി നിളാദേവീ നിത്യം നമസ്തേ!'

പറളി, തിരുവില്വാമല, ഒറ്റപ്പാലം, ഷോർണൂർ, പട്ടാമ്പി ,ശ്രീകൃഷ്ണപുരം, ചെർപ്പുളശ്ശേരി, പുലാമന്തോൾ, തിരുവേഗപ്പുറ , തൃത്താല , ശുകപുരം, പന്നിയൂർ, വെട്ടത്തുനാട്, കടവല്ലൂർ, ആലത്തിയൂർ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളെ കേന്ദ്രീകരിച്ചുള്ള ചെറുതും വലുതുമായ ബ്രാഹ്മണ കൂട്ടായ്മകളെയെല്ലാം ഈ സംരംഭത്തിൽ കണ്ണി ചേർക്കലാണ് നമ്മുടെ ദൌത്യം ●



അതിഥികളെ വന്ദിക്കുന്ന
മഹാമണ്ഡലേശ്വർ

# ´കിടു´വാണ് കിർഗിസ്ഥാൻ



സ്കസ്ക താഴ്‌വര

**ധന്യ ദാമോദരൻ**




മനോഹരമായ ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ കിർഗിസ്ഥാൻ എന്ന മധ്യേഷ്യൻ രാജ്യത്തിന് ടൂറിസ്റ്റ് ഭൂപടത്തിൽ ഇതുവരെ അർഹമായ ഒരു സ്ഥാനം കിട്ടിയിട്ടില്ല. എന്നാൽ ഭാവിയിൽ, യാത്രക്കാർ സന്ദർശിക്കാൻ ഏറ്റവും കൂടുതൽ ഇഷ്ടപെടുന്ന സ്ഥലങ്ങളിൽ ഒന്നായി ഇത് മാറുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ആകാശം തൊടുമെന്നു തോന്നുന്ന പർവ്വതങ്ങൾ, മനോഹരമായ ഗ്ലേസിയർകൾ, ഇടതൂർന്ന പൈൻ വനങ്ങൾ, ശാന്തമായ ആൽപൈൻ തടാകങ്ങൾ, സമ്പന്നമായ നാടോടി സംസ്കാരവും ചരിത്രവും, സ്വാദിഷ്ടമായ പലഹാരങ്ങൾ, സ്നേഹമുള്ള ആളുകൾ. ഇത് ഒക്കേ നമുക്ക് കിർഗിസ്ഥാനിൽ അനുഭവിക്കാം. ഇന്ത്യക്കാർക്ക് കിർഗിസ്ഥാൻ ഇ-വിസ മിക്കവാറും ഒരാഴ്ച കൊണ്ട് കിട്ടും.

ഞങ്ങൾ പുലർച്ചെ ബിഷ്കെക്കി ലെ മനാസ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇറങ്ങി. അലാ ടൂ സ്ക്വയർ, പാൻഫിലോവ് പാർക്ക്, സ്റ്റേറ്റ് ഹിസ്റ്ററി മ്യൂസിയം എന്നിവ തലസ്ഥാനത്തെ ചില പ്രധാന കാഴ്ചകളാണ്. അലാ ടൂ എന്നത് ടിയാൻ ഷാൻ പർവതനിരകളുടെ കിർഗിസ് പേരാണ്. നഗരത്തിന്റെ ഹൃദയഭാഗത്തുനിന്നുതന്നെ മഞ്ഞുമൂടിയ ടിയാൻ ഷാൻ പർവതനിരകൾ വ്യക്തമായി കാണാൻ കഴിയും.കിർഗിസ്ഥാന്റെ ദേശീയ നായകനായ 'മനാസി'ന്റെ പേരാണ് വിമാനത്താവളത്തിന് നൽകി യിരിക്കുന്നത്. തലസ്ഥാന നഗരത്തിലെ കാഴ്ചകൾ കണ്ട് ഞങ്ങൾ ചുങ്കുർചക് എന്ന മനോഹരമായ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന സുപാര റിസോർട്ടിലേക്ക് വണ്ടി ഓടിച്ചെത്തി. രാത്രി



കൊച്ചു ബെർഗൂച്ചിയോടൊപ്പം



*ഞങ്ങൾ താമസിച്ച യർട്ട്*



*യർട്ട് ക്യാമ്പ് ഉടമയ്ക്കൊപ്പം*

സുഖമായി ഉറങ്ങി.

ഓർട്ടോ ടോക്കോയ് താഴ്‌വര, ബൂം മലയിടുക്ക് എന്നിവയായിരുന്നു രണ്ടാം ദിവസത്തെ പ്ലാൻ.

ഞങ്ങൾ മലയിലേക്ക് സ്വന്തമായി വണ്ടിയോടിച്ചു പോയി. അറ്റാ ബെയ്റ്റ് പാരാഗ്ലൈഡിംഗ് സെന്ററിൽ 1000 മീറ്റർ ടാൻഡം പാരാഗ്ലൈഡിംഗ് നടത്തി. മഞ്ഞു മൂടിയ പർവതനിരകൾ വായുവിൽ 40 മിനിറ്റിലധികം പറന്ന് ആസ്വദിക്കാനുള്ള ഏറ്റവും നല്ല മാർഗമായിരുന്നു ഇത്, പാരച്യൂട്ട് ഉപയോഗിച്ച് ഇൻസ്ട്രക്ടർ ചില മികച്ച ഗ്ലൈഡ് നീക്കങ്ങൾ നടത്തി അതുല്യമായ ഒരു അനുഭവം സൃഷ്ടിച്ചു. മുഴുവൻ അനുഭവവും ഗോ പ്രോ ക്യാമറകളിൽ ചിത്രീകരിച്ചു തരികയും ചെയ്തു.

ബുറാന ടവറിലേക്കുള്ള യാത്രാമധ്യേ, ഒരു നദിക്കരയിൽ ഞങ്ങൾ ഒരു ഉച്ചഭക്ഷണം കഴിച്ചു. കിർഗിസ് ബ്രെഡ്, ചീസ്, നല്ല ചായയും കാപ്പിയും എന്നിവയ്ക്കൊപ്പം ഓർഗാനിക് പച്ചക്കറി സലാഡുകൾ... ഞങ്ങൾ എല്ലാവരും ഒരുമിച്ച് പച്ചക്കറികൾ അരിഞ്ഞു, ഡ്രസ്സിംഗ് തയ്യാറാക്കി, മേശ ഒരുക്കി, പ്രകൃതിയുടെ മടിയിൽ രുചികരമായ വിഭവങ്ങൾ ആസ്വദിച്ചു. ചുറ്റുമുള്ള മനോഹരമായ കാഴ്ചകൾ ആസ്വദിച്ചുകൊണ്ട് പിക്നിക് ലഞ്ച് കഴിച്ചു.

ഈ രാജ്യത്തിന്റെ ഭൂതകാലത്തെ ക്കുറിച്ച് ,വിവിധ

ശ്രീമതി ധന്യ ദാമോദരൻ, കൊച്ചിയിലെ ബേക്കർ ഹ്യൂസിൽ സോഫ്റ്റ്‌വെയർ പ്രൊഫഷണലാണ്, കുടുംബത്തോടൊപ്പം തൃശൂരിലാണ് താമസം. ജോലിയുമായി 9 വർഷത്തോളം ധന്യ യുഎ.ഇ യിൽ ആയിരുന്നു .ചരിത്ര, ഭൂമിശാസ്ത്ര ക്ലാസുകളിൽ പഠിച്ച സ്ഥലങ്ങൾ സന്ദർശിക്കാനും അങ്ങിനെ ലോകം ചുറ്റി സഞ്ചരിക്കാനും അവർ സ്വപ്നം കണ്ടിരുന്നു.

2011 ൽ, മകന് രണ്ട് വയസ്സ് ആയപ്പോഴായിരുന്നു ധന്യയുടെ ദുബായിൽ നിന്ന് യൂറോപ്പിലേക്കുള്ള ആദ്യ യാത്ര . അതിനുശേഷം, അവർ 36 രാജ്യങ്ങളും ഇന്ത്യയിലെ ഒട്ടുമിക്ക സ്ഥലങ്ങളും സന്ദർശിച്ചു, യാത്ര ഇപ്പോഴും തുടരുന്നു. സ്ഥലങ്ങൾ കാണുന്നതിനേക്കാൾ കൂടുതലായി ഓരോ യാത്രയും പുതിയ അനുഭവങ്ങളും കാഴ്ചപ്പാടുകളും ആയി നമ്മേ പ്രലോഭിപ്പിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളുമായി എത്ര എളുപ്പത്തിൽ പൊരുത്തപ്പെടുന്നു, ഭാഷാ തടസ്സങ്ങളെ മറികടക്കുന്നു, മറ്റ് സംസ്കാരങ്ങളുടെ തനതായ പാരമ്പര്യങ്ങളും ജീവിതരീതികളും സ്വീകരിക്കുന്നു എന്നത് അവിശ്വസനീയമാണ്. അവരുടെ ഭക്ഷണം, ആചാരങ്ങൾ, അവരുടെ ആതിഥ്യമര്യാദയുടെ ഊഷ്മളത എന്നിവ അവർ ആസ്വദിക്കുന്നു. ഈ അനുഭവങ്ങൾ നമ്മിൽ ശാശ്വതമായ സ്വാധീനം ചെലുത്തുന്നു, ഞങ്ങളെ കൂടുതൽ സ്നേഹമുള്ളവരും, സഹാനുഭൂതിയുള്ളവരും, തുറന്ന മനസ്സുള്ളവരുമാക്കുന്നു.

സാധ്യമാകുമ്പോഴെല്ലാം പൊതുഗതാഗതം ഉപയോഗിച്ച് യാത്രാ പദ്ധതികൾ ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്യുന്നു. താൽപ്പര്യങ്ങൾക്കനുസരിച്ച് യാത്രകൾ ക്രമീകരിക്കുന്നതിന് ഡ്രൈവറുള്ള കാർ വാടകയ്ക്കോ സ്വയം ഡ്രൈവിംഗ് ഓപ്ഷനുകളോ പരിഗണിക്കുന്നു. സ്ഥലങ്ങൾ ഗവേഷണം ചെയ്യുന്നതും യാത്രാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും എല്ലാ ഹോട്ടൽ ബുക്കിംഗുകളും നടത്തുന്നതും ധന്യയാണ്. ഭർത്താവ് രഘു വിസ, ഗതാഗത കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു. ധന്യയുടെ യാത്രാനുഭവങ്ങൾ ഫോട്ടോഗ്രാഫുകൾ സഹിതം രേഖപ്പെടുത്തുന്ന ഒരു ബ്ലോഗുണ്ട്. ധന്യയുടെ വ്യത്യസ്തമായ യാത്രകളെക്കുറിച്ച് കൂടുതലറിയാൻ വെബ്സൈറ്റ് സന്ദർശിക്കുക. - https://www.worldthrumylens.net, Mobile: 7994447326.



*സുപാര റിസോർട്ട്*

ഭരണകാലം, ഓട്ടോമൻ, തുർക്കികൾ, മംഗോളിയക്കാർ എന്നിവരുടെ ആക്രമണങ്ങൾ എന്നിങ്ങിനെ ധാരാളം ചരിത്രമുള്ള ബുറാന ടവറിലാണ് ഞങ്ങൾ എത്തിയത്. നൂറ്റാണ്ടുകൾക്ക് മുമ്പ് നിർമ്മിച്ച ഒരു പള്ളിയുടെ ഭാഗമായിരുന്നു ബുറാന ടവർ, ടവറിനടുത്ത് ബാല സാഗുൺ സ്മാരകങ്ങൾ എന്നറിയപ്പെടുന്ന നിരവധി ശവകുടീരങ്ങളുണ്ട്.സിൽക്ക് റോഡിലൂടെ വണ്ടിയോടിക്കുമ്പോൾ, ഓർക്കോ- ടോക്കോയ് താഴ്വരയുടെ മനോഹരമായ കാഴ്ചകൾ കാണാൻ ഞങ്ങൾ ബൂം മലയിടുക്കിന് മുകളിൽ വണ്ടി നിർത്തി. താഴ്വരയിൽ ബാക്ട്രിയൻ ഒട്ടകങ്ങൾ മേയുന്നുണ്ടായിരുന്നു.

അടുത്ത ദിവസം ഫെയറി ടെയിൽ വാലി എന്നറിയപ്പെടുന്ന ചുവപ്പ് കലർന്ന ഓറഞ്ച് നിറത്തിലുള്ള കുന്നുകൾ നിറഞ്ഞ സ്കസ്ക താഴ്വരയിൽ ഞങ്ങൾ എത്തി. ധാതുക്കളാലും വർണ്ണവിസ്മയങ്ങളാലും പ്രകൃതിദൃശ്യങ്ങളാലും സമ്പന്നമാണ് ഈ സ്ഥലം മലയിടുക്കിന്റെ മുകളിലേക്ക് ഞങ്ങൾ ട്രക്കിംഗ് നടത്തി. അവിടെ നിന്ന് ഇസിക്-കുളിന്റെ മനോഹരമായ കാഴ്ചകൾ കാണാം.

കിർഗിസ്ഥാനിലെ ഏറ്റവും വലിയ തടാകമാണ് കടൽ പോലെയുള്ള ഇസിക്-കുൽ. തടാകത്തിന് ചുറ്റും പിക്നിക് സ്ഥലങ്ങളുണ്ട്, ആളുകൾ തടാകത്തിൽ മീൻ പിടിക്കുന്നു, കുട്ടികൾ ബീച്ചുകളിൽ കളിക്കുന്നു, ഇളം കാറ്റും തിരമാലകളുടെ ശാന്തമായ ശബ്ദവും മൊത്തത്തിൽ ഒരു 'സെൻ എഫക്റ്റ്' നൽകുന്നു.

കിർഗിസ്ഥാനിലെ സ്വർണ്ണഖനികളിലേക്കുള്ള വഴിയിൽ കൂടി ഒരു ഡ്രൈവ്. സ്വർണ്ണഖനിയിൽ നിന്നുള്ള നിരവധി ട്രക്കുകൾ ഓടിക്കൊണ്ടിരുന്നു. മഴ പെയ്യാൻ തുടങ്ങി, പിക്നിക് ലഞ്ചിന് ശേഷം, മഴ കാരണം ഹോട്ട് സ്പ്രിംഗ് ബാത്ത് ലേക്കാക്കി യാത്ര. ബാത്ത് കഴി



*പാരറൈഡിംഗ് @ അറ്റാ ബെയ്റ്റ് പാരറൈഡിംഗ് സെന്റ റിൽ*



*ഇസിക്-കുൽ തടാകം*



*ജെറ്റി ഒഗൂസ് താഴ്‌വര*

ഞ്ഞ് ജെറ്റി-ഒഗൂസ് താഴ്വരയിൽ വൈകുന്നേരത്തെ 'ഗോൾഡൻ അവർ'ൽ തന്നെ എത്തി. പച്ചപ്പുൽമേടുകൾ, മേയുന്ന മാടിൻ കൂട്ടങ്ങൾ, ഉയർന്ന് നിൽക്കുന്ന സെവൻ ബുൾസ് പാറ – പ്രകൃതിദൃശ്യങ്ങൾ ആസ്വദിക്കുന്ന തിനിടയിൽ മണിക്കൂറുകൾ പറന്നു പോയത് അറിഞ്ഞതേ ഇല്ല.

പരമ്പരാഗത കഴുകൻ വേട്ടക്കാരെ ബെർകുച്ചി എന്ന് വിളിക്കുന്നു. ജെറ്റ്-ഒഗുസിൽ കഴുകനെ പരിശീലിപ്പിക്കുന്ന ഒരു കൊച്ചുകുട്ടിയേയും ഞങ്ങൾ കണ്ടുമുട്ടി.

യാത്രയിലെ ഏറ്റവും കാത്തിരുന്ന ദിവസമായിരുന്നു അൽറ്റിൻ അരഷ്ൻ. ധാരാളം ഹൈക്കിംഗ്, മഞ്ഞുമലകൾ, പ്രകൃതിദത്തമായ ഹോട്ട് സ്പ്രിംഗ് എല്ലാറ്റിനു മുപരി, യാർട്ട് താമസം!

കിർഗിസിൽ ആൾട്ടിൻ എന്നാൽ 'സ്വർണ്ണം' എന്നാണ്. ആൾട്ടിൻ അരഷനിലേക്കുള്ള ഞങ്ങളുടെ യാത്ര UAZ റഷ്യൻ മിലിട്ടറി വാനിലായിരുന്നു. ആ വാനുകൾക്ക് മാത്രമേ പാറക്കെട്ടുകളിൽ എളുപ്പത്തിൽ കയറാൻ കഴിയൂ.ഞങ്ങൾ ഹൈക്കിംഗ് നടത്തി, വാൻ ഞങ്ങളെ പിന്തുടർന്നു. യാർട്ട് ക്യാമ്പിലേക്കുള്ള മലയിലൂടെയുള്ള സാഹസികമായ ഒരു ട്രെക്കിംഗ് ആയിരുന്നു അത്. ഭംഗിയുള്ള കാഴ്ചകൾ, ശുദ്ധവായു, ഒരിക്കലും ക്ഷീണം തോന്നിയില്ല. രാത്രി ഞങ്ങൾ യാർട് ക്യാമ്പിലാണ് തങ്ങുക.

യാർട്ട് ക്യാമ്പ് പച്ചപ്പ് നിറഞ്ഞ താഴ്വരയിലാണ് സ്ഥിതി ചെയ്യുന്നത്, കിർഗിസ്ഥാനിലെ നാടോടികളുടെ ഒരു താൽക്കാലിക വാസസ്ഥലമാണ് യാർട്ട്. അകത്ത് കിടക്കകളും ചൂട് നിലനിർത്താൻ ഒരു ചൂളയും ഉള്ള സുഖപ്രദമായ സ്ഥലങ്ങളാണിവ. മേൽക്കൂര തുണ്ടുക് രൂപകൽപ്പന ചെയ്തതാണ്.

പ്രഭാതഭക്ഷണത്തിനു ശേഷം, ഞങ്ങൾ കുറേ ദൂരം താഴേക്ക് നടന്നു. ആടുമാടുകളും കുതിരകളും മേയുന്നുണ്ടായിരുന്നു. നല്ല പുല്ലാണ് മികച്ച പാലിന് അടിസ്ഥാനം എന്നു മനസ്സിലായി.ഞങ്ങൾ കാരക്കോളിലെ ട്രിനിറ്റി പള്ളിയും ഡങ്കൻ പള്ളിയും സന്ദർശിച്ചു, തുടർന്ന് മനോഹരമായ കിർചിൻ താഴ്വരയിലേക്ക് പോയി. കും-ബെൽ പാസ് താഴ്വരയിലൂടെ നടന്നു, വൈകുന്നേരത്തെ സൂര്യപ്രകാശവും ചുറ്റുമുള്ള പച്ചപ്പും ആസ്വദിച്ചു.


മടക്കയാത്രയിൽ ഞങ്ങൾ ബിഷ്കെക്കിലേക്ക് വണ്ടിയോടിച്ചാണ് പോയത്. നഗരത്തിലെ ഒരു ഹോട്ടലിൽ താമസിച്ചു. പുലർച്ചെയുള്ള വിമാനത്തിൽ ഞങ്ങൾ തിരികെ എത്തി.

കിർഗിസ്ഥാൻ ഒരു അത്ഭുതകരമായ സ്ഥലമാണ്. അത് എന്നെ സ്വിറ്റ്സർലൻഡ്, നോർവേ, ടിബറ്റ്, ബവേറിയൻ ഗ്രാമപ്രദേശങ്ങൾ, ജോർദാൻ എന്നിവയെ ഓർമ്മിപ്പിച്ചു. കുറച്ച് കിലോമീറ്ററുകൾ സഞ്ചരിക്കുമ്പോൾ ഭൂപ്രകൃതി നാടകീയമായി മാറുന്നു, നിങ്ങൾ പൂർണ്ണമായും പുതിയൊരു ഭൂമിയിലെന്നപോലെ തോന്നും! അതിനാൽ, കരയാൽ ചുറ്റപ്പെട്ട ഈ മധ്യേഷ്യൻ രാജ്യം നിങ്ങൾക്ക് ആസ്വദിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഭക്ഷണത്തെക്കുറിച്ച് വിഷമിക്കേണ്ട, ഞങ്ങളുടെ യാത്രയിലുടനീളം ഞങ്ങൾ വെജിറ്റേറിയൻ കിർഗിസ് ഭക്ഷണം തന്നെയാണ് കഴിച്ചത്. കിർഗിസ്ഥാനിൽ പൊതുഗതാഗതം അത്ര എളുപ്പമല്ല. അതിനാൽ നിങ്ങളുടെ യാത്രാ പദ്ധതി പ്രകാരം സ്ഥലങ്ങൾ സന്ദർശിക്കാൻ ഒരു കാർ വാടകക്കെടുക്കുകയോ ടൂർ പാക്കേജ് ബുക്ക് ചെയ്യുകയോ ചെയ്യുന്നതാണ് നല്ലത്.

●

# കഠോപനിഷത്ത് - ഒരെത്തിനോട്ടം

പാറക്കോട് വാസുദേവൻ നമ്പൂതിരി



ഉപനിഷത്ത് എന്ന വാക്കിന് സമീപത്തിരിക്കുന്നത് എന്നാണർത്ഥം. അപ്പോൾ അവിടെ ഒരു ചോദ്യം വരുന്നു. ആരുടെ സമീപത്ത് എന്ന് . അതിനുത്തരം ഈശ്വരന്റെ സമീപത്ത് എന്നാണ് . ഈശ്വരനെ അറിഞ്ഞ് ആത്മസാക്ഷാത്കാരം നേടാനുള്ള മാർഗങ്ങളാണ് കഥകളിൽക്കൂടി ഉപനിഷത്ത് പരിചയപ്പെടുത്തുന്നത്.

അനേകം ഉപനിഷത്തുക്കളുണ്ട്. ആകെയുള്ള 1162 ഉപനിഷത്തുക്കളിൽ 108 എണ്ണം കൂടുതൽ പ്രാധാന്യമുള്ളവയാണ്. അതിൽ തന്നെ തൈത്തിരീയം, കഠം, കേനം, ഐതരേയം, ശേതാശ്വതരം, പ്രശ്നം, മാണ്ഡൂകം , ഛാന്ദോഗ്യം, ഈശോവാസ്യം , ബൃഹദാരണ്യകം എന്നീ പത്തെണ്ണം ഏറ്റവും പ്രധാനപ്പെട്ടവയുമാണ്.

ഇതിൽ കഠോപനിഷത്ത് കൃഷ്ണ യജുർവേദത്തിലെ കഥയെ ആസ്പദിച്ചുള്ളതാണ്. മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന കുണ്ഠലിനിയിൽ മൂന്ന് തരം അഗ്നി ഉണ്ട്. 1. ഈ ലോകങ്ങൾക്ക് ആധാരമായ അഗ്നി, 2. അനന്തലോകപ്രാപ്തിക്കുള്ള അഗ്നി, 3. ചിദാകാശത്തിലേക്ക് ( ചിദാനന്ദത്തിലേക്ക് ) നയിക്കുന്ന അഗ്നി. ഇതിൽ ആദ്യത്തേത് ഗൃഹസ്ഥന്മാർ അഗ്നിഹോത്രാദി യജ്ഞങ്ങളെക്കൊണ്ട് ജ്വലിപ്പിക്കണം. രണ്ടാമത്തേത് ധ്യാനം കൊണ്ട് ജ്വലിപ്പിക്കണം. ഈശ്വരാനുഗ്രഹം കൊണ്ട് ചിദാനന്ദത്തിലേക്ക് എത്തിക്കുന്ന മൂന്നാമത്തേത് ഉള്ളിൽ നിന്ന് തെളിയണം. ഈ ആശയമാണ് നചികേതസ്സിന്റെ കഥ കൊണ്ട് കഠോപനിഷത്തിൽ എടുത്തുകാണിക്കുന്നത്. ഗൃഹസ്ഥന്മാർ അഗ്നിഹോത്രാദികളായ കർമ്മങ്ങൾ ചെയ്ത് ഈ ലോകത്തിന്റെ നിലനിൽപ്പിനാധാരമായ അഗ്നിയെ ( ഊർജത്തെ ) ജ്വലിപ്പിക്കണം. പിന്നീട് ധ്യാനാദികൾ ചെയ്ത് ( ഗൃഹസ്ഥ ധർമ്മമില്ലാത്തതിനാൽ സന്യാസികൾക്കും ധ്യാനയോഗം വിധിച്ചിരിക്കുന്നു. ) ആത്മചൈതന്യത്തെ വർദ്ധിപ്പിക്കണം. എന്നാൽ ആനന്ദസ്വരൂപത്തിലേക്കുള്ള (ആത്മസാക്ഷാത്കാരം) വഴി തെളിഞ്ഞു വരും.

ഇവിടെയാണ് കഥ ആരംഭിക്കുന്നത്. പുല്ല് തിന്നാൻ പോലും ശക്തിയില്ലാത്തവയും വെള്ളം കുടിക്കാനോ പ്രസവിക്കാനോ കഴിവില്ലാത്തവയുമായ പശുക്കളെ തന്റെ അച്ഛൻ ദാനം ചെയ്യുന്നതു കണ്ട് അദ്ദേഹത്തിന് നരകലോകം ഉറപ്പാണെന്ന് മനസ്സിലാക്കിയ നചികേതസ്സ് അഛനായ വാജശ്രവസനോട് തന്നെ ആർക്കാണ് കൊടുക്കുന്നത് എന്നു ചോദിച്ചു. ആദ്യം ഒന്നും പറഞ്ഞില്ലെങ്കിലും വീണ്ടും വീണ്ടും ചോദിച്ചപ്പോൾ ദേഷ്യത്തോടു കൂടി നിന്നെ മരണത്തിനാണ് കൊടുക്കുന്നത് എന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കിന്റെ ബലം കൊണ്ട് ( മഹാത്മാക്കൾ സത്യമേ പറയൂ, അല്ലെങ്കിൽ പറയുന്നത് സത്യമാകും). അപ്പോൾത്തന്നെ നചികേതസ്സ് സ്ഥൂലശരീരം ഉപേക്ഷിച്ച് സൂക്ഷ്മശരീരത്തിൽ യമലോകത്ത് എത്തിച്ചേർന്നു. മൂന്ന് ദിവസം കഴിഞ്ഞാണ് യമധർമൻ തന്റെ ലോകത്ത് വന്ന് അതിഥിയെ കണ്ടത്. ഒരു ഗൃഹസ്ഥൻ അതിഥിയെ കാണാതിരുന്നാൽ താൻ സമ്പാദിച്ച എല്ലാ പുണ്യവും നശിക്കും എന്ന് വേദങ്ങളും ഉപനിഷത്തുകളും പറയുന്നു.

‘വൈശ്വാനര: പ്രവിശതി അതിഥിർ ബ്രാഹ്മണോ ഗൃഹാൻ
തസ്യൈതാം ശാന്തിം കുർവന്തിഹര



വൈ സ്വതോദകം'
യമൻ നചികേതസ്സിനോട് പറയുന്നു. ഗൃഹത്തി ലേക്ക് വരുന്ന അതിഥി ഗൃഹസ്ഥ ന്മാർ നിത്യവും പൂജിക്കുന്ന ( പൂജിക്കേണ്ട )വൈശ്വനരാഗ്നിയാണ്. അങ്ങ് മൂന്ന് ദിവസം ഭക്ഷണം പോലും കഴിക്കാതെ ഇവിടെ നിൽക്കേണ്ടി വന്നത് ഗൃഹസ്ഥനായ എനി ക്ക് പറ്റിയ അബദ്ധമാണ്. മൃത്യു ലോകത്തേപ്പോലും നശിപ്പിക്കാൻ കഴിവുള്ളതാണ് ഈ വൈശ്വാനരാഗ് നി. അതിനാൽ അങ്ങ് ക്ഷമിക്കണം. ഇതിന് പ്രതിവി ധിയായി ഞാൻ അങ്ങേക്ക് മൂന്നു വരങ്ങൾ തരാം, ചോദിച്ചാലും. ഇതു കേട്ട നചികേതസ്സ് ആദ്യവരമാ യി തന്റെ അച്ഛൻ ദുഷ്കർമ്മം ചെയ്തതിൽ പാപ മുണ്ടാകരുത് , എന്നോട് സ്നേഹവും ഉണ്ടാവണം എന്നാവശ്യപ്പെട്ടു. രണ്ടാമത്തേത് ആത്മചൈത ന്യത്തെ വർധിപ്പിക്കാനുള്ള വരമാണ്.

ആദ്യത്തെ വരം കൊടുത്തു. എന്നാൽ രണ്ടാ മത്തെ വരം വളരെ വലുതായതിനാൽ നചികേത സ്സിനെ പരീക്ഷിച്ചു മാത്രം കൊടുക്കാൻ തീരുമാനിച്ച യമൻ അനേകം ഭൌതിക വസ്തുക്കൾ കൊടു ക്കാമെന്നു പറഞ്ഞു. നചികേതസ്സിനെ പ്രലോഭി പ്പിച്ച് അതിൽ നിന്നും പിന്മാറ്റാനാണ് ശ്രമിച്ചത്. എന്നാൽ തചികേതസ്സ് തനിക്ക് അതൊന്നും വേണ്ട എന്നും ആത്മസാക്ഷ്കാര ത്തിലേക്കുള്ള വഴിയാ ണ് പറഞ്ഞു തരേണ്ടത് എന്നും പറഞ്ഞു. ഈ ലോകത്ത് എന്തെങ്കിലും ആഗ്രഹമുള്ളവന് ആത്മ സാക്ഷാത്കാര ത്തേക്കുറിച്ച് അറിയാൻ പറ്റില്ല, അർഹതയുമില്ല. നചികേതസ്സ് അർഹതയുള്ള ശിഷ്യനാണെന്നറിഞ്ഞ യമൻ ആത്മസാക്ഷാത്കാര ത്തേക്കുറിച്ച് നചികേതസ്സിനെ ഉപദേശിച്ചു.

മൂന്നാമത്തെ ചോദ്യം ബ്രഹ്മത്തെക്കുറിച്ചുള്ളതാണ്. ആ ഉപദേശത്തിൽ ഒരു ശ്ലോകം മാത്രം പറയാം.
'യദശ്ചോദതി സൂര്യോഗ്നസ്ഥായ ത്ര
ച ഗച്ഛതി
താദേവാ: സർവ്വേർ പിതാസ്തദു നാസ്ത്യേ തി
കശ്ചന'
സൂര്യൻ ഏതൊന്നിൽ ഉദിക്കുന്നുവോ അതൊന്നിൽ തന്നെ അസ്തമിക്കുന്നു. ഈ അനന്തകോടി പ്രപ ഞ്ചം ഏതിൽ നിന്നുണ്ടാകുന്നുവോ ഏതിൽത്തന്നെ ലയിക്കുന്നുവോ അതാണ് ആകാശം ( ബ്രഹ്മം ). അതിൽത്തന്നെ സർവ്വ ദേവന്മാരും അർപ്പിക്കപ്പെട്ടി രിക്കുന്നു. അതിനെ ആരും തന്നെ ലംഘിക്കുന്നു മില്ല. ഇത്രയും ഗുരുനാഥനായ യമനിൽ നിന്നറിഞ്ഞ നചികേതസ്സിന് ഗുരുവിന്റെ ഉപാസനാബലത്താൽ ബ്രഹ്മസാക്ഷാത്കാരം ലഭിച്ചു. ഈ വഴിയിൽ കൂടി സഞ്ചരിച്ചാൽ ഓരോ ജീവാത്മാവിനും ആത്മസാ ക്ഷാത്കാരം പ്രാപിക്കാമെന്ന് കഠോപനിഷത്ത് ഉദ് ബോധിപ്പിക്കുന്നു.

ഭാഗവത പ്രഭാഷകനും റിട്ടയേർഡ് സംസ്കൃത അധ്യാപകനുമാണ് പാറക്കോട് വാസുദേവൻ നമ്പൂതിരി. കോഴിക്കോട് ചാത്തമംഗലം സ്വദേശി. 9895567254. ●




# ശിവയോഗി പാർത്ഥസാരഥിക്ക് സ്വീകരണം നൽകി

യോഗക്ഷേമസഭാ അങ്കമാലി ഉപസഭാംഗവും സംസ്ഥാന കൗൺസിൽ അംഗവുമായ ശ്രീ ശിവയോഗി പാർത്ഥസാരഥി അദ്ദേഹത്തിന്റെ 108 ാമത്തെ കാശി യാത്ര പൂർത്തിയാക്കി കേരളത്തിലേക്ക് പ്രവേശിച്ചു. അദ്ദേഹത്തിന് പാലക്കാട് വെച്ച് യോഗക്ഷേമസഭ പ്രവർത്തകർ സ്വീകരണം നൽകി ആദരിച്ചു. ജില്ലാ പ്രസിഡന്റ് അഡ്വ ദിവാകരൻ കല്ലിങ്ങാട് , വൈസ് പ്രസിഡന്റ് വേണു മാടവന , സെക്രട്ടറി മുരളി പരിപ്പായി , ട്രഷറർ ജി കൃഷ്ണൻ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു സ്വീകരണം .

തന്റെ കാശി യാത്രകളെക്കുറിച്ചുള്ള ഒരു ലഘു വിവരണം ശ്രീ പാർത്ഥസാരഥി വിവരിച്ചു. ഒലവക്കോട് ഉപസഭ പ്രസിഡന്റ് പാലക്കുളം ശങ്കര നാരായണൻ മംഗളം ചൊല്ലി.

# വേദ സംസ്ക്കാരവും വാദ്യലോകവും

**പാലേലി മോഹൻ**



വനിതാ ദിനം ഒരു ഹരമാണ്. ലോകം പലതും പ്രതീക്ഷിക്കുന്ന വിശേഷദിനം. കൊച്ചു കേരളത്തിലെ മദ്ധ്യ കേരളത്തിൽ മലപ്പുറം ജില്ലയിൽ വനിതകൾ എഴുപത്തി അഞ്ച് പേർ നിരന്ന് പഞ്ചവാദ്യം കൊട്ടി. പ്രായം വക വയ്ക്കാതെ ചേർന്നു നിന്നു. അതെന്തെങ്കിലുമാവട്ടേ. അതിൽ നല്ല ശതമാനം ആത്തേമ്മാരുമാർ. (14 പേർ)പെൺകിടാങ്ങൾ, മുത്തശ്ശിമാർ അങ്ങിനെ നിരന്നു നിന്നവർ നിസ്സാരക്കാരായിരുന്നില്ല. യോഗക്ഷേമ സഭയുടെ മലപ്പുറം ജില്ലയുടെ വനിത സഭയുടെ പ്രസിഡന്റടക്കം കൊട്ടിക്കൊഴുപ്പിക്കാൻ നിന്നു. ഇവരെല്ലാം മനസ്സർപ്പിച്ച് തലയാട്ടി താളം പിടിച്ച് കൊട്ടുന്നത് കാണുവാൻ ഒരു രസമായിരുന്നു. പിന്നെ സ്ത്രീകൾ അണിഞ്ഞൊരുങ്ങി കഴിഞ്ഞാൽ പറയാനുമില്ല. സെറ്റുമുണ്ടും , മുല്ലപ്പൂവും, പിന്നെ അദ്ധ്വാനത്തിന്റേയും, ആദിത്യന്റേയും ചൂടിൽ വിയർത്തൊഴുകി. ആകെ ത്രില്ലടിച്ചു. മട്ടന്നൂരാശാനും, കരിയന്നൂർ നാരായണേട്ടനും ആശീർവദിക്കാനെത്തിയിരുന്നു. ഭാരതപ്പുഴയോരത്ത് മഹാ മാഘം നടന്ന ദേശത്തിനകലെയല്ലാത്തയിടത്താണ് അരങ്ങുണർന്നത്.

വനിതകൾ എന്തും പ്രായം നോക്കാതെ പയറ്റുന്ന ഇക്കാലത്ത് ഒരു സംഘം ചേച്ചിമാർ സോപാന സംഗീതം പഠിക്കാൻ ഉറച്ചു. അതിനും വാദ്യമൊന്നു വേണം ഇടയ്ക്ക. ഒന്നര വർഷം അതിനൊപ്പം സഞ്ചരിച്ചു. അതിനിടയിൽ ചിത്രൻ എന്ന ഉണ്ണ്യ മ്പൂരിക്ക് ഒരു തോന്നൽ അത് ആശാനോടു പങ്കുവച്ചു. നമുക്ക് വനിതാ ദിനത്തിൽ കുറച്ച് വനിതകളെ കൊണ്ട് പഞ്ചവാദ്യം കൊട്ടിച്ചാലോ?. 64 കല അപ്പൊ 64 വനിതകൾ നല്ല ആശയം അത് നല്ല ചിന്തയായി അലകും പിടിയും മുറുക്കി. പക്ഷേ കേട്ടവർ കേട്ടവർ വരവ് തുടങ്ങി. ബുദ്ധിമുട്ടുള്ളവർ മടുത്ത് മാറും ഇവിടെ സ്ഥിതി അതല്ല എണ്ണം പിന്നെയും കൂടി.

ക്ലാസുകൾ ഒരു വർഷം മുമ്പേ തുടങ്ങി. എളുപ്പമല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞവരില്ല. അത് വലിയ അത്ഭുതം തന്നെയാണ്. സാധാരണ വേദനയും കാഠിന്യവും സഹിയാതെ സ്ഥലം വിടും. ഇവിടെയും അതാവർത്തിച്ചു. അധ്യാപകർ അമ്മൂമ്മമാരെ പ്രോത്സാഹിപ്പിച്ചു. മദ്ദളം ബുദ്ധിമുട്ടാണെങ്കിൽ ഇടയ്ക്കയാവാം. പേരു പോലെ ഇടയ്ക്ക് കൊട്ടിയാൽ മതി. ഇലത്താളം നിസ്സാരമാണ്. ഇങ്ങനെ ചാടി ചാടി നടന്നവർ ഉണ്ട്. ആശാൻ സോപാനം സ്ക്കൂളിന്റെ വാതിൽ അടയ്ക്കാറില്ലായിരുന്നു. ശനി ഞായർ ദിവസം പകൽ മുഴുവൻ ക്ലാസ്. രാവിലെ ചൊല്ല് ശീലിക്കും ഉച്ച കഴിഞ്ഞ് കൊട്ടി ശീലിക്കും. എന്തു വന്നാലും പിന്തിരിയുന്ന പ്രശ്നമില്ല. കൊമ്പിന് തുടക്കത്തിൽ ആളു കുറവു തന്നെയായാരുന്നു. പ്രാണവായു പിടിച്ച് ഊതി നിറയ്ക്കണം. ഒന്നര മാസം കൊണ്ട് ശബ്ദം പുറത്തു വരുത്തി.എളുപ്പമല്ല. താളവട്ടങ്ങൾ കൊട്ടി ഊതി.

ഒരു നിമിഷംശ്രദ്ധ പതറി യാൽ എന്തും സംഭവിക്കും. പൂരപ്പറമ്പിലെ അവസ്ഥയിതാണ്. ഈ അരങ്ങേറ്റത്തിന് അങ്ങിനെയൊന്നും ഉണ്ടായില്ല. ആശാന്മാർകൈകൾ കൊണ്ട് വായു



*താഴെ ഇടതുനിന്നു ക്രമപ്രകാരം ഗീത മുണ്ടയൂർ, ഉഷ ചേനാസ്, ശ്രീവിദ്യ കുറുങ്ങാട്, ഉമ ശങ്കർ, സീമ പന്താവൂർ, ലീല കക്കാട്, ആര്യ ഏർക്കര മുകളിൽ ഇടത്തുനിന്ന്... അജിത മുല്ലപ്പിള്ളി, ഹേമ കാശിപ്പിള്ളി, ഡോ. പാർവതി പടിഞ്ഞാറേപ്പാട്ട്, ജ്യോതി പൂക്കുഴി, ലത പള്ളിപ്പാട്ട്*

വിൽ താളം പിടിച്ചു നിന്നു. കാലം നിരത്തലും, കാല നിയന്ത്രണവും നന്നായിരുന്നു.

സാധാരണ അരങ്ങേറ്റത്തിന് ആശാൻ നടുവിൽ നിന്ന് നയിക്കും പിന്നെ പതറുന്ന വിഷയമില്ല. വനിതകൾ അതും വിദ്യാർത്ഥികൾ നയിച്ചു. കേടൊന്നും കൂടാതെ കൊട്ടിത്തീർത്തു. 4 വർഷം മുമ്പ് തിമില പഠനം തുടങ്ങിയ ആറാം ക്ലാസുകാരിയാണ് പ്രമാണിയായത്. തികഞ്ഞ മേളക്കൊഴുപ്പ് ഇതിൽ നിറഞ്ഞു നിന്നു. ഒരു മണിക്കൂർ നേരം കൊണ്ട് ദേവ വാദ്യം പൊടി പൊടിച്ചു.

ഡോ. പാർവതി: ആയുർവേദ മന:ശാസ്ത്ര രംഗത്ത് സീനിയർ ഗവ.ഡോക്ടറായിരുന്നു. അടുത്ത ഇല്ലക്കാർ പറഞ്ഞിട്ടാണ് വനിതാ പഞ്ചവാദ്യത്തിൽ ചേർന്നത്. വേളി കഴിച്ച കിരാതമൂർത്തി ഏട്ടനും കോട്ടക്കലിൽ ആയുർവേദ ഡോക്ടറായിരുന്നു.

അഡ്വ:ഉഷ ചേന്നാത്തെ ആത്തേമ്മാര് . ഇടയ്ക്കയും, സംഗീതവും ഉണ്ടെങ്കിലും കൊമ്പു നിരയിൽ ആളു കമ്മി. അതിൽ കൂടി. സാഹസമാണെങ്കിലും ശബ്ദം അദ്ധ്വാനിച്ചു വരുത്തി. കാലം. മുഖം എന്നിവമന:പാഠം മാക്കി. 3 മാസത്തിലേറെ പ്രയത്നിച്ചു. ശ്വാസം മുട്ട് കൂടെയുണ്ടെങ്കിലും ഒരു ചികിത്സ തന്നെയാണ് കൊമ്പൂത്ത്. കല കൈവശമായപ്പോൾ ഭാഷ മാറി. ഉത്സാഹം 63 വയസു തന്നെ മറന്നു. മകൾ പാറക്കുന്നത്തെ ആത്തേമ്മാര്. ഭർത്താവ് എഞ്ചിനിയറായിരുന്നു. യോഗക്ഷേമസഭ വനിതാ സഭ മലപ്പുറം ജില്ലാപ്രസിഡണ്ടാണ്.

ദീപ: കൊമ്പ് വിളി രംഗത്ത് ആളു കുറവ് അതിനാൽ അതിനെ സ്വീകരിച്ചു. പത്രപ്രവർത്തകയാണ് വിഷൽ മീഡിയ . ഏഷ്യാനെറ്റിൽ ഉണ്ടായിരുന്നു. അവിവാഹിതയാണ്. ജോലിക്കിടയിൽ പലതും മറന്നു. അതിൽ ഒന്നായിരുന്നു വിവാഹം. കലയിൽ കരയടുത്തത് അങ്ങിനെയാണ്. കൊമ്പു വിളിക്കാരിൽ പ്രായക്കുറവ് അനുഗ്രഹമായി. ദീപയുടെ കൊമ്പിൽ നിന്നും സ്വരമാധുരി പരന്നൊഴുകി.

ഏർക്കര ആര്യ: റിട്ട അധ്യാപിക. എടപ്പാളിൽ താമസം. സോപാനസംഗീതത്തിൽ തുടർന്നു. ഇടയ്ക്ക കൈവിട്ടില്ല. പഞ്ചവാദ്യത്തിലും ഇടയ്ക്കയായിരുന്നു. സാധകം നിത്യേനയുണ്ട്.



*സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിലെ വനിതകളുടെ അരങ്ങേറ്റം*

അറുപത്തിയാറിലും പാട്ടും കൊട്ടും സാധകം ചെയ്യുന്നു.

ലീല കക്കാട്: ഇംഗ്ലീഷ് അദ്ധ്യാപിക. സോപനസംഗീതത്തിൽ ഉണ്ടായിരുന്നു. പഞ്ചവാദ്യത്തിൽ താളക്കാരിയായി.

ജ്യോതി പുക്കുഴി: ഭാരതീയ വിദ്യാഭവൻ ടീച്ചർ. സോപാന സംഗീതത്തിൽ മകനും, മകളും എല്ലാവരും ചേർന്ന് പഠിച്ചു.

ഗുരു സന്തോഷ് പഠിക്കാൻ താല്പര്യമുള്ളവർക്കായി സോപാനം ഗീതത്തിന് ഒരു സ്ഥാപനം ആരംഭിച്ചു. അധ്യാപകരെയും സംഘടിപ്പിച്ചു.

വീട്ടമ്മമാരാണ് അധികവും. സോപാനത്തിന്റെ അരങ്ങേറ്റം കഴിഞ്ഞാണ് ചുവടുകൾ വച്ച് മുന്നേറി വന്നത്. 14 പേരുടെ പഞ്ചവാദ്യം വലുതാവും എന്നു കണ്ടാണ് 64 എന്ന കലാസംഖ്യയിലേക്ക് നീങ്ങിയത്. വിദ്യാർത്ഥികൾ പറഞ്ഞു പ്രോത്സാഹിപ്പിച്ചണ്മറ്റ് പലരേയും രംഗത്തേക്കിറക്കിയത്. ബുദ്ധിമുട്ട് പറയുന്നവരെ ചേർത്തു നിർത്തുന്നതിനുള്ള മന:ശാസ്ത്രം സന്തോഷിനുണ്ട്. വിദ്യാർത്ഥികൾക്ക് കുടുംബം, ജോലി, കുടുംബത്തിലെ ആതുര ശുശ്രൂഷ എല്ലാം കഴിച്ചിട്ടാണ്.തത്തത്തെ ഊതുവാനും കൊട്ടുവാനും വരുന്നത്. ഇവർ മോഹത്തിനൊപ്പം ചേർന്നു. എന്റെ ജീവിത യോഗമാണിത്. സന്തോഷ് ഗുരു. ഇനി 501 പേരുടെ വാദ്യ സഞ്ചയമാണ് മോഹമെന്നാണ് പറയുന്നത്. അതും തീർച്ചയായും നടക്കും.

വിദ്യാർത്ഥികളിൽ പലരേയും ഫോണിൽ കിട്ടിയില്ല. പരീക്ഷക്കാലവും കുടുംബ പ്രാരാബ്ധവും ഇന്റർവ്യൂവിനു തടസമായി. സാദരം ക്ഷമിക്കുക.

അമേയ പട്ടാമ്പി സെന്റ് പോൾസ് സ്കൂളിൽ ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

ഉമ ശങ്കർ , പന്താവൂർ മന, മൂക്കുതല, വട്ടേനാട് സ്കൂളിൽ Plus 1 നു പഠിക്കുന്നു,2 കൊല്ലമായി സോപാന സംഗീതം പഠിക്കുന്നു,

ഹേമ കൃഷ്ണൻ. കാശിപ്പിള്ളി, ജനിച്ച് വളർന്നത്.എടമന ഇല്ലം, നിലേശ്വരം....വീട്ടമ്മയാണ്. പത്ത് വർഷം ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ ജോലിചെയ്തു. പിന്നീട് കുറച്ചു കാലം സ്കൂളിൽ ടീച്ചറായി ജോലിചെയ്തു. പിന്നെ ഭാഗവതം പഠനം.. അതാണ് ഇഷ്ടം. സീമ. സി.എം, പന്താവൂർ മന, മൂക്കുതല, 2 കൊല്ലമായി സോപാനം സംഗീതം അഭ്യസിക്കുന്നുണ്ട്, വനിതാ പഞ്ചവാദ്യത്തിൽ മദ്ദളം കൈകാര്യം ചെയ്തിരുന്നു

ശ്രീവിദ്യ കുറുങ്ങാട്ടു മന. സോപാനം സ്കൂൾഓഫ് പഞ്ചവാദ്യം ചീഫ് കോഡിനേറ്ററും കമ്മറ്റിയിൽ പ്രധാന അംഗവുമാണ്.

സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം .74 പേരുടെ വനിതാ പഞ്ചവാദ്യത്തിൽ ഇലത്താളം കൈകാര്യം ചെയ്തിരുന്നു...സോപാന സംഗീതത്തിലും ചിത്ര രചനയിലും താല്പര്യമുണ്ട്??

ഭർത്താവ് വാസുദേവൻ കുറുങ്ങാട്.

മാർച്ച് 8ന് സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിലെ 74 വനിതകൾ അണി നിരക്കുന്ന പഞ്ചവാദ്യം.....ശുകപുരം ഉപസഭാംഗങ്ങൾ ഇതിൽ അരങ്ങേറ്റം കുറിച്ചു. ●

പാലേലി മോഹൻ
8304909076

# തൃപ്പൂണിത്തുറ സ്റ്റാന്റേർഡ് ടൈം

ഏകദേശം 70 കൊല്ലം മുമ്പുവരെ തൃപ്പൂണിത്തുറയ്ക്കു മാത്രമായി ഒരു സമയനിർണ്ണയപദ്ധതി ഉണ്ടായിരുന്നു.

തൃപ്പൂണിത്തുറയുടെ രേഖാംശത്തെ അടിസ്ഥാനമാക്കിയാണ് ആ സമയം നിർണ്ണയിച്ചിരുന്നത്. അത് ഇന്ത്യൻ സ്റ്റാന്റേർഡ് ടൈമിൽ നിന്നും അല്പം വ്യത്യാസപ്പെട്ടിരുന്നു.

അക്ഷാംശവ്യത്യാസപ്രകാരവും, സമയമേഖല അനുസരിച്ച് ഓരോ സ്ഥലത്തെ സമയവും വ്യത്യസ്തം ആയിരിക്കുമല്ലോ. അതും ഇവിടെ പരിഗണിച്ചിരുന്നു. സൂര്യോദയത്തെ ആസ്പദമാക്കിയുള്ള സമയനിർണ്ണയം ആയതിനാൽ ഓരോ ഋതുവിലും ഉദയാസ്തമയസമയങ്ങൾ വ്യത്യാസപ്പെട്ടിരിക്കുമല്ലോ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യൻ സർക്കാർ മുഴുവൻ രാജ്യത്തിന്റെയും ഔദ്യോഗികസമയമായി IST (Indian Standard Time) സ്ഥാപിച്ചു. അതിനു ശേഷവും പല സ്ഥലങ്ങളിലും സ്വന്തം പ്രാദേശികസമയം നിലനിന്നിരുന്നു. ബോംബെസമയം, കൽക്കട്ടസമയം, എന്നിങ്ങനെ വ്യത്യസ്തസമയങ്ങൾ ഉണ്ടായിരുന്നു. ബോംബെസമയവും കൽക്കട്ടസമയവും തമ്മിൽ ഒരു മണിക്കൂറിലധികം വ്യത്യാസമുണ്ടായിരുന്നു. തൃപ്പൂണിത്തുറയുടെ രേഖാംശം 76.35° ആയതിനാൽ അതനുസരിച്ചാണ് TST (Tripunithura Standard Time) കണക്കാക്കിയിരുന്നത്.

ഇന്ത്യയുടെ കിഴക്കേ അറ്റവും പടിഞ്ഞാറേ അറ്റവും കണക്കാക്കി അതിന്റെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന അലഹബാദിന്റെ രേഖാംശമായ 82 1/2° അടിസ്ഥാനമാക്കി ആണ് IST തീരുമാനിച്ചത്.

പിന്നീട് രാജ്യത്തിനകത്ത് തീവണ്ടിയാത്രകൾ സാർവ്വത്രികമായപ്പോൾ പല സ്ഥലങ്ങളിലെ സമയവ്യത്യാസം ഏകോപിപ്പിക്കേണ്ടത് അത്യാവശ്യമായിത്തീർന്നു. ആകാശവാണി പ്രവർത്തനം തുടങ്ങിയതും അതിനൊരു കാരണമായിത്തീർന്നു. (അക്കാലത്ത് റേഡിയോ ടൈം നോക്കിയാണ് മിക്കവരും വാച്ചും ക്ലോക്കും ക്രമപ്പെടുത്തിയിരുന്നത്) 1955 ലാണ് ബോംബെ ടൈം IST യിലേക്ക് മാറ്റിയത്. തൃപ്പൂണിത്തുറ ടൈം എന്നു മുതലാണ് IST യുമായി യോജിപ്പിച്ചത് എന്ന് കൃത്യമായി അറിയില്ല.

പണ്ടുകാലത്ത് തൃപ്പൂണിത്തുറയിലെ കല്യാണങ്ങൾക്കുള്ള ക്ഷണക്കത്തിൽ തൃപ്പൂണിത്തുറയുടെ പ്രാദേശിക സമയത്തിലാണ് മുഹൂർത്തം രേഖപ്പെടുത്താറുള്ളത്.

IST യും TST യും തമ്മിൽ 24 മിനിറ്റ് വരെ വ്യത്യാസം വരുമായിരുന്നു. എന്റെ അച്ഛനമ്മമാരുടെ 1959 ൽ നടന്ന വിവാഹത്തിന്റെ ക്ഷണക്കത്തിൽ TST ഉണ്ടായിരുന്നില്ല. അതിനു മുമ്പു തന്നെ തൃപ്പൂണിത്തുറയിലെ സമയവും IST യിലേക്ക് മാറ്റിയിട്ടുണ്ടാവണം.

പ്രശസ്ത എഴുത്തുകാരൻ എൻ.എസ്. മാധവന്റെ 'ലന്തൻബത്തേരിയിലെ ലുത്തിനിയകൾ' എന്ന നോവലിൽ തൃപ്പൂണിത്തുറസമയത്തെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്: 'ഇന്നു വൈകുന്നേരം 6 മണിക്ക് ഞാൻ മരിക്കും. 62 വയസ്സും മൂന്നു മാസവും മൂന്നു ദിവസവും തീരുന്ന ആ



സമയത്ത് ശനിദശ അവസാനിക്കുന്നു. ശേഷം ചിന്ത്യം എന്നാണ് ജാതകത്തിൽ കാണുന്നത്. മരണ സന്ധിയാണ്.'

അന്ന് വൈകുന്നേരമായപ്പോൾ അച്ഛൻ എന്നോട് പറഞ്ഞു: 'ക്ലോക്ക് ഇരുപത്തിരണ്ടര മിനിറ്റ് പിറകോട്ടാക്കൂ. എന്നാലേ ലോക്കൽ ടൈം ആകുകയുള്ളൂ. ഗ്രഹങ്ങൾ ചരിക്കുന്നത് ലോക്കൽ ടൈമിലാണ്. അതാതു സ്ഥലത്തെ രേഖാംശം നിശ്ചയിക്കുന്ന സമയം. ആ സമയം കാണിക്കുന്ന ഒരേയൊരു ഘടികാരം നമ്മുടെ തൃപ്പൂണിത്തുറ അമ്പലത്തിന്റെ കിഴക്കുവശത്തുള്ള മണിമാളികയിൽ മാത്രമേയുള്ളൂ. ബാക്കിയെല്ലാം അലഹബാദിലെ രേഖാംശം അനുസരിച്ചുള്ള റെയിൽവേ ടൈം അല്ലെങ്കിൽ ഇന്ത്യൻ സ്റ്റാന്റേർഡ് ടൈം ആണ് കാണിക്കുന്നത്.'

നട്ടുച്ചസമയം കണക്കാക്കിയാണ് തൃപ്പൂണിത്തുറസമയം ക്രമീകരിച്ചിരുന്നത്. സൺ ഡയലുകൾ ഉപയോഗിച്ചാണ് ഇത് നിർണ്ണയിച്ചിരുന്നത്. TST യുടെ അവസാനകാലങ്ങളിൽ, മണിമാളികയിലെ മണിയുടെ സമയം ക്രമീകരിച്ചിരുന്നത് പുതിയകാവ് ഭാഗത്ത് താമസിച്ചിരുന്ന ഒരു എമ്പ്രാന്തിരിയായിരുന്നു എന്ന് അമ്മ പറയാറുണ്ട്.

●

കടപ്പാട്: രമേശൻ തമ്പുരാൻ, തൃപ്പൂണിത്തുറ ബംഗ്ലാവ് പാലസ്, KRA - 127, കോട്ടയ്ക്കകം, തൃപ്പൂണിത്തുറ - 682301, Mob. 9446491384

# നവതി ആശംസകൾ

## 2026 മാർച്ച് 31ന് (1201 മീനം 17)ചൊവ്വാഴ്ച

# മക്കാട് മാധവൻ നമ്പൂതിരി





*സ്നേഹപൂർവ്വം*

**ബീന, ലീന, ലസിത, സൂരജ്, ഡോ. സ്മിത**



# പതഞ്ജലി മഹർഷി ചാൻസലറായ യൂനിവേഴ്സിറ്റി

നളന്ദ - തക്ഷശിലകൾക്കൊപ്പം നൂറ്റാണ്ടുകളുടെ പാരമ്പര്യം.
ന്യായം, വ്യാകരണം, മീമാംസ,ജ്യോതിഷം.
പന്തീരായിരം ഗ്രന്ഥങ്ങളുടെ കലവറ ...
ആകാശഗംഗ തീർത്ഥമാടിയ നടുമുറ്റമാണിവിടെ.

**ഡോ: വിനോദ് മങ്ങത്തായ**



പതിനാലു തലമുറക്കാലം ഗുരുകുല വിദ്യാഭ്യാസം നൽകിയ ഒരു സംസ്കൃത സർവ്വകലാശാലയുണ്ടായിരുന്നു കേരളത്തിൽ.പ്രധാനം വ്യാകരണം. ഗണിതം, ജ്യോതിശാസ്ത്രം, വേദാന്തം, മീമാംസ എന്നിവയിൽ നിഷ്ണാതന്മാരാവണം ഗുരുനാഥന്മാർ.ഭക്ഷണവും താമസവുമടക്കം വിദ്യാർത്ഥികൾ യാതൊരു വിധ ഫീസും നൽകേണ്ടതില്ല. തുടങ്ങിയാൽ ഏഴു വർഷങ്ങളെങ്കിലും നീളുന്ന അധ്യയനത്തിൽ പ്രമോഷന് അടിസ്ഥാനം യോഗ്യതാപ്രകടനം മാത്രം.

സംവാദങ്ങളും ( തർക്കം) ഉപരിപഠനങ്ങളും ആഴത്തിലുള്ള ഗവേഷണങ്ങളും നിരന്തരം നടന്നു.

പഠിച്ച വിഷയത്തെപ്പറ്റി ഒരു ഗ്രന്ഥം സമർപ്പിച്ച് സർട്ടിഫിക്കറ്റ് മേടിക്കണമെന്നത് അലിഖിതവും അലംഘനീയവുമായ നിയമം.

സംഗമനിലയം അഥവാ കൂടല്ലൂർ.പെരുമനത്തു നിന്ന് തൃത്താലയ്ക്കടുത്തുള്ള കൂടല്ലൂർ ദേശത്തും പിന്നീട് നഗലശ്ശേരിയിലും താമസമായി. പാരമ്പര്യം കൊണ്ട് മേഴത്തൂർ അഗ്നിഹോത്രിയുടെ വംശജർ. വിശ്വാമിത്ര ഗോത്രം.നാഗലശ്ശേരിയിൽ അന്യം നിന്നു പോയ നാറേ





*അച്ഛനും അമ്മയും*
*ഡോ. കെ.നാരായണൻ*
*നമ്പൂതിരിപ്പാട്*
*(1921–1995)*
*ഗൗരി നമ്പൂതിരിപ്പാട്*
*(1924–2016)*

രി ഇല്ലത്ത് സാമൂതിരി രാജാക്കന്മാർ നൽകിയ ദേശാധിപത്യത്തോടെ കൂടല്ലൂർ മനക്കാർ താമസിച്ചു. ഗുരുകുലത്തിൽ ചിട്ടകൾ ഇത്തിരി കർക്കശമാണ്. ഋഗ്വേദം പഠിച്ചവർക്കാണ് പ്രവേശനം. ആദ്യം സിദ്ധാന്തകൗമുദി. അതു പയറ്റിത്തെളിഞ്ഞാൽ പടിഞ്ഞാറ്റത്തറയിലേക്ക് കയറാം. അവിടെ ഗ്രന്ഥശേഖരമാണ്. ശ്രീകോവിലിൽ പതഞ്ജലിക്കൊപ്പം മോക്ഷദായിനിയായ ഭദ്രകാളി പ്രതിഷ്ഠയുണ്ട്. ആചാരങ്ങളെ ചിട്ടപ്പെടുത്തി അനുസരിക്കുമ്പോളും കൂടല്ലൂർ നമ്പൂതിരിമാർ സത്യാന്വേഷികളുമായിരുന്നു. ശ്രദ്ധ പഠിയ്ക്കലിലും ഒപ്പം പഠിപ്പിയ്ക്കലിലും മാത്രം.അറിവിന് പരിധി ഇല്ല.എന്നാൽ ധനസമ്പാദനത്തിന് ഇവിടെ വിലക്കുണ്ട്. പരദേശങ്ങളിൽ നിന്നു പോലും ധാരാളം പേർ കൂടല്ലൂർ നിന്നു പഠിച്ചു. എട്ടുകെട്ടിന്റെ വിശാലമായ നടുമുറ്റത്തും ഇറയത്തും തളങ്ങളിലും ബാച്ചുബാച്ചായി പഠനം. രാപ്പകൽ അവിടെ കേട്ടിരുന്ന ശബ്ദങ്ങൾ ശാസ്ത്ര പഠനങ്ങളുടേതു മാത്രം. ഓരോ ഭാഗത്തിലും കഴിവു തെളിയിച്ചാൽ ഉയർന്ന തലങ്ങളിലെത്താം. പി എച് ഡി യും പോസ്റ്റ് –ഡോക്കും അതിനും മുകളിലും പഠിതാക്കളുണ്ട്. പരസ്പരം കലഹങ്ങളില്ല. ശബ്ദകോലാഹലം ഒട്ടുമില്ല.

ഭക്ഷണം രണ്ടു നേരം മാത്രം.വിഭവങ്ങൾക്കു മാറ്റമില്ല. ഉപ്പുമാങ്ങയും നിവേദ്യച്ചോറും.പഠനത്തിനായി സശ്രദ്ധം മണിക്കൂറുകൾ ഇരിക്കണം. ജ്ഞാനസമ്പാദനത്തിന്റെ ദൗത്യത്തിൽ ശരീരം പാകപ്പെടാൻ കടുക്ക ചേർക്കാറുണ്ട്. പഠിതാക്കളുടെ മാർഗ്ഗത്തിൽ ഇടർച്ച ഉണ്ടാവരുതല്ലോ.

“ഊണ് കാലായി”. കൊച്ചുബാലികയുടെ സ്വരം സമയമറിയിക്കുന്നു. ഗുരുവിനും ശിഷ്യന്മാർക്കും ഭേദമില്ല. പ്രത്യേകം സൗകര്യങ്ങളുമില്ല.

അഷ്ടഗൃഹത്തിലാഢ്യന്മാരാണ് കൂടല്ലൂർ. കേരളത്തിനകത്തും പുറത്തുമുള്ള പണ്ഡിതസദസ്സുകളിൽ പ്രാമാണ്യം. മേധാവിത്വം അഥവാ ഹെജിമണി സമ്പത്തുകൊണ്ടല്ല, മറിച്ച് ജ്ഞാനശക്തി കൊണ്ടാണ്.കൂടല്ലൂർ സ്കൂളിന്റെ ഏതാവശ്യങ്ങളും –അതെത്ര വലുതായാലും –മനക്കാർ ചോദിക്കാതെ തന്നെ കണ്ടറിഞ്ഞ് സ്വതേ ബന്ധുക്കൾ കൂടിയായ പൂമുള്ളി മനക്കാർ നിർവ്വഹിക്കും. അതാണ് സമ്പ്രദായം.

കൂടല്ലൂരെ ഉണ്ണികൾക്ക് ശരീരത്തിൽ ആഭരണങ്ങളില്ല. അതിന്റെ കഥ ഇപ്രകാരം. എല്ലാ വർഷവും നവരാത്രിക്കാലത്ത് മനയിലുള്ള അമൂല്യഗ്രന്ഥങ്ങളുടെ ചരടുകൾ മാറ്റിക്കെട്ടും. അവയാണ് ഇവിടത്തെ ഉണ്ണികളുടെ അരയിൽ കെട്ടുക. ജ്ഞാനബന്ധത്തിന് സമ്പത്തിന്റെ ബന്ധനത്തേക്കാൾ വിലയുണ്ടെന്ന് കൂടല്ലൂരെ മുത്തശ്ശിയമ്മമാർ പറഞ്ഞിരുന്നു.


യോഗസൂത്രത്തിന്റെയും ചരകസംഹിതയുടെയും കർത്താവായ പതഞ്ജലിയാണ് കൂടല്ലൂർ ജ്ഞാനശാലയിലെ കുലഗുരു. ആദിശേഷ



*ഗൗരി (മകൾ), രോഹിത് (മകളുടെ ഭർത്താവ്), ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഭാര്യ സുധ, താനിയ (മകന്റെ ഭാര്യ), ഉണ്ണി (മകൻ), ലേയ, അമായ (ഗൗരിയുടെ മക്കൾ)*




കൂടല്ലൂർ പടിപ്പുരയിൽ നഗലശ്ശേരി പോസ്റ്റ് ഓഫീസ്



മകൻ ഉണ്ണി, ഭാര്യ താനിയ

ന്റെ അവതാരമത്രെ പതഞ്ജലി. അധ്യാപനത്തിരിക്കുമ്പോൾ ശിഷ്യർക്കും തനിക്കുമിടയിൽ, അകക്കണ്ണു മാത്രം തുറക്കാനായിരിക്കണം, മഹർഷി ഒരു മറ വെയ്ക്കാറുണ്ടായിരുന്നത്രെ. വ്യാകരണത്തിന്റെ ഉപരി ഗ്രന്ഥങ്ങൾ പഠിപ്പിക്കുമ്പോൾ കുടല്ലൂരും ഈ സമ്പദായം പിന്തുടർന്നിരുന്നെന്ന് പഴമക്കാർ പറഞ്ഞു.

സംസ്കൃത ഭാഷാ- സാഹിത്യത്തെയും ജ്യോതിശാസ്ത്രമുൾപ്പെട്ട പൗരസ്ത്യ വിജ്ഞാനശാഖകളെയും വിസ്മയിപ്പിച്ച വിദ്വാന്മാർ കൂടല്ലൂരെ വിദ്യാർത്ഥികളായിരുന്നു. നേരിട്ടും അവിടെ പഠിച്ചവർ വഴി നിരവധി ശിഷ്യന്മാരിലേക്ക് വ്യാപിച്ചും കൂടല്ലൂർ പെരുമ പ്രസരിച്ചു.

കൂടല്ലൂർ മഹാവിദ്യാലയത്തിന്റെ കഥകൾ നാഗലശ്ശേരി ഗ്രാമചരിത്രമാണ്. പണ്ട് തമിഴ്നാട്ടിൽ നിന്ന് കൂടല്ലൂർക്ക് വന്ന ചിലർ വഴിയിൽ സംസ്കൃതത്തിൽ വർത്തമാനം പറയുന്ന ഗ്രാമീണസ്ത്രീകളെ കണ്ട് അമ്പരന്നു. മനയിലെ അന്തർജനങ്ങളാണല്ലേ എന്ന് സാദരം അന്വേഷിച്ചു..

'ഞങ്ങൾ ഇല്ലത്തെ വേലക്കാരികളാണെന്ന്' മറുപടി കേട്ടപ്പോൾ ആഗതർക്ക് വിശ്വസിക്കാനായില്ല. മനയിലെ വിജ്ഞാനസദസ്സുകൾ ശ്രവിച്ച ജോലിക്കാർ തന്നെ ഇത്രയും വിവരമുള്ളവരാണെങ്കിൽ .. അവിടുത്തെ വിദ്വാന്മാർ എത്ര കേമന്മാരാവാം എന്നവർക്ക് തോന്നിയത്രേ.

വിവിധ നാടുകളിലെ വിദ്വൽ സഭകളിൽ പങ്കെടുക്കാൻ കൂടല്ലൂർ

ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് ... നളന്ദ, തക്ഷശില, ആദിശങ്കരൻ, തുഞ്ചൻ, ടാഗോറിന്റെ ശാന്തിനികേതൻ. ഭാരതത്തിന്റെ വിജ്ഞാനസഞ്ചയങ്ങളെ പറ്റി പാഠപുസ്തകങ്ങൾ നമ്മോട് പറഞ്ഞു; എന്നിട്ടുമെന്നിട്ടും.. കൂടല്ലൂരിന്റെ ജ്ഞാന പാരമ്പര്യം എന്തേ നമ്മളറിഞ്ഞീലാ?

ആചാര്യന്മാർ ദേശാടനത്തിന് പോവാറുണ്ട്. തിരിച്ചു വന്നാൽ കുളിച്ച് സഹസ്രാവർത്തി (1008 തവണ ഗായത്രി ജപം) വേണമെന്നാണ് വിധി. കൂടല്ലൂരെ രണ്ടു സഹോദരന്മാർ സഞ്ചാരം കഴിഞ്ഞെത്തിയത് പിതാവിന്റെ ശ്രാദ്ധ ദിനത്തിലായിരുന്നു. സമയം വൈകി. ശ്രാദ്ധമൂട്ടണം. നിയമങ്ങൾ തെറ്റിച്ചു കൂടാ.

തറവാടിന്റെ നടുമുറ്റത്തു നിന്ന് ഗംഗയെ ധ്യാനിച്ചു അവർ. അറ്റ വേനലിൽ വന്ന ആകാശജലധാര എല്ലാം പരിശുദ്ധമാക്കി.

ഗംഗാദേവി പ്രസാദിച്ചനുഗ്രഹിച്ച വിശാലമായ നടുമുറ്റത്ത് പിന്നീട് കൊത്തിക്കിള പതിവില്ല.


അമൂല്യമായ നിരവധി ഗ്രന്ഥങ്ങൾ കൂടല്ലൂരിൽ പിറന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സംസ്കൃത വ്യാകരണത്തിന്റെ സമഗ്രമായ പ്രയോഗങ്ങൾ അവയിൽ കാണാം. ജ്യോതിശാസ്ത്രം, ജ്യോതിഷം, ഭൂമി ശാസ്ത്രം തുടങ്ങി നിരവധി വിഷയങ്ങളിൽ പഠനങ്ങൾ നടന്നിരുന്നു. കേരളത്തിലെ ഏറ്റവും വലിയ 'അക്കാഡമിയ' ആയിരുന്ന ഇവിടെ പതിനായിരത്തിനു മുകളിൽ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. നിരവധി രചനകൾ കൂടല്ലൂരിൽ പിറന്നവ തന്നെ.

പരദേശങ്ങളിൽ വാസുദേവ ശാസ്ത്രികളായി അറിയപ്പെട്ട വാസുദേവൻ നമ്പൂതിരിപ്പാട്, ഭക്തകവി പൂന്താനത്തിലേക്ക് കൂടുമാറി ജന്മമെടുത്ത കൂടല്ലൂർ നമ്പൂരി, ഭാഗവതത്തെ ജീവനായി കൊണ്ടാടിയ കൂടല്ലൂർ കുഞ്ഞിക്കാവ് നമ്പൂരി, ബ്രിട്ടീഷ് മലബാറിലെ ന്യായാധിപനായ ഷെറപ്പൻ സായിവിനെ അത്ഭുതപ്പെടുത്തി നിയമം വ്യാഖ്യാനിച്ച നമ്പൂരിപ്പാട് തുടങ്ങി എക്കാലവും കീർത്തിയുള്ള നിരവധി പേർ മനയിലുണ്ടായി.

കൂടല്ലൂർ - അഥവാ നാട്ടാരുടെ നാറേരി - കഥകൾ അവസാനിക്കുന്നില്ല. ഇംഗ്ലീഷടക്കമുള്ള ഭാഷകളെ മാറ്റി നിർത്തിയവരല്ല മനക്കാർ. കൂടല്ലൂർ വിവിധ താവഴികളിലെ ധാരാളം പേർ ഡോക്ടർമാരും എഞ്ചിനീയർമാരും ശാസ്ത്രജ്ഞരുമായി സമൂഹത്തിൽ പ്രവർത്തിച്ചു. സാഹിത്യ സാംസ്ക്കാരിക രംഗങ്ങളിൽ കൂടല്ലൂരിന്റെ ആഢ്യപാരമ്പര്യം നവോത്ഥാനത്തിന്റെ വക്താക്കളായി.

ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ നമ്പൂതിരിമാരിൽ ആദ്യക്കാരനായിരുന്നു കൂടല്ലൂർ നാരായണൻ നമ്പൂതിരിപ്പാട്. അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൻ നാരായണൻ നമ്പൂതിരിമാ

കൂടല്ലൂർ കുഞ്ഞിക്കാവ് നമ്പൂരി ഭക്തർക്ക് സാക്ഷാൽ ഗുരുവായൂരപ്പനായിരുന്നു. ക്ഷേത്രസന്നിധികളിൽ നമ്പൂരിപ്പാട് ഭാഗവത കഥകൾ പറയുമ്പോൾ നിരവധി പേർ നാമജപങ്ങളുമായെത്തും. മുന്നിൽ വിരിച്ച വസ്ത്രത്തിൽ ഭക്തർ കാണിക്കയിടും. സർവ്വം ഭണ്ഡാരത്തിൽ സമർപ്പിച്ച് ആ സാധ്വി നമസ്ക്കരിക്കും.
നേദ്യച്ചോറും ഇട്ട വസ്ത്രവും അല്ലാതെ ഒന്നും തനിക്കു വേണ്ട. തന്റെ പണം, ദേവന്റെ പണം എന്ന വ്യത്യാസം തോന്നാത്ത ജ്ഞാനതപസ്വിയാണ് നമ്പൂരിപ്പാട്. സ്ഥിരം ഗുരുവായൂരാണ്. ഇടയ്ക്ക് ദേശാടനം. ഒരിടെ ദൂരത്തുള്ള ക്ഷേത്രത്തിലെത്തി.
ക്ഷൗരം ചെയ്യാനായി വേണ്ട അണാ തുട്ടുകൾ നമ്പൂരിപ്പാട് കാണിക്കവഞ്ചിയിൽ നിന്നെടുത്തു. തടഞ്ഞ കാവൽക്കാരനോട് ശ്രീലകത്തു നിന്നും നിന്നും അത് അരുത് എന്ന് അശരീരി ഉണ്ടായത്രെ. കുളിച്ച് വന്ന് എല്ലാം ഭഗവാന് സമർപ്പിച്ച് നമ്പൂരിപ്പാട് ഭാഗവതാലാപനം തുടങ്ങി. അന്ന് ഭക്തർ ആവോളം നാണയങ്ങൾ ചൊരിഞ്ഞു. എല്ലാം സമർപ്പിച്ച് ആ ഭാഗവതോത്തമൻ യാത്ര തുടർന്നെന്നാണ് കഥ.



*കൂടല്ലൂർ കുഞ്ഞിക്കാവ് നമ്പൂതിരി*

രിലെ ആദ്യത്തെ അലോപ്പതി ഡോക്ടറായി. 1945 കാലത്ത് എംബിബിഎസ് കഴിഞ്ഞ് തൃത്താല ഹെൽത്ത് സെന്ററിലും ഓൺ കോളിൽ 24X7 ഏതു രോഗിയുടെ വീട്ടിലുമെത്തിയ ജനകീയ ഡോക്ടറായിരുന്നു അദ്ദേഹം. വിളക്കും മരുന്നു പെട്ടിയുമായി മുന്നിൽ നടക്കുന്ന കമ്പൗണ്ടർ കം കാര്യസ്ഥൻ, ആവശ്യമായ മരുന്നുകൾ മദ്രാസിൽ നിന്നും എഴുതി വരുത്തിച്ച് രോഗിക്കു നൽകി.

അമ്മയും കുഞ്ഞും പ്രസവത്തിൽ മരിക്കുന്ന നാട്ടിലെ അന്നത്തെ അവസ്ഥ മാറ്റി മറിച്ചു ഈ നമ്പൂരിപ്പാട്. പാവപ്പെട്ടവർ താമസിക്കുന്ന വീടുകളിൽ സൗജന്യമായും പണക്കാരോട് കണക്ക് പറഞ്ഞുമായിരുന്നു ചികിത്സ. ബ്രെയിൻ പ്രവർത്തനങ്ങൾ പഠിക്കാൻ ഡോക്ട ർ കെ.എം.നമ്പൂതിരിപ്പാട് 1956 ൽ ലണ്ടനിൽ പോയി. മൈനസ് പതിനഞ്ച് ഡിഗ്രി സെൽഷ്യസ് തണുപ്പിൽ മരവിക്കുന്ന ഉൾനാട്ടിൽ വർഷങ്ങൾ നീണ്ട ഗവേഷണവും പഠനവും. ന്യൂറോ സർജനായി നമ്പൂതിരിപ്പാട് തിരിച്ചെത്തി.

ക്രിസ്ത്യൻ മിഥോളജിയിൽ താൽപ്പര്യം കാരണം ബ്രദറൺ അസംബ്ളി സമുഹത്തിൽ വിശ്വാസിയായി ചേർന്നു.ലുധിയാന മെഡിക്കൽ കോളജ് ആശുപത്രിയിൽ പേരെടുത്ത ന്യൂറോ സർജനായി. സഹധർമ്മിണി ഗൗരി നമ്പൂതിരിപ്പാടും അവരുടെ നാലു മക്കളിൽ രണ്ടു പേരും ക്രിസ്തുമതധാരയിൽ തുടർന്നു. സഹധർമ്മിണി സഹധർമ്മത്തിൽ ചരിക്കണമെന്ന് മുത്തശ്ശിമാർ പറഞ്ഞപ്പോൾ അമ്മ ഗൗരി നമ്പൂതിരിപ്പാടും ഡോക്ടറുടെ വിശ്വാസ പ്രമാണങ്ങളോട് ചേർന്നു നിന്നു.


മക്കളിൽ ആരെയും നമ്പൂതിരിപ്പാട് നിർബന്ധിച്ചില്ല. ഒരു ഫിലോസഫിയിൽ താൽപ്പര്യം ഉണ്ടായെന്നു കരുതി തന്റെ പേരും പാരമ്പര്യവും കൂടല്ലൂർ മനയുടേതു തന്നെയാണെന്ന് അദ്ദേഹം പറയുമായിരുന്നു.

വിവിധ മതവിശ്വാസങ്ങൾ തമ്മിൽ സംവദിക്കാനും ഒന്നിച്ചു ജീവിക്കാനും ഒരു പ്രയാസവും അന്നേ കൂടല്ലൂർ മനയിൽ ഉണ്ടായിരുന്നില്ല.

കൂടല്ലൂർ പാരമ്പര്യത്തിലെ മക്കൾ, മരുമക്കൾ, മഹളേർ, പേരക്കുട്ടികൾ എല്ലാ വർഷവും ഡിസംബർ 25 ന്



തറവാട്ടിൽ ഇപ്പോൾ :
ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് - മന്ത്രേടത്ത് മഹൾ സുധ (അമ്മാത്ത് കൂടല്ലൂർ)
ഡോക്ടർ നാരായണൻ നമ്പൂതിരിപ്പാടിന്റെ മൂത്ത മകനാണ് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്.
അമ്മ: ഷൊർണൂർ കോഴിശ്ശേരി മഹൾ ഗൗരി നമ്പൂതിരിപ്പാട് (അമ്മേടമ്മാത്ത് കുറൂർ അച്ഛന്റമ്മാത്ത് ദേശമംഗലം)
ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് ലുധിയാന, വെല്ലൂർ മെഡിക്കൽ കോളേജുകളിൽ മൈക്രോബയോളജി പ്രഫസർ ആയി വിരമിച്ചു.



*യഹോവ എന്റെ ഇടയനാകുന്നു (സങ്കീർത്തനം 334). ക്രിസ്തുമതം സ്വീകരിച്ച അച്ഛന്റെയും അമ്മയുടെയും കല്ലറകൾ ഭംഗിയായി പരിപാലിച്ചിരിക്കുന്നു.*

മനയിൽ ഒത്തുകൂടാറുണ്ട്. കോവിഡ് യാത്രാ നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന രണ്ടു കൊല്ലമൊഴിച്ച് അമ്പതു വർഷമായി ഇതു മുടങ്ങിയിട്ടില്ല. ജാതി,മത,ദേശ ഭേദചിന്തകളില്ലാത്ത സ്നേഹസംഗമമാണത്.

കൂടല്ലൂർ സർവ്വകലാശാലയിൽ സാമ്പ്രദായിക രീതിയിലുള്ള പഠനങ്ങൾ നിലച്ചിട്ട് വർഷങ്ങളായി. അമൂല്യമായ ഗ്രന്ഥശേഖരം മാനുസ്ക്രിപ്റ്റ് ലൈബ്രറി, കോഴിക്കോട് യൂനിവേഴ്സിറ്റി ലൈബ്രറി തുടങ്ങിയ ഗ്രന്ഥശാലകൾക്ക് കൈമാറി. പ്രിൻറ് പുസ്തകങ്ങൾ നാട്ടിലെ വായനശാലകളിലുമെത്തി.

അഞ്ഞൂറു വർഷം പഴക്കമുണ്ട് മനയുടെ എട്ടുകെട്ടിന്. പുറം ഭാഗം ചെറിയ മാറ്റങ്ങൾ വരുത്തി. പതഞ്ജലിയുടെ പ്രത്യേക രൂപത്തിലുള്ള പ്രതിഷ്ഠ ഇന്നും ശ്രീലകത്ത് പരിപാലിക്കപ്പെടുന്നു.

കലാമണ്ഡലം കൃഷ്ണൻ നായരും ഗോപിയാശാനും പോലുള്ള വലിയ കലാകാരന്മാർ അരങ്ങുണർത്തിയ പുറത്തെ നാടകശാല ഇപ്പോഴില്ല. വറ്റാത്ത കിണർ, നിരവധി സിനിമകൾക്ക് വേദിയായ മുറ്റം, കുളം എല്ലാം കാലാതിവർത്തിയായി നിലനിൽക്കുന്നു. അറിവിന് ക്ഷയമില്ല; ജ്ഞാനശാലകൾക്ക് നാശവുമില്ല. അന്യനാടുകളിൽ നിന്നും വിദേശത്തു നിന്നു പോലും ഗവേഷണ വിദ്യാർത്ഥികൾ കൂടല്ലൂർ ശാലയുടെ മഹത്വമറിഞ്ഞ് ഇന്നുമെത്താറുണ്ട്.

നിരവധി പ്രാവശ്യം വരുന്ന ഫിൻലൻഡിലെ ഗവേഷണ വിദ്യാർത്ഥിയെ പോലെ പലരും.

കൂടല്ലൂരെ പെരുമകൾ – ജ്ഞാനപാരമ്പര്യത്തിന്റെ കാലടിപ്പാടുകൾ – കാണാൻ നമ്മുടെ കുട്ടികളെയും കൊണ്ടു പോണം. ആനകൾ മേഞ്ഞിരുന്ന വിശാലമായ പറമ്പ്, പടിപ്പുരയിൽ കൂടല്ലൂർ പോസ്റ്റ് ഓഫീസ്, മനോഹരമായ എട്ടുകെട്ട്, ചന്ത്രക്കാരൻ മാവ് പന്തൽ വിരിക്കുന്ന വിശാലമായ നടുമുറ്റം.

അനന്തഭദ്രവും സർഗ്ഗവും ഷൂട്ട് ചെയ്ത മനപ്പറമ്പ്. വടക്കൻവീരഗാഥയിൽ ചന്തുവിനും – മമ്മൂട്ടി–




ഈ വെക്കേഷൻ പാരമ്പര്യത്തിലേക്കുള്ള സഞ്ചാരം കൂടിയാവട്ടെ. മന കാണാൻ അനുവാദം ബുധനാഴ്ചയും ഞായറാഴ്ചയും. ഏറ്റവും അടുത്ത വിമാനത്താവളം: കോഴിക്കോട്. റെയിൽവേ സ്റ്റേഷൻ: പട്ടാമ്പി. ബസ് സ്റ്റോപ്പ്: പട്ടാമ്പി – കുന്നംകുളം റൂട്ടിൽ വാവനൂർ. നാറേരി മനയിലേക്ക് ഒന്നര കിലോമീറ്റർ.ആട്ടോറിക്ഷകൾ സുലഭം. സ്വന്തം വാഹനങ്ങളിൽ വരുന്നവർക്ക് പാർക്കിംഗിന് പ്രയാസമില്ല. മന കാണാൻ വരുന്നവർ ബന്ധപ്പെടേണ്ട നമ്പർ: മുരളി കെ.ടി. 8943579333, നാരായണൻ കെ.ടി. 9846361667.

കാണികൾക്കും ചന്ദനലേപസുഗന്ധം നൽകിയ കഥയിലെ ആർച്ച – മാധവി – നീരാടിയ കുളം..

ഏറ്റവും വലിയ ഉപ്പുമാങ്ങാഭരണി, ആഴത്തിലുള്ള നിലവറകൾ, രാജസമ്മാനങ്ങളുടെ സ്വർണപ്പൊതികൾ പുറത്തേക്കു വലിച്ചെറിഞ്ഞ് അമൂല്യമായ ഗ്രന്ഥങ്ങൾ മാത്രം മനയുടെ ഉള്ളിലേക്ക് കയറ്റിയ ജ്ഞാനികളുടെ ഇല്ലം ..

എഴുതിയാലും പറഞ്ഞാലും തീരാത്തത്ര .. പിന്നെ, പിന്നെ എന്താണെന്നറിയാത്ത വല്ലാത്തൊരു ഫീൽ.. കാഴ്ചകളെക്കാൾ നമ്മെ വിസ്മയിപ്പിക്കുന്ന അന്തരീക്ഷമാണ്, അതു നൽകുന്ന പ്രശാന്തിയാണ് ഇവിടെ . നിരവധി പ്രാവശ്യം കുടുംബമായി ഇവിടെ വന്ന, വരുന്ന പ്രവാസികൾ ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു. ബുധനും ഞായറും ഇവിടെ സഞ്ചാരികൾക്ക് സ്വാഗതം. മനയും കണ്ണനൂർ, തിരുമിറ്റക്കോട് ക്ഷേത്രങ്ങളും ഭാരതപ്പുഴയുടെ മോഹനതീരങ്ങളും ഉൾപ്പെടുത്തി ഒരു ദിവസമാവാം.

കടപ്പാട്:

1 പ്രശസ്ത സാഹിത്യകാരി കൂടല്ലൂർ മകൾ കെ ബി ശ്രീദേവിയുടെ സ്മരണകൾ.

2 ഒളപ്പമണ്ണ ശ്രീദേവി അന്തർജനം (കൂടല്ലൂർ മകൾ)

NB : കൂടല്ലൂർ വംശവൃക്ഷത്തിന്റെ ചില ശാഖകൾ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

●

ഡോ: വിനോദ് മങ്ങത്തായ
9895621493



# ശതാഭിഷേകം

## ആറ്റുപുറം അനിയേട്ടൻ (എ.പി. നമ്പൂതിരി)

അരീക്കോട് ആറ്റുപുറം അനിയേട്ടന്റ (എ. പി. നമ്പൂതിരി) ശതാഭിഷേകം (84)ാം പിറന്നാൾ വാർഷികം 2026 ജനുവരി 23ന് അരീക്കോട് ഫോറ കാസിൽ ഓഡിറ്റോറിയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. അനിയേട്ടന്റ ബന്ധുക്കൾ, സുഹൃത്തുക്കൾ, കൂടെ ജോലി ചെയ്തവർ, യോഗക്ഷേമസഭയുടെ മുൻകാലത്തെയും ഇപ്പോഴത്തേയും പ്രവർത്തകർ, പല മേഖലകളിലുമുള്ള സുഹൃത്തുക്കൾ എന്നിവരുടെ സാന്നിധ്യം കൊണ്ട് ധന്യമായ ഒരു വേദിയിലായിരുന്നു അനിയേട്ടന്റ പിറന്നാളാഘോഷം. അനിയേട്ടനും കുടുംബത്തിനും എല്ലാ മംഗളവും നേരുന്നു.

SANSKRIT SCHOLARSHIP 2025-26

WINNER

PMSAHSS



**ശ്രീരാം സുബ്രഹ്മണ്യൻ കെ.എം**

കാവുങ്ങൽ മംഗലശ്ശേരി മന
മഞ്ഞപ്പറ്റ, മഞ്ചേരി, മലപ്പുറം ജില്ല.
തുടർച്ചയായി അഞ്ചാം വർഷവും
സ്കോളർഷിപ്പ് നേടിയതിന്
സ്നേഹാശംസകളോടെ...
KM സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്,
ബീന പി, വേദസ് കെ.എം.
ജ്യോതിസ് മാധവ്

## ഷഷ്ടിപൂർത്തി ആശംസകൾ

### പാനാട്ട് നാരായണൻ നമ്പൂതിരി


2026
ജനുവരി 27
ചൊവ്വ

മകരം 13 ന്
ഭരണി

*സ്നേഹപൂർവ്വം*
ശരണ്യപാനാട്ട്
ശരത് പാനാട്ട്
വൈശാഖ് ടി വി

ആശംസകളോടെ
ശോഭ പാനാട്ട്
& സാവിത്രി
അന്തർജനം






**അനുമോദനങ്ങൾ**

## മാളവിക കിഴിയേടം

ഗുരുവായൂർ ലിറ്റിൽ ഫ്ളവർ ഹയർ സെക്കന്ററി സ്കൂളിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി
സംസ്ഥാന സ്കൂൾ കലോത്സവം:
വന്ദേമാതരം, സംസ്കൃതം സംഘഗാനം
എ ഗ്രേഡ്.
അച്ഛൻ: **കിഴിയേടം വാസുണ്ണി നമ്പൂതിരി**
(ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി)
അമ്മ: **സവിത** (പ്രധാനാധ്യാപിക,
ചാവക്കാട് എ എൽ പി സ്കൂൾ)





**ചോറൂൺ**
**നിത്വിക് വി.**
**ഫെബ്രുവരി 1 2026**



*ആശംസകളോടെ*, അച്ഛൻ : ഡോ. അജയ്. വി
അമ്മ: ഡോ ശിവ, ഏട്ടൻ സാത്വിക് വെങ്ങല്ലൂർ
ഡോ: അജയ് 9447071909

**SASIKUMAR PAINGATILLAM**
IS TURNING



**~ FEBRUARY 8 ~**

Sree Kailasam Auditorium, Mammiyoor, Guruvayur, Thrissur
Mob: 8109638397



മുഖചിത്രം: **മേഘ്ന കൃഷ്ണ**

# നൃത്തവേദികളിൽ ചുവടുറപ്പിക്കുന്ന പ്രതിഭ

മനുഷ്യ ഉല്പത്തി മുതൽക്കു തന്നെ നൃത്തം. വാദ്യം, സംഗീതം എന്നിവ ലോകത്തു ഉണ്ടായിരുന്നു. പുരാതന കാലത്തു രചിക്കപെട്ട വേദങ്ങൾ, ഇതിഹാസങ്ങൾ, ഉപനിഷത്തുക്കൾ, മഹാകാവ്യങ്ങൾ തുടങ്ങിയ കൃതികളിലെല്ലാം തന്നെ നൃത്തത്തിനും, നാട്യത്തിനും പ്രമുഖ സ്ഥാനം കൊടുത്തതായി കാണാം കൈലാസനാഥനിലൂടെ പകർന്നു കിട്ടിയ നാട്യവും നൃത്തവും തലമുറകളിലൂടെ ഒരു ശാസ്ത്രമായി വളർന്നു. മഹാക്ഷേത്രങ്ങളിലെയും കൊട്ടാരങ്ങളിലേയും നൃത്തമണ്ഡപങ്ങളിലും അവ പരിപോഷിക്കപെട്ടു.

ഭരതമുനിയെ പോലെയുള്ള ഋഷിമാർ പകർന്നു തന്ന നാട്യ ശാസ്ത്രത്തെ അഭ്യസിച്ചും പരിഷ്ക്കരിച്ചും ഇന്നും ദൃശ്യ വിരുന്നുകളായ വിവിധ നൃത്ത കലാരൂപങ്ങൾ പലരിലൂടെയും ഭാരതത്തിൽ നില നില്ക്കുന്നു. ആ പരമ്പരയിൽ വളർന്നു വരുന്ന തലമുറയിലെ ഒരു കണ്ണിയായി വിളക്കി ചേർക്കപെട്ടിരിക്കുന്നു മേഘ്ന കൃഷ്ണ എന്ന മിടുക്കി കുട്ടി. പ്രഗൽഭരായ ഗുരുക്കന്മാരുടെ ചിട്ടയായ അഭ്യാസങ്ങളിലൂടെ സ്വായത്തമാക്കിയ പിഴക്കാത്ത ചുവടുകളും, മുദ്രകളും, ഭാവങ്ങളും, പാരമ്പര്യമായി കിട്ടിയ പ്രതിഭയും, പിന്നെ കലാരംഗത്ത് ഏറ്റവും വേണ്ടതായ ഗുരുത്വവും ഈ കുട്ടിയെ മറ്റു കുട്ടികളിൽ നിന്നു വേറിട്ടു നിർത്തുന്നു. അംഗോപാംഗചലനങ്ങളുടെ സൗന്ദര്യവും ഭാവാവിഷ്കാരത്തിന്റെ തനിമയും, മുദ്രകളുടെ നിറവും ഭംഗിയും, ചലനങ്ങളുടെ ചടുലതയും കൂടി ചേർന്ന് ഭാരതീയ നൃത്ത രൂപങ്ങളിൽ ചുവടുറപ്പിച്ച മേഘ്ന കൃഷ്ണയുടെ പ്രതിഭ, കേവലം ഒരൊറ്റ കലാരൂപത്തിൽ മാത്രം ഒതുങ്ങുന്നില്ല. ശാസ്ത്രീയ നൃത്ത രൂപങ്ങളുടെ മാതാവായി വിശേഷിപ്പിക്കപെടുന്നതും ദേശീയ നൃത്ത സമ്പ്രദായങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്ന നൃത്തരൂപമായ ഭരതനാട്യവും കേരളത്തിന്റെ തനത് കലയായി രൂപം കൊണ്ട് വിശ്വം കീഴടക്കിയ കഥകളിയും, മലയാളത്തിന്റെ ലാസ്യ നടനം എന്നു വിശേഷിപ്പിക്കപെടുന്ന മോഹിനിയാട്ടവും മറെറാരു പ്രധാന നൃത്തരൂപമായ കുച്ചിപ്പുടിയും മേഘ്ന സ്വായത്തമാക്കിയിരിക്കുന്നു.....



സ്ക്കൂൾ പഠനത്തോടൊപ്പം ഈ സുന്ദര കലകളെല്ലാം ചുരുങ്ങിയ കാലം കൊണ്ട്പഠിച്ച് പല വേദികളിലും അവതരിപ്പിക്കാൻ സാധിച്ച മേഘ്നയുടെ പ്രയത്നം ആശ്ചര്യകരവും അഭിനന്ദനീയവുമാണ്. ഭരതനാട്യവും, കഥകളിയും, കുച്ചിപ്പുടിയും , മോഹിനിയാട്ടവും പ്രശസ്ത ഗുരുക്കന്മാരടെ കീഴിൽ അഭ്യസിക്കാൻ കഴിഞ്ഞതാണ് തന്റെ എല്ലാ ഉയർച്ചക്കും കാരണമായി മേഘ്ന കാണുന്നത്.

മേഘ്നയെ ഈരംഗത്തേക്ക് കൈപിടിച്ചു കൊണ്ടുവന്നതും പിച്ച വെച്ചു നടക്കാൻ തുങ്ങിയപ്പോൾ തന്നെ കുഞ്ഞികാലുകളിൽ ചിലങ്ക അണിയിപ്പിച്ചതും അമ്മ പ്രസീതയാണ്.അമ്മ തന്നെയാണ് ആദ്യ ഗുരു, പിന്നെ കലാമണ്ഡലം ഇന്ദിരാ പത്മനാഭൻ , ശ്രീമതി രജിത നരിപ്പറ്റ, ശ്രീ. പ്രമോദ് തൃപ്പനച്ചി എന്നിവരും ഗുരുക്കന്മാരായി. പ്രസിദ്ധ മോഹിനിയാട്ട കലാകാരി ഡോക്ടർ. ദിവ്യ നെടുങ്ങാടിയുടെ കളരിയിൽ തുടർപഠനം നടത്തി, കഴിഞ്ഞ മെയ് മാസത്തിൽ പാലക്കാട്ടു വെച്ച് മോഹിനിയാട്ട അരങ്ങേറ്റം നടത്തുകയുമുണ്ടായി. മേഘ്നയുടെ മുത്തപ്ഫനായ ശ്രീ. സദനം നരിപ്പറ്റ നാരായണൻ നമ്പൂതിരിയാണ് കഥകളിയിലെ ഗുരു. പത്താം വയസ്സിൽ കൃഷ്ണ വേഷം കെട്ടി അരങ്ങേറിയ ശേഷം പല വേദികളിലും കഥകളി അവതരിപ്പിച്ചിട്ടുണ്ട്.പ്രശസ്ത കുച്ചുപ്പുഡി നർത്തകനും നൃത്താദ്ധ്യാപകനുമായ ശ്രീ.അനിൽ വെട്ടിക്കാട്ടിരിയുടെ കീഴിൽ ഇപ്പോൾ കുച്ചുപ്പുഡി പഠിച്ചു വരുന്നു.

മേഘ്നയുടെ ഇല്ലത്തും അമ്മാത്തും പ്രശസ്തരായ ഒരു പാടു കലാകാരന്മാരുണ്ട്. കഥകളി ആചാര്യനും, എഴുത്തുകാരനും കലാമണ്ഡലം പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത ശ്രീ.എം.പി.എസ് നമ്പുതിരി, ഏഷ്യാനെറ്റിൽ മുൻഷിയായി അഭിനയിച്ച കഥകളി ആചാര്യൻ ശ്രീ.നരിപ്പറ്റ നാരായണൻ നമ്പൂതിരി, പ്രശസ്ത നാടക സംവിധായകൻ ശ്രീ നരിപ്പറ്റ രാജു ,അമ്മയുടെ സഹോദരിയും കാനഡയിലെ നൃത്താദ്ധ്യാപികയുമായ പ്രീത കണ്ടഞ്ചാത, നാടക അഭിനേത്രിയും നർത്തകിയും ആയ രജിത നരിപ്പറ്റഎന്നിവർ അവരിൽ ചിലരാണ്. സ്ക്കൂൾ കലോൽത്സവങ്ങൾക്ക് പുറമേ ഇതിനകം തന്നെ പത്തിലധികം പുരസ്ക്കാരങ്ങൾ മേഘ്ന നേടി കഴിഞ്ഞു.

പഠന കാര്യത്തിലും മേഘ്ന പിന്നിലല്ല. എസ്.എസ്.എൽ സി പരീക്ഷക്ക് എല്ലാ വിഷയത്തിലും എ പ്ലസ് നേടിയ മേഘ്ന പ്രശസ്ത വിജയം കരസ്ഥമാക്കി. മഞ്ചേരിക്കടുത്ത് ഇളയൂരിലുള്ള മുത്തേടത്തു പാലശ്ശേരി മനയിലെ അദ്ധ്യാപക ദമ്പതിമാരായ അജിത്, പ്രസീത എന്നിവരുടെ രണ്ടു മക്കളിൽ ഇളയ മകളാണ് മേഘ്ന കൃഷ്ണ. സഹോദരൻ അമോഘ് കൃഷ്ണ പ്ലസ് ടു വിദ്യാർത്ഥിയാണ്.

നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. ●


മേഘ്ന കൃഷ്ണ.എം.പി
മൂത്തേടത്ത് പാലശ്ശേരി
മന, ഇളയൂർ, ഇരിവേറ്റി പി.ഒ,
673639, മലപ്പുറം ജില്ല, ഫോൺ:
9847983872

# മാപ്പിള സ്ക്കൂളിൽ ഒരു വേദാർച്ചന

**ശ്രീജ പട്ടലൂർ**



കടവല്ലൂർ അന്യോന്യത്തിലും, പത്മനാഭസ്വാമി ക്ഷേത്രത്തിലെ വേദജപത്തിലും, കൂടെ അലിയാപ്പു മാഷുടെ മാപ്പിള സ്കൂളിലും വേദം ചൊല്ലി താരമായത് കാവുങ്ങൽ ഇല്ലത്തെ മിടുക്കനായ ജാതവേദൻ എന്ന വേദസാണ്. പേരിനെ അന്വർത്ഥമാക്കും വിധം വേദോച്ചാരണത്തിൽ താൽപര്യമുള്ള വേദസ് കടവല്ലൂർ അന്യോന്യത്തിൽ മുൻപിലിരിക്കാൻ ഉള്ള ശ്രമത്തിലാണ് ഇപ്പോൾ. മഞ്ചേരി അർബൻ കോപ്പറേറ്റീവ് ബാങ്ക് തൃപ്പനച്ചി ബ്രാഞ്ചിലെ മാനേജരായ കാവുങ്ങൽ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടിന്റേയും മഞ്ഞപ്പറ്റ HIMUP സ്കൂളിലെ അധ്യാപികയായ പഴങ്ങോട്ടു പൊറ്റ ബീനയുടേയും മൂന്ന് ആൺമക്കളിൽ ആദ്യത്തെ മകനാണ് വേദസ്.

കുട്ടിക്കാലം തൊട്ടേ ഉപനയനം കഴിഞ്ഞുള്ള നമ്പൂതിരിമാരുടെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും താല്പര്യമുള്ള കുട്ടിയായിരുന്നു വേദസ്.ഇത് മനസ്സിലാക്കിയ മുത്തച്ഛൻ ചില മന്ത്രങ്ങൾ പഠിപ്പിച്ചുകൊടുത്തു.ഉപനയനം കഴിഞ്ഞപ്പോൾ വേദസിന് മനസ്സിലായി ഇത്രയധികം മന്ത്രങ്ങൾ ഒന്നും സാധാരണ അനുഷ്ഠാനങ്ങൾക്ക് ആവശ്യമില്ല എന്ന് .ഒരു ദിവസം അച്ഛൻ തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ വേദപഠനത്തെ കുറിച്ചു പറഞ്ഞു. അവിടെ ചേരാൻ താൽപര്യം പ്രകടിപ്പിച്ച വേദസിനെ ഉപനയനത്തിനു ശേഷം ഒമ്പതാം വയസ്സിൽ 2011 ജൂൺ മാസത്തിൽ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ വേദപഠനത്തിനായി ചേർത്തു. ഇതാണ് വേദസിന്റെ വേദ പഠനത്തിലേക്കുള്ള വഴിത്തിരിവ്. വേദപഠനത്തിന്റെ ആദ്യഘട്ടം എന്നത് സ്വരം

പേരിനെ അന്വർത്ഥമാക്കും വിധം വേദോച്ചാരണത്തിൽ താൽപര്യമുള്ള വേദസ് കടവല്ലൂർ അന്യോന്യത്തിൽ മുൻപിലിരിക്കാൻ ഉള്ള ശ്രമത്തിലാണ്

ഉറപ്പിക്കലാണ് തല പിടിച്ചു കുലുക്കി അതാത് സ്വരങ്ങൾ ഉറപ്പിക്കുന്ന രീതിയാണിത് ഉദാത്ത അനുദാത്ത സ്വരിതങ്ങൾക്ക് അനുസരിച്ച് മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും തല പിടിച്ച് കുലുക്കി പദമായും അന്തമായും ചൊല്ലിക്കുന്നു.

ആദ്യ അഞ്ചുവർഷം പുറമേ സ്കൂളിൽ പോകാതെ മഠത്തിൽ നിന്ന് തന്നെ പഠിക്കുന്നതാണ് രീതി. ആ സമയത്ത് വേദം മാത്രമാകും കുട്ടികളുടെ ലോകം. അപ്പോൾ അച്ഛനും അമ്മയും എല്ലാം ഗുരുവായ വടക്കുമ്പാട് പശുപതി മാഷ് ആയിരുന്നു. അദ്ദേഹം ആണ് ബ്രഹ്മസ്വംമഠത്തിലെ ഗുരുനാഥൻ. സ്വരം ഉറച്ച് കഴിഞ്ഞാൽ പിന്നെ ഗുരുവിന്റെ കൈ നോക്കി അതിലെ മുദ്ര , ആംഗ്യം എന്നിവ മനസ്സിലാക്കി വേണം ചൊല്ലി പഠിക്കാൻ.കാണുമ്പോൾ ആദ്യം ദുഷ്കരം എങ്കിലും പിന്നീട് വളരെ എളുപ്പമായി മാറിയിരുന്നു അങ്ങനെ അഞ്ചുവർഷത്തെ വേദപഠനത്തിനു





ശേഷം വിവേകോദയം ബോയ്സ് സ്കൂളിൽ എട്ടാം ക്ലാസിൽ ചേർന്നു 10 കഴിയുന്നതുവരെ അവിടെത്തന്നെ പഠിച്ചു . അച്ഛന്റെ അമ്മാത്തെ (അടികളേടം) നവനീതേട്ടനും കേശവഫനും , വല്ല്യച്ഛന്റെ മകൻ ദേവനും കൂടെ ഉള്ളതായിരുന്നു ഏക ആശ്വാസം. ശേഷമുള്ള പഠനം ഇല്ലത്ത് ആയിരുന്നു. ബ്രഹ്മസ്വംമഠത്തിൽ പഠിക്കുന്ന സമയത്ത് ഇല്ലത്ത് വന്നാൽ ഇടയ്ക്ക് അമ്മയുടെ സ്കൂളിലേക്ക് അമ്മയുടെ ഒപ്പം പോകാറുണ്ടായിരുന്നു അന്ന് വേദം പഠിക്കുന്ന കുട്ടി എന്ന നിലയിൽ നിരവധി അഭിനന്ദനങ്ങൾ ലഭിക്കാറുണ്ട് ഒരു ദിവസം സ്കൂളിൽ വെച്ച് പ്രധാന അധ്യാപകൻ അലിയാപ്പു മാഷ് ഒരു പായ വിരിച്ചു തന്ന് വേദം ചൊല്ലാൻ ആകുമോ എന്ന് ചോദിച്ചു? ആദ്യമായി പഠിച്ച 'വായവായാഹി' അന്ന് അവിടെ ചൊല്ലിയത് ഇന്നും മനോഹരമായ മറക്കാനാകാത്ത ഒരു ഓർമ്മയാണെന്ന് വേദസ് പറയുന്നു. ആദ്യമായി സ്കൂളിൽ അതും ഒരു മാപ്പിള സ്കൂളിൽ വേദം ചൊല്ലിയ ആൾ ഒരുപക്ഷേ വേദസ് ആയിരിക്കാം.20 gyb25 ഒക്ടോബർ മാസത്തിൽ വീണ്ടും ജയമ്മാവൻ പത്മനാഭസ്വാമി ക്ഷേത്രത്തിൽ 56 ദിവസത്തെ വേദജപം നടക്കുന്നുണ്ടെന്നും താൽപര്യമുണ്ടെങ്കിൽ പങ്കെടുക്കണമെന്നും പറഞ്ഞു.അങ്ങനെ അപേക്ഷിക്കുകയും അതിനുള്ള അവസരം ലഭിക്കുകയും ചെയ്തു .ഒരു മുറ അതായത് 8 ദിവസം പത്മനാഭസ്വാമി സന്നിധിയിൽ വേദപാരായണം നടത്താനുള്ള അവസരം ലഭിച്ചു അവിടെ നടന്ന ജലജപത്തിലും പങ്കെടുത്തു. കൂടാതെ നേതൃത്വ പരമായി കാര്യങ്ങൾ ഏറ്റെടുത്തു നടത്താനും കഴിഞ്ഞു.ഗുരുവായൂരപ്പന്റെ അനുഗ്രഹത്താൽ എല്ലാ മാസവും ഗുരുവായൂരപ്പന്റെ തിരുസന്നിധിയിൽ വേദപാരായണത്തിനുള്ള അവസരം ലഭിക്കാറുണ്ട്. കൂത്തമ്പലത്തിൽ ആണ് വേദ ജപം നടക്കുന്നത്. രാവിലെ 5:30 മുതൽ 6:30 വരെ വേദ ജപം. അത് കഴിഞ്ഞാൽ 7: മണി മുതൽ 7:40 വരെ മമ്മിയൂർ ക്ഷേത്രത്തിൽ വേദ ധാര. ഇതിന്റെഎല്ലാം പിന്നിൽഇല്ലത്തെ മുത്തച്ഛൻ ബ്രഹ്മശ്രീ കാവുങ്ങൽ മംഗലശേരി ദാമോദരൻ നമ്പൂതിരിപ്പാടും മുത്തച്ഛന്റെ അനിയൻ ജാതവേദൻ നമ്പൂതിരിപ്പാടുംഅമ്മാത്തെ മുത്തച്ഛൻ ബ്രഹ്മശ്രീ പഴങ്ങോട്ടുപൊ റ്റ മാധവൻ നമ്പൂതിരിയും ആണെന്ന് വേദസ് പറയുന്നുണ്ട് .അച്ഛന്റെ അമ്മാത്തും അമ്മയുടെ അമ്മാത്തും ഉണ്ടായിരുന്നവർ വേദം പഠിച്ചിട്ടുണ്ട്.

അച്ഛന്റെ അമ്മാത്ത് – അടികളേടവും അമ്മയുടെ അമ്മാത്ത് ചെറുവക്കാട് ഇല്ലവും ആണ് ഇനി അടുത്ത കടമ്പ കടവല്ലൂർ മുൻപിലിരിക്കൽ ആണ്. ഗുരുക്കന്മാരുടെയും മാതാപിതാക്കളുടെയും അനുഗ്രഹം ഉണ്ടെങ്കിൽ അതും സാധിക്കുമെന്ന് തന്നെയാണ് വേദസിന്റെ അഭിപ്രായം .ഇപ്പോൾ ഡി ഇ എൽഡും കെ ടെറ്റും പാസായി പാണ്ടിക്കാടിനടുത്ത് ഒരു സ്കൂളിൽ അധ്യാപകനായി ജോലി ചെയ്യുന്നു. എന്തായാലും ഇന്നത്തെ ന്യൂജൻ തലമുറ അറിഞ്ഞിരിക്കേണ്ട നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയായ വേദങ്ങളെ കുറിച്ച് അറിയാനും അത് അടുത്ത തലമുറയിലേക്ക് പകരാനും വേദസിന് സാധിക്കട്ടെ. ●

ശ്രീജ പട്ടലൂർ
ഉമ, യുണിറ്റി വിമൻസ് കോളേജ് റോഡ്, നറുകര
9946188670
വേദസ്. കെ എം, 8137841223

## സ്വസ്തി എക്സ്ക്ലൂസീവ്

# നമ്പ്രയേറുന്നൊരു പെണ്ണിനെ വേൾപ്പാനായി...


**കെ.എം. എസ്.ഭട്ടതിരിപ്പാട്**



വൈദിക കർമ്മങ്ങളോടെ നടക്കുന്ന നമ്പൂതിരിമാരുടെ വേളിക്രിയകളിൽ കാണുന്ന സവിശേഷതകൾ നമ്മെ അത്ഭുതപ്പെടുത്തും.ഒന്നാമതായി അതിൽ സ്ത്രീകൾക്കു കൊടുക്കുന്ന പരിഗണന -സ്വാതന്ത്ര്യം തന്നെ.കാശ്മീർ മുതൽ കന്യാകുമാരിവരെ വിവാഹ ക്രിയകളിൽ ബ്രാഹ്മണർക്കിടയിൽ ഇന്നും കാണുന്ന യോജിപ്പ് വിസ്മയിപ്പിക്കുന്നതാണ്. ഈയിടെ ചാർധാം യാത്രക്കിടയിൽ ഹിമാലയത്തിലെ ത്രിയുഗി നാരായണൻ ക്ഷേത്രത്തിലെ ഒരു ശാദി മംഗലം കാണാനിടയായി . വളരെ പുരാതനമായ ഈ കോവിലിൽ വെച്ചാണ് ശിവനും പാർവതിയും വിവാഹിതരായതെന്നാണ് ഐതിഹ്യം. ക്ഷേത്രേശനായ വിഷ്ണുവായിരുന്നു സാക്ഷി ,ബ്രഹ്മാവ് ഓയ്ക്കനും. അന്നു മുതൽക്കെരിയുന്ന ഹോമകുണ്ഡം ഇന്നും ക്രിയകൾക്കു സാക്ഷിയായി എരിഞ്ഞു കൊണ്ടിരിക്കുന്നു.! ചടങ്ങുകളിൽ മാറ്റമുണ്ടെങ്കിലും മന്ത്രങ്ങൾ പലതും ഒന്നുതന്ന.4000–5000 –കൊല്ലങ്ങൾക്കു ശേഷവും സനാതനധർമ്മം (ഹിന്ദുമതം) വലിയ മാറ്റങ്ങൾ ഇല്ലാതെ തുടരുന്നത് ആശ്ചര്യമെന്നല്ലാതെ എന്തു പറയാൻ.

*ചിത്രങ്ങൾ:*
*ഹരിനാരായണൻ, പൊന്നടുക്കം*





മറ്റൊരു സവിശേഷത തുല്യ നീതിയും അവകാശവുമാണ് ,പതിക്കും പത്നിക്കും വേദത്തിൽ. ഭാര്യ - ഭരിക്കപ്പെടുന്നവൾ, ഭർത്താവ് - ഭരിക്കുന്നവൻ എന്നീ വാക്കുകൾ ആ അർത്ഥത്തിൽ വേദത്തിൽ ഇല്ല. ഇവിടെ പത്നി - അഗ്നിസാക്ഷിയായി പരിണയിച്ച, പങ്കാളി എന്നൊക്കെയാണ് സാരം. ദാരങ്ങൾ, ജായാ , വീരസൂ,സഖി സഹധർമിണി മുതലായ പദങ്ങളാണ് വൈദിക സാഹിത്യത്തിൽ കാണുക. സ്ത്രീയെ രണ്ടാം തട്ടിലേക്കു താഴ്ത്തി 'സ്വാതന്ത്ര്യം അർഹിക്കുന്നില്ല'യെന്നു പറയുന്നത് സ്മൃതികാരന്മാരാണ്.(' ന സ്ത്രീ സ്വാതന്ത്ര്യമർഹതി'.) ഏതു സാമൂഹ്യപശ്ചാത്തലത്തിലാണ് ഇത്തരം ശാസനങ്ങൾ വന്നതെന്നറിയില്ല.

സ്ത്രീകൾക്കു വൈദിക കാലത്തു തുല്യ 'കൂട്ടാളി'യെന്നതിലധികം ഔന്നത്യം കൽപ്പിച്ചിരുന്നതായി കാണാം.

ഉദാഹരണത്തിന് നമ്മുടെ ത്രിമൂർത്തികളിൽ പെട്ട ശിവൻ അർദ്ധനാരീശ്വരനാണ്. തന്റെ മേനിയിൽ പാതിയും പത്നിക്കു ഭാഗിച്ചു കൊടുത്ത് ,, അക്ഷരാർത്ഥത്തിൽ 'പങ്കാളി' യാക്കി ഉദാത്ത മാതൃക സൃഷ്ടിച്ചതാണ്. സ്ത്രീയെ ഒരു ഉപഭോഗതലത്തിൽ നിന്നു വാനോളമുയർത്തി, പുരുഷൻ പരിപൂർണ്ണനാവാൻ പത്നിയുടെ സന്നിവേശനം - 'കൂട്ടിരിപ്പി'ന്റ അനുപേക്ഷണീയതക്ക് അടിവരയിടുന്നതാണ് ഈ ഭാവന. പുരുഷന്റെ ഇടതുഭാഗം (വാമ ഭാഗം) സ്ത്രീയാണെന്നത് വെറും കവി വർണ്ണന മാത്രമല്ല. അർധനാരീശ്വര സങ്കല്പം വൈദികമായ തൈത്തരീയ ബ്രാഹ്മണത്തിലെ (333.5) പത്നീ വ്യാഖ്യാനത്തിലാണ് ആദ്യം കാണുന്നതെന്നു തോന്നുന്നു.

'അഥോ അർധോ വാ ഏഷ ആത്മന:യത് പത്നി'. തന്റ പകുതി തന്നെയാണ് പത്നി എന്നത് വൈദിക സങ്കല്പമാണ്. മറ്റൊരിടത്തിലും വിശ്വാസത്തിലും സ്ത്രീക്ക് ഇത്രയും അഭേദ്യമായ ഒരു സ്ഥാനം കല്പിച്ചു കൊടുത്തതായി കാണില്ല. വാമാർദ്ധം എന്ന വാക്ക് നിഘണ്ടുവിൽ സ്ത്രീപര്യായമാണ്.

## വരിയ്ക്കൽ

രണ്ടു കുടുംബത്തിൽ പെട്ട ഒരു യുവാവും യുവതിയും തമ്മിൽ വിവാഹ ബന്ധത്തിലൂടെ ചേരുന്നതിനു മുമ്പ് മൂന്നു തരം വരണച്ചടങ്ങുകൾ - അംഗീകരിക്കൽ ,ഉറപ്പിക്കൽ - കടന്നു പോകേണ്ടതുണ്ട്. ഈ വേളി രഹസ്യമായി, ഉഭയസമ്മതമില്ലാതേയോ ബലമായോ അല്ല നടത്തുന്നതെന്നു സാക്ഷ്യപ്പെടുത്തുന്നതാണ് 'വരണം.'

ആദ്യത്തേത്, ബന്ധുക്കളും വേണ്ടപ്പെട്ടവരും ചേർന്ന് വരന്റെ അച്ഛൻ വധുവിന്റ പിതാവിനോടു 'മകളെ തരണ'മെന്നു അഭ്യർത്ഥിക്കുന്നതും 'അപ്രകാരമാവാം' എന്ന അദ്ദേഹത്തിന്റെ ഉത്തരവുമാണ് തുടക്കം.പിന്നീട് വരൻ വധൂഗൃഹത്തിലെത്തുമ്പോൾ വധുവിന്റ അച്ഛൻ സ്വീകരിച്ചു 'കുളിച്ചു വേൾക്കാം' എന്നു പറയുന്നിടത്തു പിതാവിന്റ വരണമായി. ഏറ്റവും പ്രധാനമായത്, വരനും വധുവും തമ്മിൽ 'മുഖദർശന'മെന്ന ചടങ്ങിനു ശേഷം വധു തന്നെ തുളസിമാല വരന്നു കൊടുക്കുന്നതിനു ഒരു സമ്മതി പത്രത്തിന്റെ വിലയുണ്ട്. അതായത് വധുവിന്റെ പരിപൂർണ്ണ സമ്മതം വ്യക്തമായി. ഈ ഘട്ടത്തിൽ

ആ പെൺകിടാവു ' ഈ പുരുഷനെ വേണ്ട' എന്നു പറഞ്ഞാൽ അതുവരെ നടന്ന കർമ്മങ്ങളൊക്കെ അവഗണിച്ചു വേളി നിർത്തിവെയ്ക്കണം. അവളെ തടസ്സമില്ലാതെ മറ്റൊരാൾക്കു വേൾക്കാവുന്നതുമാണ്. അത്രയും സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടായിരുന്നു – ഇപ്പോഴും അതവിടെയുണ്ട്, അടുത്ത കാലത്ത് അതാരും ഉപയോഗിച്ചതായി കേട്ടിട്ടില്ലെങ്കിലും.

ഒരു നൂറു കൊല്ലം മുമ്പത്തെ ഒരു വേളിക്രിയയിലെക്കൊന്നെത്തിനോക്കാം

' വിവാഹമണ്ഡപത്തിലേക്ക് മന്ത്ര കോടിയുടുത്തു വധുവിനെ അമ്മാവൻ ആനയിക്കുന്നു. വരന്റെ അടിയാനായ ശൂദ്രൻ വധുവിനെ കിഴക്കു പടിഞ്ഞാറായി കത്തിച്ച ആയിരത്തിരി ഉഴിഞ്ഞു പോകുന്നു. ഇപ്പോൾ നമ്പൂതിരിമാരാണ് ഏറെയും ഇതു ചെയ്യുന്നത്. ഉദ്ദേശ്യം കന്യകയായിരിക്കെ വഴിപിഴച്ചു പോകാതെ രക്ഷിക്കുകയാണ് വിശ്വാവസു എന്ന ഗന്ധർവ്വന്റെ കടമ. വിവാഹപൂർവ്വമായി വധുവിനെ ബാധിച്ച ആ ഗന്ധർവ്വനെ ഉഴിഞ്ഞുകളയണം. തുടർന്നു വരുന്ന മലർ ഹോമ സമയത്ത് പെൺകിടാവു തന്നെ വിശ്വാവസുവിനൊടു നന്ദി പറഞ്ഞു വിട്ടൊഴിഞ്ഞു പോകണമെന്നു സങ്കല്പിക്കുന്ന മന്ത്രമുണ്ട്.

'അല്ലയോ വിശ്വാവസോ, ഈ കിടക്കയിൽ നിന്നെഴുന്നേറ്റാലും . നമസ്കാരത്തോടെ ഞാൻ അങ്ങയെ വന്ദിക്കുന്നു. അങ്ങു നല്ല അരക്കെട്ടോടു കൂടിയ മറ്റൊരു കന്യകയെ ഇച്ഛിച്ചാലും. പത്നിയായ എന്നെ പതിയോടൊപ്പം വിട്ടാലും ,യോജിപ്പിച്ചാലും.

(ഋഗ്വേദം.8.3. 24 തർജമ ഓ.എം.സി.)

വേളിക്രിയയിലെ അതിപ്രധാന ചടങ്ങിന്റ തുടക്കമാണിവിടെ. ഇതുവരെ വരനും വധുവും സാഹചര്യമനസരിച്ചു ഒരു പക്ഷെ, നേരിട്ടു കണ്ടിട്ടുണ്ടാവില്ല. ആദ്യമായി നേരിട്ടു കാണുന്നത് ഒരു മുഖ്യകർമ്മമാണ്. ഹോമകുണ്ഡത്തിനു വടക്കുകിഴക്കായി പടിഞ്ഞാട്ടു നോക്കി നിൽക്കുന്ന വധുവിന്റ മുഖത്തെ പുടവ നീക്കിയാൽ പരസ്പര ദർശനം ലഭ്യമായി. അവർ വേദിയിലേക്കു വരുന്നത് ഇടതുകയ്യിൽ പുതിയ വാൽക്കണ്ണാടിയും വലതുകയ്യിൽ തുളസിമാലയുമായാണ്. കന്യക വരനെ വരിക്കുന്നത് ഈ തുളസി മാല നേരിട്ടു കൊടുത്തിട്ടാണ്. അഗ്നി സാക്ഷിയായി മാലചൂടിയാൽ വരിയ്ക്കൽ പൂർണ്ണമായി.

ദേവന്മാർക്ക് ഹവിസ്സുമായി പോകുന്ന ഹോമകുണ്ഡത്തിലെ തീജ്വാലകളുടെ വെളിച്ചത്തിൽ കിട്ടുന്ന മുഖദർശനം വികാര നിർഭരമാണ്. ഓർക്കുക – പെണ്ണുകാണലും, നിശ്ചയവും, മഞ്ഞക്കല്യാണവും, ഫോണും ഒന്നുമില്ലാത്ത കാലമാണത്. പക്ഷെ ,അവിടെയും പെൺകുട്ടിയുടെ തിരഞ്ഞെടുക്കാനുള്ള അവകാശം ഉറപ്പാക്കിയിരുന്നു.

ഇക്കാലത്ത് പരസ്പരം കാണാനും, സംസാരിക്കാനും, ഇടപഴകാനും തീരുമാനമെടുക്കാനും യുവതീയുവാക്കൾക്ക് അവസരമുണ്ട്. അതു ദുരുപയോഗപ്പെടുത്തരുതെന്നു മാത്രമെ സമൂഹവും ബന്ധുക്കളും പ്രാർത്ഥിക്കാറുള്ളു.

മുൻകാലങ്ങളിൽ വധൂഗൃഹത്തിൽ വെച്ചാണ് ഏറെയും വേളി നടത്തുന്നത്, അതും സ്ത്രീക്കു കിട്ടുന്ന ഉറപ്പും അംഗീകാരവുമാണ്. വധു പുരുഷനെത്തേടി പോകുന്നത് നല്ല കീഴ് വഴക്കമല്ലെന്നു പൂർവീകർ കരുതിയിരുന്നിരിക്കും.



വരൻ വേണ്ടപ്പെട്ടവരോടൊപ്പം മണവാട്ടിയുടെ വീട്ടിലെത്തിയാൽ വധൂപിതാവ് വഴിപോലെ സ്വീകരിക്കുന്നു. പിന്നീട് മുഹൂർത്തമായാൽ വരൻ വേളി ക്രിയകൾ ആരംഭിക്കുന്നു, പരദേവതാധ്യാനം, പുണ്യാഹം മുതലായ അനുഷ്ഠാനക്രിയകളാൽ ആത്മശുദ്ധി നേടുന്നു.

വധൂവരന്മാർ പരസ്പരം കൊണ്ടുവന്ന വസ്ത്രങ്ങൾ മാറുന്നതാണ് അടുത്തത്. പിന്നീട് അച്ഛൻ മകളെ കണ്ഠസൂത്രം (താലി) അണിയിക്കുന്നു. പൊതുവെ മററു സമുദായങ്ങളിൽ വിവാഹം എന്ന ക്രിയ തന്നെ വരൻ വധുവിനെ താലികെട്ടി സ്വീകരിക്കലാണ്. മറ്റു ചില മതസ്ഥർക്ക് വെറും 'കരാറാ'ണ് വിവാഹം. എന്നാൽ ബ്രാഹ്മണർക്കിടയിൽ മാത്രം വധുവിന്റെ അച്ഛനാണ് ഗായത്രിമന്ത്രം ജപിച്ച താലിച്ചരട് കെട്ടിക്കുന്നത്. ഇതിനു പൂണൽ ചരടെന്നു പറയും. ഈ ചരടിലാണ് താലി കോർക്കുന്നത്. സ്വർണ്ണത്താലിയുടെ ആവശ്യം ചരടിന്റെ കൂടെ സ്വർണ്ണമുണ്ടെങ്കിൽ സ്ത്രീകൾക്കുള്ള അശുദ്ധി പൂണൂൽ ചരടിനെ ബാധിക്കില്ലെന്നാണ് അഭിജ്ഞമതം. സമാവർത്തനം കഴിഞ്ഞു ഗൃഹസ്ഥാശ്രമത്തിലേക്ക്

പ്രവേശിക്കാൻ അർഹത നേടിയ വരനു തുല്യമായ യോഗ്യത വധുവിനും നൽകുന്നതാണ് ഈ പൂണൂൽ ചരടണിയിക്കൽ. ഇതോടെ നമ്പൂതിരി സ്ത്രീകൾക്ക് 'നേദിക്കൽ' തുടങ്ങിയ ' തേവാര'ത്തിനു അർഹതയായി.

കാലങ്ങളായി പെൺകുട്ടികൾക്ക് ഉപനയനാദിക്രിയകൾ പതിവില്ല. എന്നാൽ പണ്ടു സ്ത്രീകൾക്കും ഉപനയനാദി ക്രിയകളും മന്ത്രാചരണത്തിനുള്ള അധികാരവും ഉണ്ടായിരുന്നു .ശ്രുതികളിലെ മൈത്രേയിയും ഗാർഗ്ഗിയും അതു പലയിടത്തും തെളിയിച്ചിട്ടുണ്ട്.

## കന്യാദാനം. പാണിഗ്രഹണം

പിന്നീട് അച്ഛൻ മകളെ ഉദകപൂർവമായി വരനെ ഏല്പിക്കുന്നതാണ് കന്യാദാനം. 'ഉദകപൂർവ'മെന്നതിനു വെള്ളത്തോടുകൂടി. അതായത് ജലം സാക്ഷിയാക്കിയെന്നർത്ഥം. 'സഹധർമ്മം ചരത:'(ഒന്നിച്ചു ധർമ്മമാചരിക്കുക') എന്ന മന്ത്രധ്വനിയോടെ അച്ഛന്റെ മലർത്തിപിടിച്ച കയ്യിലേക്ക് ഓയ്ക്കൻ ഒഴിക്കുന്ന വെള്ളം, അതിനുതാഴെ വധുന്റെ കൈവെള്ളയിലൂടെ ഒഴുകി വരന്റെ ഉള്ളംകയ്യിൽ വീഴിക്കുന്നതാണ് ചടങ്ങ് പഞ്ചഭൂതങ്ങളിൽ രണ്ടാം സ്ഥാനത്തുള്ള ജലസ്പർശത്തോടെ ഒരു ദാനം ചെയ്യുന്നത്, ദാതാവിന്റെ എല്ലാ അധികാരാവകാശങ്ങളും ഗൃഹീതനു ലഭിക്കുമെന്നതുകൊണ്ടാണ്. അതോടെ കന്യക വിവാഹചടങ്ങുകളിൽ തീർത്തും വരന്റേതായി. തുടർന്നു വരനാകട്ടെ പാണിഗ്രഹണം എന്ന പവിത്രമായ കർമ്മത്തിലൂടെ മണവാട്ടിയെ തന്റെ പത്നിയും സഹധർമ്മിണിയുമാക്കുന്നു. വധുവിന്റ വലതു കൈവിരലുകൾ മുകുളം പോലാക്കിയത് 5 വരലും ചേർത്തു പിടിക്കുന്നു. അപ്പോൾ ജപിക്കുന്ന പ്രസിദ്ധമായ ' ഗൃഭ്ണാമി തേ സൗഭഗത്വായ ഹസ്തം-' എന്ന ഋഗ്വേദ മന്ത്രത്തിന്റെ അർത്ഥം.

'ഭഗനും, അര്യമാവും, സവിതാവും പൂഷാമുമെല്ലാം ഗൃഹസ്ഥാശ്രമം അനുഷ്ഠിക്കാൻ നിന്നെ എനിക്കു തന്നിരിക്കുന്നു.'വളരെ അർത്ഥവത്തായ മാതൃകാ ദാമ്പത്യമാണ് പ്രാർത്ഥനാ വിഷയം. അർത്ഥം കൊണ്ടും, ഉദാത്തമായ ഉപമകളെ വെച്ചും, അലങ്കാരവിന്യാസങ്ങളെ കൊണ്ടും വേദത്തിലെ സാഹിത്യ ഭംഗി മുറ്റിയ മന്ത്രങ്ങൾ ശ്രദ്ധേയമാണ്. വധുവിന്റ കൈ പിടിച്ചു അഗ്നിയെ വലം വെക്കുമ്പോൾ ചൊല്ലുന്ന മന്ത്രങ്ങൾ ഉത്കൃഷ്ട ചിന്തകൾ ഉൾക്കൊള്ളുന്നതാണ്.അക്ഷരം സ്വരത്തോടു ചേരുന്ന പോലെയും, ആകാശം ഭൂമിയോട് ചേരുന്ന പോലെയും നാം ഒന്നിക്കുന്നു. നാം വേർപെടുത്താനാവാത്ത വിധം കൂടിച്ചേർന്നു ഐക്യം പ്രാപിച്ചിരിക്കുന്നു. നമുക്ക് സന്തതികളെ ഉല്പാദിപ്പിക്കാം, ഏകപ്രിയന്മാരായി ,സൗമനസ്യം ആചരിക്കുന്നവരായി നൂറു ശരത്കാലം ജീവിക്കാം..

അടുത്തു നടത്തുന്ന മലർ ഹോമം 'ഇവളെ പിതാവിൽ നിന്നു വിടർത്തി തന്നോടു ചേർക്കു വാനുമുള്ള പ്രാർത്ഥനയോടെയാണ്. മലർഹോമം തുടങ്ങുന്നതോടെ പങ്കെടുക്കാനെത്തിയവർ 'വേളി ഓത്ത്' ഉറക്കച്ചെല്ലാൻ തുടങ്ങും. നമ്പൂതിരിമാരിലെ കൗഷീതകചരണക്കാർ ഈ സമയം വെളി ഓത്തിനു പകരം' പ്രൈഷം' ചൊല്ലുന്നതാണ് രീതി. ഉദ്ദേശ്യം ഏറെക്കുറെ ഒന്നു തന്നെ.




വധുവിനെ കല്ല് ചവിട്ടിപ്പിക്കുന്നതും, ഏഴടി നടത്തിക്കുന്നതും, കല്ലിനെപ്പോലെ സ്ഥിരചിത്തയാവാനും, ജീവിതത്തിൽ നേടേണ്ടുന്ന നേട്ടങ്ങൾക്കു എങ്ങനെ അടിവെച്ചടിവെച്ചു മുന്നേറണമെന്നു ഓർമ്മിപ്പിക്കാനുമാണ്. പിന്തുടരുന്ന വേദത്തിനനുസരിച്ചു ചില മന്ത്രങ്ങൾ മാറ്റത്തിനു വിധേയമാണ്.

സഹസ്രാബ്ദങ്ങൾക്കു ശേഷവും, ഈ ക്രിയകളിലെ അന്തസ്സാരവും ഔചിത്യവും അതിശയിപ്പിക്കുന്നതാണ്. ചില ഉദാഹരണങ്ങൾ മാത്രം മതി ഇതു തെളിയിക്കാൻ. ഏഴടി വെക്കുന്ന നേരത്ത് വരൻ ചൊല്ലുന്ന' സഖാ സപ്തപദാ ഭവ' എന്ന മന്ത്രത്തിന്റെ ആശയം നോക്കു.

'നാമിരുവരും സഖാക്കളായി .ഞാൻ നിന്റെ സഖ്യത്തിൽ നിന്നു വിട്ടുപിരിയില്ല. നീയും എന്നോടുള്ള സഖ്യത്തിൽ നിന്ന് പിരിയരുത്. പരസ്പരം സ്നേഹമുള്ളവരായി സുമനസ്സുകളായി അന്നത്തെയും ശരീരപോഷണത്തെയും അനുഭവിക്കാം. ഐക്യത്തോടെ കുടുംബം നടത്താം.'

മറ്റൊരു പ്രാർത്ഥന. .സാമവേദികൾക്ക് വേളിയുടെ ചടങ്ങായി മണവാളനും മണവാട്ടിയും ഒന്നിച്ചിരുന്നു ഉണ്ണുന്ന പതിവുണ്ട്. ചോറും കറികളും എല്ലാം ചേർത്ത് വരൻ വധുവിൻ കൊടുക്കുമ്പോൾ ചൊല്ലുന്ന മന്ത്രപ്പൊരുൾ എന്തൊരു ഉൾക്കാഴ്ചയാണ് കാണിക്കുന്നത്.

'ഹെവധു ,അന്നമാകുന്ന രത്നചിതമായ പാശത്താലും,പ്രാണരൂപിയായ ചരടിനാലും നിന്റെ മനസ്സിനെയും ഹൃദയത്തെയും കെട്ടിയിടുന്നു. എന്റെ ഹൃദയം നിന്റെ ഹൃദയത്തോടും, നിന്റെ ഹൃദയം എന്റെ ഹൃദയത്തോടും ഒന്നാവട്ടെ.'



എന്തൊരു കാഴ്ചപ്പാട് ! എന്തൊരു പുരോഗമനം. വൈദിക കാലത്തെ പ്രായോഗിക നേർക്കാഴ്ചയോടു കൂടിയ സാമൂഹ്യവ്യവസ്ഥ ഭൗതിക സുഖങ്ങളെല്ലാം അനുഭവിച്ചു പുത്രപൗത്രലാഭത്തോടെ പ്രാപ്തവാർദ്ധക്യന്മാരായി ദമ്പതിമാർ ജീവിക്കുമാറാകട്ടെ എന്നാണു . അതിനു അർദ്ധാംഗിയായ പത്നിയും, കുടുംബിനിയുമായ നീ കൂടെ വേണമെന്നും അഭ്യർത്ഥന. ഇതോടു കൂടെ ചേർത്തു കാണേണ്ടതാണ് 'മൂർദ്ധനി സ്പർശം' പോലുള്ള ചടങ്ങുകൾ. വേളി ക്രിയകളിൽ പുത്രപൗത്രാദികളും , ഭൗതിക നേട്ടങ്ങളും അർത്ഥിക്കുന്ന നിരവധി ക്രിയാ സന്ദർഭങ്ങളുണ്ട്. എന്നാൽ വധൂവരന്മാരുടെ ആത്മാക്കളുടെ ഐക്യം - ഏകീകരണം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് 'മൂർദ്ധ നീസ്പർശം' എന്ന ക്രിയ. വധൂവരന്മാരെ ഇണക്കി വിളക്കിച്ചേർക്കുന്ന കർമ്മമാണത്.

## വധുവിന്റെ അഭ്യർത്ഥന

സാധാരണയായി വിവാഹകർമ്മങ്ങളിൽ വധുവിനു എല്ലാം കാണുന്ന ഒരു സാക്ഷിയുടെ സജീവ സാന്നിധ്യമേ ആവശ്യമുള്ളു. ചില വിശ്വാസങ്ങളിൽ അവരുടെ സാന്നിധ്യം പോലും പലപ്പോഴും അനിവാര്യമല്ല. കല്യാണം പുരുഷന്മാർ തമ്മിലെ ഒരു വെറും കരാറിലെക്ക് ചുരുങ്ങുമ്പോൾ പവിത്രത കൈമോശം വരുന്നു.

ഇവിടെ, മുഖദർശനത്തിനു ശേഷം 'സഹധർമ്മം ചരത:' എന്ന നിർദ്ദേശം മുതൽ ഇതുവരെയുള്ള പതിയുടെ വാക്കുകളും ക്രിയകളും ശ്രദ്ധിച്ചിരുന്ന പത്നിയുടെ പ്രതിജ്ഞയോളമെത്തുന്ന സമ്മതവാക്കാണ് ഈ പ്രാർത്ഥന.

വരൻ 'ജീവപത്നീ പ്രജാം വിന്ദേയ' എന്ന മന്ത്രം വധുവിന മുറിച്ചു ചൊല്ലിക്കൊടുക്കുന്നത് അവൾ ഏറ്റു ചൊല്ലുന്നതാണ് പ്രാർത്ഥന.

'ആയുഷ്മാനായ ഭവാനോടു ചേർന്നു കർമ്മാനുഷ്ഠാനങ്ങൾ ചെയ്തു പുത്രപൗത്രാദി സൗഭാഗ്യങ്ങൾ നേടുമാറാകട്ടെ' എന്നാണു മന്ത്രസാരം.

ഇതിലൂടെ വധു വേദിയിലിരുന്നു കേൾവിക്കാരിയായി, യാന്ത്രികമായി ചൊൽപടിക്കു നിൽക്കുന്നവൾ മാത്രമാണെന്ന ശങ്ക തീരുന്നു. തന്റെ കടമ സഹായിയായും, പങ്കാളിയായും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ബാധ്യതകൾ നിറവേറ്റലാണെന്ന തിരിച്ചറിവുണ്ടെന്നു വ്യക്തമാവുന്നു, ഇതോടെ.

## കുടിവെപ്പ്

വേളിക്രിയകൾക്കു സാക്ഷിയാവാൻ വന്ന സുഹൃത് / ബന്ധുക്കൾ ചൊല്ലുന്ന വേളി ഓത്ത് വധൂവരന്മാർക്കുള്ള ഉപദേശവും പ്രാർത്ഥനകളുമാണ്. അതിൽ വരന്റെ അച്ഛൻ, അമ്മ തുടങ്ങിയവർക്കെല്ലാം നീ സാമ്രാജ്ഞിയായിരിക്കുക, രഞ്ജിപ്പുളവാക്കുകയെന്നു സാരം. അങ്ങനെ സദുദ്ദേശത്തോടെയുള്ള നർദ്ദേശങ്ങളാണെല്ലാം.

വരന്റെ വീട്ടിലെക്ക്, താൻ സാമ്രാജ്ഞിയായി വാഴേണ്ട ആസ്ഥാനത്തെത്തി എങ്ങനെ എല്ലാവർക്കും അഭിമതയായിരിക്കണമെന്നതിന്റെ ഒരു മാതൃകയാണ് വധുവിന്റെ ആദ്യത്തെ കുടിവെപ്പ്. അതിനനുകൂലമായ ചടങ്ങുകൾ നിറഞ്ഞതാണ് ഗൃഹപ്രവേശം.

അങ്ങനെ ഏതു കാലത്തും അഭിലക്ഷിക്കാവുന്ന, സൗഭാഗ്യ സമ്പന്നമായ ദാമ്പത്യമായിരുന്നു ത്രികാലജ്ഞരായ ഋഷിമാർ വിവാഹകർമ്മ/സൂക്തങ്ങളിൽ കോർത്തിണക്കിയത്.

വേദമുണ്ടായി അഞ്ചാറു സഹസ്രാബ്ദങ്ങൾക്കുശേഷം ഇന്നും വളരെ പ്രസക്തമായ പ്രൈഷവും, വേളി ഓത്തും മലയാളത്തിലാക്കി ആ മുഹൂർത്തത്തിൽ വിതരണം ചെയ്യേണ്ടതാണ്.

'വിവാഹപൂർവ ബോധന' ത്തിനു ഏറ്റം അനുയോജ്യമായ ഉപദേശം. ●


കെ.എം.എസ്. ഭട്ടതിരിപ്പാട്
ഗുരുപവൻ കാവനാട്ട്
കോട്ടപ്പടി, കോട്ടക്കൽ- 69503
9744999300

# ശതാഭിഷേകം

## 22.03.2026



**ഉമാദേവി അന്തർജനം**
W/o എറിയാട് കൃഷ്ണൻ നമ്പൂതിരി (late)
കൊളപ്പറമ്പ്. (P.O.).
പാണ്ടിക്കാട്, മലപ്പുറം. ജില്ല

*ഗായത്രി എറിയാട്*

മൂത്തേടത്താണു ജനനം,
വെങ്ങലാറ്റിലമ്മതൻ പൊന്നോമലായ്,
പാർവതി ദാമോദരർക്കുമകളായ്,
ഏട്ടൻമാർക്കനുജത്തിയായ്.

ഉണ്ണിമായക്കുണ്ടല്ലോ,
മൂന്നനുജത്തിമാർപിന്നെ,
വാത്സല്യമേറുമനുജൻ
നാരായണൻ.
വാണല്ലോ സസുഖം -
അവരൊത്തുനന്നായ്
പിന്നെ വന്നെത്തി മംഗല്യവും

കേളേഴും എറിയാട്ടുമനയ്ക്കൽ,
കൃഷ്ണൻ നമ്പൂതിരിക്കുവേളിയായ് -
കുടിവെച്ചു, സഖിയായ്പാരം
അന്നപൂർണേശ്വരിക്കും ദാസിയായ്.

കാരുണ്യ മോലുംകടാക്ഷങ്ങളാൽ
കാത്തിടുമമ്മേ രക്തേശ്വരി
ആപത്തുകളകറ്റി വാണീടും
കാവിലെ നാഗരാജൻ'.
ഉണ്ണിക്കണ്ണനായി ചിരിതൂകി
മേവുന്നോരമ്പലക്കണ്ണനും വന്ദനം.
കൊണ്ടാടിടുമഖിലമിവരെ കളം പാട്ടായ്
പൂജയായി,
നിത്യ തേവാരമായ് പിന്നെ
സദാ നാവിലെസ്തോത്രങ്ങളായി.

'ഉണ്ടായി നാലു സുതന്മാർ പിന്നെ'
സാരമേറിടുമൊരു പുത്രിയും.
ഉണ്ണികൃഷ്ണൻ,ദാമോദരൻ, ഗീത
മനോജൻ വിഷ്ണുവങ്ങിനെ.

അച്ഛനൊപ്പം ചേർന്നു നേടി-
യശ്ശസ്സും സത്കീർത്തിയും,
എറിയാടിനു സദാവിളക്കായ്
കാവലായ് ആഘോഷമായ്.

കൊണ്ടാടി ഉത്സവങ്ങൾ
ഓണവും തിരുവാതിര,
ആഘോഷിച്ചു വേണ്ടവിധത്തി ലെല്ലാം-
പിന്നെ പിറന്നാളുകൾ വേളികൾ.

കണ്ടു പേരക്കിടാങ്ങൾതൻ കളിയും,
ചാപല്ല്യബാല്യങ്ങളും
കാണായീഅവർ തൻ നേട്ടങ്ങൾ
പിന്നെ മോഹങ്ങൾ പോൽ കർമ്മവും.

പതിയോടൊത്തുവാണു -
സസുഖം സംവത്സരങ്ങൾ,
കൊണ്ടാടിവേഷങ്ങളങ്ങിനെ
അമ്മയായ് മുത്തശ്ശിയായ് '

ഇന്നീ മീനത്തിൽ ചേലെഴും
ഭരണി നാളിൽ,
ചേർന്നെത്തി ബന്ധു ജനങ്ങൾ
പിന്നെ മക്കളും ചെറു മക്കളും,

കൊണ്ടാടുന്നല്ലോ അമ്മ തൻ തിരുനാൾ,
ശതാഭിഷേകമായ്സന്തോഷമായ്
നേരട്ടെ ആശംസകൾ ഞങ്ങൾ '
അമ്മക്കിഹ മംഗളങ്ങൾ.

ഇനിയും വാണീടട്ടെ സസുഖം ,
എറിയാടിന്നു സത്കീർത്തിയായ്
ശോഭയായി.
ചൊരിയട്ടെ ഭഗവാൻ സദാമോദവും
ആരോഗ്യവും '.
ഇന്നീ... ശതാഭിഷേകനിറവിൽ
നേരട്ടേ ആശംസകൾ ഞങ്ങൾ
അമ്മക്കിഹ മംഗളങ്ങൾ .
നേരട്ടെ ആശംസകൾ ഞങ്ങൾ
അമ്മക്കിഹ മംഗളങ്ങൾ .

**ആശംസകളോടെ...**

മക്കൾ
മരുമക്കൾ
പേരക്കുട്ടികൾ







# പറമ്പിടി ഇല്ലത്തെ തിറയ

ഇല്ലപ്പെരുമ / പറമ്പിടി പുതുശ്ശേരി ഇല്ലം

**താമരക്കുളം ദിവാകരൻ**



കക്കോടി പഞ്ചായത്തിലെ കിഴക്കുമ്മുറിയിലേയും ചുറ്റുവട്ടത്തേയും നാട്ടുകാർക്ക് നാട്ടിലെ ഏറ്റവും വലിയ ഉത്സവമാണ് പറമ്പിടി പുതുശ്ശേരി തിറ. കുംഭമാസം 8 നാണിത്. ജനനിബിഢമായിരിക്കും ഇല്ലപ്പറമ്പും വഴികളും. നാലായിരത്തോളം ആളുകൾ പ്രസാദ ഊട്ടിനുണ്ടാകാറുണ്ട്.

ഭഗവതി, പരദേവത, കരിങ്കുട്ടി, പൂക്കുട്ടി, കരിയാത്തൻ, നാഗകാളി എന്നിവരുടെ തിറകളും, വെള്ളാട്ടും, ചാന്തു തിറയുമായി 20 ൽ കൂടുതൽ കോമരങ്ങളും ഭയഭക്തി സാന്ദ്രമായ അന്തരീക്ഷവും കണ്ണിന് ദൃശ്യവിരുന്ന് സമ്മാനിക്കുന്ന ദിവസം. സാധാരണ കോമരങ്ങൾക്ക് ചുവന്ന പട്ടാണെങ്കിൽ കുട്ടിച്ചാത്തന് കറുത്ത പട്ടാണ് പതിവ്. നാഗക്കോമരങ്ങൾ നിലത്തു കൂടി ഇഴയുന്ന രൂപത്തിലാണ്.

ദീർഘനാളത്തെ വ്രതം കഴിഞ്ഞ് ഉറഞ്ഞുതുള്ളി ഭക്തിപാരമ്യത്തിലെത്തി വരുന്ന കോമരങ്ങൾ ഏതൊരു നാസ്തികന്റേയും ഹൃദയം ഭക്തിയാൽ നിറക്കും. രണ്ടു വർഷം മുൻപാണ് പരീക്ഷയെഴുതികൊണ്ടിരിക്കുന്ന ഒരു പതിനഞ്ചുകാരൻ ഹാളിൽ നിന്നും ഉറച്ചിലെടുത്ത്

# ...ുത്സവം നാടിന്റെ കുംഭമേള



പറമ്പിടി പുതുശ്ശേരി യിലെത്തിയത്. 93 വയസ്സുള്ള ശ്രീധരൻ നായർ എന്ന ഭഗവതി കോമരം ഒരു മണിക്കൂർ ഉറഞ്ഞു കൽപ്പിക്കുന്നത് അദ്ഭുതാദരങ്ങളോടെ മാത്രമേ കാണാൻ കഴിയൂ.

ഒരു ക്ഷേത്രത്തിന്റെ പവിത്രതയും അന്തരീക്ഷവുമാണ് പറമ്പിടി പുതുശ്ശേരി തറവാടിന്. പറമ്പിടി പുതുശ്ശേരി ഇല്ലം കോഴിക്കോട്ടു നിന്ന് 13 കി മീ വടക്ക് കക്കോടി പഞ്ചായത്തിലെ കിഴക്കുമ്മുറിയിലാണ്. ഏതാണ്ട് 400 വർഷം മുൻപാണ് പുതിയങ്ങാടിക്കടുത്തുള്ള പുത്തൂർ ദേശത്തുനിന്നും പുതുശ്ശേരി ഇല്ലക്കാരും കിഴക്കുമ്മുറി എത്തിച്ചേർന്നത്. തളിപ്പറമ്പിൽ നിന്നാണ് (പെരിഞ്ചെല്ലൂർ ഗ്രാമം )പുതുശ്ശേരി ഇല്ലത്തെ പൂർവ്വികൾ പുത്തൂരിൽ എത്തിയത് എന്ന് കേട്ടറിവുണ്ട്. തളിപ്പറമ്പിൽ ചുടല എന്ന സ്ഥലത്ത് കപാലി ഇല്ലത്തിനടുത്ത് പുതുശ്ശേരി പറമ്പ് ഇപ്പോഴുമുണ്ട്. പുതുശ്ശേരി ഇല്ലം വക ഒരു വിഷ്ണുക്ഷേത്രം (നരസിംഹമൂർത്തി സങ്കൽപ്പത്തിൽ) ഇപ്പോഴും ഉണ്ട്. കക്കാട്ട് അമ്പലം എന്നറിയപ്പെടുന്ന ക്ഷേത്രം മാപ്പിള ലഹളയിൽ പൂർണ്ണമായി തകർക്കപ്പെട്ടു. അടുത്ത കാലത്താണ് പുനർനിർമ്മാണവും നവീകരണവും നടത്തിയത് പുതുശ്ശേരി ഇല്ലത്തെ ഇപ്പോഴത്തെ കാരണവർ കൃഷ്ണൻ നമ്പൂതിരിയാണ്. ഇല്ലത്തും ഭഗവതി, കരിയാത്തൻ, പരദേവത, അയ്യപ്പൻ തുടങ്ങിയ ചൈതന്യങ്ങളെ തേവാരമായി ആരാധി


തൃക്കുടയെ എതിരേൽക്കുന്ന നമ്പൂതിരിമാർ


ശ്രീധരൻ നായർ- 93 വയസ്സായ കോമരം

ക്കുന്നുണ്ട്.

പറമ്പിടി പുതുശ്ശേരിയിലെ എല്ലാ കാര്യങ്ങൾക്കും പുതുശ്ശേരി ഇല്ലക്കാരുമുണ്ട്. ട്രസ്റ്റി രക്ഷാധികാരിയും തറവാട്ട് കാരണവരും ആണ് പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരി. അദ്ദേഹം ലക്ഷദ്വീപ് പോലീസിലായിരുന്നു. തറവാടിലെ പൂജാദികാര്യങ്ങൾ നിവൃത്തിക്കാനും അച്ഛനമ്മമാരെ സംരക്ഷിക്കാനുമായി ജോലി രാജി വെച്ച് തറവാട്ടു ഭരണം ഏറ്റെടുത്തു.

പയിമ്പ്രയിലെ നടുവിലാട്ട് (നമ്മണത്ത്) ഇല്ലത്തെ മൂസതിന്റെ കുടുംബ ക്ഷേത്രത്തിൽ പൂജകൾ ചെയ്തു കൊണ്ടിരുന്നത് പറമ്പിടി ഇല്ലക്കാരായിരുന്നു. പറമ്പിടി ഇല്ലം ഒരു വൃദ്ധ ദമ്പതികൾ മാത്രമായി അന്യം നിന്നു പോയപ്പോഴാണ് തേവാരവും പയമ്പ്രക്കാവിലേയും ആനോപ്പാറ ക്ഷേത്രത്തിലേയും പൂജകളും നടത്താനായി ജന്മിയായ മൂസ്സത് പുതുശ്ശേരി ഇല്ലക്കാരെ കൊണ്ടുവന്നത്. പറമ്പിടി ഇല്ലപ്പറമ്പിന്റെ തൊട്ടടുത്ത ഭൂമിയാണവർക്ക് നൽകിയത്. അവിടെയാണ് ഇപ്പോൾ ഇല്ലം സ്ഥിതി ചെയ്യുന്നത്. പിന്നീട് പറമ്പിടിയും പുതുശ്ശേരിയും ഒന്നായി പറമ്പിടി പുതുശ്ശേരി എന്നറിയപ്പെട്ടു. ആദ്യകാലത്ത് ഇല്ലത്തിന്റെ അടുക്കളയിൽ തന്നെയായിരുന്നുവത്രേ തേവാരദേവതകളെല്ലാം ഉണ്ടായിരുന്നത്. പറമ്പിടി പുതുശ്ശേരി ഇല്ലത്തെ കൃഷ്ണൻ നമ്പൂതിരിയാണ് ഇന്ന് കാണുന്ന ഇല്ലം നിർമ്മിച്ചതും പള്ളിയറയിലേക്ക് ദേവതകളെ മാറ്റി ആരാധന തുടർന്നതും

പറമ്പിടി പുതുശ്ശേരി തറവാട്ടിൽ പറമ്പിടി ഇല്ലത്തെ ഭഗവതി, പോർളാതിരിയുടെ ഭഗവതി, കരിയാത്തൻ, പരദേവത, നാഗം, കരിങ്കുട്ടി, പൂക്കുട്ടി ഇതെല്ലാം ഒന്നിച്ച് ബഹുവേര സമ്പ്രദായത്തിൽ ഒരേ പീഠത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. പുറത്തായി ഒരു ശ്രീകോവിലിൽ അയ്യപ്പനേയും പ്രതിഷ്ഠിച്ചിരിക്കുന്നു. പോർളാതിരി രാജാവിനേ രാജരക്ഷസ്സ് എന്ന പേരിലും പ്രതിഷ്ഠിച്ചിരിക്കുന്നു. എല്ലാവർക്കും നിത്യനിദാനങ്ങളുണ്ട്.

പറമ്പിടി പുതുശ്ശേരി പോർളാതിരിയുടെ ഭഗവതിയും, വീരരക്ഷസ്സും ഉണ്ടായതിനും ഉപോൽബലകമായ കഥകളുണ്ട്.

പറമ്പിടി ഇല്ലത്തെ ഗുരുധിക്കും തിറക്കും പോലൂർ പാണരുടെ സാനിദ്ധ്യം നിർബന്ധമാണ്.തങ്ങളുടെ പൂർവ്വികർ രാജാവിന് സമർപ്പിച്ച ഓലക്കുടയുടെ പ്രതീകമായി ഉത്സവദിവസം അവരുടെ ഗൃഹത്തിൽ


തിറയുടെ കോമരങ്ങൾ


മേളം

ഒൻപതാം നൂറ്റാണ്ടു മുതൽ പോളനാട് (പോലൂർ ) ഭരിച്ചിരുന്നത് പോർളാതിരിമാരായിരുന്നു. തെക്ക് ചാലിയാർ മുതൽ കോരപ്പുഴവരെ വ്യാപിച്ചു കിടന്നിരുന്ന പോളനാടിന്റെ ഭാഗമായിരുന്നു, വയനാട്ടിലെ വെള്ളരിമല. വൈത്തിരി , പുതുപ്പാടി, നെല്ലിപ്പൊയിൽ, കോടഞ്ചേരി, തിരുവമ്പാടി, പന്നിക്കോട്, കൊടിയത്തൂർ, മാവൂർ, ഒളവണ്ണ, പന്തീരാങ്കാവ് എന്നീ പ്രദേശങ്ങൾ.

ചാലിയാറിന് തെക്കുഭാഗത്തുള്ള ഏറനാട് ഭരിച്ചിരുന്ന നേടിയിരിപ്പ് സ്വരൂപം (ഇന്നത്തെ സാമൂതിരി ) വാണിജ്യപരമായി വളർന്ന കോഴിക്കോടിൽ കണ്ണുവെച്ചു തുടങ്ങി. പോളനാടും സാമൂതിരിയും തമ്മിൽ 18 വർഷം യുദ്ധം നടന്ന സ്ഥലമാണ് പടനിലം.

അക്കാലത്ത് പുഴാതിനായരും സൈന്യവും (മുപ്പതിനായിരം ഭടന്മാർ) കൂറുമാറി സാമൂതിരിയുടെ പക്ഷം ചേർന്നിരുന്നു. ചാലപ്പുറത്ത് കെട്ടിലമ്മയെ നാല് ആനയും നാലായിരം പണവും നൽകാമെന്ന് വ്യാമോഹിപ്പിച്ചു. പോലൂരിലെ ആഞ്ഞിലോറക്കുന്ന് കോട്ടയിലെ നിലവറയിൽ പോർളാതിരി തേവാരം നടത്തുന്നതിനിടയിൽ കെട്ടിലമ്മ കാര്യക്കാരെ കൊണ്ട് കോട്ടവാതിൽ തുറന്നു കൊടുത്തു. കോട്ടയിൽ കയറിയ സൈന്യം മൂന്ന് കുറ്റി വെടി പൊട്ടിച്ചു കൊണ്ട് അധികാരം സ്ഥാപിച്ചു. നിലവറയിൽ നിന്നുള്ള രഹസ്യമാർഗ്ഗത്തിലൂടെ പുറത്തുകടന്ന പോർളാതിരി രാജചിഹ്നങ്ങളില്ലാതെ ഏകവസ്ത്രനായി പോകുന്നത് കണ്ട പോലൂർ പാണൻ പുതുതായി ഉണ്ടാക്കിയ ഓലക്കുട രാജാവിന് കാഴ്ചവെച്ചു.

താൻ പൂജിച്ചിരുന്ന ഭരദേവതയുടെ വിഗ്രഹവുമായി പോർളാതിരി വരുന്നതു കണ്ട പറമ്പിടി ഇലത്തെ വൃദ്ധ ദമ്പതിമാർ അദ്ദേഹത്തെ യഥോചിതം സ്വീകരിച്ചു, അമൃതേത്ത് നൽകി. സംപ്രീതനായ രാജാവ് തന്റെ ഭരദേവതാവിഗ്രഹം അവിടെ സമർപ്പിച്ചു. 'ഇത് ശ്രദ്ധയോടെ പൂജിച്ചോളൂ, അന്നത്തിന് മുട്ടുണ്ടാവില്ല' എന്ന് അനുഗ്രഹിച്ച് യാത്ര തുടർന്നു.

'തൃക്കുട' പൂജിച്ച് എഴുന്നള്ളിച്ചു കൊണ്ടുവരും. ആ തൃക്കുട സമർപ്പിച്ച ശേഷമാണ് തിറയുടെ മേളവും വെള്ളാട്ടും തിറയാട്ടവും അവർ ആരംഭിക്കുന്നത്

'എല്ലാ വർഷവും മകരച്ചൊവ്വക്ക് ഗുരുധിയും, മകരത്തിലെ മുപ്പട്ട ബുധനാഴ്ച നാഗത്തിന് കൊടുക്കലും, കുംഭമാസം 8ന് തിറയും കൊണ്ടാടുന്നുണ്ട് പഴയ പറമ്പിടി ഇല്ലത്ത് ദേവീവിഗ്രഹം നൽകിയ പോർളാതിരി രാജാവിനെ ' രാജരക്ഷസ്സ് ' (വീരരക്ഷസ്സ്) എന്ന സങ്കൽപ്പത്തിൽ പ്രതിഷ്ഠിച്ച് നിത്യനിദാനങ്ങൾ ചെയ്തു വരുന്നു. മകരച്ചൊവ്വ ഗുരുധി കഴിഞ്ഞാൽ തിറവരേയുള്ള എല്ലാ ചൊവ്വാഴ്ചകളിലും ഭക്തന്മാരുടെ വഴിപാട് ഗുരുതികളും ഉണ്ടാകാറുണ്ട്. ധാരാളം ഭക്തജനങ്ങൾ നിത്യവും എത്തിച്ചേരുന്ന ഒരു ക്ഷേത്രമായിരിക്കുന്നു ഇത്.

നിത്യനിദാനത്തിനു പുറമേ എല്ലാ ദിവസവും കഠിനപ്പായസം, രക്തപുഷ്പാഞ്ജലി, ഗുരുതി വഴിപാട് ഉണ്ടായിരിക്കും. അവിൽ കുഴച്ചത് കുട്ടിച്ചാത്തനുള്ള വഴിപാടാണ്. മറ്റു പ്രധാന ആഘോഷങ്ങൾ മകരചൊവ്വ, നാഗത്തിനു കൊടുക്കൽ, തിറ, നവരാത്രി എന്നിവയാണ്.

മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ചയാണ് (മകരച്ചൊവ്വ ) ഗുരുധി. അന്നു മുതൽ കുംഭമാസത്തിലെ തിറ വരെ വഴിപാടുകളടക്കം എല്ലാ ചൊവ്വാഴ്ചയും വലിയ ഗുരുധി ഉണ്ടാകാറുണ്ട്

മകരത്തിലെ മുപ്പട്ട ബുധനാഴ്ചയാണ് നാഗത്തിനു കൊടുക്കൽ. പ്രധാന വഴിപാടുകൾ പായസവും ഒറ്റയുമാണ്. വഴിപാടായി 400-500 ഒറ്റകൾ ഉണ്ടാകും.

തറവാട്ടിൽ നിന്നും 300 മീറ്റർ അകലെയുള്ള തറയിലാണ് കുട്ടിച്ചാത്തന്മാർക്കായി മദ്ധ്യമ രീതിയിലുള്ള കർമ്മങ്ങൾ നടത്താറ്. മദ്യവും കോഴിയുമാണ് വഴിപാട്. ഇല്ലത്തുള്ളവർ അങ്ങോട്ടു പോകാറില്ല. പാണ വിഭാഗത്തിൽ പെട്ടവരാണ് അതിനുള്ള അവകാശികൾ. നൂറുകണക്കിന് മദ്യകുപ്പികളും അതിലെത്രയോ കൂടുതലായി കോഴികളും വഴിപാടായി വരാറുണ്ട്.

ഭഗവതി പ്രധാനമായതുകൊണ്ട് നവരാത്രിയും നല്ല രീതിയിൽ ആചരിക്കാറുണ്ട്. 500 ൽ കൂടുതൽ പുസ്തകക്കെട്ടുകൾ പൂജിക്കാനായി എത്താറുണ്ട്. 200 ഓളം വാഹന പൂജകളും. ഓരോവർഷവും 60 മുതൽ 100 വരെ കുട്ടികളെഎഴുത്തി നിരുത്താറുമുണ്ട്.



കരിയാത്തൻ, പരദേവത



ഭഗവതി

## കൃഷ്ണൻ നമ്പൂതിരി -ശ്രീദേവി അന്തർജനം (മലയമ്മ ഇല്ലം)

1) കൃഷ്ണൻ നമ്പൂതിരി- പാർവ്വതി അന്തർജനം സീത അന്തർജനം (രണ്ടും കുറ്റ്യാട്ട് ഇല്ലം)
2) സാവിത്രി അന്തർജനം - നാരായണൻ നമ്പൂതിരി (കല്ലറ ഇല്ലം)
3) വാസുദേവൻ നമ്പൂതിരി - ശ്രീദേവി അന്തർജനം (തേവർകാട് മന)
4) ദേവകി അന്തർജനം - ത്രിവിക്രമൻ നമ്പൂതിരി പിലാശ്ശേരി (കൊറ്റിവട്ടത്ത് ഇല്ലം)
5) നാരായണൻ നമ്പൂതിരി - രോഹിണി അന്തർജനം (കുംഭൻ ഇല്ലം)

മുത്തച്ഛൻ കൃഷ്ണൻ നമ്പൂതിരി - ശ്രീദേവി അന്തർജനം (മലയമ്മ) മുതലുള്ള താവഴികളാണ് ഇപ്പോഴുള്ളവർ. ഇവരുടെ ഫോട്ടോകളും ലഭ്യമല്ല. മുത്തച്ഛന് 3 ആൺമക്കളും 2 പെൺമക്കളും. കൃഷ്ണൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി എന്ന 3 ആൺമക്കളും അവരുടെ മക്കളും പേരക്കുട്ടികളും കൊച്ചുമക്കളുമായി പത്ത് ഏക്കർ സ്ഥലത്ത് 12 ഭവനങ്ങളിലായാണ് പറമ്പിടി പുതുശ്ശേരി ഇല്ലക്കാർ താമസിക്കുന്നത്.

ഒന്നാം താവഴി കൃഷ്ണൻ നമ്പൂതിരി- പാർവ്വതി അന്തർജനം സീത അന്തർജനം ദമ്പതികളുടെ മക്കൾ:



*കൃഷ്ണൻ നമ്പൂതിരി, പത്നി സീത അന്തർജനം*

ഉണ്ണികൃഷ്ണൻ നമ്പൂതിരി - ഉമാദേവി (വെളിഞ്ഞിൽ), ഉഷ - കറുത്തേടത്ത് മഠം നാരായണൻ നമ്പൂതിരി, മല്ലിക - നാരായണൻ കോടി തലപ്പണ ഇല്ലം, ശ്രീധരൻ നമ്പൂതിരി (ബത്തേരി ഗണപതി ക്ഷേത്രത്തിൽ മേൽശാന്തി) - ജലജ (അമ്പിട്ടഗയത്ത് മഠം)

ശ്രീധരൻ നമ്പൂതിരിയുടെ മക്കൾ: സിദ്ധാർഥ് കൃഷ്ണൻ,



*ഉണ്ണികൃഷ്ണൻ നമ്പൂതിരി , പത്നി ഉമാദേവി*



*ശ്രീധരൻ നമ്പൂതിരിയും ജലജയും കുടുംബവും*

അനിരുദ്ധ് മാധവൻ.

ശ്രീധരൻ നമ്പൂതിരി പറവൂർ വൈരങ്കോട് ഭഗവതി ക്ഷേത്രം, തിരൂർ വൈരങ്കോട് ഭഗവതീ ക്ഷേത്രം, പാലക്കാട്



*ഉഷ- നാരായണൻ നമ്പൂതിരി*



*മല്ലിക-നാരായണൻ നമ്പൂതിരി*

മണപ്പുള്ളിക്കാവ് എന്നീ ക്ഷേത്രങ്ങളിൽ മേൽശാന്തിയായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സുൽത്താൻബത്തേരി ഗണപതി ക്ഷേത്രത്തിൽ മേൽശാന്തിയാണ്.

രണ്ടാം താവഴി: വാസുദേവൻ നമ്പൂതിരി, തേവർകാട് ശ്രീദേവി അന്തർജനം ദമ്പതിമാർക്ക് 7 മക്കൾ:

A. കൃഷ്ണൻ നമ്പൂതിരി - രമണി (മലപ്പാട്ട് ഇല്ലം). മക്കൾ: രഞ്ജിത്ത് കൃഷ്ണൻ - സരിത (എടശ്ശേരി മന). പേരക്കുട്ടികൾ: സാരംഗി, ഋത്വിക്.

b. സൂരജ് കൃഷ്ണൻ - ദർശന



*ശ്രീദേവി, വാസുദേവൻ നമ്പൂതിരി*



*കൃഷ്ണൻ നമ്പൂതിരിയും കുടുംബവും*

മക്കൾ രഞ്ജിത്തും സൂരജും HDFC ബാങ്കിലാണ് ജോലി ചെയ്യുന്നത്. രണ്ടു പേരും വിവാഹിതർ. കൃഷ്ണൻ



*നീലകണ്ഠൻ നമ്പൂതിരിയും മകനും കുടുംബവും*

നമ്പൂതിരി താമരശ്ശേരി കോട്ടയിൽ ഭഗവതി ക്ഷേത്രം, വെണ്ണിയൂർ ശിവക്ഷേത്രം എന്നിവയിൽ മേൽശാന്തിയായിരുന്നു. ഇപ്പോൾ വേങ്ങേരി ശിവക്ഷേത്രം മേൽശാന്തിയാണ്. അദ്ദേഹം അതിനിടയിൽ 5 വർഷം സൌദിയിലും ജോലി ചെയ്തിരുന്നു.



*നീതു (L) - ശ്രീകേഷ് നമ്പൂതിരിയും*

B. നീലകണ്ഠൻ നമ്പൂതിരി -ഗീത (മുതുമന ഇല്ലം)

a. നീതു (L)-പെരികമന ശ്രീകേഷ് നാരായണൻ.

പേരക്കുട്ടികൾ: രഘുറാം കേശവ്, രഘുനന്ദന ശ്രീദേവി

b. നിഖിൽ -ഗായത്രി (പയ്യളിക്ക ഇല്ലം, കരിവെള്ളൂർ)



*വാസുദേവൻ നമ്പൂതിരി (L), ഭാര്യ സാവിത്രി, മകൻ സുദേവ്*

റിട്ട. ടീച്ചർ നീലകണ്ഠൻ നമ്പൂതിരിക്ക് (മുതുമന ഗീത അന്തർജനം) . 2 മക്കൾ ആധ്യാത്മിക പ്രഭാഷകനും ഗ്രന്ഥകർത്താവുമാണ്. 15 ആം വയസ്സിൽ പൂജപഠിച്ചതു മുതൽ ഇല്ലത്തെ തേവാരവും പൂജകളും ഗുരുധിയും ഒക്കെ



*നാരായണൻ നമ്പൂതിരിയും കുടുംബവും*

ചെയ്യുന്നത് നീലകണ്ഠൻ നമ്പൂതിരിയാണ്. മറ്റുള്ളവരെല്ലാം തന്ത്രം ശാന്തി എന്നിവക്ക് പോകുന്നതിനാൽ ഇലത്തെ ഡ്യൂട്ടി നീലകണ്ഠൻ നമ്പൂതിരിക്കായി.

കോഴിക്കോട് മലപ്പുറം ജില്ലകളിലെ ബന്ധുക്കളും അല്ലാത്തവരുമായ നമ്പൂതിരിക്കുട്ടികളെ പൂജയും മറ്റും പഠിപ്പിച്ചതും നീലകണ്ഠേട്ടൻ തന്നെ.

ബാലഗോകുലമായി പ്രവർത്തിക്കുകയും അവർക്ക് ക്ലാസുകൾ എടുക്കുകയും ചെയ്യാറുണ്ട്. 1975 ൽ ചിന്മയ മിഷനിലെ ഗീത ക്ലാസുകളാണ് നീലകണ്ഠൻ നമ്പൂതിരിയെ ആധ്യാത്മിക രംഗത്ത് എത്തിച്ചത്. നിരവധി ഭഗവത് ഗീത ക്ലാസുകൾ എടുത്തിട്ടുണ്ട്. ഇപ്പോഴും തുടരുന്നു. ഭാഗവതം, നാരായണീയം, ദേവീമാഹാത്മ്യം ക്ലാസുകൾ



*രാമചന്ദ്രൻ നമ്പൂതിരിയും കുടുംബവും*

എടുത്തു വരുന്നു. അധികവും ഓൺലൈൻ ആണ്. ക്ഷേത്രങ്ങളിൽ സനാതന ധർമ്മ ക്ലാസുകളും എടുക്കുന്നു.

പഠനകാലത്ത് ഓട്ടൻതുള്ളൽ, നാടകാഭിനയം, മോണോആക്റ്റ് എന്നിവയിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. നാടകാഭിനയം 1990 വരെ തുടർന്നു. അക്ഷരശ്ലോകരംഗത്ത് ഇപ്പോഴും സജീവമാണ്

C. വാസുദേവൻ നമ്പൂതിരി (L)-സാവിത്രി പുതിയില്ലം

a. ശ്രീവിദ്യ -അഖിൽ കുഴിപ്പിള്ളി ഇല്ലം. പേരക്കുട്ടികൾ: പവിത്ര, പാർത്ഥിവ്



*ശ്രീവിദ്യ-അഖിൽ കുടുംബം*

b. സുദേവ് - ശാന്തി

വാസുദേവൻ നമ്പൂതിരി നല്ല ആർ എസ് എസ് പ്രവർത്തകനായിരുന്നു. 1998 ൽ പെരളശ്ശേരിക്ക് പോകുന്ന വഴി



*മോഹനൻ നമ്പൂതിരിയും കുടുംബവും*

വടകര വെച്ച് താൻ സഞ്ചരിച്ചിരുന്ന ബസ്സിൽ ലോറി ഇടിച്ച് സ്പോട്ടിൽ മരണം. വാസുദേവൻ നമ്പൂതിരി മരിക്കുമ്പോൾ ഭാര്യ ഗർഭിണിയായിരുന്നു. ഈ താവഴിയിലെ കൃഷ്ണൻ നമ്പൂതിരി, മോഹനൻ നമ്പൂതിരി എന്നിവരും നല്ല സംഘ പ്രവർത്തകരാണ്.

D. നാരായണൻ നമ്പൂതിരി - രാധാമണി തിരുമംഗലം ഇല്ലം

a. നിധിൻദേവ് - ഗായത്രി പേരൂർ ഇല്ലം

b. നവീൻ - തന്ത്രവിദ്യാപീഠം

വാസുദേവൻ നമ്പൂതിരിയുടെ നാലാമത്തെ മകനാണ് നാരായണൻ നമ്പൂതിരി. കഴിഞ്ഞ വർഷം മാളികപ്പുറം മേൽശാന്തിയായിരുന്ന തിരുമംഗലം വാസുദേവൻ നമ്പൂതിരിയുടെ സഹോദരി രാധാമണി അന്തർജനമാണ് ഭാര്യ. നാരായണൻ നമ്പുതിരി 18 വയസ്സു മുതൽ കഴിഞ്ഞ 46 വർഷമായി വേങ്ങേരി സകലേശ്വരീ ക്ഷേത്രത്തിലെ മേൽശാന്തിയാണ്. കമ്മറ്റിക്കാർ 15, 25 ,30 വർഷമായി ഓരോ 5 വർഷം കൂടുമ്പോഴും ആദരിച്ചുവരുന്നു. 200–300 ഭക്തർ ദിവസേന അമ്പലത്തിൽ തൊഴാൻ വരുന്നുണ്ട്. മൂത്ത മകൻ നിധിൻ ദേവ് എം.സി. ജെ കഴിഞ്ഞ് ഫ്രീലാൻസ് ജേർണലിസ്റ്റാണ്. രണ്ടാമത്തെ മകൻ നവീൻ തന്ത്രവിദ്യാ പീഠത്തിൽ നിന്ന് തന്ത്രവിശാരദ് പാസായ ആളാണ്.

E. രാമചന്ദ്രൻ നമ്പൂതിരി(ജ്യോതിഷം)- രഞ്ജിനി (വേനാട് ഇല്ലം)

a. രമ്യ - ഉണ്ണികൃഷ്ണൻ നമ്പൂതിരി പുളിയശ്ശേരി ഇല്ലം. പേരക്കുട്ടി: അദ്വൈത് വാസുദേവ്

b. വൈശാഖ് -ആതിര (കിഴിക്കിനിയകത്ത് ഇല്ലം)



*വിനോദ്കുമാറും കുടുംബവും*



*നാരായണൻ നമ്പൂതിരി, രോഹിണി ദേവനാരായണൻ, സൂര്യ*

c. കൃഷ്ണശ്രീ

രാമചന്ദ്രൻ നമ്പൂതിരി ( വേണാട് രഞ്ജിനി അന്തർജനം) 1985–86 കാലത്ത് എറണാംകുളത്ത് പേച്ചി അമ്മൻ കോവിലിൽ 4 കൊല്ലം ശാന്തിക്കാരനായിരുന്നു. ആ സമയത്താണ് ജ്യോതിഷ പഠനം. അറിവിന്റെ നിറകുടമായിരുന്ന ഗുരു ബാലകൃഷ്ണൻ നമ്പ്യാർ ശിഷ്യരേ പഠിപ്പിക്കാറേ ഉണ്ടായിരുന്നുള്ളു. സ്വന്തമായി പ്രാക്ടീസ് ചെയ്യാറുണ്ടായിരുന്നില്ല. 30 വർഷത്തോളം എരവന്നൂരിലെ അയ്യാർവട്ടം മഹാസുദർശനക്ഷേത്രത്തിൽ മേൽശാന്തിയായിരുന്നു. 1999 ൽ ജ്യോത്സ്യം പഠിച്ചതറിഞ്ഞ് കുറേ പേർ നിർബന്ധിച്ചതു കൊണ്ടാണ് ഇല്ലത്തിരുന്ന് ജ്യോതിഷം നോക്കാൻ തുടങ്ങിയത്. ആദ്യമൊക്കെ ശാന്തിയും ദ്യോതിഷവും കൂടിയായിരുന്നു. തിരക്കു കൂടിയപ്പോൾ ജ്യോതിഷം മാത്രമാക്കി. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെ. പുറത്തെവിടേയും പോകാറില്ല. മൂത്തമകൾ പെരിന്തൽമണ്ണ അൽ ഷിഫാ കോളേജിൽ ഓസ്ട്രോമെട്രി പഠിപ്പിക്കുന്നു. ഇളയവൾ അവിടെ പഠിക്കുന്നു.



*മനോജ്കുമാർ നമ്പൂതിരിയും സരസ്വതിയും കുടുംബവും*

F. മോഹനൻ നമ്പൂതിരി - ശ്രീജ മാങ്ങാട് ഇല്ലം

a. ശ്രീദേവി - മിഥുൻ പൈക്കാട്. പേരക്കുട്ടി: ഉദിത് പൈക്കാട്

b. ആര്യശ്രീ, c. വാസുദേവൻ

മോഹനൻ നമ്പൂതിരിയും രാമചന്ദ്രൻ നമ്പൂതിരിയും ഇരട്ടകളാണ്. 164 കാവുകളിൽ തന്ത്രമുണ്ട്, പറമ്പിടി പുതുശ്ശേരിക്ക്. കുറേ കുടുംബ ക്ഷേത്രങ്ങളിലും. കൂടാതെ ഷിമോഗ അയ്യപ്പ ക്ഷേത്രം, ചെന്നൈ ആർ വിഗർ അയ്യപ്പ ക്ഷേത്രം , പുതുനഗർ മണ്ഡലി അയ്യപ്പ ക്ഷേത്രം എന്നിവിടങ്ങളിലെ തന്ത്രം മോഹനൻ നമ്പൂതിരിക്കാണ്. കേരളത്തിന് പുറത്തുള്ള താന്ത്രിക പൂജാകർമ്മങ്ങൾക്ക് മോഹനൻ നമ്പൂതിരി തന്നെയാണ് പോകാറ്. എട്ടാം ക്ലാസുമുതൽ ശാഖയിൽ പോകാറുണ്ട് മോഹനൻ നമ്പൂതിരി. ഹൈസ്കൂൾ കാലത്ത് ചിന്മയ



*സജികുമാർ നമ്പൂതിരി, ഭാര്യ ധന്യ, മക്കൾ*

മിഷനി ലൂടെയാണ് സാമൂഹ്യപ്രവർത്തനം തുടങ്ങിയത്. 11 വർഷത്തോളം ക്ഷേത്രസംരക്ഷണ സമിതിയിൽ പ്രചാരക് ആയിരുന്നു. 1990 ലെ അയോദ്ധ്യ കർസേവയിൽ പങ്കെടുത്തു. മാധവ്ജിയുമായി വളരെ അടുത്ത ബന്ധമായിരുന്നു. 1982 മുതൽ ആലുവ തന്ത്രവിദ്യാപീഠത്തിന്റെ ഡവലപ്മെന്റ് പ്രവർത്തികളിൽ സജീവ പങ്കാളിത്തം.

തറവാടിന്റെ പരിപാലനച്ചുമതല മോഹനൻ നമ്പൂതിരിക്കാണ്. അതിനാലാണ് തിരിച്ചു വന്നതും വേളി കഴിച്ചതുമെല്ലാം. ഇപ്പോൾ സേവാഭാരതി ചെറുവാറ്റ ബാലികാസദനം രക്ഷാധികാരിയാണ്. പാതിരിശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ കൂടെ താന്ത്രിക കാര്യങ്ങൾക്കും പോകാറുണ്ടായിരുന്നു. 1997 ൽ ഇരിട്ടി ആറളം മാങ്ങാട്ടിയം ശ്രീജ അന്തർജനത്തെ വേളി കഴിച്ചു. 3 മക്കൾ

G. വിനോദ് കുമാർ - ഗിരിജ താന്നിയിൽ മതിയത്ത് മന.

a. തീർത്ഥ വിനോദ്, b. ത്രേത വിനോദ്

വിനോദ് കുമാർ 2019 മുതൽ 2024 വരെ ബഹറിൻ ഗുരുവായൂരപ്പൻ അമ്പലത്തിൽ മേൽശാന്തിയായിരുന്നു . നമ്മുടെ മലപ്പുറം ജില്ലയുടെ അത്ര വലിപ്പമുള്ള ബഹറിനിൽ ധാരാളം അമ്പലങ്ങളുണ്ട്. എല്ലായിടത്തും നല്ല വരുമാനവും. 2024 ലെ ശിവരാത്രിക്കാലത്ത് അഭൂതപൂർവമായ തിരക്കിനാൽ റോഡുകളെല്ലാം ബ്ലോക്കായി. പോലീസ് എത്തി. പക്ഷെ കൂടുതൽ ആൾക്കാർ വരുന്നത് വിലക്കി. ഇപ്പോൾ തിരക്കും വരുമാനവുമില്ലാതായി.

മൂന്നാം താവഴി: മൂന്നാം താവഴിയിലെ നാരായണൻ നമ്പൂതിരിക്ക് (കുംഭനില്ലത്ത് രോഹിണി അന്തർജനം) 3 മക്കൾ.

A. മനോജ് കുമാർ - സരസ്വതി വാമല്ലൂർ ഇല്ലം

a. വിഷ്ണു പ്രസാദ്, b. ശ്യാം ശങ്കർ

B. ദേവനാരായണൻ (ബിജു) - ശ്യാമള കോച്ചാംവള്ളി ഇല്ലം

a. സൂര്യനാരായണൻ, b. ദേവലക്ഷ്മി.

C. സജി കുമാർ -ധന്യ ആയേടം

a. സാധിക, b. ഹരിനാരായണൻ

മനോജ് കുമാർ 2003 കക്കോടി യോഗക്ഷേമസഭയുടെ രൂപീകരണം മുതൽ സജീവ പ്രവർത്തകനാണ്. എല്ലാ സഭാപ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്നത് സെക്രട്ടറിയായ മനോജ് കുമാർ തന്നെ. തന്ത്രിമാരുടെ കൂടെ പരികർമ്മവുമായി നല്ല തിരക്കിലാണ്. മക്കൾ 2 പേർ. ദേവനാരായണൻ (ബിജു) വളരെക്കാലമായി കോഴിക്കോട് തളി ക്ഷേത്രത്തിൽ കീഴ്ശാന്തിയാണ്.

ഈ ഇല്ലത്തെ ഉമാദേവി, ഗിരിജ, ധന്യ തുടങ്ങി 3 പേരുടെ സ്റ്റാർട്ട്അപ് ബിസിനസ്സ് ആയ ലേഡീ ഫാൻസി സ്റ്റോർ കിഴക്കുമ്മുറി അങ്ങാടിയിൽ നന്നായി നടന്നു വരുന്നു.

**പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരി- സുഭദ്ര അന്തർജനം (മക്കാട്ടില്ലം)**.

മക്കൾ: a. ഉമാദേവി അന്തർജനം, ജയന്തൻ നമ്പൂതിരി (പള്ളിപ്പുറം ഇല്ലം), b. വാസുദേവൻ നമ്പൂതിരി- നങ്ങയ്യ അന്തർജനം (മുത്താലം കൊറ്റിവട്ടം).

വാസുദേവൻ നമ്പൂതിരി. മകൻ കൃഷ്ണൻ നമ്പൂതിരി -രമ അന്തർജനം (മുരിങ്ങൂർ മന).

മക്കൾ: ദീപ, സുബ്രഹ്മണ്യൻ നമ്പൂതിരി (ചെമ്പല്ലൂർ മന), ദിവ്യ-കൃഷ്ണൻ നമ്പൂതിരി (നടുവത്ത് മന).

വാസുദേവൻ നമ്പൂതിരി-രാധിക (ആമല്ലൂർ മന). പേരക്കുട്ടികൾ: നവനീത് കൃഷ്ണൻ, നീരവ് കൃഷ്ണൻ.

ഒന്നാം താവഴിയിലെ പറമ്പിടി പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരിയും പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരിയും ജ്യേഷ്ഠാനുജന്മാരുടെ മക്കളാണ്. പറമ്പിടി പുതുശ്ശേരിയിലെ എല്ലാ കാര്യങ്ങൾക്കും പുതുശ്ശേരി ഇല്ലക്കാരും ഭാഗഭാക്കാകാറുണ്ട്.



*പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരിയും കുടുംബവും*

ഇക്കൊല്ലത്തെ തിറക്ക് അഞ്ച് 101 നാഴി അവൽ നിവേദ്യവും 150 ലി പാൽ കൊണ്ടുള്ള പാൽപായസവും വഴിപാടായുണ്ടായിരുന്നു.

പറമ്പിടി പുതുശ്ശേരിയിലെ ഉത്സവങ്ങളുടെ ഏറ്റവും വലിയ പ്രത്യേകത ഇല്ലത്തെ യുവജനങ്ങളുടേയും കുട്ടികളുടെയും സജീവ പകാളിത്തമാണ്. വിശ്വാസത്തിന്റെ കാര്യത്തിലും പൂജാവിധികളുടെ കാര്യത്തിലും മൊത്തം നടത്തിപ്പിലും അവരുടെ സജീവ പ ങ്കാളിത്തം മാതൃകാപരമാണ്.

പറമ്പിടി പുതുശ്ശേരി, പുതുശ്ശേരി ഇല്ലങ്ങളിലെ അംഗങ്ങൾ ചേർന്ന ഒരു ട്രസ്റ്റാണ് ഇപ്പോൾ ക്ഷേത്രത്തിന്റേയും ഉത്സവത്തിന്റേയും പ്രവർത്തനങ്ങൾ നടത്തുന്നത്. ●

നീലകണ്ഠൻ നമ്പൂതിരി
9744468023
മനോജ്കുമാർ 9495039842
ദിവാകരൻ നമ്പൂതിരി 9447337337

# ഏകാംബരനാഥം നമാമ്യഹം

**മാന്തിട്ട വിഷ്ണു**



തമിഴ്നാട്ടിലെ കാഞ്ചീപുരത്ത് സ്ഥിതിചെയ്യുന്ന പ്രശസ്തമായൊരു ശിവക്ഷേത്രമാണ് ഏകാംബരനാഥ ക്ഷേത്രം (ഏകാംബരേശ്വര ക്ഷേത്രം )

പഞ്ചസ്ഥലങ്ങളിൽ പൃഥ്വി തത്ത്വത്തിനാണ് ഈ ക്ഷേത്രം സമർപ്പിച്ചിട്ടുള്ളത്.അംബരം ആകാശമാണ്, വസ്ത്രവും.

ആകാശം വസ്ത്രമായണിയുന്നവൻ- clothed in sky- എന്നായിരിക്കാം അർത്ഥം. ശിവനെ ദിഗംബരൻ എന്നും വിശേഷിപ്പിക്കാറുണ്ടല്ലോ. ദിക്കുകൾ അംബരമായണിയുന്നവൻ...

ക്ഷേത്രത്തിന്റെ ഐതീഹ്യം ഇപ്രകാരമാണ്-

ശ്രീപാർവ്വതി ദേവി കാഞ്ചിപുരത്തുള്ള വേഗാനദീതീരത്ത് മണൽ കൊണ്ട് ഒരു ശിവലിംഗമുണ്ടാക്കി, ഒരു മാവിന്റെ ചുവട്ടിലിരുന്ന്, മഹാദേവനെ ധ്യാനിച്ച് അതി കഠിനമായ തപസ്സാരംഭിച്ചു. ഭഗവാൻ ദേവിയുടെ തസ്സിന്റെ ശക്തി പരീക്ഷിക്കാനായി അഗ്നിയെ അയച്ചു.

അപകടം മനസ്സിലാക്കിയ ദേവി മഹാവിഷ്ണുവിനെ ധ്യാനിച്ചു. വിഷ്ണു രക്ഷയ്ക്കെത്തി. ശ്രീകരൻ ചന്ദ്രനെ മഹേശ്വരന്റെ ജടയിൽ നിന്നടർത്തിയെടുത്ത് മാവിന്റെ മുകളിലായി വെച്ചു. കുളിർമ്മയാർന്ന നിലാവിന്റെ പ്രവാഹത്തിൽ അഗ്നിയുടെ ചൂട് തണുത്തു. മഹാദേവൻ പരീക്ഷണം നിർത്തിയില്ല. ഗംഗയെയാണ് അടുത്തതായി ചന്ദ്രമൗലീശ്വരൻ അയച്ചത് - ശ്രീപാർവ്വതിയുടെ തപസ്സിന് വിഘ്നം വരുത്തുവാൻ.

വേഗാനദിയിലെ ജലനിരപ്പ് ഉയരുവാൻ തുടങ്ങി. ദേവി മണൽ കൊണ്ടുണ്ടാക്കിയ ശിവലിംഗത്തെ ഗാഢമായി ആലിംഗനം ചെയ്ത് ആപത്തിൽ നിന്നു രക്ഷിക്കാൻ ശ്രമിച്ചു.

ഗംഗാദേവി തന്റെ സഹോദരിയാണെന്നും രക്ഷിക്കണമെന്നും ഹൈമവതി ഗംഗയോടപേക്ഷിച്ചു. ഗംഗ പ്രസാദിച്ച് മടങ്ങിപ്പോവുകയും ചെയ്തു.

തപസ്സിൽ പ്രസാദിച്ച് മഹാദേവൻ ആ മാവിൽനിന്നു പ്രത്യക്ഷപ്പെട്ടുവെന്നും ദേവിയെ വിവാഹം ചെയ്തുവെന്നുമാണ് കഥ.

അങ്ങനെ ശിവ- പാർവ്വതീപരിണയം ഈ നദീ തീരത്തു വെച്ചാണ് നടന്നതെന്നു വിശ്വസിച്ചുവരുന്നു. ക്ഷേത്രത്തിൽ കല്യാണോത്സവവും വിപുലമായി ആഘോഷിച്ചുവരുന്നുണ്ട്. ആകാശം പോലെയാണല്ലോ. വിശ്വാസം തന്നെയാണ് പ്രധാനം.

ഏകാമ്രനാഥനായും ക്ഷേത്രത്തിൽ ഭഗവാനെ ആരാധിച്ചു വരുന്നു. (ആമ്ര= മാവ്)

മണലിൽനിന്നുനിർമ്മിച്ച് ( സികതാമയ) ശിവലിംഗമായതുകൊണ്ടാകാം ക്ഷേത്രം പൃഥ്വി തത്ത്വത്തിന് സമർപ്പിച്ചിട്ടുള്ളത്.

ക്ഷേത്രത്തിൽ ഏകദേശം മൂവായിരത്തഞ്ഞൂറ് വർഷം പഴക്കമുള്ള ഒരു മാവും സംരക്ഷിക്കപ്പെട്ടുവരുന്നുണ്ട്. ഈ മാവിൽ നിന്ന് നാല് തരത്തിലുള്ള രുചികളുള്ള മാമ്പഴവും ലഭിക്കാറുണ്ടത്രേ.

ശില്പകലയുടെ യശോധാവള്യവുമായി നാല് ഗോപുരങ്ങളും ക്ഷേത്രത്തിൽ കാണുവാൻ കഴിയും.

ക്ഷേത്രത്തിൽ ആയിരംകാൽ മണ്ഡപവുമുണ്ട്. വിജയനഗര രാജാക്കന്മാരാരുടെ നേതൃത്ത്വത്തിലാണ് ഈ ക്ഷേത്രം പണിതീർത്തത്.

ക്ഷേത്രക്കുളം കമ്പൈ തീർത്ഥം എന്നുമറിയപ്പെടുന്നു. ശിരസ്സിൽ ചന്ദ്രക്കലയും ഒരുകണ്ണിൽ സരസ്വതീദേവിയും രണ്ടാമത്തെ കണ്ണിൽ മഹാലക്ഷ്മിയും കുടികൊള്ളുന്ന ദേവിയുടെ ഒരു കടാക്ഷം കൊണ്ടു തന്നെ ഭക്തരുടെ എല്ലാ ആഗ്രഹങ്ങളും ദേവി സാധിപ്പിച്ചുതരുമത്രേ.

അങ്ങനെയാണ് പരാശക്തി കാഞ്ചിപുരത്ത് കാമാക്ഷിയാകുന്നത്.

പഞ്ചഭൂതങ്ങളെ (പൃഥ്വി, അപ്, തേജസ്സ്, വായു, ആകശം ) ആസ്പദമാക്കി ശ്രീ മുത്തുസ്വാമി ദീക്ഷിതർ രചിച്ചിട്ടുള്ള പഞ്ചഭൂതലിംഗ കൃതികൾ പ്രസിദ്ധമാണ്. ചിദംബരം ക്ഷേത്രത്തിലെ പൂജാരിമാരെ ദീക്ഷിതർ എന്നാണ് വിളിക്കുന്നത്. ചിദംബരക്ഷേത്രത്തിലെത്തിയപ്പോൾ മുഖ്യ പൂജാരിയെ കണ്ട് ചില വഴിപാടുകളൊക്കെ ശീട്ടാക്കിയിരുന്നു. കുറച്ചുകാലം ദീക്ഷിതർ (പേര് ഓർക്കുന്നില്ല, അദ്ദേഹത്തിന്റെ പ്രസന്നവദനം ഓർമ്മയിലുണ്ട്...) എല്ലാമാസവും അദ്ദേഹം ക്ഷേത്രത്തിലെ പ്രസാദം, പ്രധാനമായും ഭസ്മം പോസ്റ്റൽ ആയി അയച്ചിരുന്നു. പിന്നീടതുനിന്നുപോയി. ദീക്ഷിതരുടെ ഒരുനുള്ള് വിഭൂതി ശിരസ്സിൽ പതിഞ്ഞുകിടപ്പുണ്ടോ...

കാമാക്ഷിയേയും ഏകാംബരേശ്വരനേയും ദർശിക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. ആ ഓർമ്മകളിൽ നിന്നാണ് കീർത്തനത്തിലെ വരികൾ രൂപപ്പെട്ടു വന്നത്.

ഏകാംബരനാഥം നമാമ്യഹം
ഏകാംബരനാഥം നമാമി
രചന- മാന്തിട്ട വിഷ്ണു നമ്പൂതിരി
രാഗം- തോഡി, താളം- ആദി താളം
സംഗീതം, ആലാപനം- ഡോ. എം എസ്. പരമേശ്വരൻ

*പല്ലവി*

ഏകാമ്ര രക്ഷകം ശിവകരം
കാമാക്ഷി നായകം നിഖിലേശം
കാഞ്ചിസഞ്ചിത പുണ്യസ്ഥലീശം
ഏകാംബരനാഥം നമാമ്യഹം

*അനുപല്ലവി*

സികതാമയ മംഗളരൂപം
ആമ്രതലെ ഗൗരീതപമഗ്ര്യം
വേഗാനദി സംപൂജിതപാദം
ഏകാംബരനാഥം നമാമ്യഹം


*ചരണം*

പൃഥ്വിതത്ത്വ സത്ചിന്മയ രൂപം
ഗംഗാസോദരി സദാസേവിതം
വിരജാനന്ദ ആത്മസ്വരൂപം
ഏകാംബരനാഥം നമാമ്യഹം ●

മാന്തിട്ട വിഷ്ണു
മാന്തിട്ട മന, വെങ്കിടങ്ങ്, തൃശൂർ ജില്ല ഫോൺ: 8714839298

കവിത

# ഇലകൾ പൊഴിഞ്ഞു കൊണ്ടേയിരിക്കും



**കല്ലൂർ ഈശ്വരൻ പോറ്റി**

സങ്കടങ്ങടെ സാന്ത്വനംചൊല്ലി -
യിതൾ പൊഴിയുന്ന നേരത്ത്
ഇന്നലെകൾ ത്യജിച്ച ശുഷ്ക്ക
കഥകൾ വിസ്മൃതമായിടും

ഏറെദൂരമങ്ങംബരത്തോളം
ഉന്നതി തേടിപ്പോകിലും
ചോടുറച്ചതുമണ്ണിലെന്നറിയുന്നു
മണ്ണില് വീഴവെ

ഇലയുതിരുന്ന ശിശിരനൊമ്പര
വിരഹരാവുകൾക്കപ്പുറം
തളിരണിയുന്ന മാധവമാസക്കുളിരു
പെയ്യുമതോർക്കണം.

കാറു മൂടിയ കാളമേഘങ്ങൾ
പെയ്തൊഴിയുന്ന മാത്രയിൽ
പുഞ്ചിരിച്ചീടും, കണ്ണുനീരൊപ്പി
വെള്ളിനക്ഷത്രശോഭകൾ

വേദനിച്ചവർക്കാശനൽകി
സവിധത്തിലൊപ്പമിരിപ്പവർ
പതനകാവ്യ മുരയ്ക്കയില്ലവർ
ഹരിതകാന്തി ചൊരിഞ്ഞിടും

അടരുവിട്ടണി ചേരുമതിശയ
കതിരു കൊഴിയുന്ന നേരത്ത്
നിമഷമണികൾ കൊരുക്കുമായുസ്സു
പഴുത്തിലയായ് പതിക്കുന്നു.

എഴുതിമായ്ച്ചു തിരുത്തിയും
പിന്നെ ഹരിതമണിയുന്ന ജീവിതം
മുള്ളൊടിച്ചങ്ങു പൂപറിക്കണ
ലാഘവത്തിലൊടുങ്ങിടും

ഇന്ദ്രിയങ്ങള് കൂടുകൂട്ടുമദൃശ്യ
മാളിക ചില്ലയിൽ
ഒറ്റനൂലിൽ വലിച്ചുകെട്ടിയ
വീണയൊന്നുണ്ട് മീട്ടുവാൻ

വീണമീട്ടുന്ന കാറ്റിനൊപ്പമിളകി -
യാടുന്നു പത്രികൾ
ചിറക് തോറ്റി വളർന്നതൊക്കെയും
ചിതറിയോടുന്ന നൊമ്പരം

കരിയിലക്കൂന തീ പിടിപ്പിച്ചു
ശിശിരസൂര്യ പഥങ്ങളിൽ
തീയുകായുന്നയന്തിമേഘ-
ച്ചുവപ്പിലാഴുന്ന മണ്ണിതിൽ

ശുഷ്കപത്രങ്ങൾ നിർവ്വികാരം
പുതച്ചുറക്കുന്ന സ്നേഹമേ!
പുതിയതാൾനിര മുകുളമായ്
യിതൾ നടുവിലായി വിരിഞ്ഞിടും

ഇലകളാവുക തണലുതേടു -
വോർക്കഭയമാവുന്ന ധന്യത
പൂക്കളാവുക വാടി വീഴ്കിലും
കായ്കളായ് കനിവേകിടാം

ഇല പൊഴിഞ്ഞിട്ടിലമുളയ്ക്കുന്ന
വിദ്യതന്നെയവിദ്യയും
ദ്വൈതഭാവമിലകൾ പലവിധം
വൃക്ഷമദ്വൈതരൂപമായ്

കല്ലൂർ ഈശ്വരൻ പോറ്റി
9446558062
കല്ലൂർമഠം, വെഞ്ഞാറമൂട് പി.ഒ.
തിരുവനന്തപുരം, പിൻ– 695607

# സ്വസ്തി ലഭിക്കുന്ന സ്ഥലങ്ങൾ

1 പഞ്ചാംഗം പുസ്തകശാല, കോഴിക്കോട് റോഡ്, കുന്നംകുളം, 680503, മണികണ്ഠൻ, ഫോൺ 949542118.

2 തിരുവാലൂർ മോഹനൻ നമ്പൂതിരി, ആര്യവൈദ്യഫാർമസി കോയമ്പത്തൂർ ലിമിറ്റഡ്. മുക്കം റോഡ്, അരീക്കോട്, 673639, മൊ: 9447626157

3. ശ്രീദേവി ബുക്സ് ആന്റ് പേപ്പേഴ്സ്, ഫോർത്ത് ഗേറ്റ്., മഞ്ചേരി, 676121, സേതുമാധവൻനമ്പൂതിരി: 98958 86744

4. ദിലീപ് വി, വൈഷ്ണവം പൂജാ സ്റ്റോർ, അരുകിഴായ, മഞ്ചേരി, 676120, ദിലീപ്.. 9388022040

5. തത്വമസി ഓഡിറ്റോറിയം ഷൊർണൂർ, എ.എൻ സുബ്രഹ്മണ്യൻ, ഫോൺ: 9447836213

6. അന്യോന്യം നാലുകെട്ട്, കണ്ണൻകുളങ്ങര, തൃപ്പൂണിത്തുറ, 682301, കൂടല്ലൂർ നാരായണൻ: 755999 0024

7. ഗംഗ ബുക്സ് കോഴിക്കോട് സുജേഷ് കുമാർ: 8606164715

9. പരബ്രഹ്മം ബുക്ക്സ് ഓച്ചിറ, C/o ഉണ്ണികൃഷ്ണൻ നമ്പൂതിരി.

10. ജയഭാരതം ബുക്സ്റ്റാൾ, കോഴിക്കോട് പാളയം.

11. ഹരിശ്രീ ബുക്സ്റ്റാൾ പൂവാട്ടു പറമ്പ്. മൊബൈൽ: 9400432388

12. ശാന്ത ബുക്സ്റ്റാൾ ഗുരുവായൂർ, മൊബൈൽ 9847753990

13. അക്ഷര ബുക്സ്റ്റാൾ, ടിപ്പു സുൽത്താൻ റോഡ് ജംഗ്ഷൻ, മെയിൻ റോഡ്, മണ്ണാർക്കാട്, 678582, ഷംസുദീൻ: 952645 2413.

14. ദേവപദം ഓഡിറ്റോറിയം, നാരായണൻ കെ.എസ്, കിഴിയേടത്ത് മന, തിരുവാഴിയോട്.പി.ഒ, പാലക്കാട് 679514, മൊ: 9447467347

15. തേവാരം പൂജാ സ്റ്റോഴ്സ്, എസ് & എസ് കോംപ്ലക്സ്, നിയർ കൌസ്തുഭം, ഷോർണൂർ റോഡ്, തൃശൂർ. 680022,സുഹാസ് വടക്കില്ലം: 858900 9493

16. ശശികുമാർ കെ, നാഗാർജുന ഔഷധശാല, ഗുരുവായൂർ റോഡ്, പട്ടാമ്പി, 679 303 ഫോൺ: 98464 99220

17. നാരായണൻ പി.എൻ, നിള പ്രിന്റേഴ്സ്, വട്ടംകുളം, വട്ടംകുളം.പി.ഒ, എടപ്പാളിന് സമീപം, മലപ്പുറം . 679578, ഫോ: 9961960782

18. കൃഷ്ണൻ, ഷോണ ബുക്ക് ഹൌസ്, എടപ്പാൾ ജംഗ്ഷൻ, എടപ്പാൾപി.ഒ, മലപ്പുറം ജില്ല, 679576, ഫോ: 9388162153

19. ഐഡിയൽ ബുക് സ്റ്റാൾ, സ്റ്റാച്യൂ, തിരുവനന്തപുരം

20. മലയാളരാജ്യം ബുക്ക് ഡിപ്പോ, പടിഞ്ഞാറേനട, വൈക്കം, മനോജ്കുമാർ, മൊബൈൽ: 9249893537

21. ശിവൻ സ്റ്റേഷനറി, വൈക്കം പോലീസ് സ്റ്റേഷന് സമീപം, മൊബൈൽ: 9495875834

22. ഗുരുപ്രസാദം ബുക്ക് സ്റ്റാൾ, വൈക്കം, മൊബൈൽ 9544166668

തപാലിൽ ലഭിക്കുവാൻ ഈ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് വാർഷിക വരിസംഖ്യ 300 രൂപ അയച്ച് സ്ക്രീൻഷോട്ട് സഹിതം കസ്റ്റമർകെയർ നമ്പറിൽ വിളിക്കുക. നമ്പർ: 9495369337

E-mail: swasthitrimonthly@gmail.com
Website: swasthi.org


❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

**പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

ബാക്ക് കവർ .... 18000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ.. 12000
ഫുൾ പേജ് കളർ... 7500
ഹാഫ് പേജ് കളർ ... 4000
ക്വാർട്ടർ പേജ് കളർ... 2000

ഫുൾ പേജ് ബ്ളാക്ക് &വൈറ്റ്. 4000
ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ്.. 2500
ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ്. 1300
വേളി പംക്തിയിൽ ... 1800
ജാതകം/ആശംസകൾ... 1000

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay


**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

വാർഷിക വരിസംഖ്യ
Rs/**300**
അയക്കാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495369337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017


70-ാം പിറന്നാൾ
2026 ഏപ്രിൽ 5
മറവഞ്ചേരി കിഴക്കേടത്ത്
ഉദയൻ നമ്പൂതിരിപ്പാട്
ആശംസകളോടെ
അനുവിന്ദ
8281926325



# ഒരു സ്വപ്ന സാക്ഷാത്ക്കാരം

## ‘അമ്മയുടെ സ്വപ്നത്തിന് നൃത്തവും നാദവും ചേർന്ന ഒരു സന്ധ്യ’



കാറൽമണ്ണ കീഴേ നരിപ്പറ്റ മന ശ്രീധരനുണ്ണിയുടേയും സുധയുടേയും ഓർമ്മകൾക്കു മുന്നിൽ പ്രണമിച്ചു കൊണ്ട് പൗത്രൻ വിഷ്ണു കണ്ടഞ്ചാതയും പൗത്രി മേഘ്ന കൃഷ്ണ പാലശ്ശേരിയും ഒരേ വേദി പങ്കിട്ടുകൊണ്ട് നടത്തിയ ഭരതനാട്യ കച്ചേരിയുടെ അനുഭവ സാക്ഷ്യം ഇവിടെ കുറിക്കുന്നു...

‘നിങ്ങളുടെ കുട്ടികൾ വളർന്നാൽ ഒരുനാൾ ഒരുമിച്ച് കലയിൽ എന്തെങ്കിലുംചെയ്യാൻ അവർക്കാവട്ടെ’

അമ്മ പലപ്പോഴും പറഞ്ഞിരുന്ന ആ വാക്കുകൾ, അന്ന് ഒരു സ്നേഹസ്വപ്നം മാത്രമായിരുന്നു.

പക്ഷേ ഇന്നത് ദൈവകൃപയായി, കണ്ണുനിറയ്ക്കുന്ന യാഥാർത്ഥ്യമായി ഞങ്ങളുടെ മുന്നിൽ വിരിഞ്ഞു .......

മേഘ്ന കൃഷ്ണ

(ഞങ്ങളുടെ അമ്മിണി)...

ചെറുപ്പത്തിൽ തന്നെ കണ്ണുകളിൽ നൃത്തം ഒളിപ്പിച്ചിരുന്ന ഒരു കുട്ടി.

വർഷങ്ങളായുള്ള അഭ്യാസവും അർപ്പണവും ഒരു പൂർണ്ണമായ ഭരതനാട്യ മാർഗ്ഗമായി ജനുവരി 31 നു കാറൽമണ്ണ കുഞ്ചുനായർ സ്മാരക ട്രസ്റ്റ്ഹാൾവേദിയിൽ ജീവൻകൊണ്ടു.

അവളുടെ ഓരോ ചുവടിലും, ഓരോ മുദ്രയിലും ഒരു ഗുരുവിന്റെ വാത്സല്യവും സ്നേഹവും തെളിഞ്ഞുനിന്നു.

ദീപ്തി പാറോൾ എന്ന ഗുരുവിന്റെ സൂക്ഷ്മമായ പരിശീലനവും കലാപരമായ ദർശനവും മേഘ്നയുടെ നൃത്തത്തിൽ മുഴുവൻ നിറഞ്ഞിരുന്നു.

ഒരു ശിഷ്യയുടെ ഉയർച്ചയിൽ ഗുരുവിന്റെ ആത്മാവ് എങ്ങനെ ജീവിക്കുന്നു എന്നതിന് ആ സന്ധ്യ തന്നെ സാക്ഷ്യം പറഞ്ഞു.

ഭരതനാട്യത്തിന്റെ ആ ദിവ്യയാ



*സുധ നരിപ്പറ്റ*



*മാതാപിതാമഹന്മാർ*

ത്രയിൽ നൃത്തത്തിന് ശ്വാസമായത് സംഗീതത്തിന്റെ ശക്തമായ കൈപിടിത്തമായിരുന്നു.

അരുൺ ഗോപിനാഥിന്റെ പ്രൗഢ ഗാംഭീര്യവും ഭാവ സാന്ദ്രവുമായ സംഗീതം മേഘ്ന കൃഷ്ണയുടെ നൃത്തത്തിന്റെ ഭാഷിതമായി.

കിരൺ ഗോപിനാഥിന്റെ മൃദംഗം ഓരോ ചുവടിനും താളമായി, ഹൃദയമിടിപ്പുപോലെ നൃത്തത്തെ അനുഗമിച്ചു.

സൗന്ദർരാജിന്റെ വീണ സന്ധ്യയ്ക്ക് ഒരു ദൈവിക ഭാവം പകർന്നു- സംഗീതം പ്രാർത്ഥനയായ നിമിഷങ്ങൾ.

മേഘ്നയുടെ വിഷ്ണു ഏട്ടന്റെ ഓടക്കുഴൽ നാദം നൃത്തത്തിന് ആത്മാവായി, ആ നാദം വേദി മുഴുവൻ നിറഞ്ഞു.

മേഘ്നയുടെ കണ്ണുകൾ കഥ പറഞ്ഞപ്പോൾ വിഷ്ണുവിന്റെ കുഴലിൽ നിന്ന് അത് സംഗീതമായി പിറന്നു.

അന്ന് വേദിയിൽ രണ്ട് കുട്ടികൾ അല്ല നിന്നിരുന്നത്- അവരുടെ മുത്തശ്ശിയുടെ സ്വപ്നം തന്നെയായിരുന്നു........

നൃത്തമായും നാദമായുംഅമ്മയുടെ കാണാത്ത സാന്നിധ്യം ഞങ്ങളോടൊപ്പം നിറഞ്ഞുനിന്നു.

ഈശ്വരന് നന്ദി എന്നല്ലാതെ മറ്റൊരു വാക്കും ഞങ്ങൾക്ക് എഴുതാനാവുന്നില്ല്യ. ഗുരുവിന്റെയും പക്കമേളത്തിലെ ഓരോ കലാകാരന്റെയും സമർപ്പണവും ചേർന്നപ്പോൾ മേഘ്ന കൃഷ്ണയുടെയും വിഷ്ണുവിന്റെയും കലാസംഗമം ഒരു പ്രകടനമായി മാത്രമല്ല ഒരു അനുഭവമായി, ഒരു ഓർമ്മയായി, ഒരു അനുഗ്രഹമായി മാറി.

അമ്മയുടെ സ്വപ്നം പോലെ, ഇത് ഒരു തുടക്കമാകട്ടെ... നൃത്തവും നാദവും കൈകോർക്കുന്ന സുന്ദരമായ യാത്രയുടെ......

വിഷ്ണു കണ്ടഞ്ചാത കാനഡയിൽ ജനിച്ചു വളർന്ന ആളാണ്. കണ്ടഞ്ചാത മുരളിയുടേയും കീഴേ നരിപ്പറ്റ പ്രീതയുടേയും മകനാണ്. ഇപ്പോൾ കാനഡയിൽ ടി.എം.യുണിവേഴ്സിറ്റിയിൽ ബി.കോം ( മൂന്നാം വർഷം)ന് പഠിക്കുന്നു. വായ്പാട്ടിൽ ശ്രീ. അരുൺ ഗോപിനാഥിന്റെ ശിഷ്യനാണ്. പുല്ലാങ്കുഴലിൽ ശ്രീ. കുടമാളൂർ ജനാർദ്ദനനാണ് ആദ്യ ഗുരു. ഇപ്പോൾ ശ്രീ. ശ്രുതിസാഗറിന്റെ കീഴിൽ അഭ്യസിക്കുന്നു. ധാരാളം കച്ചേരികൾ നടത്തിവരാറുണ്ട്. അതോടൊപ്പം തന്നെ നൃത്ത അവതരണങ്ങൾക്കും മറ്റും പക്കമേളമൊരുക്കാറുമുണ്ട്.


മേഘ്ന കൃഷ്ണ മൂത്തേടത്ത് പാലശ്ശേരി അജിത്തിന്റേയും കീഴേ നരിപ്പറ്റ പ്രസീതയുടേയും മകളാണ്. കോഴിക്കോട് ദേവഗിരി കോളേജിൽ രണ്ടാം വർഷ ബികോം ബിരുദ വിദ്യാർത്ഥിനിയാണ്. മോഹിനിയാട്ടം ശ്രീമതി. ഡോക്ടർ ദിവ്യ നെടുങ്ങാടിയുടെ കീഴിലും ഭരതനാട്യം ധനഞ്ജയൻസിന്റെ സീനിയർ സ്റ്റുഡന്റായ ശ്രീമതി. ദീപ്തി പാറോളിന്റെ കീഴിലും അഭ്യസിച്ചു വരുന്നു. ധാരാളം വേദികളിൽ നൃത്തം അവതരിപ്പിക്കാറുണ്ട് എങ്കിലും 3 മണിക്കൂർ ദൈർഘ്യമുള്ള ഭരതനാട്യ കച്ചേരി (ഭരതനാട്യം മാർഗ്ഗം) ആദ്യമായാണ് അവതരിപ്പിച്ചത്. ഗണേശ സ്തുതിയോടു കൂടി തുടങ്ങി, ശ്രീരംഗ പുര വിഹാര , ധർമ്മാവതി വർണം, കീർത്തനം, പദം, ജാവളി , എന്നീ ഇനങ്ങൾ അവതരിപ്പിച്ച് പിന്നെ ദേശ്തില്ലാനയിൽ അവസാനിക്കുന്ന രീതിയിലാണ് ഭരതനാട്യ കച്ചേരി ചെയ്തത്.

പ്രീത കണ്ടഞ്ചാത
പ്രസീത പാലശ്ശേരി




*പ്രീത കണ്ടഞ്ചാത, പ്രസീത പാലശ്ശേരി*


**പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്**
**1000 രൂപ മാത്രം. വിളിക്കുക 9447337337**



**ഡോ.ശങ്കരൻ നമ്പൂതിരി.പി**, ജനന ത്തീയതി: 05/07/1993, നക്ഷത്രം: ഉത്രാടം, രാശി: മകരം, ഉയരം: 186.5 സെ.മീ. (6.1 അടി), വിദ്യാഭ്യാസ യോഗ്യത: ബി.എ.എം.എസ്., തൊഴിൽ / ജോലി: ഡോക്ടർ, ജോലി സ്ഥലം: ആലപ്പുഴ, വീട് (സ്ഥലം): കോഴിക്കോട്, അച്ഛൻ: വാസുദേവൻ നമ്പൂതിരി, അമ്മ: പരേതയായ ഹേമലതാദേവി, സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി, ഉമ വി നമ്പൂതിരി. ഹോബികൾ / താൽപര്യങ്ങൾ: പാട്ട്, കവിതാ രചനാ, ഡ്രൈവിംഗ്. വധുവിൽ പ്രതീക്ഷിക്കുന്നത്: സ്നേഹം, ബഹുമാനം, സമാധാനം മൊബൈൽ: 7358532554


**പാർവ്വതി പി.എസ്.** ജനനം: 09.02.2000. സമയം: 10.08 a.m. (1175 മകരം 26) കാശ്യപഗോത്രം. 11 7 18 ശിഷ്ടദശാമന്ദസ്. ഉയരം: 162 സെ.മീ. നക്ഷത്രം: ഉത്രട്ടാതി. വിദ്യാഭ്യാസം: MSc. Chemistry, PG in Environmental Social and Governance (ESG). ജോലി: ഇ.എസ്.ജി. അനലിസ്റ്റ് (റെഡിംഗ്ടൺ ലിമിറ്റഡ്, ചെന്നൈ). അച്ഛൻ: ശ്രീധരൻ നമ്പൂതിരി. അമ്മ: ചന്ദ്രിക കെ.ഇ. സഹോദരങ്ങൾ: ഒരു സഹോദരി (വിവാഹിത). വിലാസം: പെരിഞ്ചേരി ഇല്ലം, ഉഗ്രപുരം പി.ഒ., അരീക്കോട്, മലപ്പുറം– 673639. അമ്മാത്ത്: കുളങ്കര ഇല്ലം, ഉള്ളിയേരി, കോഴിക്കോട്. മുൻഗണന: നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കൾ. മൊബൈൽ: 9446259441, 7034259441.


**വന്ദന.** ജനനം: 14.01.1999, സമയം: 10.25 pm. ജനനസ്ഥലം: ചെന്നൈ. നക്ഷത്രം: തൃക്കേട്ട, ഉയരം: 157 സെ.മീ., വിദ്യാഭ്യാസം: ബി.ടെക്ക് (മെക്കാനിക്കൽ എൻജിനീയറിംഗ്), പോസ്റ്റ് ഗ്രാഡ്വേറ്റ് സർട്ടിഫിക്കേഷൻ- തെർമ്മൽ പവർ (ഏറോസ്പേസ് പ്രൊപൽഷൻ) - ക്രാൻഫീൽഡ് യൂണിവേഴ്സിറ്റി-യു.കെ., ജോലി: രണ്ടു വർഷം ഇൻഫോസിസിൽ. ഇപ്പോൾ ഹൈദരാബാദ് കോളേജ് ഓഫ് ഏവിയേഷൻ ടെക്നോളജിയിൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ ഫാക്കൽറ്റി. അച്ഛൻ: വാസുദേവൻ (എക്സ് നേവി, ഗൾഫ് റിട്ടേൺ), അമ്മ: ഗായത്രി പി.എൻ. (ചീഫ് മാനേജർ, യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി, ചെന്നൈ), സഹോദരി (സീനിയർ എൻജിനീയർ, ടാറ്റാ കൺസൾട്ടിംഗ് എൻജിനീയേഴ്സ്, ബാംഗ്ലൂർ). ഇല്ലം: തെഞ്ചേരി ഇല്ലം. അമ്മാത്ത്: പഴയിടത്ത് എളമൺ മന, തിരുവല്ല. മുൻഗണന: പ്രൊഫഷണൽ വിദ്യാഭ്യാസമുള്ള വിദേശത്ത് ജോലിയുള്ള യുവാക്കൾ. മൊബൈൽ: 8304082174.






**ഉണ്ണികൃഷ്ണൻ പി.** ജനനം: 27.09.1990, സമയം: 3.50 pm, ജനനസ്ഥലം: തളിപ്പറമ്പ്, കണ്ണൂർ. ഉയരം: 168 സെ.മീ. നക്ഷത്രം: പൂരാടം. ജോലി: പൂജാരി. അച്ഛൻ: സുബ്രഹ്മണ്യൻ നമ്പൂതിരി, അമ്മ: ഉമാദേവി പി. സഹോദരങ്ങൾ: ഒരു സഹോദരി (വിവാഹിത). ഇല്ലം: പേർക്കുളം ഇല്ലം, കാങ്കോൽ, പയ്യന്നൂർ. അമ്മാത്ത്: പൂവ്വക്കുന്നുമ്മൽ, കലർകോവിൽ ഇല്ലം, മാവിച്ചേരി, തളിപ്പറമ്പ്. വിലാസം: കുന്നത്തറ പി.ഒ., കൊയിലാണ്ടി, കോഴിക്കോട്- 673620, മൊബൈൽ: 9946992188, 7012451984.





**മേഘ നാരായണൻ**, ജനനം: 03.07.1997, സമയം: 11.23 AM. ജനനസ്ഥലം: ഷൊർണൂർ, നക്ഷത്രം: മകീര്യം, ഉയരം: 154 സെ.മീ. യോഗ്യത: ബി.ആർക്, എം.എ. (ഇന്റീരിയർ ഡിസൈൻ, ലണ്ടൻ മെട്രോപൊളിറ്റൻ യൂണിവേഴ്സിറ്റി, യു.കെ.) അച്ഛൻ: ടി.എം. നാരായണൻ (റിട്ട. ഹെഡ്മാസ്റ്റർ, ഗവ. ഹൈസ്കൂൾ), അമ്മ: കെ.എസ് മഞ്ജുഷ(പഞ്ചായത്ത് സെക്രട്ടറി), അമ്മാത്ത്: കാരൂർ മന, ഷൊറണൂർ, ഗോത്രം: കാശ്യപ ഗോത്രം, സഹോദരൻ: എം.സി.എ. വിദ്യാർത്ഥി, വിലാസം: തിരുമംഗലത്ത് മന, നെടുങ്ങോട്ടൂർ, നടുവട്ടം- പട്ടാമ്പി. വിദേശത്ത് ജോലി ചെയ്യുന്നവർക്ക് മുൻഗണന, മൊബൈൽ: 9496174895, 8848733766.


**കൃഷ്ണൻ നമ്പൂതിരി.** ജനനത്തീയതി: 11.12.1987, സമയം: 4:55 PM, നക്ഷത്രം: മകം, ഉയരം : 183 സെ.മീ. (6 അടി) ഗോത്രം: വസിഷ്ഠൻ, വിദ്യാഭ്യാസ യോഗ്യത: ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, ജോലി: ബിസിനസ്, അച്ഛൻ: വാസുദേവൻ നമ്പൂതിരി, അമ്മ: പരേതയായ ഹേമലതാദേവി, (അടിമുറ്റത്ത് മഠം, ചെങ്ങന്നൂർ), സഹോദരങ്ങൾ: 2 പേർ. വിലാസം: പാറക്കോട്ട് ഇല്ല, നായർകുഴി പോസ്റ്റ്, കോഴിക്കോട്

**പാണിഗ്രഹണം ജാതക പരസ്യങ്ങൾക്ക്**
**1000 രൂപ മാത്രം. വിളിക്കുക 9447337337**



| | | | | | |
|---|---|---|---|---|---|
| | ല മ | | ര ബു ഗു | സ | |
| | ല മാ | ച | ഗു മ | സ | |
| | | ഗ്രഹ | | കു | |
| | | സ്ഥിതി | | ര ബു ശു | |
| കു ശി | ശി | | | | |
| | | ശു മാ | ച | | |

**സുകൃതി വി.എസ്.** ജനനം: 21.08.2000, നക്ഷത്രം: ഭരണി. ഗോത്രം: വസിഷ്ഠ ഗോത്രം. ഉയരം: 163 സെ.മീ. വിദ്യാഭ്യാസം: ബി.എച്ച്.എം.എസ്. (ഹോമിയോപ്പതി ഡോക്ടർ), അച്ഛൻ: കൃഷ്ണൻ നമ്പൂതിരി വി.ഇ. (റിട്ട. അധ്യാപകൻ), അമ്മ: സുഭദ്ര പി.എം. (അധ്യാപിക, എച്ച്.എസ്.എസ്.ടി.). സഹോദരൻ: സുദർശൻ വി.എസ്. (ബി.ടെക്ക് വിദ്യാർത്ഥി), ഇല്ലം: വൈത്തല ഇല്ലം. വിലാസം: വൈത്തല ഇല്ലം, ചെറുകുളത്തൂർ പി.ഒ., കോഴിക്കോട്. മുൻഗണന:
കോഴിക്കോടോ തൊട്ടടുത്ത ജില്ലകളിലോ താമസക്കാരായ, ജോലിക്കാരായ യുവാക്കൾ. മൊബൈൽ: 9400491648, 9895049740, 7025661456.



| | | | | | |
|---|---|---|---|---|---|
| | സ കു ബു | ഗു | ഭൃ | ല | |
| | സ | | മാ | ല | |
| | ഗു | ഗ്രഹ | | | |
| | ച കു | സ്ഥിതി | | | ര ച |
| | | മ | ഭൃ ബു | ര ശി | |
| | | | മ | ശി | |

**കലേഷ്.** ജനനം: 13.10.1986. ജനനസ്ഥലം: വള്ളിക്കാപ്പറ്റ. നക്ഷത്രം: അവിട്ടം. ഉയരം: 168 സെ.മീ. വിദ്യാഭ്യാസം: ബി.എസ്.സി. കെമിസ്ട്രി, ബി.എഡ്. ഫിസിക്കൽ സയൻസ്, കെടെറ്റ് കാറ്റഗറി 2 (യു.പി.എസ്.ടി.ക്ക് അർഹത), കെടെറ്റ് കാറ്റഗറി 3 (എച്ച്.എസ്.എ. ക്ക് അർഹത). ജോലി: എൽ.ഡി.ക്ലർക്ക് (സർക്കാർ സർവ്വീസ്). അച്ഛൻ: രാമൻ നമ്പൂതിരി (റിട്ട. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ), അമ്മ: ദേവി (റിട്ട. ഹെഡ് ടീച്ചർ), അമ്മാത്ത്: അഷ്ടത്ത് മന. സഹോദരങ്ങൾ: ജ്യേഷ്ടൻ (അമേരിക്കയിൽ സ്ഥിരതാമസം). വിലാസം: മഞ്ഞുരുളി മന, വള്ളിക്കാപ്പറ്റ പി.ഒ., മങ്കട (വഴി), മലപ്പുറം. പിൻ- 679324. മൊബൈൽ: 9745959819, 9946409493.



| | | | | | |
|---|---|---|---|---|---|
| | ര ച കു | | ഗു | | |
| | മ ശി | ല | | | |
| സ | ര ബു ശു | ഗ്രഹ | | മാ | |
| ബു ശു | ഗു | സ്ഥിതി | | | ശി മാ |
| | | ച | | കു സ | |
| | | | മ | ല | |

**മനു ശങ്കരൻ ഇ.എൻ.** ജനനം: 03.03.1997. സമയം: 10.06 a.m. ജനനസ്ഥലം: കൂറ്റനാട്. നക്ഷത്രം: തൃക്കേട്ട. ഉയരം: 155 സെ.മീ. ഇല്ലം: ഏർക്കര മന. വിദ്യാഭ്യാസം: ബി.ടെക് (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എൻജിനീയറിംഗ്, ശ്രീപദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി). ജോലി: കെ.എസ്.ഇ.ബി. (ഓപ്പറേറ്റർ, കൂറ്റനാട് സബ്സ്റ്റേഷൻ). അച്ഛൻ: നാരായണൻ നമ്പൂതിരി, അമ്മ: മായ. സഹോദരി: അനുശ്രീ (അവിവാഹിത). വിലാസം: ആലങ്കോട് പി.ഒ., മലപ്പുറം. ഫോൺ: 9400852738, 9846552738.

ജന്മശിഷ്ട ബുധദശ 28-11-15




*ജീവത എഴുന്നള്ളത്തിന് ക്ഷേത്രകലാ അക്കാദമി ഏർപ്പെടുത്തിയ അവാർഡ് ജീവത ആചാര്യനായ മാങ്കുളം ജി.കെ.നമ്പൂതിരിക്ക് പ്രശസ്ത ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി സമ്മാനിക്കുന്നു*



# പട്ടും വളയും നൽകി...

കിഴിശേരി : കരിങ്കാളികാവ് ക്ഷേത്രത്തിലെ വെളിച്ചപ്പാടായി നാൽപ്പതാം ആണ്ടിലെത്തിയ പുളിയക്കോട് ശ്രീധരൻ കോമരത്തിനെ 'പട്ടും വളയും' കൃഷ്ണകാളി നർത്തക ശ്രീ പുരസ്കാരവും നൽകി ആദരിച്ചു. തന്ത്രി ബ്രഹ്മശ്രീ പഴങ്ങോട്ടുപൊറ്റ മാധവൻ നമ്പൂതിരി യുടെ എൺപത്തഞ്ചാമത് ജന്മദിനാഘോഷങ്ങളുടെ ഭാഗമായാണ് ആദരിച്ചത്. നാൽപ്പത് വർഷം മുമ്പ് കോമരത്തിന് വാളും ചിലമ്പും നൽകി അവരോധിച്ചതും പഴങ്ങോട്ടുപൊറ്റ ഇല്ലത്ത് മാധവൻ നമ്പൂതിരിയാണ്. പ്രൊഫ. പാലക്കൽ കേശവൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ പ്രശസ്ത ഫലകവും സാക്ഷ്യപത്രവും പൊന്നാടയണിച്ചും ആദരിച്ചു. സ്വർണതിലകവും കൃഷ്ണശ്രീപതി പുരസ്കാരം നൽകി മാധവൻ നമ്പൂതിരിയെ യോഗക്ഷേമസഭ സംസ്ഥാന നിർവാഹക സമിതിയംഗം ആറ്റുപുറം ദാമോരൻ ആദരിച്ചു.





ജേതാക്കൾ

1. അക്ഷരശ്രീ പുരസ്കാരം – കോഴിക്കോട് സർവകലാശാല മലയാള വിഭാഗത്തിൽ നിന്നും വിവേകാനന്ദ സാഹിത്യ പഠനത്തിൽ ഡോക്ടറേറ്റ് നേടിയ ഡോ. വിനോദ് മങ്ങത്തായ

2. വൈദ്യശ്രീ പുരസ്കാരം – കേരള ആരോഗ്യ സർവകലാശാലയിൽ ഇ എൻ ടി യിൽ ബിരുദാനന്തര ബിരുദത്തിൽ ഒന്നാം റാങ്ക് നേടിയ നീഹാരിക വേന്ത്രക്കാട്

3. വേദശ്രീ പുരസ്കാരം – കാവുങ്ങൽ മംഗലശ്ശേരി മന വേദസ്

4. ഭാഗവതശ്രീ പുരസ്കാരം – എ)കാന്തക്കര പുല്ലൂർമണ്ണ രാമൻ നമ്പൂതിരി, ബി) പ്രൊഫ. പാലക്കൽ കേശവൻ നമ്പൂതിരി

5. സംഖ്യശ്രീ പുരസ്കാരം – കൊച്ചി ശാസ്ത്ര സാങ്കേതിക




സർവകലാശാലയിൽ നിന്നും പി എച് ഡി പൂർത്തിയാക്കായ ശരണ്യ പാനാട്

6. ക്ഷേത്രശ്രീ പുരസ്കാരം

എ) നെല്ലിക്കുന്ന് സജീവൻ ആശാരി, ബി) ഒഴുകൂർ ശിവദാസൻ, സി) കൃഷ്ണാനന്ദൻ വി, ഡി) ബൈജു എൻ

7 കലാശ്രീ പുരസ്കാരം – അഞ്ജലി കൃഷ്ണ, ആരാധ്യ

8. മന്ത്രശ്രീ പുരസ്കാരം –

നടുവിലെടം ഇല്ലത്തൊടി ഗോവിന്ദൻ നമ്പൂതിരി

9 വൈദികശ്രീ പുരസ്കാരം – കണ്ണാടി തെഞ്ചിരി ശ്രീകുമാരൻനമ്പൂതിരി

എന്നിവരെ യോഗം ആദരിച്ചു. അഞ്ജലി കൃഷ്ണ, ശ്രേയ പനക്കാട് എന്നിവരുടെ പ്രാർത്ഥനയും കെ.എം വേദസിന്റെ വേദാലാപനവും വിവിധ താന്ത്രിക പൂജാ ചടങ്ങുകളും ഗുരുതിയും പാലും വെള്ളരിയും അരങ്ങേറി.



പാലക്കാട് അഴിയന്നൂർ ചേരമംഗലത്ത് മനയിൽ മാധവന്റെയും സോജ മാധവന്റെയും മകൾ കാർത്തികയും കാക്കനാട്, തുതിയൂർ പേരമന കുമാരൻ നമ്പൂതിരിയുടെയും സരസ്വതി അന്തർജനത്തിന്റെയും മകൻ സനൂപും തൃപ്പൂണിത്തുറ എരൂർ മുതുകുളങ്ങര സന്താനഗോപാലമൂർത്തി ക്ഷേത്ര ഓഡിറ്റോറിയത്തിൽ 25.01.2026 ന് വിവാഹിതരായി. മൊബൈൽ: 9447488101, 9544035808



കാറൽമണ്ണ തെക്കുംപറമ്പ് നാരായണൻ നമ്പൂതിരിയുടെയും രതിയുടെയും മകൻ സുബ്രഹ്മണ്യനും പരേതനായ കൈമുക്കു വൈദികൻ ശങ്കരൻ നമ്പൂതിരിയുടെയും ലത അന്തർജനത്തിന്റെയും മകൾ ഉമാദേവിയും 2026 ഫെബ്രുവരി 8ന് കൊടകര പൂനിലാർക്കാവ് കാർത്തിക ഭജനമണ്ഡപത്തിൽ വിവാഹിതരായി. മൊബൈൽ: 9447940916, 8281790916, 8826559126



അരീക്കോട് ആറ്റുപുറം ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെയും എം. ആശയുടെയും മകൾ ഉണ്ണി മായയും കിളിങ്ങോട് കണ്ണാടി ഇല്ലത്ത് (കൈതപ്രം) കേശവൻ നമ്പൂതിരിയുടെയും സി.എം.സതിയുടെയും മകൻ ഗോകുൽ കേശവും 2026 ഫെബ്രുവരി 6ന് കൈതപ്രം ശ്രീ ഗോകുലം ഓഡിറ്റോറിയത്തിൽ വിവാഹിതരായി


സ്വസ്തിയിൽ വേളി
പരസ്യം നൽകുന്നതിന് ബന്ധപ്പെടുക:
**ജയൻ പഴങ്ങോട്ടുപൊറ്റ**
(മാനേജർ, പരസ്യവിഭാഗം)
9745137987






വൻ തുക മുടക്കി വിവാഹ ബ്യൂറോകളിൽ രജിസ്റ്റർ ചെയ്തിട്ടും മാട്രിമോണിയൽ സൈറ്റുകളിലും പത്രങ്ങളിലും പരസ്യം ചെയ്തിട്ടും പ്രയോജനം ലഭിക്കാതെ വന്ന സാഹചര്യത്തിൽ സമുദായ സേവനം ലക്ഷ്യമിട്ട് ആലപ്പുഴ ജില്ലയിലെ ചേപ്പാട് നിന്നും 2017 ൽ ആരംഭിച്ച മലയാള ബ്രാഹ്മണർക്കായുള്ള വൈവാഹിക ഗ്രൂപ്പ് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും, കേരളത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും ജോലിചെയ്യുന്ന അനേകം യുവതീയുവാക്കളുടെ ബയോഡേറ്റകളും ജാതകങ്ങളും വേളി ഗ്രൂപ്പിൽ ലഭ്യമാണ്. **MBBS, CA, ACS, PhD, MTech, BTech, MBA, BAMS, BHMS, MSc., MCom., UGC, NET, SET, BEd., KTET, DLEd, LLB, PharmD, BDS, BPharm** തുടങ്ങിയ യോഗ്യതകളും ബാങ്കിങ്, എയ്ഡഡ് കോളേജ്, സർക്കാർ ജോലി, ഐറ്റി, പൊതുമേഖല, സ്വകാര്യമേഖല, ബിസിനസ്സ്, ശാന്തി, പൂജ, തന്ത്രം തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ജാതകങ്ങൾ വേളി ഗ്രൂപ്പിൽ ലഭിക്കും.

വേളി ഗ്രൂപ്പിന്റെ സേവനം 9–ാം വർഷത്തിലേക്ക്. ഈ കാലയളവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 500 ൽ ഏറെ വിവാഹങ്ങൾ ഗ്രൂപ്പ് വഴി നടന്നു. അംഗമാവാൻ വിളിക്കുക.



# ഗുരുപുരേ നിന്നു ഭവാൻ പിരിഞ്ഞതിൽ പിന്നെ സഖേ...

കാറൽമണ്ണ തിരുമുല്ലപ്പള്ളി മഹാദേവ സന്നിധിയിൽ അവർ ദാനവാരി മുകുന്ദന്റെ കഥയാടാൻ ഒത്തുചേർന്നു. കൃഷ്ണനായി പി വി കൃഷ്ണനുണ്ണി, രുഗ്മിണിയായി വെള്ളിനേഴി ഹരിദാസൻ .. കുചേലനായി തെക്കുംപറമ്പ് നാരായണൻ നമ്പൂതിരി. വെള്ളിനേഴി ഗവ: ഹൈസ്കൂളിൽ സഹപാഠികൾ ആയിരുന്നു മൂവരും. വെള്ളിനേഴി ഹരിദാസൻ പ്രശസ്ത കഥകളി സംഗീതജ്ഞൻ കലാമണ്ഡലം ഉണ്ണിക്കൃഷ്ണക്കുറുപ്പിന്റെ മകൻ. പതിറ്റാണ്ടുകളായി കളി വേദികളിൽ സ്ത്രീ കഥാപാത്രങ്ങളെ അവതരിപ്പിച്ചു വരുന്നു. വെള്ളിനേഴി സ്കൂളിൽ കഥകളി അധ്യാപകനായിരുന്ന കെ ജി വാസുദേവൻ നായരുടെ ശിഷ്യരാണ് ഹരിദാസനും തെക്കുംപറമ്പ് നാരായണനും ( ടി എൻ ). വെള്ളിനേഴി സ്കൂൾ കളരിയിൽ കളി തുടങ്ങിയ കൃഷ്ണനുണ്ണി പരുതൂർ സ്കൂളിൽ നിന്നും വിരമിച്ചു.


1976 ൽ കാന്തള്ളൂർ ക്ഷേത്രത്തിൽ അരങ്ങേറ്റം നടത്തിയ തെക്കുംപറമ്പ് നാരായണൻ നമ്പൂതിരി -ടി എൻ - അമ്പതാണ്ടുകൾക്കു ശേഷമാണ് വീണ്ടും വേദിയിലെത്തുന്നത്.

സദനം മണികണ്ഠന്റെ ശിക്ഷണത്തിൽ ടി എന്നും ഹരിയും കുചേലവൃത്തമാടാൻ മോഹിച്ചപ്പോൾ കൂടെ കൃഷ്ണനായി അന്നത്തെ പ്രിയസഹപാഠി കൃഷ്ണനുണ്ണിയുമെത്തി. വേദിയിൽ അകമ്പടിയായത് കേമന്മാർ. പാട്ട് അത്തിപ്പറ്റ രവി, പനയൂർ കുട്ടൻ.


ചെണ്ട സദനം ജിതിൻ, കലാമണ്ഡലം രഞ്ജിത് മദ്ദളം.കോപ്പ്: വാഴേങ്കട കുഞ്ചുനായർ സ്മാരക ട്രസ്റ്റ്. നിറഞ്ഞ ആസ്വാദകർ. തെളിഞ്ഞ ഭഗവൽപ്രസാദം.

കലയും കാലവും കഥയും റീ ടോൾഡ് ... അജിതാ ഹരേ ജയ.

തെക്കുംപറമ്പ് നാരായണൻ നമ്പൂതിരി
9847452982



# പ്രതികരണങ്ങൾ




## ഇതാണോ ആധുനിക കഥ?

**കഴിഞ്ഞ ലക്കം സ്വസ്തിയിൽ ശ്രീറാം ടി.എച്ച്. എഴുതിയ കഥ വായിച്ചു. ഒന്നും മനസ്സിലായില്ല.**
**ലിനി എൻ.**
**കിഴക്കേകോട്ട, തിരുവനന്തപുരം**
**9495248193**

**കഴിഞ്ഞലക്കം ഇല്ലപ്പെരുമയിൽ ശ്രീ കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരിയുടെ യോഗക്ഷേമ സഭാ പ്രവർത്തനങ്ങൾ പരാമർശിക്കാൻ വിട്ടുപോയിരുന്നു. ദീർഘകാലം യോഗക്ഷേമസഭ മലപ്പുറം ജില്ലാ പ്രസിഡണ്ടായിരുന്നു ശ്രീ നീലകണ്ഠൻ നമ്പൂതിരി. അദ്ദേഹത്തിന്റെ കാലത്താണ് മെമ്പർഷിപ്പിലും ഉപസഭകളുടെ എണ്ണത്തിലും കുതിച്ചു ചാട്ടം ഉണ്ടായത്. നല്ലൊരു സംഘാടകനും വാഗ്മിയുമായ ശ്രീ നീലകണ്ഠൻ നമ്പൂതിരി ഇപ്പോൾ യോഗക്ഷേമ സഭയുടെ ഉത്തരമേഖലാ പ്രസിഡണ്ടാണ്. ഇത്തരം സുപ്രധാനമായ ഒരുകാര്യം വിട്ടുപോയതിൽ ഖേദിക്കുന്നു**

**പത്രാധിപർ**
**സ്വസ്തി ത്രൈമാസിക**

# പാനേങ്കളി ഗംഭീരം

സ്വസ്തിയിൽ ഉദയൻ നമ്പൂതിരിപ്പാട് പാനേങ്കളിയെകുറിച്ച് എഴുതിയ ലേഖനം ഗംഭീരം ആയിട്ടുണ്ട്. നമ്പൂതിരി സമുദായത്തിൽ ഉണ്ടായിരുന്ന കലാരൂപങ്ങളെ കുറിച്ച് വിശദമായി നൽകിയ വിവരങ്ങൾ വളരെ നന്നായിട്ടുണ്ട്. വളരെ കൊല്ലങ്ങൾക്ക് മുമ്പ് നമ്മുടെ സമുദായത്തിലെ വിവാഹം, കുടിവെപ്പ്, ചോറൂണ് നടക്കുന്ന സന്ദർഭങ്ങളിൽ നടത്തിയിരുന്ന ഈ കലാരൂപത്തിന് അർഹിക്കുന്ന അംഗീകാരം ലഭിച്ചിട്ടില്ല. ഞങ്ങളുടെ കുടുംബം തന്നെയായിരുന്ന വൈക്കം അപ്പുവേട്ടൻ സംഘക്കളിയുടെ വളർച്ചക്ക് ഒട്ടനവധി സംഭാവന നൽകിയ വ്യക്തി ആയിരുന്നു. അതിന്റെ നല്ലൊരു പ്രചാരകനും ആയിരുന്നു. അദ്ദേഹത്തിന്റെ കൈവശം പരിപാടികളുടെ നിരവധി ഓഡിയോ ടേപ്പുകൾ ഉണ്ടായിരുന്നെന്ന് കേട്ടിട്ടുണ്ട്.
സ്വസ്തിക്കും ഉദയനും അഭിനന്ദനങ്ങൾ.

**മുരളീധരൻ ചെങ്ങല്ലൂർ പരമേശ്വരൻ**
തിരുവനന്തപുരം
മൊബൈൽ: 9387801639

# സംഘക്കളിയെക്കുറിച്ചുള്ള ലേഖനം ആധികാരികമായി

കഴിഞ്ഞ ലക്കം സ്വസ്തിയിൽ സംഘക്കളിയെക്കുറിച്ച് വന്ന ലേഖനം വളരെയധികം  സമഗ്രവും, കുറ്റമറ്റതുമായി.നമ്പൂതിരിമാരുടെ പാരമ്പര്യ അനുഷ്ഠാന കലയായ സംഘക്കളിയെക്കുറിച്ച് ഇത്രയും ആധികാരികമായി മറ്റൊരു പ്രസിദ്ധീകരണത്തിലും കണ്ടതായോർമ്മയില്ല.. ഈ ഒരു കലാരൂപം അവതരിപ്പിക്കുന്ന ഏക സംഘമായ കിഴിവിരി ചാത്തിരസംഘത്തിലെ അംഗമെന്ന നിലയിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഈ ലേഖനത്തിലൂടെ തന്നെ ഏതാനും ചില കളികൾ നടത്താനുള്ള അവസരം കൈവന്നതിൽ അങ്ങേയറ്റം ആഹ്ലാദിക്കുന്നു. നമ്പൂതിരിമാരുടെ ഉന്നമനത്തിനായ് അങ്ങേയറ്റം പ്രവർത്തിക്കുന്ന സ്വസ്തിക്കും, സംഘക്കളിയെക്കുറിച്ചുള്ള ഈ വിലപ്പെട്ട അറിവുകൾ ഇത്രയും ആധികാരികമായി ഈ വാരികയിലൂടെ നിങ്ങളിലേക്കെത്തിച്ച ശ്രീ. ഉദയൻ നമ്പൂതിരിപ്പാടിനോടുമുള്ള എന്റെ ഹൃദയംഗമമായ നന്ദി ഇവിടെ അറിയിച്ചു കൊള്ളുന്നു.

**നാരായണൻ പി.ഐ, പൂങ്ങാട് മന**
തൊഴിയൂർ പോസ്റ്റ് , തൃശൂർ ജില്ല
മൊ. നമ്പർ.9645670626.

## കെട്ടും മട്ടും ഗംഭീരം

ഈ ലക്കം സ്വസ്തി എത്താൻ വൈകി
ബുക്ക് സ്റ്റാളുകളിൽ വിൽക്കുന്ന പ്രസിദ്ധീകരണമാവുമ്പോൾ ജനുവരി ആദ്യം  തന്നെ ഇറക്കണമായിരുന്നു. ഉള്ളടക്കവും കെട്ടും മട്ടും ഗംഭീരമാണ്.  അതു കൊണ്ടു മാത്രമായില്ല, വായനക്കാരന് മാസാദ്യം തന്നെ സ്വസ്തി ലഭിക്കണം.
ആശംസകളോടെ

പുതുമന ജയൻ
ഉദയനാപുരം., കോട്ടയം

വായനക്കാരുടെ പേജ്

# സ്വസ്തി ന്യായീകരിക്കരുതായിരുന്നു

ബഹുമാനപ്പെട്ട സ്വസ്തി പത്രാധിപർക്ക്,

സ്വസ്തി ത്രൈമാസിക സ്ഥിരമായി (തപാൽ ശിപായി അത് കൊണ്ട് വന്നു തരികയാണെങ്കിൽ) വായിക്കുന്ന ഒരു വ്യക്തി ആണ് ഞാൻ. ഉള്ളടക്കം നല്ല നിലവാരം പുലർത്തി വരുന്നു, എന്നു ആദ്യമേ തന്നെ പറയട്ടെ. അത് പോലെ തന്നെ കാലിക പ്രസക്തി ഉള്ള പല ലേഖനങ്ങൾ ഉൾകൊള്ളിക്കാൻ കാണിക്കുന്ന താല്പര്യത്തെ അഭിനന്ദിക്കാതിരിക്കാതെ വയ്യ പുസ്തക വായന തന്നെ അന്യം നിന്നു പോകുന്ന കാലത്ത് ഒരു മാസികയിലെ ഉള്ളടക്കം ആകർഷകം ആണെങ്കിൽ തന്നെയേ ആരും അത് വായിക്കാൻ താല്പര്യപ്പെടുകയുള്ളു.


ചരിത്രം താല്പര്യം ഉള്ള ഒരു വ്യക്തി എന്ന നിലയ്ക്ക് പല ലേഖനങ്ങളും ഞാൻ പല ആവർത്തി വായിച്ചു നോക്കാറുണ്ട്. 'മലബാർ കലാപം' (അത് സ്വാതന്ത്ര്യ സമരം ആണ് എന്നു തോന്നുന്നവർക്ക് അങ്ങിനെ ചിന്തിക്കാം) എന്റെ ശ്രദ്ധ ആകർഷിച്ച ഒരു സംഭവം ആണ്. ആയത് കൊണ്ട് തന്നെ, അതേ കുറിച്ച് 'സ്വസ്തി' യിൽ വരുന്ന ലേഖനങ്ങളും ശ്രദ്ധാപൂർവം വായിക്കാറുണ്ട്.

1921 ആഗസ്ത് മാസത്തിൽ ആണല്ലോ ലഹള പൊട്ടി പുറപ്പെടുന്നത്. പ്രധാനമായും അന്നത്തെ മലബാർ ജില്ലയിലെ ഏറനാട് (ഇന്നത്തെ മലപ്പുറം ജില്ല) താലൂക്കിൽ ആണ് അതോട് അനുബന്ധിച്ചുള്ള സംഭവങ്ങൾ നടക്കുന്നതും. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ ലഹള നടത്തിയ മാപ്പിളമാർ ഏതാണ്ട് ആ ദേശത്തെ ഭരണം കയ്യിൽ എടുത്ത പോലെ തന്നെ ആയിരുന്നു. പല കാരണങ്ങൾ പറഞ്ഞുകൊണ്ട് അവർ തദ്ദേശീയരായ ഹിന്ദുക്കളെ (നമ്പൂതിരിമാരും ഹൈന്ദവർ തന്നെ ആണ് എന്ന അനുമാനത്തിൽ ആണ് ഇത് എഴുതുന്നത്) കൊന്നൊടുക്കയും, മതം മാറ്റുകയും, അവരുടെ ക്ഷേത്രങ്ങളും മറ്റും നശിപ്പിക്കുകയും ചെയ്തു. ഈ ലഹളയിൽ കൊല്ലപ്പെട്ട ബ്രിട്ടീഷുകാർ തുലോം കുറവാണ്.

2022-ൽ പ്രസിദ്ധീകരിച്ച സ്വസ്തിയുടെ ഒരു ലക്കത്തിൽ (പുസ്തകം 1 ലക്കം 3) ഈ വർഗീയ കലാപത്തിൽ പ്രധാനി ആയ ഒരാൾ ഒരു നമ്പൂതിരി കുടുംബത്തിന് നാട് വിട്ടു പോകാൻ വേണ്ടി കാള വണ്ടികൾ വരെ വിട്ടു കൊടുത്തു എന്നു പറഞ്ഞു കൊണ്ട് ഒരു ലേഖനം ഉണ്ടായിരുന്നു. അത് വായിച്ചപ്പോൾ തന്നെ; മറ്റൊരു നമ്പൂതിരിപ്പാട് (മോഴികുന്നം ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്) എഴുതിയ പുസ്തകത്തിൽ പറഞ്ഞ കാര്യങ്ങൾ ചൂണ്ടി കാണിച്ചു കൊണ്ട് ഒരു വിയോജന കുറിപ്പ് ഞാൻ എഴുതിയിരുന്നു. ലേഖനത്തിൽ പറഞ്ഞ കുടുംബവും മറ്റ് അനേകരും, പാണ്ടിക്കാട്ട് ഉള്ള പട്ടാള ക്യാമ്പിൽ ഹാജരായി, അവിടെ നിന്ന് പോലീസ് ബന്ദവസ്സോട് കൂടി കോട്ടക്കൽ എന്ന സ്ഥലത്തേക്ക് പോവുക ആണ് ഉണ്ടായത്.

2026 ജനുവരി പ്രസിദ്ധീകരിച്ച സ്വസ്തിയുടെ ലക്കത്തിൽ (പുസ്തകം 5 ലക്കം 1) കൈപ്പള്ളി ഇല്ലത്തെ കുറിച്ചുള്ള ലേഖനം വായിച്ചു. അതിൽ പറയുന്നത് ഇല്ലം കാര്യസ്ഥൻ കല്ലിങ്കൽ ശങ്കരൻ നായരെ വെട്ടി കൊന്നു, പക്ഷേ ആ ഇല്ലത്തുള്ളവരെ പ്രദേശവാസികൾ അങ്ങാടിപ്പുറം വരെ സുരക്ഷിതമായി എത്തിച്ചു എന്നും, അവിടെ നിന്നു അവർ വെള്ളിനേഴി (അന്നത്തെ വള്ളുവനാട് താലൂക്ക്) വരെ പോയി, അവിടെ സുരക്ഷിതമായി താമസിച്ചു എന്നും ആണ്

രണ്ടു ലേഖനങ്ങളും വായിച്ചപ്പോൾ തോന്നിയ ഒരു സംശയം



## അക്കാദമി അവാർഡ് വാങ്ങാത്ത നമ്പൂതിരിപ്പാട്

അവധൂതനായ മകന്റെ ശാസ്ത്രപഠനങ്ങൾക്ക് മുടക്കം വരാതെ കാക്കാൻ പരാശക്തിയോട് പ്രാർത്ഥിക്കുന്ന അമ്മ. കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി ഡൽഹി ബ്രാഞ്ചിലെ പ്രധാന ഫിസിഷ്യനും ഒപ്പം മലയാളത്തിലെ തല മുതിർന്ന സാഹിത്യവിമർശകനായി വളർന്ന മകൻ ടി എം ത്രിവിക്രമൻ നമ്പൂതിരിപ്പാട്.1973 ഡിസംബർ 2 ന് അമ്മയും 2001 ഡിസംബറിൽ അതേ തീയ്യതിക്ക് മകനും വിഷ്ണുപാദം പൂകി.


വ്യാസപ്രണാമം എന്ന കൃതി നേടിയ അക്കാദമി പ്രമാണപത്രമടക്കം ഉൾക്കൊള്ളിച്ച ലേഖനം ഞാനുദ്ദേശിച്ചതിലും ഭംഗിയായി സ്വസ്തിയിൽ വന്നു. വേണ്ട രീതിയിൽ നൽകിയ പിതൃപൂജ.

പലരും നേരിട്ടും ഫോണിലും സന്തോഷമറിയിച്ചു.

സ്വസ്തിക്ക് മംഗളങ്ങൾ നേരട്ടെ.

സി വി സാവിത്രി
ഉമാലയം, ഇടപ്പള്ളി
കൊച്ചി, 9447981665

വായനക്കാരുടെ പേജ്




## വായന മുറിയരുത്

സ്വസ്തി ജനുവരി 26 ലക്കം ഇന്ന് കിട്ടി

അതിൽ പേജ്, 78 നു ശേഷം 89.ആണ് ഉള്ളത്. അതിനു ഇടക്കുള്ള പേജുകൾ കാണുന്നില്ല. നല്ല ഫീച്ചറുകളും മറ്റും വായിക്കുമ്പോൾ ഇതൊരു പ്രശ്നമാണ്.

ബന്ധപ്പെട്ടവർ കൂടുതൽ ശ്രദ്ധിയ്ക്കണം.

**ഉണ്ണികൃഷ്ണൻ നമ്പുതിരി**
കാർത്തിക, ഗണേഷ് നഗർ
ശേഖരിപുരം. 9446791722

## സ്വസ്തി നിലവാരം കുറയരുത്

ധാരാളം അക്ഷരത്തെറ്റുകൾ കടന്നുകൂടുന്നു.. ' പാളങ്ങളുറക്കെ പറഞ്ഞു; നിശ്ശബ്ദം' കഥയിലെ വാക്കുകളും വാചകങ്ങളും പരസ്പരം ഒരു ബന്ധവുമില്ലാത്ത പോലെ തോന്നി.

പി.കെ. നമ്പൂതിരി
ഡൽഹി, 9810145733

ആണ്. മലബാർ ലഹള എന്ന വർഗീയ കലാപം നടക്കുമ്പോൾ പല വഴിക്കു ഓടുക എന്നല്ലാതെ, ലഹളക്കാരോട് എതിർത്ത് നിന്നവർ ആരും തന്നെ ഉണ്ടായിരുന്നില്ലേ നമ്പൂതിരി സമുദായത്തിൽ? എന്നു മാത്രം അല്ല, അവർക്ക് അങ്ങിനെ നാടും വീടും വിട്ട് ഓടാൻ സാഹചര്യം ഒരുക്കിയവരെ ന്യായീകരിക്കുന്ന തരം നിലപാടുകൾ ആണ് അവരുടെ പിൻ തലമുറകൾ സ്വീകരിക്കുന്നതും ഒരു തരം Stockholm Syndrome ആണോ ?

1921 നവംബർ ആകുമ്പോഴേക്കും ബ്രിട്ടീഷുകാർ ലഹളയെ കുറിച്ച് കൃത്യമായി തന്നെ മനസ്സിലാക്കി സൈനിക & പോലീസ് നടപടികൾ ആരംഭിച്ചിരുന്നു. ഗൂർഘ റൈഫിൾസ്, ഗഡ്വാൾ റൈഫിൾസ്, ആസ്സാം റൈഫിൾസ് - തുടങ്ങിയ വന മേഖലയിൽ നിന്നു വന്ന അവിടെ യുദ്ധം ചെയ്തു പരിചയം ഉള്ള സൈനികരെ മലബാറിലേക്ക് എത്തിച്ചു. മലബാർ സ്പെഷ്യൽ പോലീസ് എന്ന പോലീസ് സേന വിഭാഗവും അപ്പോഴേക്കും യുദ്ധസരമായിരുന്നു (അതിൽ നമ്പൂതിരിമാർ ഉണ്ടായിരുന്നുവോ എന്നു അറിയില്ല, അധികവും നായന്മാരും, ഈഴവതം ആയിരുന്നു എന്നാണ് അറിവ്). ഇവർ ഒക്കെ ചേർന്നുള്ള സൈനിക നടപടികൾ വഴി 1921 ഡിസംബർ ആകുമ്പോഴേക്കും മലബാർ കലാപം അടിച്ചമർത്തപ്പെട്ടു. കലാപത്തിന് മുൻകൈ എടുത്തവർക്ക് വധ ശിക്ഷ അടക്കം കൊടുത്തു. കുറെയധികം പേർക്ക് ആന്തമാൻ ദ്വീപുകളിലേക്ക് ഒരു വിനോദ യാത്രയും (ഒരു വഴിക്ക് മാത്രം) സർക്കാർ ചിലവിൽ ലഭ്യമായി

ഗൂർഘ പട്ടാളത്തിന്റെയും, മലബാർ സ്പെഷ്യൽ പൊലീസിന്റെയും ട്രൌസറിന്റെ മറപറ്റി; ഓടി പോയ നമ്പൂതിരിമാർ എല്ലാവരും തിരികെ എത്തി. 1921 ഡിസംബർ മുതൽ പിന്നീട് 1947 ആഗസ്റ്റ് 15 വരേക്കും ബ്രിട്ടീഷ് ഭരണം തന്നെ ആയിരുന്നു. അതായത് അടുത്ത 25 വർഷം, 8 മാസം. ലഹളക്ക് മുന്നേ ഉണ്ടായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ജന്മി അവകാശങ്ങൾ ഉൾപ്പെടെ) അവർക്ക് തിരികെ കിട്ടി. മലബാർ ലഹള സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗം ആയിരുന്നു എന്നും പറഞ്ഞു ഒരു നമ്പൂതിരി ജൻമിയും, അന്ന് തിരിച്ചു കിട്ടിയ അവകാശം വിട്ടൊഴിഞ്ഞതായി അറിവില്ല.

ഇത്രയും എഴുതാൻ ഉള്ള കാരണം, സ്വസ്തി പോലെയുള്ള പുസ്തകങ്ങളിൽ ഒരു വർഗീയ കലാപത്തെ ന്യായികരിച്ച് എഴുതി വരുന്ന ലേഖനങ്ങൾ ആണ്. ഒരു പ്രശ്നം ഉണ്ടായപ്പോൾ, രായ്ക്കുരാമാനം ഓടി രക്ഷപ്പെട്ടവർ പിന്നീട് ആ പ്രശ്നം ഉണ്ടാക്കിയവരെ വെള്ള പൂശാൻ ശ്രമിച്ചു വരുന്നത് വിരോധാഭാസം ആയി തോന്നി. അത് ഈ ചെറിയ കുറിപ്പ് വഴി അറിയിക്കാം എന്നു കരുതി.

സ്വസ്തിക്ക് ആശംസകൾ നേർന്നു കൊണ്ട് തന്നെ,

**സച്ചിൻ പെരിന്തലക്കാട്**
ബാംഗ്ലൂർ

## രണ്ടാഴ്ച വൈകിയെങ്കിലും സ്വസ്തി കിട്ടി

മുഖപ്രസാദമായി ദുർഗ്ഗാശയനം.കരളറിഞ്ഞ കൈപ്പള്ളി - ഇല്ലപ്പെരുമ, തൊണ്ടിമുതൽ സത്യം തെളിയിക്കാൻ വിഷ്ണുപോറ്റിയുടെ അനാലിസിസ് റിപ്പോർട്ട്, തെക്കൻ - മധ്യ കേരളത്തിൽ പുതുമയായ ഇടവലത്ത് പുടയൂർ മനയിലെ മലയറാട്ട് അഥവാ കളിയാട്ടം, മൺമറഞ്ഞ നടൻ ശ്രീനിവാസന്റെ പ്ലസന്റായ  ചിത്രം.. പതിവുപോലെ സ്വസ്തി ആദ്യന്തം ഗംഭീരം. സഫലമായ ജീവിതയാത്ര നടത്തി വിഷ്ണുപദം പുകിയ സ്വസ്തി പ്രിന്ററും പബ്ലിഷറുമായ കളം വിഷ്ണു മാസ്റ്റർക്ക് പ്രണാമങ്ങൾ.

**നവനീത് കൃഷ്ണൻ**
താന്നിമൂട് മഠം, എരൂർ, തൃപ്പൂണിത്തുറ, 9447921212



### മീരക്ക് പി.എച്ച്.ഡി.

യോഗക്ഷേമ സഭ മാവേലിക്കര ഉപസഭാംഗവും, ജില്ലാ കൗൺസിൽ അംഗവുമായ വടക്കത്ത് ഇല്ലത്ത് വി.കെ. സുരേഷിന്റെയും രത്നമണി (മാവേലിക്കര ഉപസഭാ വനിതാ വിഭാഗം പ്രസിഡന്റ്) യുടെയും മകൾ മീര കേരള യൂണിവേഴ്സിറ്റിയിൽ നിന്നും പി.എച്ച്.ഡി. നേടി.



### ഉണ്ണികൃഷ്ണൻ പോറ്റി പോളണ്ടിൽ അസി. പ്രൊഫസർ

കൊല്ലം ജില്ല ഓച്ചിറ ഉപസഭയിലെ കിടക്കോട്ട് ഇല്ലത്ത് ഉണ്ണികൃഷ്ണൻ പോറ്റി, പോളണ്ട് വാർസോവിലെ നാഷനൽ സെന്റർ ഫോർ ന്യൂക്ലിയർ റിസർച്ചിന്റെ ആസ്ട്രോഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിതനായി.



### ലത നമ്പൂതിരിക്ക് കേരള ഫോക്‌ലോർ അക്കാദമി അവാർഡ്

തിരുവാതിരക്കളിയിൽ 2024 കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ലത തായടക്ക് ലഭിച്ചു. ഭരതനാട്യം മെഗാ ഇവന്റ് പ്രോഗ്രമിൽ സർട്ടിഫിക്കറ്റും മെഡലും പുനർജ്ജനി മോഹിനിയാട്ടം മെഗാ ഇവന്റ് ഇന്റർനാഷനൽ പ്രോഗ്രാമിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റും നേടിയിട്ടുണ്ട്.



### മഞ്ജു. വി. ക്ക് ഫിസിക്സിൽ ഡോക്ടറേറ്റ്

കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ മഞ്ജു. വി. (അസിസ്റ്റന്റ് പ്രൊഫസർ, എസ്.ഡി. കോളേജ്, ആലപ്പുഴ). പത്തനാപുരം അരുവിത്തറ ചെമ്പകശ്ശേരി മഠത്തിൽ പരേതനായ വാസുദേവൻ പോറ്റിയുടെയും ഉമാദേവി അന്തർജനത്തിന്റെയും മകളും തിരുവല്ല ഓതറ മാമ്പറ്റ ക്കൊട്ടാരത്തിൽ നവനീതിന്റെ പത്നിയുമാണ്.



### എൻവയൺമെന്റൽ സയൻസിൽ പി.എച്ച്.ഡി. നേടി കാവ്യാ ജീവൻ

കാസർകോട് കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് എൻവയൺമെന്റൽ സയൻസിൽ പി.എച്ച്.ഡി. നേടിയ കാവ്യാ ജീവൻ. ഹരിപ്പാട് കാരുവള്ളി ഇല്ലത്ത് ജീവൻ കൃഷ്ണന്റെയും അജിതയുടെയും മകളാണ്. ഭർത്താവ് പെരുങ്കുളം നാരായണമംഗലം മഠത്തിൽ ഡോ. ശ്രീനാഥ് പുരുഷോത്തമൻ



### ഡോ. തോട്ടം ശിവകരൻ നമ്പൂതിരിക്ക് ചന്ദ്രമന നാരായണൻ നമ്പൂതിരി പുരസ്കാരം

ഭാഗവത-വൈദികരംഗത്തെ സമഗ്ര സംഭാവനക്കായി ഏർപ്പെടുത്തിയ ഭാഗവതാചാര്യൻ ചന്ദ്രമന നാരായണൻ നമ്പൂതിരി സ്മാരക പുരസ്കാരത്തിന് പ്രമുഖ സാമവേദ പണ്ഡിതൻ ഡോ. തോട്ടം ശിവകരൻ നമ്പൂതിരി (കുറിച്ചിത്താനം) അർഹനായി. വേദ-ശ്രൗത മേഖലയിലെ വിലയേറിയ സേവനങ്ങൾപരിഗണിച്ചാണ് പുരസ്കാരം.



### ആരഭി പി നമ്പൂതിരിക്ക് സ്വർണ്ണമെഡൽ

ഭാരതീയ വിദ്യാനികേതൻ സംസ്ഥാന തല ടാലന്റ് സെർച്ച് 2025–2026 പരീക്ഷയിൽ സ്വർണ്ണ മെഡൽ നേടിയ കോഴിക്കോട് വേദവ്യാസ വിദ്യാലയത്തിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ആരഭി പി നമ്പൂതിരി. കക്കോടി ഉപസഭയിലെ എടോളി ഇല്ലത്ത് പ്രജീഷിന്റെയും കീർത്തിയുടെയും മകളാണ്.




### പാർവ്വതി പി നമ്പൂതിരിക്ക് കഥകളിയിൽ എ ഗ്രേഡ്

എം.ജി. സർവ്വകലാശാല കലോത്സവത്തിൽ കഥകളിയിൽ രണ്ടാംസ്ഥാനവും എ ഗ്രേഡും നേടിയ പാർവ്വതി പി നമ്പൂതിരി. തിരുമക്കുളം പിണക്കാമിറ്റത്ത് വിജയ് പി. നമ്പൂതിരി യുടെയും വിദ്യയുടെയും മകളാണ്.എറണാകുളം സെന്റ് ആൽബർട്സ് കോളേജ് ഒന്നാം വർഷ എം. ബി. എ. വിദ്യാർഥിയാണ്.ഫാക്ട് ബിജു ഭാസ്കറിന്റെ ശിഷ്യ.



## ടി.അഭിജിത്ത്. എസ്.എഫ്.ഐ ജില്ലാ സെക്രട്ടറി

എസ്.എഫ്.ഐ തൃശ്ശൂർ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ടി.അഭിജിത്ത്. ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി തിരുവാലൂർ മനോഹരൻ നമ്പൂതിരിയുടെയും, സുധ അന്തർജ്ജനത്തിന്റെയും മകനായ അഭിജിത്ത് കഴിഞ്ഞകാലങ്ങളിൽ എസ്.എഫ്.ഐ. ഗുരുവായൂർ ലോക്കൽ പ്രസിഡന്റ് സെക്രട്ടറി, ചാവക്കാട് ഏരിയ സെക്രട്ടറി, ജില്ലാ സെക്രട്ടേറിയറ്റ് അംഗം ജില്ലാ വൈസ് പ്രസിഡന്റ് ജോയിന്റ് സെക്രട്ടറി, ഡി.വൈ.എഫ്.ഐ. ഗുരുവായൂർ മേഖല ട്രഷറർ,പ്രസിഡന്റ് നിലവിൽ സെക്രട്ടറി, ചാവക്കാട് ബ്ലോക്ക് കമ്മിറ്റി അംഗം എന്നിങ്ങനെ ഒരുപാട് സംഘടന ചുമതലകൾ വാഹിച്ചിട്ടുണ്ട്. 3 വർഷക്കാലം സി.പി.ഐ.(എം) എടപ്പുള്ളി ബ്രാഞ്ച് സെക്രട്ടറി എന്ന ചുമതല കൂടി സഖാവ് നിർവഹിച്ചിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്രം കീഴ്ശാന്തി കുടുംബമായ തിരുവാലൂർ മന കുടംബ അംഗം ആയ അഭിജിത്തിന്റെ സഹോദരൻ ശ്രീ. തിരുവാലൂർ ശരത്ത് നമ്പൂതിരി ക്ഷേത്രം കീഴ്ശാന്തിയും ഗുരുവായൂർ ക്ഷേത്രം പ്രസാദ് ഊട്ട് പുരയിലെ ചുമതലയുള്ള കീഴ്ശാന്തി ആണ്.



### തബല, അഷ്ടപദി തായമ്പക ഇനങ്ങളിൽ ഹരിഗോവിന്ദിന് എ ഗ്രേഡ്

തൃശൂരിൽ വെച്ചു ഈ വർഷം നടന്ന സംസ്ഥാന കലോൽത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ മത്സരിച്ച മുന്നു വിഭാഗത്തിലും എ ഗ്രേഡ് നേടിയ ഹരിഗോവിന്ദ് മങ്കുണം. തബല, അഷ്ടപദി തായമ്പക എന്നിവയിലാണ് എ ഗേഡ് നേടിയത്. ഇതിൽ തന്നെ തബലയിൽ തുടർച്ചയായി മൂന്നു വർഷവും, തായമ്പകയിലും അഷ്ടപദിയിലും രണ്ടുവർഷവും എ ഗ്രേഡുകാരനാണ് ഈ മിടുക്കൻ. കോഴിക്കോട് സർവെ ഓഫീസ് സർവെയറായ മങ്കുന്നം കൃഷ്ണൻ നമ്പൂതിരിയുടെയും അദ്ധ്യാപികയായ ഷീബ യുടേയും മകനായ ഹരി ഗോവിന്ദ് മലപ്പുറം മക്കരപറമ്പ് ഹൈസകുളിൽ പത്താം ക്ലാസിൽ പഠിക്കുന്നു.



### ആർദ്ര അബാക്കസിൽ സൂപ്പർ ചാമ്പ്യൻ

മേപ്പയ്യൂർ കൽപ്പത്തൂർ പൈക്കാട്ട് ഇല്ലത്ത് ഹരീഷ്- അപർണ്ണ ദമ്പതികളുടെ മകൾ ആർദ്ര പി. അബാക്കസ് പരീക്ഷയിൽ സൂപ്പർ ചാമ്പ്യനായി.



### പാർവ്വതി വേണാടിന് ഡോക്ടറേറ്റ്

കോഴിക്കോട് സിറ്റി ഉപസഭയിലെ ഡോ:പാർവ്വതി വേണാടിന് ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു.ബേപ്പൂർ മംഗലശ്ശേരി ശ്രീ രാമാനന്ദന്റെയും ശ്രീമതി അനിതയുടെയും മകൻ വിദ്യ ആനന്ദിന്റെ പത്നിയാണ് പാർവ്വതി. ആയുർവ്വേദഎയിംസും, അലോപ്പതിഎയിംസും സംയുക്തമായി കാൻസർ ട്രീറ്റ്മെന്റിൽ ആയുർവ്വേദ മരുന്നുകളുടെഫലസിദ്ധിയെക്കുറിച്ച് നടത്തിയ ഗവേഷണത്തിനാണ് ഡോ: പാർവ്വതിക്ക് ഡോക്ടറേറ്റ് ലഭിച്ചത്. തൃശൂർ ഉപസഭ മുൻ പ്രസിഡന്റ് ദാമോദരൻ - രേണുക എന്നിവരുടെ പുത്രിയാണ് പാർവ്വതി. ആയുർവ്വേദപഠന രംഗത്തെ പ്രശസ്ത സ്ഥാപനമായ ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ നിന്നും ഗോൾഡ് മെഡലോടുകൂടി പോസ്റ്റുഗ്രാഡുവേഷൻ ചെയ്തു.



### അദ്രിജക്ക് ഹിന്ദി പ്രസംഗത്തിൽ എ ഗ്രേഡ്

സംസ്ഥാന കലോത്സവത്തിൽ ഹിന്ദി പ്രസംഗത്തിന് എ ഗ്രേഡ് നേടിയ അദ്രിജ ടി.എൻ. മുക്കം ഉപസഭ



### ആരാധ്യ പി. ശ്രീരാജിന് ഗിന്നസ് വേൾഡ് റെക്കോർഡ്

മദർ ഇന്ത്യ ക്രോഷെ ക്വീൻസ് സംഘടിപ്പിച്ച ഏറ്റവും വലിയ ക്രോഷെ ഗ്രാനി സ്ക്വയേഴ്സ് 2025 പ്രദർശനത്തിൽ (1,00581 സ്ക്വയേഴ്സ്) പങ്കെടുത്തതിന് ഗിന്നസ് വേൾഡ് റെക്കോർഡ് ബഹുമതി. കേരളത്തിൽ നിന്നുള്ള ഏക മത്സരാർത്ഥിയും ഏറ്റവും പ്രായം കുറഞ്ഞ മത്സരാർത്ഥിയും ആയിരുന്നു ആരാധ്യ. 2025 മാർച്ച് 9 ന് തമിഴ്നാട്ടിലെ ചെന്നൈയിലെ എസ്ആർഎം യൂണിവേഴ്സിറ്റി കാമ്പസ് സ്റ്റേഡിയത്തിലാണ് പരിപാടി നടന്നത്. എറണാകുളം ജില്ലയിലെ തൃക്കാക്കര ഉപസഭാംഗം ശ്രീരാജ് പഴയില്ലത്തിന്റെയും ശ്രീവിദ്യ ശ്രീരാജിന്റെയും മകളാണ് ആരാധ്യ. എറണാകുളത്തെ കാക്കനാട് അസീസി വിദ്യാനികേതൻ പബ്ലിക് സ്കൂളിലെ 7 ക്ലാസ് വിദ്യർത്ഥിനിയാണ് ആരാധ്യ. മൊബൈൽ: 9995800126.



### ഗൗതം കേശവ് അബാക്കസിൽ അൾട്ടിമേറ്റ് ചാമ്പ്യൻ

കൽപ്പത്തൂർ പൈക്കാട്ട് ഇല്ലത്ത് രാജു -ദയ ദമ്പതികളുടെ മകൻ പി.ഗൗതം കേശവ് അബാക്കസ് പരീക്ഷയിൽ അൾട്ടിമേറ്റ് ചാമ്പ്യനായി.

# വാർത്തകൾ / വ്യക്തികൾ / വിശേഷങ്ങൾ



**ശ്രീനിധി. പി. ക്ക് ഭരതനാട്യത്തിൽ മൂന്നാംസ്ഥാനവും മോഹിനിയാട്ടത്തിൽ രണ്ടാംസ്ഥാനവും**

കോഴിക്കോട് യൂനിവേഴ്സിറ്റി ബി സോൺ കലോത്സവത്തിൽ ഭരത നാട്യത്തിന് മൂന്നാം സ്ഥാനവും മോഹിനി യാട്ടത്തിന് രണ്ടാം സ്ഥാനവും നേടിയ പാലക്കോൾ ഇല്ലത്തെ ശ്രീനിധി. പി . കോഴിക്കോട് സെന്റ് ജോസഫ്സ് ദേവഗിരി കോളേജിലെ ഒന്നാം വർഷ ബി എസ് സി കെമിസ്ട്രി വിദ്യാർത്ഥിയാണ്.





**ഗിരീശൻ ഭട്ടതിരിപ്പാടിന് ആദരം**

2026 മാർച്ച് 11 മുതൽ 14 വരെ നേപ്പാളിൽ അന്തർദേശീയ ചിത്ര പ്രദർശനവും സെമിനാറുകളും നടക്കുകയുണ്ടായി അതിൽ ഇന്ത്യയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട നാലു ചിത്രകാരന്മാരിൽ ഒരാളായിരുന്നു കരുവാട് ഗിരീശൻ ഭട്ടതിരിപ്പാട് അക്കാദമിയിലെ വലിയ ശില്പം നോക്കി ലൈവ് സ്കെച്ച് വരച്ച് ചാൻസിലർ ശ്രീ. നാരദമണി ഹർദംചാലിയുടെ പ്രത്യേക പ്രശംസയും അംഗീകാരവും ലഭിച്ചു. നേപ്പാളിലെ പ്രധാന സ്ഥലങ്ങളിൽ പോയിരുന്ന് പത്തോളം രേഖാചിത്രങ്ങൾ വരച്ച് നേപ്പാൾ ഫയൽസ് എന്ന പേരിൽ പുന്നയൂർകുളം ആർട്ട് ഗ്യാലറിയിൽ വെച്ചിട്ടുണ്ട്.



**ഗായത്രിക്ക് ഫിസിക്സിൽ ഡോക്ടറേറ്റ്**

ചെന്നൈ ഐ.ഐ.ടി.യിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ഗായത്രി പുന്നപ്പുഴ. പുന്നപ്പുഴ വിജയൻ നമ്പുതിരിയുടെ മകൾ ആണ്.



**റവന്യൂ അവാർഡ് വിനോദ് വി. നമ്പൂതിരിക്ക്**

മികച്ച വില്ലേജ് ഓഫീസർക്കുള്ള റവന്യൂ അവാർഡ് ചേറ്റൂർ വിനോദ് വി നമ്പൂതിരി കരസ്ഥമാക്കി. തിരുവനന്തപുരം ജില്ലാ പാൽക്കുളങ്ങര ഉപസഭാംഗമാണ്.



**പാർവ്വതിക്ക് എൽ.എസ്.എസ്.**

2024–2025 എൽ.എസ്.എസ്. നേടിയ പാർവ്വതി എം.യു. ചാത്തക്കോട്ടില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും മഞ്ജുഷയുടെയും മകളാണ്- വടകര ഉപസഭ.



**ഡോ.എം.ആർ.വി. നമ്പൂതിരിക്ക് ഡി.ലിറ്റ്**

പാപ്പനംകോട് ഉപസഭാംഗം ഡോ.എം.ആർ.വി. നമ്പൂതിരിക്ക് ഡി.ലിറ്റ്. അവാർഡ്. ആയുർവേദ ചികിത്സാ രംഗത്തും ആയുർവ്വേദ പാഠ്യ രംഗത്തും സമഗ്രമായ സംഭാവന നൽകിയതിന് ലഭിച്ച അംഗീകാരമാണ്.



**കുട്ടേട്ടൻ സാഹിത്യപുരസ്കാരം സി.എസ്.ഹരികൃഷ്ണൻ**

കുഞ്ഞുണ്ണി മാഷിന്റെ ഓർമ്മക്കായി കുഞ്ഞുണ്ണി അനുസ്മരണ സമിതി നൽകുന്ന കുട്ടേട്ടൻ സാഹിത്യ പുരസ്കാരം ചേവായൂർ ഭവൻസ് വിദ്യാർത്ഥി സി.എസ്.ഹരികൃഷ്ണന്റെ 'തക്കുടു രഹസ്യം കണ്ടുപിടിച്ചേ' എന്ന കഥയ്ക്ക് ലഭിച്ചു.



**ശ്രീദേവി പോരൂരിന് ജെ.ആർ.എഫ്.**

സി.എസ്.ഐ.ആറിന്റെ നാഷണൽ എലിജിബിലിറ്റി ടെസ്റ്റിൽ ക്വാളിഫൈ ചെയ്ത് ആൾ ഇന്ത്യയിൽ 43–ാമത്തെ റാങ്കായി ജെ.ആർ.എഫ്. നേടിയ ശ്രീദേവി പോരൂർ



*സംസ്ഥാന യുവജനസഭയുടെ ആഭിമുഖ്യത്തിൽ നട ത്തിവരുന്ന രക്തദാന ക്യാമ്പ് ആയിട്ടുള്ള യുവസ്പന്ദനം എന്ന നാമം നിർദ്ദേശിച്ചിട്ടുള്ള വിജയിയായ ശ്രീലത അന്തർജ്ജനത്തിന് യുവജനസഭയുടെ സമ്മാനം കൈമാറുന്നു.*



### പത്തനാടിമാരെ ആദരിച്ചു

യാഗത്തിനു ശേഷം തറവാട്ടിലെ പരിപാവനമായ അഗ്നിയെ സംരക്ഷിക്കുക എന്ന കർമ്മം ചെയ്തുകൊണ്ടിരിക്കുന്ന പത്തനാടിമാരെ പെരുമനം സഭായോഗത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചു.

⇐

*ഇരിക്കുന്നവർ പെരുമ്പടപ്പ്ദേവകി, വടക്കേടത്ത് കപ്ളിങ്ങാട് പാർവ്വതി. ചെറുമുക്ക് ലീല, പെരുമ്പടപ്പ് ശ്രീദേവി എന്നീ പത്തനാടിമാർ. നിൽക്കുന്നവർ വെള്ളാമ്പറമ്പ് ശ്രീജ, ചെറുമുക്ക് ജയശ്രീ, അരൂര് സജിത, നടുവിൽ പഴേടം രൂപവതി, ചെറുമുക്ക് ഹൈമവതി എന്നീ പത്തനാടിമാർ.*

## വി.ടി. പുരസ്കാരം ഡോ.വി.പി.ഗംഗാധരന് സമ്മാനിച്ചു

ശ്രീകൃഷ്ണപുരം വിടി ഭട്ടതിരിപ്പാട് കോളേജിലെ വിടി അനുസ്മരണ സമിതി ഏർപ്പെടുത്തിയ ഈ വർഷത്തെ വി.ടി. പുരസ്കാരം പ്രശസ്ത ഓങ്കോളജിസ്റ്റും കൊച്ചിൻ ക്യാൻസർ സൊസൈറ്റി സ്ഥാപകനുമായ ഡോ. വി.പി.ഗംഗാധരന് കോളേജിൽ വെച്ച് നടന്ന വിടി അനുസ്മരണ സമ്മേളനത്തിൽ ശ്രീ ശങ്കരാ ട്രസ്റ്റ് സെക്രട്ടറി ഡോ. കൃഷ്ണൻ നമ്പൂതിരി സമ്മാനിച്ചു.

ശ്രീ ശങ്കരാ ട്രസ്റ്റ് ചെയർമാൻ അഡ്വ.ശംഭു നമ്പൂതിരി സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ.ടി. ബിന്ദു അധ്യക്ഷത വഹിച്ചു.

കേരള സംഗീത നാടക അക്കാദമി പുരസ്കാരം നേടിയ മുൻ പ്രിൻസിപ്പൽ ജി. ദിലീപൻ വി.ടി.അനുസ്മരണ പ്രഭാഷണം നടത്തി. ഡോ.വി.പി.ഗംഗാധ രൻ , ശ്രീ ശങ്കരാട്രസ്റ്റ് ഉത്തരമേഖല ചെയർമാൻ എം.ബ്രഹ്മദത്തൻ നമ്പൂ തിരി, ഉത്തര മേഖലാ എക്സിക്യൂട്ടീവ് അംഗം പ്രഫ.എം.കെ. നാരായണൻ നമ്പൂതിരി, പി ടി എ വൈസ് പ്രസിഡന്റ് കെ.വി. സുനിൽ , ഡോ.കെ. ആർ. സന്ദീപ് നാരായണൻ, ഡോ.കെ.വി. വിജയശ്രീ , പി ടി എ സെക്രട്ടറി ഡോ. കെ.സദീപ്, യൂണിയൻ ചെയർ പേഴ്സൺ സ്നേഹ പ്രസംഗിച്ചു.ഡോ.കെ. പി.പാർവതി സ്വാഗതവും ടി. അരവിന്ദ് നന്ദിയും പറഞ്ഞു.

വിവിധ സ്കോളർ ഷിപ്പുകളുടേയും എൻഡോവ്മെന്റു കളുടെയും വിതരണവുമുണ്ടായി.



*2025ലെ സത്യജിത് റേ സാഹിത്യ സാഹിത്യപുരസ്കാരം മികച്ച ചെറുകഥ സമാഹാരത്തിനുള്ള സ്പെഷ്യൻ ജൂറി അവാർഡ്, 'ജാലകപ്പുറത്തെ കാഴ്ചകൾ' എന്ന കൃതിയുടെ കർത്താവായ കല്ലൂർ ഈശ്വരൻ പോറ്റി വെഞ്ഞാറമൂടിന് ജോർജ്ജ് ഓണക്കൂർ, കെ.പി സുധീര എന്നിവർ ചേർന്ന് നൽകി. സമീപത്ത് വയലാർ ശരത്ചന്ദ്ര വർമ്മ, സജിൻ ലാൽ, രാജീവ് അഞ്ചൽ എന്നിവർ*



*ജില്ലാ വനിതാസഭയുടെ ആഭിമുമുഖ്യത്തിൽ കോഴിക്കോട് ആസ്ഥാനമന്ദിരത്തിൽ വെച്ച് നടന്ന കുട നിർമ്മാണ പ്രവൃത്തിപരിചയ ക്യാമ്പിൽ രത്നം പാറക്കോട് ക്ലാസ്സെടുക്കുന്നു*

# ഉത്തര മേഖല വനിതാ ക്യാമ്പ് ഉണർവ് 2026




ഉത്തര മേഖല വനിതാ ക്യാമ്പ് 'ഉണർവ് 2026 21/2/26 കോഴിക്കോട് ജില്ല ആസ്ഥാന മന്ദിരത്തിൽ വച്ച് നടന്നു. 5 ജില്ലകളിൽ നിന്നായി 140 പേർ പങ്കെടുത്തു. ബഹുമാനപ്പെട്ട സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ശ്രീമതി മല്ലികാ നമ്പൂതിരി ചടങ്ങ് ഉദ്ഘാടനം ചെയ്തു.

വനിതകൾ എക്കാലവും ഉണർന്ന് പ്രവർത്തിക്കാൻ തയ്യാറാണമെന്നും മുതിർന്ന പ്രവർത്തകരുടെ ജീവചരിത്രങ്ങൾ ഒരു പുസ്തകമാക്കി സൂക്ഷിക്കാൻ വേണ്ട പരിപാടികൾ ആരംഭിച്ചു എന്നും ഉദ്ഘാടന ഭാഷണത്തിൽ പ്രസിഡന്റ് അറിയിച്ചു.

ഉദ്ഘാടന ചടങ്ങിന് ശേഷം മഞ്ഞുരുകൽ എന്ന രസകരമായ പരിചയപ്പെടൽ പരിപാടി നടന്നു. ചെറിയ ഓരോ ടാസ്ക് കൊടുത്തു ഒരു ഗെയിം രൂപത്തിൽ നടത്തിയ പരിപാടിയിൽ എല്ലാ വനിത അംഗങ്ങളും ആവേശപൂർവ്വം പങ്കെടുത്തു ഏറ്റവും ഹൈലൈറ്റ് ആയാത് നമ്മുടെ പ്രസിഡന്റ് & സെക്രട്ടറി ചേർന്ന് നടത്തിയ എൽ.കെ.ജി. കുട്ടികളുടെ അഭിനയമായിക്കുന്നു.

ടീ ബ്രേക്കിന് ശേഷം എല്ലാവരും ഉറ്റുനോക്കിയിരുന്ന മെഗാ തിരുവാതിര അരങ്ങേറി. ക്യാമ്പിൽ പങ്കെടുത്തവരിൽ പകുതിയിലധികം പേർ തിരുവാതിരയിൽ പങ്കെടുത്തു. നമ്മുടെ കൂട്ടായ്മയുടെ തിളക്കം അതിൽ പ്രതിഫലിച്ചു.



*കോഴിക്കോട് ജില്ലയുടെ നൃത്തശില്പം*

പിന്നീട് നമ്മുടെ മുൻ ജനറൽ സെക്രട്ടറി കൂടി ആയിരുന്ന ശ്രീ മധു അരീക്കര നയിച്ച ഒരു ചർച്ച വേദിയായിരുന്നു. ആധുനിക സമൂഹ രൂപീകരണത്തിൽ വനിതകളുടെ , അവരുടെ വെല്ലുവിളികളും പരിഹാരവും എന്ന വിഷയത്തെ കുറിച്ച് നടന്ന ചർച്ചയിൽ വളരെ ആവേശത്തോടെയും ഉത്സാഹത്തോടെയും അംഗങ്ങൾ പങ്കെടുത്തു. ഉച്ച ഭക്ഷണത്തിന് ശേഷം ഗ്രൂപ്പ് ഫോട്ടോ

കാസർഗോഡ് ജില്ല എല്ലാ അംഗങ്ങളും പങ്കെടുത്തു കൊണ്ടുള്ള നാടൻ പാട്ട്, കോഴിക്കോട് ജില്ല വർണ്ണാഭമായ ഭാരതാംബ , മാവേലി തുടങ്ങി വിവിധ വേഷങ്ങൾ അടങ്ങിയ ഘോഷ യാത്രയോടു കൂടിയ വഞ്ചിപ്പാട്ട് എന്നിവ അവതരിപ്പിച്ചു.

ഉത്തര മേഖല പ്രസിഡന്റ് ശ്യാമള കെ എൻ, സെക്രട്ടറി ശ്രീജ അരീക്കര



*യോഗക്ഷേമ സഭ കോഴിക്കോട് ജില്ലയുടെ കോവൂരിലെ ആസ്ഥാന മന്ദിരത്തിൽ ദേവയാനം ചുമർചിത്ര പഠനകേന്ദ്രത്തിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ചുമർചിത്ര രചനയ്ക്ക് തുടക്കം കുറിച്ചു. രണ്ട് മാസത്തിനുള്ളിൽ ചിത്രം പൂർത്തിയാക്കി മിഴിതുറക്കുവാനാവും എന്ന പ്രതീക്ഷയിലാണ് ദേവയാനം . പ്രകൃതിയിലെ കാഴ്ചകൾ ആസ്വദിച്ച് ഓടക്കുഴൽ വായിക്കുന്ന കൃഷ്ണനും ഗോപികമാരും ആണ് പ്രധാന വിഷയം*
⇐



# തെക്കുമ്പറമ്പ് നാരായണൻ നമ്പൂതിരി – ഗുരുവായൂർ മേൽശാന്തി

തെക്കുംപറമ്പത്ത് വാസുദേവൻ നമ്പൂതിരിയുടെയും ആര്യ അന്തർജനത്തിന്റെയും മകനാണ് നാരായണൻ നമ്പൂതിരി. പാലക്കാട് ഇല്ലിക്കോട്ടുകുറിശ്ശി ശിവക്ഷേത്രത്തിൽ മേൽശാന്തിയാണിപ്പോൾ. സഹോദരൻ ഉണ്ണികൃഷ്ണൻ നമ്പൂതിരി 2010–ൽ ഗുരുവായൂർ മേൽശാന്തിയായിരുന്നു. ഭാര്യ: ശ്രീന (ചെർപ്പുളശ്ശേരി എ.എൽ.പി. സ്കൂൾ അധ്യാപിക), മകൻ: ശ്രീനാഥ് (ബെംഗളൂരു ഫാർമ കമ്പനി).


**50ാം വിവാഹ വാർഷികം ആഘോഷിച്ച**

**കണ്ടമംഗലം ശ്രീനാദം**

**നാരായണൻ നമ്പൂതിരി**

**ദേവി നാരായണൻ**




*ആശംസകളോടെ*

**പ്രീത, വിനോദ്, സതീശ് ,**
**ശ്രീജ, അഭിഷേക്, അഭിനന്ദ്,**
**സാത്വിക്, സ്വസ്തിക**

# കുട്ടിക്കൂട്ടം





**അൻവിത ടി.എൽ**
D/o ലിനേഷ് താമരക്കുളം.






**നവനീത് കൃഷ്ണൻ**
S/o രഞ്ജിത് ആർ. കൃഷ്ണൻ & ഷിജി, ദ്വാരക, മുരാരി ജംഗ്ഷൻ, മുഖത്തല പി.ഒ., കൊല്ലം,
മാബൈൽ: 8547735302



**ഘനശ്യാം ഗോവിന്ദ് കെ**
(ആറാം തരം)
S/o പ്രവീൺ കെ നമ്പൂതിരി & ലത പ്രവീൺ
കളത്തിൽ ഇല്ലം
താമരശ്ശേരി





**മിത്രവിന്ദ സി.പി.**
(5-ാം തരം)
S/o ശരത് - ഭദ്രപ്രിയ,
പൈങ്ങോട്ടില്ലം, അത്തോളി
സെന്റ് മൈക്കിൾസ് ഗേൾസ് എച്ച്.എസ്.എസ്. (വെസ്റ്റ്ഹിൽ, കോഴിക്കോട്)

# ഭാഗവതത്തിന്റെ മണ്ണിൽ നിന്ന് ഡ്രംസിന്റെ നാദധാര !

ഇത് മള്ളിയൂർ ശ്രീ ശങ്കരൻ. ആധ്യാത്മികാചാര്യനായി പ്രശോഭിച്ച സാക്ഷാൽ ഭാഗവത ഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയുടെ കൊച്ചുമകൻ. വെള്ളൂർ ഭാവൻസ് വിദ്യാമന്ദിറിൽ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായ ശങ്കരൻ കുട്ടിക്കാലത്തുതന്നെ ഭാഗവതപഠനവും പാരായണവും തുടങ്ങി.മള്ളിയൂരിന്റെ മഹിമ കാത്തുസൂക്ഷിക്കാൻ ഭാഗവതത്തെ പുതുതലമുറയും മുറുകെപ്പിടിക്കുന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ ശങ്കരനെ സംബന്ധിച്ചിടത്തോളം ഭാഗവതം പോലെ തന്നെ സുപ്രധാനമായ മറ്റൊന്നു കൂടിയുണ്ട് ; അതാണ് ഡ്രംസ്സ് വായന.ഡ്രംസ്സിനോടുള്ള ശങ്കരന്റെ താത്പര്യം മൂന്നാം വയസ്സിൽ തുടങ്ങിയതാണ്. കോട്ടയത്തുള്ള ഫിന്നി എന്ന ഡ്രംസ് കലാകാരനാണ് ശങ്കരന്റെ ഗുരുനാഥൻ.

വാദ്യമേള രംഗത്ത് ചുരുങ്ങിയ വേദികളിലൂടെ ത്തന്നെ വിസ്മയകരമായ പ്രകടനത്തിലൂടെ ശ്രദ്ധേയനാകുകയാണ് മള്ളിയൂർ ശ്രീശങ്കരൻ.

ജന്മ സഹജമായ താളബോധവും കർണാടക സംഗീതത്തോടുള്ള അഭിനിവേശവും ഡ്രംസിൽ കേന്ദ്രീകരിച്ചതോടെ ശ്രീശങ്കരനിലെ പ്രതിഭ പ്രകാശിതമായി.

ആത്മീയതയുടെ കൊടുമുടിയിലെത്തിയ മള്ളിയൂർ മനയിലെ ഇളമുറക്കാരൻ മള്ളിയൂർ ദിവാകരൻ നമ്പൂതിരിയുടെയും ഗംഗ അന്തർജ്ജനത്തിന്റെയും ഏക മകൻ.

പിച്ചവച്ചു നടന്ന കാലം മുതൽ ശ്രീശങ്കരന് താളവാദ്യങ്ങളോടായിരുന്നു കമ്പം. ക്ഷേത്രത്തിലെ മേളങ്ങളിൽ മനസ്സും കാതും കൂർപ്പിക്കുന്ന ഉണ്ണിയുടെ പ്രതിഭ മാതാപിതാക്കൾ അന്നേ തിരിച്ചറിഞ്ഞു. വൈകാതെ ഡ്രംസ് പരിശീലിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഇല്ലത്തു തന്നെ ക്രമീകരിച്ചു. ഗുരുനാഥന്മാരെ പോലും വിസ്മയിപ്പിക്കുന്ന കയ്യടക്കമാണ് ശ്രീശങ്കരൻ തുടക്കത്തിൽ തന്നെ കാഴ്ചവച്ചത്.

തുടർന്ന് മള്ളിയൂർ ഗണേശസംഗീതോത്സവത്തിൽ ശ്രീശങ്കരൻ അരങ്ങേറ്റം കുറിച്ചു. പിന്നെ ദേശത്തിൻറെ നാഥനായ വൈക്കത്തപ്പന്റെ തിരുനടയിൽ ! 12 വർഷത്തിലൊരിക്കൽ നടക്കുന്ന വടക്കുപുറത്തു പാട്ടിനോട് അനുബന്ധിച്ച് നടന്ന സംഗീതോത്സവത്തിൽ കർണാടക സംഗീതത്തിലെ ഇതിഹാസമായ പ്രണവം ശങ്കരൻ നമ്പൂതിരിയുടെ കച്ചേരിയിൽ ഡ്രംസ് വായിച്ചു. ശങ്കരൻ നമ്പൂതിരിയുടെ അനിതര സാധാരണമായ ആലാപനത്തോടു ചേർന്നുള്ള മള്ളിയൂർ ശ്രീശങ്കരന്റെ ഡ്രംസ് വായന, 'സമന്വയം' എന്ന ആ പരിപാടിയെ അക്ഷരാർത്ഥത്തിൽ സഹൃദയഹൃദയങ്ങളിലെത്തിച്ചു.

ഭക്തോത്തമനായ മുത്തശ്ശന്റെ ഉപാസനാ മൂർ



ത്തിയായ ശ്രീ ഗുരുവായൂരപ്പന് മുന്നിൽ ആയിരുന്നു മള്ളിയൂർ ശ്രീശങ്കരന്റെ അടുത്ത ഡ്രംസ് സംഗീതാർച്ചന.

ചെന്നൈ സംഗീതോത്സവത്തോടനുബന്ധിച്ച് നടന്ന ശ്രീശങ്കരന്റെ കലാപ്രകടനം ആസ്വാദക ലോകത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടു. പഠനവും ഭാഗവതവും ഡ്രസ്സും ഒരുപോലെ മുമ്പോട്ടു കൊണ്ടുപോകുന്ന ഈ ബാലപ്രതിഭയ്ക്ക് ആദ്ധ്യാത്മിക-കലാ രംഗങ്ങളിൽ തിളങ്ങി നിൽക്കാൻ മള്ളിയൂർ ഗണപതിയുടെ അനുഗ്രഹമുണ്ടാകട്ടെ എന്നു മാത്രമാണ് പ്രാർത്ഥന.

ദിവാകരൻ നമ്പൂതിരി, മള്ളിയൂർമന, 8547699009.


തയ്യാറാക്കിയത് :
**മധു കുട്ടംപേരൂർ**
ശ്രീമന
കോശ്ശേരി ലെയ്ൻ
ഇടപ്പള്ളി - 682024
മൊബൈൽ: 94467 39388

# ആഘോഷിക്കാം ......... അവധിക്കാലം

എക്സാം കഴിഞ്ഞിട്ട് വേണം എനിക്കൊന്ന് സ്വസ്ഥമായിട്ട് ടി.വി കാണണം. അംഗൻവാടിയിൽ വെക്കേഷനില്ലാത്തത് എന്റെ ഭാഗ്യം. അല്ലേൽ അവൾ ഒന്നിനും സമ്മതിക്കൂല. എപ്പോഴും PAW Patrol കണ്ടു കൊണ്ടിരിക്കും. മാറ്റട്ടെ എന്ന് ചോദിച്ചാൽ പിന്നെ വീട് യുദ്ധക്കളമായി മാറും. അച്ഛന്റെ കൈവശമാണ് അമ്മയുടെ ഫോൺ അതുകൊണ്ട് ആ കാര്യത്തിൽ തീരുമാനമായി. ചേച്ചിയും ഞാനും സിനിമകൾ കാണും പോപ്കോൺകഴിച്ച് സമയം പോവുന്നത് അറിയുകയേ ഇല്ല. കൂട്ടുകാരുടെ വീട്ടിൽ പോകണം, കുളത്തിൽ നീന്തിക്കളിച്ച് തിമർക്കണം. ഐസ് ക്രീം കഴിക്കണം. അമ്മാത്ത് പോവണം, കാഞ്ഞങ്ങാട് പോവണം, ബീച്ചിൽ പോവണം, അമ്പലങ്ങളിൽ പോകണം, ടൂർ പോകണം. വിഷു ആഘോഷിക്കണം, വയലിൻ പഠിക്കണം , ചെസ്സ് പഠിക്കണം, കുറച്ച് ഷോപ്പിംഗ് ചെയ്യണം അങ്ങനെ സ്വപ്നങ്ങളുടെ നീണ്ട നിരകൾ തന്നെ ഉണ്ട്. നടക്കുമോ എന്തോ!






**ദ്യുതി പി എൻ**
(ക്ലാസ്സ് -4), സെന്റ് സേവിയേഴ്സ് സ്കൂൾ പെരുവയൽ
പാലാഞ്ചേരി ഇല്ലം
D/o അനാമയൻ - കൃഷ്ണപ്രിയ
പെരുമണ്ണ ഉപസഭ



**അദിതി കെ.**
കുറുങ്ങോട്ടില്ലം
D/o സുരേഷ് കെ. നമ്പൂതിരി & ശാശ്വതി
വടകര ഉപസഭ







**സ്വസ്തിക**
പുരഞ്ചേരി ഇല്ലം
D/o സുകുമാരൻ നമ്പൂതിരി സുമലത
വടകര ഉപസഭ



**ദീക്ഷിത പി. എൻ**
അംഗൻവാടി
പാലാഞ്ചേരി ഇല്ലം
D/o അനാമയൻ - കൃഷ്ണപ്രിയ
പെരുമണ്ണ ഉപസഭ

# മിന്നു പൂമ്പാറ്റയുടെ സങ്കടം

ഓണക്കാലമായി. ചെടികളിലാകെ പൂക്കൾ നിറഞ്ഞു. ഉണ്ണിക്കുട്ടനും കൂട്ടുകാരും ഓണത്തിന് പൂക്കൾ പറിക്കാൻ വരും. സാധാരണ വൈകുന്നേരങ്ങളിലാണ് അവർ വരാറുള്ളത്. അവർ വരുമ്പോളേക്കും മിന്നു പൂമ്പാറ്റയും കൂട്ടുകാരും വന്ന് തേൻ കുടിച്ച് പോകാറുണ്ട്. ഒരു ദിവസം മിന്നു പൂമ്പാറ്റ നേരത്തെ എഴുന്നേറ്റില്ല. അവൾ തേൻ കുടിക്കാൻ പൂക്കൾ തേടി വന്നപ്പോഴേക്കും ഉണ്ണിക്കുട്ടനും കൂട്ടുകാരും മുഴുവൻ പൂക്കളും ഇറുത്ത് കൂടകളിൽ ആക്കിയിരുന്നു. അതു കണ്ട് മിന്നു കരയാൻ തുടങ്ങി.

മിന്നു കരയുന്നത് കണ്ട ഉണ്ണിക്കുട്ടൻ അവൾക്ക് നേരെ തന്റെ പൂക്കൂട നീട്ടി. അതിലെ പൂക്കളിൽ നിന്ന് തേൻ കുടിച്ചോളാൻ പറഞ്ഞു. അതു കേട്ടതും മിന്നുവിന്റെ സങ്കടം മാറി. അവൾ ആ പൂക്കൂടയിൽ നിന്നും തേൻ കുടിക്കാൻ തുടങ്ങി.





**സുഭദ്ര കൃഷ്ണൻ**
(രണ്ടാം തരം)
D/o ശ്രീകൃഷ്ണൻ തിരുവാലൂർ
ജി.എൽ.പി.എസ്. ക്ലാരി, കോട്ടക്കൽ







**പാർവ്വതി പി.**
(രണ്ടാം തരം), എ.ടി.എ.എം.
എ.എൽ.പി.സ്കൂൾ, പൂവാട്ടുപറമ്പ്
D/o പാലാഞ്ചേരി നവീൻ ശങ്കർ-അമൃത
പെരുമണ്ണ,



**ധ്വനി - പി. എൻ**
(ക്ലാസ്സ് -8), കുറ്റിക്കാട്ടൂർ
ജിഎച്ച്എസ്എസ്
പാലാഞ്ചേരി ഇല്ലം
D/o അനാമയൻ - കൃഷ്ണപ്രിയ
പെരുമണ്ണ ഉപസഭ

# 'ജയദേവൻ ഷിക്കാഗോ' ഒരനുസ്മരണം

ഒ.എൻ.രാജേഷ്



1979–81 കാലഘട്ടത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് സ്ഥിരമായി വായിച്ചിരുന്ന ഇന്നത്തെ മദ്ധ്യവയസ്കർക്കും അതിനു മുകളിലുള്ളവർക്കും ഓർമ്മയുടെ ഓളങ്ങളിൽ ഇങ്ങനെ ഒരു പേര് ഓരംചേർന്നു കിടപ്പുണ്ടാവാം. ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളും വിവിധതരം മാദ്ധ്യമങ്ങളുടെ അതിപ്രസരവും ഇല്ലാതിരുന്ന അക്കാലത്ത് യാത്രാനുഭവത്തിൽനിന്നുണ്ടാകുന്ന വരമൊഴിക്കൃതികളും അതെഴുതുന്നവരും സാമാന്യേന കാലാതിവർത്തികളായി മനസ്സിൽ തങ്ങിനിൽക്കേണ്ടതാണ്. ദേശദേശാന്തരങ്ങളെ മലയാളിക്ക് പരിചയപ്പെടുത്തിയ സഞ്ചാരസാഹിത്യകുലപതി ശ്രീ എസ്.കെ.പൊറ്റേക്കാടിന്റെ കൃതികൾ വായിച്ച വായനാനുഭൂതിയിൽനിന്നാണ് യാത്രയുടെ അനുഭവങ്ങൾ കുറിച്ചുവെയ്ക്കാനും പ്രസിദ്ധീകരിക്കാനും പലർക്കും പ്രചോദനമായത് എന്നത് നിസ്തർക്കമാണ്. അത്തരത്തിൽ ഒരുയാത്രാനുഭവമാണ് മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ 'ജയദേവൻ ഷിക്കാഗോ'യും ചെയ്തിട്ടുള്ളത്. ഇവിടെ അദ്ദേഹത്തിന്റെ യാത്രാനുഭവവിവരണങ്ങളെ പഠനവിധേയമാക്കാനുള്ള പ്രാപ്തി ഈയുള്ളവനില്ല. എന്നാൽ ഒരു ജ്യേഷ്ഠസഹോദരൻ എന്ന നിലയ്ക്ക് എനിക്കും മറ്റു കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും സ്നേഹിക്കുന്നവർക്കും അദ്ദേഹം പകർന്ന ഓർമ്മകൾ സമുദ്രത്തിലെ തിരമാലകളുടെ ഓളങ്ങൾ പോലെ ഒന്നിനുപുറകെ ഒന്നായി തഴുകി ഉണർത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത്തരത്തിലൊരു ഉണർത്തലാണ് അക്ഷരരൂപത്തിൽ ഈ താളുകളിൽ അശ്രുകണക്കെ ഇറ്റിറ്റുവീണിട്ടുള്ളത്.

ഒരുപുലാശ്ശേരി പരമേശ്വരൻ ജയദേവൻ എന്ന ഒ.പി.ജയദേവൻ 'ജയദേവൻ ഷിക്കാഗോ' ആയതിൽ സഹനത്തിന്റെയും ഇല്ലായ്മയുടെയും കഠിനാദ്ധ്വാനത്തിന്റെയും നീണ്ടകഥയുണ്ട്. വെട്ടത്ത് ഒരുപുലാശ്ശേരി മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെയും പാഞ്ഞാൾ മാത്തൂർ മനയ്ക്കൽ സാവിത്രി അന്തർജ്ജനത്തിന്റെയും മകനായി 1942–ൽ വെട്ടത്തുനാട്ടിൽ, തൃക്കണ്ടിയൂരിൽ ജനനം. 1945–ടുകൂടി അച്ഛനും അമ്മയും മുത്തശ്ശിയമ്മമാരും അപ്ഫന്മാരും ജ്യേഷ്ഠസഹോദരീസഹോദരന്മാരോടുംകൂടി കുലുക്കല്ലൂരിലേയ്ക്ക് ഒരു പറിച്ചുനടൽ. എ.ഡി.1700–കളുടെ തുടക്കത്തിൽ കുലുക്കല്ലൂരിൽനിന്ന് വെട്ടത്ത് താമസമാക്കിയ ഞങ്ങളുടെ ഒരു കാരണവരുടെ സന്തതിപരമ്പരയിലെ പിൻതലമുറക്കാരിൽ ബഹുഭൂരിപക്ഷവും വീണ്ടും കുലുക്കല്ലൂരിൽവന്ന് എരവിനെല്ലൂർ മനയിൽ താമസമാക്കുകയും ചെയ്തു. പട്ടാമ്പി കുലുക്കല്ലൂർ ദേശത്തെ വടക്കേത്തറ, പര്യാനംപറ്റത്തറ, നാട്യമംഗലത്തറ(നാട്യേത്ര), ഒരുപുലാത്തറ(ഒരലാത്ര), പുറയന്നൂർത്തറ(പുറമത്ര) എന്നിങ്ങനെയുള്ള പത്തുതറകളിൽ ഒന്നായ എരവിനെല്ലൂർത്തറ(എരോത്ര)യിലെ എരവിനെല്ലൂർ മന സന്തതികളില്ലാതെ അന്യംനിന്ന് ഒരുപുലാശ്ശേരിക്ക് ഒതുങ്ങുകയും ഭാഗത്തിൽ വെട്ടത്തെ താവഴിക്കാർക്ക് വെക്കുകയുമാണുണ്ടായത്.


*ജയദേവൻ*

അങ്ങനെ ഞാനടങ്ങുന്ന കുലുക്കല്ലൂർ ഒരുപുലാശ്ശേരിക്കാരും ജയദേവേട്ടനടക്കമുള്ള വെട്ടത്ത് ഒരുപുലാശ്ശേരിക്കാരും ഒരു പാടത്തിന്റെ ഇരുകരകളിലുമായി താമസം തുടങ്ങി. 'അങ്ങേക്കരക്കാരും എരേല്ലൂരോരും' എന്നാണ് ഇല്ലപ്പേര് പറയാൻ പാടില്ലാത്തക്കാലത്ത് ഞങ്ങളുടെ അവിടുത്തെ അന്തർജ്ജനങ്ങളുടെ ഭാഷ. ഞങ്ങൾ അങ്ങേക്കരക്കാരുമിങ്ങേക്കരക്കാരുമായപ്പോൾ കുറേകൂടി അടുപ്പത്തിലാവുകയും ഏകോദരസഹോദരങ്ങളെപ്പോലെ കൊണ്ടും കൊടുത്തും അകന്നും അടുത്തും ശ്ലാഘിച്ചും ശകാരിച്ചും പരസ്പരം ഇടപഴകി ജീവിച്ചുതുടങ്ങി. ഇന്ന് തലമുറയുടെ മാറ്റത്തിലും വിവിധ പ്രദേശങ്ങളിലായി ജീവിക്കേണ്ടിവന്ന ജീവിതസാഹചര്യത്തിലും ആ ഇഴയടുപ്പത്തിന് കുറച്ചിൽ



*ജയദേവൻ, പത്നി ശ്രീദേവി നമ്പൂതിരിപ്പാട്, മക്കൾ ശ്രീജ, ജിഷ്ണു, മരുമക്കൾ ജിതേഷ്, അജിഷ, പേരക്കുട്ടികൾ -തമ്പി, ഹരികേശൻ*

സംഭവിച്ചിട്ടുണ്ടെങ്കിലും തീരെ ഇല്ലാതായിട്ടില്ല.

ജയദേവേട്ടൻ എന്ന അങ്ങേയില്ലത്തെ ആ ജ്യേഷ്ഠസഹോദരന്റെ ബാല്യം ധനംകൊണ്ടോ ആരോഗ്യംകൊണ്ടോ ആശയ്ക്കൊട്ടുംവകയുള്ളതായിരുന്നില്ല എന്നുമാത്രമല്ല അല്പം ആശങ്കയിലുമായിരുന്നു. കുട്ടിക്കാലത്തുതന്നെ ഉയർന്ന ബൗദ്ധിക നിലവാരം പുലർത്തിയിരുന്നുവെങ്കിലും അക്കാലത്തൊരുവേള വന്നുപെട്ട ഒരു രോഗം എല്ലാവരേയും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ അച്ഛനമ്മമാരെ വല്ലാതെ വിഷമത്തിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ ഒരു ജ്യേഷ്ഠന്റെ അകാലമരണവും ആ മാതാപിതാക്കളെ ഭയചിത്തരാക്കി. അങ്ങനെ ആ വല്ല്യച്ഛനേട്ടന്റമ്മമാരുടെ നിരന്തരമായ പ്രാർത്ഥനയുടെയും സ്വന്തം കഠിനാദ്ധ്വാനത്തിന്റെയും ഫലമായിട്ടാണ് ജയദേവൻ എന്ന വ്യക്തി 'ജയദേവൻ ഷിക്കാഗോ' ആയി മാറിയത്.

ഞങ്ങളുടെ മാനേജ്മെന്റിലുള്ള കുലുക്കല്ലൂർ യു.പി.സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയശേഷം തൃശ്ശൂർ സെന്റ്തോമസ് കോളേജിൽനിന്നു പ്രീയൂണിവേഴ്സിറ്റിയും ആന്ധ്രയൂണിവേഴ്സിറ്റിയിൽനിന്ന് (വിശാഖപട്ടണം)ബി.ഫാം ബിരുദവും നേടി. മറാഠി സാഹിത്യത്തിൽ ബിരുദവും ജർമ്മൻ ഭാഷയിൽ ഡിപ്ലോമയും(നാഗപ്പൂർ യുണിവേഴ്സിറ്റി)കരസ്ഥമാക്കിയിട്ടുണ്ടായിരുന്നു. മഹാരാഷ്ട്ര സർക്കാരിന്റെ ഫുഡ് ആന്റ് സേഫ്റ്റി വിഭാഗത്തിൽ ഡ്രഗ് ഇൻസ്പെക്ടറായും ജോലിനോക്കിയിട്ടുണ്ട്. അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന കാലത്താണ്(1978-ൽ) അമേരിക്കയിലെ ഷിക്കാഗോയിലുള്ള റഷ് യൂണിവേഴ്സിറ്റി മെഡിക്കൽ കോളേജിൽ ജോലിയും പഠനവുമായി ചേരുന്നത്.

അദ്ദേഹം അമേരിക്കയിൽ ജോലിചെയ്തു തുടങ്ങിയ കാലത്താണ് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'അമേരിക്കയിൽ ഒരു തീർത്ഥയാത്ര', 'കനഡയിലൂടെ' എന്നീ തലക്കെട്ടുകളിൽ 'ജയദേവൻ ഷിക്കാഗോ' എന്ന തൂലികാനാമത്തിൽ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായത്. 'അമേരിക്കയിൽ ഒരു തീർത്ഥയാത്ര' എന്ന ലേഖനപരമ്പര 1979-ൽ ആഗസ്റ്റ് 26 മുതൽ സെപ്റ്റമ്പർ 8 കൂടിയുള്ള ലക്കങ്ങളിലായിരുന്നു. അതിൽ ഇല്ലിനോയ്, ഇൻഡിയാന, ഒഹായേ, പെൻസിൽവേനിയ, പിറ്റ്സ്ബർഗ്ഗ് ഇങ്ങനെ പോകുന്നു. ആ പ്രദേശങ്ങളിലെ പ്രകൃതിയുടെ മനേഹാരിത, അക്കാലത്തെ അവിടുത്തെ റോഡുകൾ, ട്രാഫിക്, യാത്രാ രീതി ഇവയെല്ലാം വർണ്ണിച്ചശേഷം പിറ്റ്സ്ബർഗ്ഗിലെ ശ്രീ വെങ്കിടേശ്വരക്ഷേത്രത്തെക്കുറിച്ചും അതിന്റെ നിർമ്മാണരീതി, അവിടുത്തെ പ്രതിഷ്ഠകൾ, താമസസൌകര്യങ്ങൾ ഇവയെല്ലാം മനോഹരമായ ഫോട്ടോകൾ സഹിതം അദ്ദേഹം ആ ലേഖനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. അതുപോലെത്തന്നെ 1980-ൽ ഏപ്രിൽ-മെയ് മാസങ്ങളിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ നാലു ലക്കങ്ങളിൽ(ഏപ്രിൽ 27 മുതൽ മെയ് 24 വരെ) തുടർച്ചയായി 'കനഡയിലൂടെ' എന്ന പംക്തിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഓട്ടവ, മോൺട്രിയോൾ, ക്യുബക്സിറ്റി തുടങ്ങിയ സ്ഥലങ്ങളിലൂടെയുള്ള യാത്രകളും, ആ യാത്രകളിലെ അനുഭവങ്ങളും അതാത് പ്രദേശങ്ങളുടെ ചരിത്രം, സംസ്കാരം, ഭക്ഷണരീതി, ജീവിതക്രമം-നിലവാരം, പ്രാദേശിക വ്യത്യാസങ്ങൾ, അവിടെ അക്കാലത്ത് ഉണ്ടായിരുന്ന മെട്രോപോലുള്ള യാത്രാ സംവിധാനങ്ങൾ ഇങ്ങനെ അദ്ദേഹം കാണുകയും ആസ്വദിക്കുയും സംവദിക്കുകയും ചെയ്ത എല്ലാം കാര്യങ്ങളും സാഹിത്യത്തിന്റേയും ചരിത്രത്തിന്റേയും മേമ്പൊടിചാലിച്ച് ഭംഗിയായി അവതരിപ്പിച്ച ആ യാത്രാവിവരണങ്ങൾ അക്കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വായനക്കാർക്ക് ഈ പ്രദേശങ്ങൾ കണ്ടാസ്വദിച്ച പ്രതീതി ഉണർത്തിയിരുന്നു. ജയദേവേട്ടൻ തന്റെ യാത്രകഴിഞ്ഞ് ഈ യാത്രാവിവരങ്ങളെല്ലാം എഴുതി മാതൃഭൂമിക്ക് അയച്ചുകൊടുത്തു. അന്ന് പത്രാധിപരായിരുന്ന ശ്രീ എൻ.വി.കൃഷ്ണവാരിയർക്ക് ജയദേവേട്ടന്റെ ലേഖനങ്ങളിലെ ഭാഷാശുദ്ധിയും അവതരണശൈലിയും ഇഷ്ടപ്പെടുകയും അങ്ങനെ അത് പ്രസിദ്ധീകരിക്കുകയുമാണുണ്ടായത്. ഇതുകൂടാതെ അമേരിക്കൻ വാസക്കാലത്ത് ശ്രീ പി.ടി.ഭാസ്കരപ്പണിക്കരുടെ നിർദ്ദേശാനുസരണം 'വിശ്വവിജ്ഞാനകോശ'ത്തിനുവേണ്ടി ശാസ്ത്രലേഖനങ്ങളും എഴുതിയിട്ടുണ്ട്. മാത്രമല്ല ഡോ.എം.പി.പരമേശ്വരന്റെ നിർദ്ദേശപ്രകാരം ശാസ്ത്രസാഹിത്യപരിഷത്തിനുവേണ്ടി കുട്ടികൾക്കുള്ള രണ്ടു പുസ്തകങ്ങൾ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുമുണ്ട്.

അങ്ങനെ 2004-വരെ ക്ലിനിക്കൽ ഫാർമസിസ്റ്റായി അമേരിക്കയിൽ ജോലിചെയ്തു. തിരിച്ച് നാട്ടിൽ എത്തി

തൃശ്ശൂരിൽ, കിഴക്കുംപാട്ടുകരയിൽ സ്ഥിരതാമസമാക്കി. വിശ്രമജീവിതം വായനയും യാത്രയും എഴുത്തും ഒക്കെയായി കഴിഞ്ഞുകൂടി. യാത്രയുടെ പരിണിതഫലമെന്നോണം വെളിച്ചംകണ്ട ഒന്നാണ് 'ബദരി-കോദാർ യാത്ര' എന്ന പുസ്തകം. 2012-ൽ ഡി.സി.ബുക്സാണ് അത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതിന്റെ അവതാരികയിൽ ഒരിടത്ത് സമാരാദ്ധ്യനായ പ്രൊഫ.കെ.പി.ശങ്കരൻ ഇങ്ങനെ നിരീക്ഷിക്കുന്നുണ്ട്: 'ഇദ്ദേഹത്തിന്റെ സംക്രമികം എന്നുതന്നെ പറയാവുന്ന പ്രസരിപ്പ് പെട്ടെന്ന് ബോദ്ധ്യംവന്നു. ഊഷ്മളം, ഊർജ്ജപ്രസരണക്ഷമം എന്നൊക്കെ വിശേഷിപ്പിക്കേണ്ട ഒരു വ്യക്തിത്വം പ്രസിദ്ധമായ കുടുംബപശ്ചാത്തലത്തിൽ കുട്ടിക്കാലത്തെ മനസ്സിന്റെ സവിശേഷമായ വടിവു സ്വരൂപിക്കപ്പെട്ടിരിക്കണം. അന്ന് ആഗിരണംചെയ്ത പഴയ സംസ്കാരത്തിലേയ്ക്ക് പുതിയ വിജ്ഞാനംകൂടി സംക്രമിപ്പിക്കാൻ ജയദേവനും സന്ദർഭമുണ്ടായി. എന്നിരിക്കെ പുറമേക്കുള്ള പ്രസരിപ്പ് പൊള്ളയായ പ്രകടനപരതയല്ല, പിന്നെയോ ഉദ്ദീപ്തമായ ഒരു മനസ്സിന്റെ ഉന്മേഷംതന്നെയായിരുന്നു. ജയദേവനെ അറിയുന്നവർക്കൊക്കെ ഈ വിലയിരുത്തൽ ഒരു ചിത്രശിലാപാളിപോലെ മനസ്സിൽ മിന്നിമറിയുന്നുണ്ടാവും' ജയദേവേട്ടനെക്കുറിച്ച് മനോഹരവും സർഗ്ഗാത്മകവുമായ ഒരു നിരീക്ഷണമാണിത്. അദ്ദേഹം മറ്റൊരിത്ത് ഇങ്ങനെയും വിശേഷിപ്പിക്കുന്നു : 'കലകളോടെല്ലാം ജയദേവന് നമ്പൂതിരിഭാഷയിൽ കമ്പം എന്ന് പറയാറില്ലേ, അതിന്റെ നല്ല അർത്ഥത്തിലുള്ള അഭിനിവേശമാണ്. വിശേഷിച്ചും കൂടിയാട്ടം, കഥകളി മുതലായ ക്ലാസിക് വിഭവങ്ങളോട് വ്യക്തിപരമായ ഈ പത്ഥ്യം ഏതാഖ്യാനത്തിന്റെ പുറത്തായാലും മറച്ചുവെക്കേണ്ട ഒന്നാണെന്ന് താൻ വിചാരിക്കുന്നില്ല' കഥകളി മുതലായ ക്ലാസിക് കലകളുടെ ആസ്വാദകർക്കും അതിന്റെ അണിയറപ്രവർത്തകർക്കും പ്രചോദകനും പ്രയോക്താവും ആയിരുന്നു ജയദേവേട്ടൻ എന്നതിന്റെ ദീപ്തമായ ഓർമ്മകൾ അയവിറക്കാനുള്ള സത്യസന്ധമായ നിരീക്ഷണംകൂടിയാണിത്.

ജയദേവേട്ടന്റെ കരതലത്തിൽനിന്ന് പുറത്തുചാടി, പ്രസിദ്ധീകരിക്കാൻ കൂട്ടാക്കാതെ അനുസരണക്കേടു കാട്ടിക്കൊണ്ട്, വരയിട്ട നോട്ടുബുക്കുകളിലും ബൈന്റ് ചെയ്ത കടലാസുഷീറ്റുകളിലുമായി വേറെയും കൃതികൾ അദ്ദേഹത്തിന്റെ അലമാരക്കൂട്ടിൽ ഒളിച്ചിരിക്കാനിടയുണ്ട്. 'ഭാരതപര്യടനം' നടത്തിയർ മലയാളത്തിൽ നിരവധിപേരുണ്ടെങ്കിലും അതേപോലൊരു 'ഭാഗവത പര്യടനം' നടത്തിയവർ അധികമില്ലെന്നു തോന്നുന്നു. അത്തരത്തിലൊരു 'ഭാഗവതപര്യടനം' കയ്യെഴുത്തുപ്രതി അദ്ദേഹത്തിന്റെ ശേഖരത്തിൽ പ്രകാശം കാണാതെ പതുങ്ങിയിരുപ്പുണ്ട്. അദ്ദേഹം മഹാഭാതത്തിലൂടെ ഊളിയിട്ട് കണ്ടെത്തി പാകപ്പെടുത്തിവെച്ചിട്ടുള്ള 'സത്യവതി' മുഖ്യകഥാപാത്രമായ ഒരു നോവൽ-ആ മനീഷിയുടെ മനോമന്ദിരത്തിൽനിന്നു പുറത്തുചാടി കാൽപ്പെട്ടിയുടെ കരവലയത്തിലകപ്പെട്ട് അധികമാരും ശ്രദ്ധിക്കാതെ വിവശയായിക്കിടപ്പുണ്ട്. സശ്രദ്ധവും സൂക്ഷ്മവുമായി നിരീക്ഷിച്ച് ദേവാംഗനോപമയായ ആ 'സത്യവതി'യെ ശൈലിയിലും ഭാഷയിലും തികച്ചും വ്യത്യസ്തമായ ഒരു കഥാപാത്രമായി കഥാഘടനയ്ക്ക് കോട്ടംതട്ടാതെ, വായനാശീലർക്ക് അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല. അത് നല്ലൊരു പ്രസാധകനിലൂടെ പുറത്തിറക്കിയാൽ മഹാഭാരതത്തിലെ വ്യക്ത്യാധിഷ്ഠിത കഥാപാത്രങ്ങളുടെ രചനാസമ്പ്രദായത്തിലേയ്ക്ക് ഒരു കണ്ണികൂടി-കൃതി കൂടി മലയാളിക്ക് കിട്ടുമെന്നതിൽ തർക്കമില്ല.

എന്റെ കുട്ടിക്കാലത്തൊന്നും ജയദേവേട്ടനെ ഞാൻ കണ്ടിട്ടില്ല. കാരണം ഞാൻ അങ്ങേ ഇല്ലത്ത് പോയിത്തുടങ്ങിയപ്പോഴേയ്ക്കും അദ്ദേഹം അമേരിക്കയിൽ എത്തിക്കഴിഞ്ഞിരുന്നു. പിന്നെ എപ്പോഴെങ്കിലും കണ്ടാൽ കണ്ടു എന്നല്ലാതെ ഇനി അഥവാ കണ്ടാൽത്തന്നെ വലിയ കേമനായിട്ടുള്ള, അമേരിക്കയിലുള്ള അങ്ങേ ഇല്ലത്തെ ഒരു കാരണവർ എന്നതിലുപരി ഒട്ടും ഒരടുപ്പം ഉണ്ടായിരുന്നില്ല. അദ്ദേഹം നാട്ടിൽ സ്ഥിരതാമസമാക്കുകയും കുറേശെ വിശേഷങ്ങൾക്കും വിവാഹങ്ങൾക്കും കാണുകയും ചെയ്തുതുടങ്ങിയപ്പോഴും അദ്ദേഹത്തെ ദൂരെനിന്ന് വീക്ഷിക്കുകയല്ലാതെ ഇടപഴകിയിരുന്നില്ല. അപ്പോഴൊക്കെ എനിക്ക് ജയദേവേട്ടൻ എന്ന ആ 'ഗരിമ' യ്ക്ക് 'എളിമ' യുടെ നിറക്കൂട്ട് അല്പം കുറവുണ്ടോ എന്ന തോന്നലായിരുന്നു. പത്തുകൊല്ലം മുമ്പെ നടന്ന ഞങ്ങളുടെ കുടുംബയോഗത്തിനു മുന്നോടിയായിട്ടാണ് അദ്ദേഹവുമായി കൂടുതൽ അടുത്തിടപഴകിത്തുടങ്ങിയത്. അങ്ങനെ കൂടുതൽ കൂടുതൽ അടുത്തു തുടങ്ങിയപ്പോൾ എനിക്ക് തോന്നിയിട്ടുള്ളതെല്ലാം ഞാനെന്ന ചഞ്ചലചിത്തന്റെ മനോവ്യവഹാരമാണെന്ന് ബോദ്ധ്യമായി. 2024 ഏപ്രിലിൽ അദ്ദേഹത്തിന്റെ പിറന്നാൾക്ക് പോയിരുന്നു. അന്നാണ് അവസാനമായി കണ്ടത്. അന്ന് പിറന്നാളിന്നു ചെന്നപ്പോൾ ഇങ്ങനെ പറഞ്ഞു: 'തന്റെ എഴുത്തുകൾ കാണാറുണ്ട്. എഴുതണം. താൻ വന്നതിൽ വളരെ സന്തോഷായി' എന്നൊക്കെ പറഞ്ഞ് അടുത്ത വിശേഷത്തിനു കാണാം എന്നും പറഞ്ഞ് പിരിഞ്ഞതാണ്. പിന്നത്തെ വിശേഷമായപ്പോഴേയ്ക്കും അദ്ദേഹം ഹോസ്പിറ്റലിൽ അഡ്മിറ്റാവുകയും 2025 മാർച്ച് 7-ന് ഈ ലോകം വിട്ടുപോവുകയും ചെയ്തു.

വിഷയങ്ങൾ അവതരിപ്പിക്കുന്നതിലെ ചാരുത, ചിന്തകളുടെ ഗാംഭീര്യം, ഭാഷാപരമായ മെയ്‌വഴക്കം ഇതൊക്കെ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. അദ്ദേഹത്തിൽനിന്ന് മലയാളഭാഷയ്ക്ക് ഇതിൽകൂടുതൽ കൃതികൾ ലഭിക്കേണ്ടതായിരുന്നു. എഴുത്തിൽനിന്നും വായനയിൽനിന്നും കൂടുതൽ ശ്രദ്ധ കലാസ്വാദനത്തിലേയ്ക്ക് തിരിഞ്ഞത് ഒരു കാരണമായിരിക്കാം. കുറച്ചുകാലംകൂടി അദ്ദേഹം നമ്മുടെ ഇടയിൽ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും മലയാള സാഹിത്യത്തിലേയ്ക്ക് നെൽമണികണക്കെ ചില കൃതികളെങ്കിലും ഒരു പക്ഷെ ഉതിർന്നുവീണിരുന്നു. ●

ജയദേവൻ മുല്ലമംഗലത്ത് പള്ളിപ്പാട്ട് മന,
ഫോൺ - 9961993867
ഒ.എൻ.രാജേഷ്, ഒരുപുലാശ്ശേരി മന,
കിഴക്കുംപാട്ടുകര, തൃശ്ശൂർ ഈസ്റ്റ്-680 005.

# 'സമയം' സൂക്ഷിക്കുന്ന നമ്പൂതിരി

**ശ്രീഭ നാറാണിയാട്ട്**





പുരാവസ്തുശേഖരണം ഹോബിയാക്കിയ നമ്പൂരാരെ കാണാൻ സാധ്യത കുറവ്. അത്തരം ഒരു നമ്പൂതിരിയെത്തേടിയുള്ള യാത്രയാണ് കോഴിക്കോട് മലാപ്പറമ്പിലെ 'തുളസി'യിലെത്തിച്ചത്.

പുരാതന സാളഗ്രാമങ്ങൾ തേടി ഗണ്ഡകീനദീതീരത്തേയ്ക്ക് യാത്ര ചെയ്ത ചരിത്രമുണ്ട് നമ്പൂരാർക്ക് . പഴക്കമുറ്റും തോറും കൂടുതൽ ചൈതന്യവത്താകുമത്രേ സാളഗ്രാമങ്ങൾ. അങ്ങനെ നോക്കിയാൽ പഴയ കാലത്തേയും പാരമ്പര്യത്തേയും കാത്തുസൂക്ഷിക്കുന്നവർക്ക് പഴമയോടുള്ള കൂറ് ഒട്ടും പുതുമയല്ലെന്ന് പറയേണ്ടി വരും. എന്നാൽ പുരാവസ്തു ശേഖരണം ഹോബിയാക്കിയ നമ്പൂരാരെ കാണാൻ സാധ്യത കുറവ്. അത്തരം ഒരു നമ്പൂതിരിയെത്തേടിയുള്ള യാത്രയാണ് കോഴിക്കോട് മലാപ്പറമ്പിലെ 'തുളസി'യിലെത്തിച്ചത്.

ചെന്നു കയറുമ്പോൾ തന്നെ പഴയ സപ്രമഞ്ചക്കട്ടിലും, ആമാടപ്പെട്ടികളും പുരാതന വിളക്കുകളും നമ്മെ എതിരേൽക്കും. മ്യൂസിയം പോലെത്തോന്നിക്കുന്ന ഒരു വീട്. പല മുറികളിലായി പഴയ ഫോണുകളും, ക്ലോക്കുകളും, ടേപ്പ് റെക്കോഡറുകളും, വാച്ചുകളും, ഓഡിയോ കാസറ്റുകളും, പേനകളും, പെഡസ്റ്റൽ ഫാനുകളും, ടൈം പീസുകളുമെല്ലാം ഒരു മ്യൂസിയത്തിലെന്നപോലെ തരംതിരിച്ച് ഒരുക്കി വെച്ചിരിക്കുന്നു. ഇതെല്ലാം കണ്ട് അന്തം വിട്ടു നിൽക്കുമ്പോൾ 'ഹിതൊക്കെയെന്ത്' എന്ന സലിം കുമാർ ഫണ്ണി മീം പോലെ ഗൃഹനാഥൻ സി. സുരേഷ് കുമാറും പത്നി ഗായത്രിയും.

ഉത്തര മലബാറിലെ സാമൂഹിക സാംസ്കാരിക ജീവിതത്തിൽ വ്യക്തമായ അടയാളം പതിപ്പിച്ച മട്ടന്നൂർ മധുസൂദനൻ തങ്ങളുടെ ഗ്രേറ്റ് ഗ്രാന്റ്സൺ ആണ് സുരേഷ് കുമാർ (സുരേഷിന്റെ അമ്മയുടെ മുത്തശ്ശനാണ് മധുസൂദനൻ തങ്ങൾ). അറിവിനേ





യും സംസ്കാരത്തേയും പാരമ്പര്യത്തേയുമൊക്കെ ഒരുപോലെ മാനിച്ചിരുന്ന മധുസൂദനൻതങ്ങളുടെ ഇല്ലത്തെ സപ്രമഞ്ചക്കട്ടിലും ആ മാടപ്പെട്ടികളുമെല്ലാം സുരേഷിന്റെ ബാല്യകൗതുകങ്ങളായിരുന്നു. ആധുനിക ഉപകരണങ്ങളുടെ സഹായമേതുമില്ലാതെ പ്രകൃതിദത്ത ചായങ്ങൾ മാത്രമുപയോഗിച്ച് കരകൗശല വിദഗ്ധർ പണിയിച്ചൊരുക്കിയ പല മരാമത്തുക്കളുമുണ്ടായിരുന്നു ആ ഇല്ലത്ത്. അത്തരം ശില്പവൈഭവങ്ങൾ കണ്ടു ശീലിച്ച സുരേഷിന് ക്രമത്തിൽ പഴയവസ്തുക്കളോട് ഒരു താൽപര്യം വന്നു. ആ ഇഷ്ടം ക്രമേണ അഭിനിവേശമായി മാറാൻ തുടങ്ങി. പന്ത്രണ്ട് വയസ്സു മുതൽ പഴയ സ്റ്റാമ്പുകളും നാണയങ്ങളും ശേഖരിക്കാൻ തുടങ്ങി. ഇപ്പോൾ വിപുലമായ ഒരു നാണയശേഖരമുണ്ട് സുരേഷിന്. എത്രയെന്ന് സുരേഷിന് തന്നെ തിട്ടമില്ല. ഇതിനൊക്കെ കൃത്യമായ ഒരു കണക്ക് സൂക്ഷിക്കരുതോ എന്ന് സുരേഷിനോട് ചോദിച്ചാൽ അദ്ദേഹം ശാന്തമായി പറയും 'ഇതെല്ലാമെനിക്ക് പഴയ കാലത്തിന്റെ നിശ്ശബ്ദ സാക്ഷികൾ മാത്രം' എന്ന് .

സുരേഷിന് തന്റെ പുരാവസ്തു സംരക്ഷണം ഒരു വൻവാർത്തയാക്കുന്നതിനോട് താൽപര്യമില്ല. 'എനിക്ക് നാടിനോടും ചരിത്രത്തോടുമുള്ള ആദരവിന്റെ ഒരു അടയാളം മാത്രമാണിത്. കാലാതീതമായ നമ്മുടെ പൈതൃകത്തേയും സംസ്കാരത്തേയും കുറിച്ച് വരും തലമുറയ്ക്ക് ഒരു എവെയർനെസ് നൽകാനായാൽ നന്ന് എന്നു മാത്രമേ ഞാൻ കരുതുന്നുള്ളൂ'. സുരേഷ് പറഞ്ഞു.

1950 കൾക്ക് മുമ്പുള്ള കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന വാച്ചുകളുടെ വലിയ ശേഖരമുണ്ടിവിടെ. അക്കാലത്ത് വാച്ച് എന്നത് മലയാളികളെ സംബന്ധിച്ച് ഒരു അത്യാഡംബരം ആയിരുന്നു. അമ്പതുകളിൽ ലഭ്യമായിരുന്ന വലിയ മൂല്യമുള്ള പല സ്വിസ് നിർമ്മിത വാച്ചുകളും സുരേഷ് നമ്മെ കാണിച്ചു തരും. എല്ലാത്തിന്റേയും ചരിത്രമുൾപ്പെടെ പറഞ്ഞും തരും. വെസ്റ്റ് എന്റ്, ഫാവെ ലൂബ, എന്നിക്കാർ, ഫോർട്ടിസ്, കെയ്മി, റോമർ, ട്രെസ,ഹെൻറി സൻതോസ്, ടൈറ്റസ് എന്നിങ്ങനെ പോകുന്നു സ്വിസ് വാച്ചുകളുടെ കൂട്ടം. സെയ്കോ, ഓറിയന്റ്, സിറ്റിസൺ, കാസിയോ, റീകോ തുടങ്ങിയ ജാപ്പനീ

**1950 കൾക്ക് മുമ്പുള്ള കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന വാച്ചുകളുടെ വലിയ ശേഖരമുണ്ടിവിടെ.**



*സുരേഷ് മൂസത്*



സ് വാച്ചുകളുമുണ്ട് കൂട്ടത്തിൽ. ലക്ഷ്വറി വാച്ചുകളിലെ ദി ഹോളി ട്രിനിറ്റി എന്നറിയപ്പെടുന്ന പാടെക് ഫിലിപ്പ്, ഓസെമാർസ് പീഗ്ഗെ, വാഷറോൺ കോൺസ്റ്റന്റിൻ എന്നിങ്ങനെ പുതിയ കാല വാച്ചുകളുമുണ്ട്. കൂടെ പ്രൗഢിയുടേയും സമ്പന്നതയുടേയും അവസാന വാക്കായി കരുതിയിരുന്ന റോളെക്സ് വാച്ചുകളും.

'തുളസി'യിലുള്ള പേനകൾക്കും ടൈംപീസുകൾക്കുമെല്ലാമുണ്ട് ഇത്തരം ധാരാളം കഥകൾ പറയാൻ. മച്ചിൻ മുകളിലെത്തിയാൽ അവിടം ക്ലോക്കുകളുടേയും ടൈംപീസുകളുടേയും മഹാലോകം തന്നെയാണ്. നൂറു വർഷം പഴക്കം ചെന്ന ശേഖരങ്ങളുണ്ട് ഇവിടെ.

വിശ്വപ്രസിദ്ധമായ ഫ്രഞ്ച് ഓർണമെന്റൽ ക്ലോക്കുകൾ, ഗ്രാന്റ് ഫാദർ ക്ലോക്ക്, ഗ്രാന്റ് മദർ ക്ലോക്ക്, മാന്റിൽ ക്ലോക്ക്, കൈയിൽ കൊണ്ടു നടക്കാവുന്ന കാരേജ് ക്ലോക്ക്, വർഷത്തിൽ ഒരിക്കൽ മാത്രം വൈന്റ് ചെയ്യേണ്ട ആനിവേർസറി ക്ലോക്ക്, കിളിവാതിലിലൂടെ പക്ഷി പ്രത്യക്ഷപ്പെടുന്ന കുക്കു ക്ലോക്ക്, കാൽ മണിക്കൂർ

**കാണുന്നവർക്ക് ആനന്ദമാണ്. കാട്ടിക്കൊടുക്കുന്ന സുരേഷിനും. എന്നാൽ പുരാവസ്തു സംരക്ഷണം ചില്ലറ പണിയല്ല എന്ന് ഗൃഹനായിക ഗായത്രി.**

കൂടുമ്പോൾ ശബ്ദിക്കുന്ന ചൈമിങ് ക്ലോക്കുകൾ, വിയന്ന ക്ലോക്കുകൾ റെഗുലേറ്റർ ക്ലോക്കുകൾ എന്നിവയോരോന്നും സുരേഷ് നമ്മെ പരിചയപ്പെടുത്തും.

പ്രമുഖ ജർമ്മൻ ക്ലോക്കുകളായ ഗൂസ്ത ബേക്കർ, കിയൻസെൽ, ജംഗാൻസ്, ഹെർമിൽ, ഹാംബർഗ്, മൗദ് ,ലെൻസ്കിർച്ച്, ജൗച് തുടങ്ങിയ പഴയ പ്രമുഖ ജർമൻ ബ്രാന്റുകളും സെയ്കുഷ, മൈജി തുടങ്ങിയ ജാപ്പസിന് ബ്രാന്റുകളും സേത് ഥോമസ്, അൻസോണിയ, വാട്ടർബറി, ഗിൽബർട്ട്, ചെൽസി തുടങ്ങിയ അമേരിക്കൻ ബ്രാന്റുകളും തൃശൂർ പൂരത്തിലെ ഗജവീരൻമാരുടെ തലയെടുപ്പോടെ നമ്മെ ആവേശം കൊള്ളിക്കും.

കാണുന്നവർക്ക് ആനന്ദമാണ്. കാട്ടിക്കൊടുക്കുന്ന സുരേഷിനും. എന്നാൽ പുരാവസ്തു സംരക്ഷണം ചില്ലറ പണിയല്ല എന്ന് ഗൃഹനായിക ഗായത്രി. തളിപ്പറമ്പ് എളേടത്ത് കോളശ്ശേരി ഇല്ലത്തെ മഹളാണ് സുരേഷിന്റെ പത്നി ഗായത്രി. ഇടയ്ക്ക് പൊടി തട്ടി വെയ്ക്കണം. ഡസ്റ്റ് അലർജിയുടെ പ്രശ്നങ്ങളുണ്ടെങ്കിലും സുരേഷിന്റെ താൽപര്യങ്ങൾക്കൊന്നും എതിരല്ല അവർ. കട്ട സപ്പോർട്ടാണെന്ന് വേണം പറയാൻ. ഇവരുടെ ഏക മകൻ ബാംഗ്ലൂർ ടി.സി.എസിൽ ജോലി ചെയ്യുന്ന ആനന്ദിനും അച്ഛന്റെ ഈ ഹോബിയോട് ഇഷ്ടമാണ്. പലരും ഈ ശേഖരണത്തെക്കുറിച്ചറിഞ്ഞ് തേടി വരുന്നുണ്ട്. എന്നാൽ ഇതിൽ നിന്ന് പേരും പ്രശസ്തിയും ആഗ്രഹിക്കുന്നില്ലെന്നും ഇത് വരും തലമുറയ്ക്ക് വേണ്ടിയുള്ള ഒരു കരുതൽ മാത്രമായി രേഖപ്പെടുത്തിയാൽ മതിയെന്നും പറഞ്ഞാണ് സുരേഷും കുടുംബവും ഞങ്ങളെ യാത്രയാക്കിയത്.

●

സുരേഷ് മൂസത് 9847259334
ശ്രീഭ നാറണിയാട്ട്
ഫ്ളാറ്റ് നമ്പർ എ2, ശിൽപ്പി
സൗഭദ്രം അപ്പാർട്ട്മെന്റ്സ്,
തൃപ്പൂണിത്തുറ, 9447276660

# വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ കുഞ്ഞുണ്ണിരാജ**

കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ പുത്തൻ കോവിലകം കെ.കുഞ്ഞുണ്ണിരാജ (94) വിഷ്ണുപാദം പൂകി. ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ ഭരണിയുത്സവത്തിലെ അശ്വതി നാളിൽ തൃച്ചന്ദനച്ചാർത്തുപൂജക്കായി ക്ഷേത്രത്തിലെത്തിയ അദ്ദേഹത്തിന് പൂജകൾക്കിടയിൽ ദേഹാസ്വാസ്ഥ്യമുണ്ടായപ്പോൾ കോവിലകത്തേക്ക് ആംബുലൻസിൽ മടങ്ങുകയായിരുന്നു. 2020 ഡിസംബറിൽ ചിറയ്ക്കൽ കോവിലകം രാമവർമ്മരാജ മരിച്ചതിനെ തുടർന്നാണ് കോവിലകത്തെ മുതിർന്ന അംഗമായിരുന്ന കുഞ്ഞുണ്ണിരാജ വിലയ തമ്പുരാനായി ചുമതലയേറ്റത്. സ്പൈസസ് ബോർഡ് റിട്ട. ഉദ്യോഗസ്ഥനാണ്. മുണ്ടനാട് ഭവദാസൻ നമ്പൂതിരിയുടെയും പുത്തൻകോവിലകം കുഞ്ചുക്കുട്ടി തമ്പുരാട്ടിയുടെയും മകനാണ്. ഭാര്യ: കൊച്ചി രാജകുടുംബത്തിലെ ഹൈമവതി തമ്പുരാൻ. മക്കൾ: ആർ.വി.രഘു (റിട്ട. ബാങ്ക് ഉദ്യോഗസ്ഥൻ), നന്ദിനി. മരുമക്കൾ: രാജവർമ്മ, സിന്ധു.




**മനോജ്**

മഞ്ചേരി കരിക്കാട് പുല്ലൂർ കുറ്റാനിക്കാട്ടുമനയ്ക്കൽ മനോജ് എന്ന പുല്ലൂർ ഉണ്ണി (60) വിഷ്ണുപാദം പൂകി. പ്രസിദ്ധ കഥകളി സംഗീതജ്ഞനായ പാലനാട് ദിവാകരന്റെ പ്രഥമ ശിഷ്യനാണ്. കഥകളി സംഗീതജ്ഞനും സംഗീത സംവിധായകനും ആയ മനോജ് ആട്ടകഥാകൃത്തുമാണ്. കവി എന്നനിലയിൽ അക്ഷരശ്ലോക രചനയിലും ചിത്രകല, ശില്പകല എന്നിവയിലും അദ്ദേഹം തന്റെ നൈപുണ്യം തെളിയിച്ചിട്ടുണ്ട്. നിരവധി ആട്ടകഥകൾക്ക് സംഗീതം ചിട്ടപ്പെടുത്തിയിട്ടുണ്ട്. സൗന്ദര്യലഹരി – ശങ്കരാചാര്യരുടെ ജീവചരിത്രം ആസ്പദമാക്കി ആട്ടകഥ രചിക്കുകയും നിരവധി അരങ്ങുകളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പിതാവ്: പരേതനായ പുലർ ദാമോദരൻ നമ്പൂതിരി, അമ്മ രാധാ അന്തർജ്ജനം.ഭാര്യ ചിത്ര (പട്ടല്ലൂർ മന) മകൾ സാമജ, മരുമകൻ സുർജിത്ത് (കുളങ്ങര മന) മകൻ : സാരംഗ് പുല്ലൂർ പേരക്കുട്ടികൾ ഗായതി ഗീതിക, സഹോദരിമാർ: സുജാത, ജയശ്രീ. സഹോദരൻമാർ: കല. സാജൻ പുല്ലൂർ, സുനോജ് പുല്ലൂർ, ഷനോജ് പുല്ലൂർ



**ഇടമനവാധ്യാൻ കേശവൻ നമ്പൂതിരി**

പിലാത്തറ: തന്ത്രിയും അറത്തിൽ ശ്രീഭദ്രപുരം ക്ഷേത്രം പാരമ്പര്യ ട്രസ്റ്റിയുമായ അറത്തിൽ ഇടമനവാധ്യാനില്ലത്ത് കേശവൻ നമ്പൂതിരി (77) വിഷ്ണുപാദം പൂകി. നിരവധി ക്ഷേത്രങ്ങളിൽ താന്ത്രികാചാര്യനാണ്. വിവിധ ക്ഷേത്രങ്ങളിൽ മേൽശാന്തിയായിരുന്നിട്ടുണ്ട്. ഭാര്യ: സരസ്വതി അന്തർജനം മക്കൾ: സുവർണിനി അന്തർജനം, സാവിത്രി അന്തർജനം (സീമ). മരുമക്കൾ: പഴിച്ചയിൽ സംഭാണ്ഡ പെരികമനയില്ലത്ത് കൃഷ്ണൻ നമ്പൂതിരി (മേൽശാന്തി, മാടായി വേട്ടക്കൊരുമകൻ ക്ഷേത്രം), കുന്നരു ഹള്ളിയൂർ വെദിര മനയില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (അധ്യാപകൻ, കൊട്ടില ഗവ. ഹയർ സെക്കൻഡറി സ്കൂൾ). സഹോദരങ്ങൾ: സരസ്വതി അന്തർജനം (കുന്നരു, വടക്കേടത്ത് പാലക്കീഴില്ലം), വിഷ്ണുവാധ്യാൻ നമ്പൂതിരി (മുൻ മേൽശാന്തി, ഹരിദ്വാർ അയ്യപ്പക്ഷേത്രം), സുഭദ്ര അന്തർജനം, (ഹള്ളിയൂർ വെദിരമന, കുറ്റ്യാടി), ദേവകി അന്തർജനം (തൃശ്ശൂർ) ദ്രൗപതി അന്തർജനം (സോദയില്ലം, ചെറുവിച്ചേരി), പരേതയായ സാവിത്രി അന്തർജനം (ഹള്ളിയൂർ വെദിരമന ഇല്ലം, കുന്നരു).



**ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്**

ചാലക്കുടി: വേദപണ്ഡിതൻ മേലൂർ പടുതോൾ മനയിൽ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് (98) നിര്യാതനായി. മക്കൾ: സാവിത്രി, കവി ഹൃഷികേശൻ പി.ബി(മുൻ ബാബ ആറ്റോമിക് റിസർച്ച് സെന്റർ, മുംബൈ), ഗിരിജ (മുൻ ഹെഡ്മിസ്ട്രസ് എ.എൽ.പി.എസ് സ്കൂൾ, ചെറുചാലപ്പുറം), പ്രസന്ന (കൊച്ചിൻ ദേവസം ബോർഡ് മുൻ ഒഫീസർ), ഭവദാസൻ (മുൻ കൃഷി ഓഫീസർ). മരുമക്കൾ: പ്രഫ.ശോഭ (നിർമ്മല എഞ്ചിനീയറിങ്ങ് കോളജ്, മേലൂർ), പരമേശ്വരൻ നമ്പൂതിരി (മുൻ അധ്യാപകൻ, എസ് ആർ.വി.എ.എൽ.പി.എസ് പെരുമണ്ണൂർ), പരേതനായ നീലകണ്ഠൻ നമ്പൂതിരി (കൊച്ചിൻ ദേവസ്വം ബോർഡ്).



**വൃന്ദ രവി**

പൂമുള്ളി മനയിലെ രവി നമ്പൂതിരിയുടെ പത്നി വൃന്ദ രവി, ഹൃദയസ്തംഭനം മൂലം വിഷ്ണുപദം പൂകി. മക്കൾ അനിയൻ, അർജുൻ. മരുമക്കൾ ദേവിക കാണിപ്പയ്യൂർ, ഗായത്രി തെക്കേടത്ത്.



**ഭാഗവതാചാര്യൻ വിഷ്ണു നമ്പൂതിരി**

പരിയാരം: ഭാഗവതാചാര്യനും ആധ്യാത്മിക പ്രഭാഷകനുമായ അതിയടത്ത് കല്ലായി ഇല്ലത്ത് വിഷ്ണു നമ്പൂതിരി (92) വിഷ്ണുപാദം പൂകി. ഏഴു പതിറ്റാണ്ടിലേറെയായി ഒട്ടേറെ ക്ഷേത്രങ്ങളിൽ ഭാഗവത സപ്താഹ യജ്ഞങ്ങളിൽ മുഖ്യാചാര്യനായിരുന്നു. കൊട്ടില ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപകനാണ്. ഭാര്യ: ദ്രൗപതി അന്തർജനം. മക്കൾ: ലേഖ (കണ്ണംപള്ളി, പാനൂർ), ശ്രീവിദ്യ (ഇരട്ടയിൽ മന, കൂറ്റനാട്), ജഗദീഷ് ശ്രീധർ (ഓഡിറ്റർ, സഹകരണ വകുപ്പ്, കാഞ്ഞങ്ങാട്), മരുമക്കൾ: നവനീത് (പാനൂർ), പരമേശ്വരൻ (പട്ടാമ്പി). സഹോദരങ്ങൾ: പരേതരായ നാരസിംഹൻ നമ്പൂതരിരി, ശങ്കരൻ നമ്പൂതിരി, സരസ്വതി അന്തർജനം (പെരിയാട്ട് തോട്ടം).



**ഇന്ദിരാദേവി അന്തർജ്ജനം**

കൊല്ലം, നീണ്ടകര പരിമണം തോട്ടത്തിൽ മഠത്തിൽ ശശീധരൻ നമ്പൂതിരിയുടെ പത്നി ഇന്ദിരാദേവി അന്തർജ്ജനം(66) വിഷ്ണുപാദം പൂകി.

# വിഷ്ണുപാദം പൂകിയ എവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**പി കെ കേശവൻ നമ്പൂതിരി**

ആയടം ഇല്ലത്ത് പി കെ കേശവൻ നമ്പൂതിരി (റിട്ട. ഡിഫൻസ് ഓഫീസർ) വിഷ്ണുപദം പൂകി. ഭാര്യ: പരേതയായ പ്രേമകുമാരി. മക്കൾ : രമേശൻ പി കെ (ഹെഡ്മാസ്റ്റർ, മങ്ങാട്ടുമുറി ജി.എൽ.പി.എസ്.), അജിത പി കെ (റിട്ട. ഹെഡ്മിസ്ട്രസ്, ജിഎച്ച്എസ്എസ്,ചെറുവാടി), രാജേഷ് പി കെ, (എച്ച്.എസ്.ടി. തെയ്യലിങ്ങൽ എച്ച്.എസ്.എസ്.). മരുമക്കൾ: സന്ധ്യ പി (എച്ച്.എസ്.ടി. കെ.കെ.എം.എച്ച്.എസ്.എസ്. ചീക്കോട്), ജയശങ്കരൻ ഒ.ടി. (റിട്ട. കനറാ ബാങ്ക് മാനേജർ), ജയശ്രീ (യു.പി.എസ്.ടി. ഒമാനൂർ യു.പി. സ്കൂൾ).



**അമ്മിണി അന്തർജനം**

കോരമ്പറ്റ ഇല്ലത്ത് അമ്മിണി അന്തർജനം (85) വിഷ്ണുപാദം പൂകി.. പാലക്കാട് ജില്ലയിലെ നഗർ മന (ഒറ്റപ്പാലം) കുടുംബാഗമാണ്. ഭർത്താവ് പരേതനായ കോരമ്പറ്റ ഇല്ലത്ത് പരമേശ്വരൻ നമ്പുതിരി (മുൻ അദ്ധ്യാപകൻ RECGVHSS, മുൻ പ്രധാനാദ്ധ്യാപകൻ വെള്ളനൂർ ജി എൽ പി എസ്), മക്കൾ ഹരിദാസൻ (റിട്ട. അദ്ധ്യാപകൻ), കൃഷ്ണദാസ് (ആൻഡമാൻ), കൃഷ്ണമോഹൻ (തൃശൂർ), മോഹൻദാസ് (കെ.എസ്.ഇ.ബി.). മരുമക്കൾ: പ്രീത പാറക്കോട് ഇല്ലം, ജിജി നരിക്കോട് ഇല്ലം ആലുവ, സിത്താര മാനീപിള്ളി മന തൃശൂർ, അഞ്ജലി കപ്പിങ്ങാട് മന കല്ലുവഴി.




**സരസ്വതി അന്തർജനം**

തുരുത്തി: ചങ്ങനാശ്ശേരി ഗവ. എൽ.പി.എസ്. റിട്ട. പ്രഥമാധ്യാപിക തുരുത്തി പുതുമന ഇല്ലത്ത് സരസ്വതി അന്തർജനം (74) വിഷ്ണുപാദം പൂകി. പരേത വെഞ്ഞാറമ്മൂട് പാറയ്ക്കൽമഠം കുടുംബാംഗമാണ്. ഭർത്താവ്: വിഷ്ണു നമ്പൂതിരി (റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ). മക്കൾ: വി.എം. വിനുകുമാർ (ധനലക്ഷ്മി ബാങ്ക്, ചെങ്ങന്നൂർ), വി.എം.വിജികുമാർ (ഐ.ബി.എം. എറണാകുളം). മരുമക്കൾ: രമ്യാകുമാരി (എം.ജി. യൂണിവേഴ്സിറ്റി), സി.എസ്. സൗമ്യ (അബ് സോഫ്റ്റ്, എറണാകുളം).




**രാമൻ നമ്പൂതിരിപ്പാട്**

കിഴുപ്പിള്ളിക്കര: പ്രമുഖ ക്ഷേത്രങ്ങളിലെ തന്ത്രിയും സെക്രട്ടേറിയറ്റ് ഫിഷറീസ് വകുപ്പിൽ അണ്ടർ സെക്രട്ടറിയുമായിരുന്ന തരണനെല്ലൂർ പടിഞ്ഞാറേ മന രാമൻ നമ്പൂതിരിപ്പാട് (81) വിഷ്ണുപാദം പൂകി. തൃപ്രയാർ, കൂടൽമാണിക്യം തുടങ്ങി പ്രമുഖ ക്ഷേത്രങ്ങളിലെ തന്ത്രി കുടുംബാംഗമാണ്. തൃപ്രയാർ ക്ഷേത്രം തന്ത്രി തരണനെല്ലൂർ പടിഞ്ഞാറേമന പദ്മനാഭൻ നമ്പൂതിരിപ്പാടിന്റെ സഹോദരനാണ്. ഭാര്യ: പാലാ തേവണകോട്ടില്ലത്ത് സാവിത്രിക്കുട്ടി. മക്കൾ: അനൂപ് (കെ.എസ്.എഫ്.ഇ. തൃപ്രയാർ ബ്രാഞ്ച് മാനേജർ), അനിപ്രകാശ്, ശ്രീറാം (തന്ത്രിമാർ), മരുമക്കൾ: ശ്രീധന്യ (കേരള പോലീസ് വകുപ്പ്), വരദ, ഇന്ദുജ.



**കേശവൻ നമ്പൂതിരി**

പരേതനായ താമരക്കുളം (മാവത്തടം) കേശവൻ നമ്പൂതിരിയുടെ മകൻ കൊച്ചുണ്ണി നമ്പൂതിരി എന്നറിയപ്പെടുന്ന കേശവൻ നമ്പൂതിരി (63) വിഷ്ണുപദം പൂകി. അവിവാഹിതനാണ്. സഹോദരങ്ങൾ താമരക്കുളം നാരായണൻ നമ്പൂതിരി (തൃക്കൂടമണ്ണ ക്ഷേത്രം), വാസുദേവൻ നമ്പൂതിരി (യോഗക്ഷേമസഭ മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട്), ഉണ്ണികൃഷ്ണൻ നമ്പൂതിരി ( സെക്രട്ടറി, യോഗക്ഷേമസഭ വയനാട് ജില്ല), ഗൗരീശങ്കരൻ , പരേതയായ ശാന്ത അന്തർജനം, ചെർപ്ലേരി രാധ അന്തർജനം, ചെർപ്ലേരി വിജി അന്തർജനം.



**നാരായണൻ നമ്പൂതിരി**

ചെറുതുരുത്തി: പൈങ്കുളം ഏഴിക്കോട് മന ന്നാരായണൻ നമ്പൂതിരി (കുഞ്ഞഫൻ-83) വിഷ്ണുപാദം പൂകി. ഭാര്യ: ഏളവള്ളി പുലിയന്നൂർ മന ആര്യ അന്തർജനം. മക്കൾ: സന്ധ്യ, ഉഷ, മുരളീകൃഷ്ണൻ നമ്പൂതിരി. മരുമക്കൾ: കൂക്കമ്പാറ വാസുദേവൻ നമ്പൂതിരി, മ്യാൽപാഴൂർ ശ്രീകുമാരൻ നമ്പൂതിരിപ്പാട്.



**സാവിത്രി അന്തർജനം**

പാത്താമുട്ടം: പൈനാട്ടി ല്ലത്ത് സാവിത്രി അന്തർജനം (88) വിഷ്ണുപാദം പൂകി. പട്ടാമ്പി ചാങ്ങലിയോട്ട് മന കുടുംബാംഗം. ഭർത്താവ്: പരേതനായ പരമേശ്വരൻ നമ്പൂതിരി. മക്കൾ: സുജാത ജി. നമ്പൂതിരി, ശ്യാമള ശശിധരൻ, രാജേശ്വരി, സുധീന്ദ്രകുമാർ. മരുമക്കൾ: ഗോവിന്ദൻ നമ്പൂതിരി, ശശിധരൻ എമ്പ്രാന്തിരി.



**കൃഷ്ണൻ നമ്പൂതിരി**

മുംബൈ വസായിയിൽ താമസിക്കുന്ന കോട്ടയം താമരശ്ശേരി കൃഷ്ണൻ നമ്പൂതിരി (77) വിഷ്ണുപദം പൂകി. ഭാര്യ ഗിരിജ അന്തർജനം, മക്കൾ ഗിരീഷ്, ഗീത ദിനേശ്, മരുമക്കൾ ദിനേശ് താമരക്കുളം, ഷർമ്മിള, പേരക്കുട്ടികൾ ശ്രീധർ, ഗോവിന്ദ്.



**ഹൃഷികേശൻ നമ്പൂതിരി**


കോത്തല ശീരവള്ളി ഇല്ലം ബ്രഹ്മശ്രീ ഹൃഷികേശൻ നമ്പൂതിരി (76) വിഷ്ണുപാദം പൂകി. കോത്തല ഇളങ്കാവ് ഭഗവതി ക്ഷേത്രത്തിൽ 32 വർഷം മേൽശാന്തിയായിരുന്നു. കോത്തല എൻ.എസ്.എസ്. ഹൈസ്കൂൾ അധ്യാപകനായിരുന്നു.



**ലതിക അന്തർജ്ജനം**


തിരുവാണിയൂർ തുരുത്തിക്കാല മന പത്മനാഭൻ നമ്പൂതിരിയുടെ ഭാര്യ ലതിക അന്തർജ്ജനം (70) വിഷ്ണുപാദം പൂകി. അന്നമനട മംഗലപ്പള്ളി മന കുടുംബാംഗമാണ്. മക്കൾ: രാകേഷ്, രേഷ്മ. മരുമക്കൾ: ഡോ ശ്രീവിദ്യ (മാവേലിക്കര വെള്ളായണി), ഗിരീഷ് (മൂവാറ്റുപുഴ കല്ലേലി).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**കലാമണ്ഡലം രാം മോഹൻ**

കഥകളി ചുട്ടി കലാകാരൻ കലാമ ണ്ഡലം രാം മോഹൻ വിഷ്ണുപാദം പൂകി. കഥകളി, കൂടിയാട്ടം,നങ്ങ്യാർ കൂത്ത് കോപ്പുകളുടെ ഭംഗിക്ക് മുഖ്യ സംഭാവന നൽകിയ കലാകാരനാണ്. 1947 ഏപ്രിൽ 26ന് ചെർപ്പുളശ്ശേരി കരു മാനാംകുറുശിയിൽ പാലോന്നത്ത് മന പരമേശ്വരൻ നമ്പൂതിരിയുടെയും ഗൗരി അന്തർജനത്തിന്റെയും മകനായി ജനിച്ചു. ബാല്യത്തിൽ തന്നെ ചിത്രകലയോട് ഏറെ തൽപ്പരനായിരുന്ന രാം മോഹൻ ഗുരു ഗോവിന്ദവാര്യരിൽ നിന്നും രാമവാര്യരിൽ നിന്നും നിന്നും പരിശീലനം നേടി. 1967ൽ കലാമണ്ഡ ലത്തിൽ നിന്ന് ചുട്ടിയിൽ ഡിപ്ളോമ നേടി. 1978 ൽ കലാമണ്ഡലത്തിൽ ചുട്ടി അധ്യാപകനായി. അവിടുന്ന് പ്രൊഫസറായിട്ടാണ് വിരമിച്ചത്. നില വിലുള്ള ചുട്ടി, കോപ്പ് കലാകാരൻമാരിൽ നിരവധി പേർ രാം മോഹന്റെ ശിഷ്യരാണ്. പ്രഗത്ഭരായ നിരവധി നാട്യാചാര്യൻമാരെ കഥകളിക്കായി അണിയിച്ചൊരുക്കിയിട്ടുണ്ട്.കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് ഉൾപ്പടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.



**നാരായണൻ നമ്പൂതിരി**

പാലാ വലവൂർ താമരശ്ശേരി ഇല്ലത്ത് നാരായണൻ നമ്പൂതിരി (റിട്ട. എസ്.ഡി.ഇ. ബി.എസ്.എൻ.എൽ.) വിഷ്ണുപാദം പൂകി. ഭാര്യ: ഇ.ആർ. സാവിത്രി ദേവി (റിട്ട പ്രധാന അധ്യാപിക ആയാംകുടി ഹൈസ്കൂൾ). മകൾ: ശ്രീകാന്ത് താമരശ്ശേരി (സോഫ്റ്റ് വെയർ എഞ്ചിനീയർ, യു.കെ.), സൗമ്യ (എച്ച്.എസ്.എസ്.ടി. ജി.എച്ച്.എസ്.എസ്. വെള്ളത്തൂവൽ ഇടുക്കി)..



**രാജൻ നമ്പൂതിരി**

തിരുവാങ്കുളം: വ്യാജ ഓൺലൈൻ ട്രേഡിങ് ആപ്പിൽ നിക്ഷേപിച്ച് മൂന്നു കോടി നഷ്ടമായ റിട്ട. ബി.എസ്.എൻ.എൽ. ജീവനക്കാരൻ ട്രെയിൻ തട്ടി മരിച്ച നിലയിൽ കാണപ്പെട്ടു. കോട്ടയം പാലൂർപടി മേക്കാട്ട് മന രാജൻ നമ്പൂതരിരി (65) യെയാണ് റെയിൽവേ ട്രാക്കിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഭാര്യ: ഇന്ദിര (റിട്ട. ബി.എസ്.എൻ.എൽ), മക്കൾ: സുകന്യ, സുജിത്ത്. മരുമകൻ: ശ്രീനാഥ്.



**ചിത്രഭാനു**

വരവൂർ കപ്ലിങ്ങാട്ട് മന ചിത്രഭാനു (എറണാകുളത്തെ പ്രമുഖ ചാർട്ടേഡ് അക്കൗണ്ടന്റ്) വിഷ്ണുപാദം പൂകി. ഭാര്യ: പാഴൂർ പടുതോൾ മന സാവിത്രി. മക്കൾ: ഭവദാസൻ (ചാർട്ടേഡ് അക്കൗണ്ടന്റ് ചെന്നൈ) ഗുപ്തൻ (ചാർട്ടേഡ് അക്കൗണ്ടന്റ് യു.എസ്.എ). മരുമക്കൾ: ശ്വേത(എളമൺ) ഉമ (വീമ്പൂർ കടലായിൽ). സ ഹോ ദ ര ങ്ങൾ: ഡോ:നീലകണ്ഠൻ, ഡോ: ഭവദാസൻ, അഡ്വ: ദിവാകരൻ, ദേവസേന.



**ദിലീപ് നമ്പൂതിരി**

വെറ്റില: മാപ്പിളശ്ശേരി ലെയ്ൻ പാലാട്ട് മനയിൽ പരേതരായ നീലകണ്ഠൻ നമ്പൂതിരിയുടെയും ശ്രീകുമാരി അന്തർജനത്തിന്റെയും മകൻ ദിലീപ് നമ്പൂതിരി (66) വിഷ്ണുപാദം പൂകി. ഭാര്യ: തോട്ടാശ്ശേരി മനയിൽ പ്രസന്ന. സഹോദരങ്ങൾ: ശശികുമാർ (ജ്യോത്സ്യൻ, ചോറ്റാനിക്കര), പി.അജിത് കുമാർ (ഇന്ത്യൻ നേവി റിട്ട. ഉദ്യോഗസ്ഥൻ), സാവിത്രി (തങ്കം-വലവൂർ, കോട്ടയം).




**ദേവകി അന്തർജനം**

മാവൂർ: പരേതനായ രാമൻ നമ്പൂതിരിയുടെ ഭാര്യ നടുവിലേടത്ത് ഇല്ലത്ത് ദേവകി അന്തർജനം (90)(എ.യു.പി.എസ്. സ്കൂൾ ചൂലൂർ റിട്ട. അധ്യാപിക). വിഷ്ണുപാദം പൂകി. മക്കൾ: രാമചന്ദ്രൻ എൻ (റിട്ട. അധ്യാപകൻ, മാവൂർ ഗവ. ഹയർ സെക്കൻഡറി), സാവിത്രി എൻ. മാങ്കുളം, മുരളീകൃഷ്ണൻ (ഗവ. ഐ.ടി.ഐ. അരീക്കോട്). മരുമക്കൾ: മായ എം.ഡി. (റിട്ട. അധ്യാപിക എ.യു.പി.എസ്. ചൂലൂർ), സിന്ധു പി, ശങ്കരൻ നമ്പൂതിരി എം.വി.



ദേവകി അന്തർജ്ജനം

താ ഴ ത്തു കു ന്ന ത്ത്, കണ്ടമംഗലം ഇല്ലത്തു പരേതനായ സി.കെ.നാരായണൻ നമ്പൂതിരിയുടെ പത്നി ദേവകി അന്തർജ്ജനം (80 വയസ്സ്, തരുപ്പ മഹൾ) വിഷ്ണുപാദം പൂകി. സഹോദരങ്ങൾ : ടി.സി. നാരായണൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി (പരേതർ ), ശ്രീദേവി അന്തർജ്ജനം, പാറക്കോട്ട് ഇല്ലം. മക്കൾ : ആര്യാ ദേവി, പ്രേമലത, ഉണ്ണികൃഷ്ണൻ. മരുമക്കൾ : വാസുദേവൻ നമ്പൂതിരി (എടക്കാട്ട് ഇല്ലം), രമേശൻ നമ്പൂതിരി (കൊളങ്കര ഇല്ലം), ഗായത്രി (കൊളങ്ങര ഇല്ലം)




**കെ എസ് കുമാർ**

തൈക്കാട് ഇലങ്കം നഗർ 94 ലാവണ്യയിൽ (കുമാരമംഗലസ്സ് മന ചങ്ങനാശ്ശേരി) കെ എസ് കുമാർ (88) വിഷ്ണുപാദം പൂകി. ഭാര്യ രുഗ്മിണി എസ് കുമാർ (റിട്ടയേർഡ് കേരള ബാങ്ക്) മക്കൾ ഡോ. സപ്ന സനൽ (കോട്ടയം ജനറൽ ആശുപത്രി), ഡോ. സജ്ന സനൽ (ആർട്സ് കോളേജ്, ചേലക്കര) മരുമക്കൾ : ഡോ. എൻ.വി.എൻ. നമ്പൂതിരി (റിട്ടയേർഡ് എഞ്ചിനീയർ), ഡോ. ശ്രീകുമാർ (ഡയറക്ടർ, ഐ.എ.വി. തോന്നക്കൽ).



**ശ്രീദേവി അന്തർജ്ജനം**

തൃശൂർ കുറ്റുമുക്ക് പാലക്കാട്ട് മന ശ്രീദേവി അന്തർജനം (83) (റിട്ട. പ്രധാനാധ്യാപിക എൻ.എസ്.യു.പി. സ്കൂൾ, ചേറൂർ) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ നാരായണൻ നമ്പൂതിരി. പി.എൻ. സതീശന്റെ മാതാവാണ് പരേത. മക്കൾ: സാവിത്രി (തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ റിട്ട. ഉദ്യോഗസ്ഥ, കീഴെ പെരുമ്പടപ്പ് മന), സതീശൻ (ഗായത്രി പ്രസിഡന്റ്, റിട്ട. ഇന്റലിജൻസ് ബ്യൂറോ ഓഫീസർ), പരമേശ്വരൻ (റിട്ട. ഗ്രാമവികസന വകുപ്പ് ഓഫീസർ).



**പി എൻ ശ്രീധരൻ നമ്പൂതിരി**

കോഴിക്കോട്: കേരള കൗമുദിയിൽ നിന്ന് വിരമിച്ച പ്രമുഖ സ്പോർട്സ് ജേണലിസ്റ്റ് മലാപ്പറമ്പ് ഗിരിനഗർ കോളനി 'പ്രണവ'ത്തിൽ പി എൻ ശ്രീധരൻ നമ്പൂതിരി ( 77) വിഷ്ണുപാദം പൂകി. പാലക്കാട് കോങ്ങാട് പെരിന്തലക്കാട് മനയിലെ അംഗമാണ്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ പി ആർ വിഭാഗത്തിലും ജോലി ചെയ്തിരുന്നു. ഭാര്യ: സി കെ വിജയകുമാരി (റിട്ട. അസി. അക്കൗണ്ട്സ് ഓഫീസർ, കെ എസ് ഇ ബി). മക്കൾ: പ്രമിത (ഐ ടി, ഹൈദരബാദ്), പ്രത്യുഷ (മെൽബൺ). മരുമക്കൾ: ഹേമന്ത് ഗുപ്ത (ഐ ടി, ഹൈദരബാദ്) , ശ്രീകുമാർ കല്ലൂർ ( മെൽബൺ). സഹോദരങ്ങൾ: ഡോ. പി എൻ പ്രഭാവതി, പി എൻ പരമേശ്വരൻ (റിട്ട. ഡി ജി എം, കനറ ബാങ്ക്), ഡോ. പി എൻ കേശവൻ ( സർജൻ, എലൈറ്റ് ആശുപത്രി, തൃശൂർ).




**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

താമരശ്ശേരി: താമരശ്ശേരി കളത്തില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (74) ( അധ്യാപകൻ) നിര്യാതനായി. ചാലപ്പറ്റ ശിവക്ഷേത്രം ട്രസ്റ്റ് ചെയർമാനും ചാലപ്പറ്റ ശിവക്ഷേത്രം മേൽശാന്തിയും ആയിരുന്നു. വൈദിക താന്ത്രിക പണ്ഡിതനുമാണ്. ഭാര്യ :പ്രസന്ന അന്തർജനം. മക്കൾ: പ്രവീൺ നമ്പൂതിരി( അദ്ധ്യാപകൻ,പള്ളിപ്പുറം സ്കൂൾ, താമരശ്ശേരി . പ്രിയ( അദ്ധ്യാപിക,പൂക്കളത്തൂർ സ്കൂൾ ). മരുമക്കൾ: നാരായണൻ അടിതിരിപ്പാട്, അദ്ധ്യാപകൻ(എം എസ് പി സ്കൂൾ) ലത ( ടീച്ചർ.മുക്കം എച്ച്എസ്എസ്). സഹോദരങ്ങൾ : ദാമോദരൻ നമ്പൂതിരി (Late), നാരായണൻ നമ്പൂതിരി, ദേവി (ദേവകി അന്തർജ്ജനം), കേശവൻ നമ്പൂതിരി, രാമൻ നമ്പൂതിരി, ശങ്കരൻ നമ്പൂതിരി, സതി അന്തർജ്ജനം, വാസുദേവൻ നമ്പൂതിരി .



**ഡി.പരമേശ്വരി അമ്മാൾ**

മൂവാറ്റുപുഴ: കാലാമ്പൂർ കല്ലേലിമല ഡി.പരമേശ്വരി അമ്മാൾ (തങ്കം–78) വിഷ്ണുപാദം പൂകി. തിരുവനന്തപുരം അരുവിക്കര പെരിയമന കുടുംബാംഗമാണ്. ഭർത്താവ്: കെ.എൻ. നാരായണൻ നമ്പൂതിരി. മക്കൾ: കെ. എൻ. മായ- തൊടുപുഴ മാടമന തുരുത്തേൽ മഠം, കെ.എൻ.ഉണ്ണികൃഷ്ണൻ നമ്പൂതിരി. മരുമക്കൾ: കെ.ശ്രീജ- വീട്ടൂർ കിഴക്കേക്കര ഇല്ലം, പരേതനായ എൻ.നാരായണൻ പോറ്റി.




**ബ്രഹ്മശ്രീ. എസ് നാരായണൻ പോറ്റി**

നഗരൂർ തേക്കിൻകാട് ഉല്ലാസ് ഭവനിൽ ബ്രഹ്മശ്രീ. എസ് നാരായണൻ പോറ്റി (79) (റിട്ട.അധ്യാപകൻ, വി.എസ്. എൽ.പി.എസ്. തേക്കിൻകാട്) , വിഷ്ണുപാദം പൂകി. കിളിമാനൂർ ഉപസഭയിൽ അംഗമാണ്. ഭാര്യ: സുഭദ്ര അന്തർജ്ജനം. മക്കൾ: ശ്രീജ, ഷീജ, ഷിജി, ജിഷ. മരുമക്കൾ: ജനാർദ്ദനൻ (ഹമലേ), വെങ്കിടേശ്വരൻ, രഞ്ജിത്ത്, അരവിന്ദ്. ചെറുമക്കൾ: രുദ്ര, ജിഷ്ണു, തീർത്ഥ, നവനീത്, നവമി, അനന്തജിത്ത്.



**ദേവസേന അന്തർജനം**

പാലക്കാട്: കൊടുന്തിരപ്പുള്ളി കൂടലാറ്റുപുറത്ത് മനയ്ക്കൽ പരേതനായ ഭാസ്കരൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ദേവസേന അന്തർജനം (സുധ–62) വിഷ്ണുപാദം പൂകി. അച്ഛൻ: പരേതനായ വെടിയൂർ ഗോദൻ നമ്പൂതിരിപ്പാട്. അമ്മ: പരേതയായ മോഴികുന്നം ദേവകി അന്തർജനം. മകൾ: അപർണ (ബെംഗളൂരു). സഹോദരങ്ങൾ: വി.ജി. നാരായണൻ, സുമ രാജൻ (മായന്നൂർ മുണ്ടനാട് മന), വി.ജി. രാമൻ.



**ദത്താത്രേയൻ നമ്പൂതിരി**

കുനിത്തല ഇല്ലത്ത് ദത്താത്രേയൻ നമ്പൂതിരി (76) വിഷ്ണുപാദം പൂകി. റിട്ട. മിലിട്ടറിയാണ്. ഭാര്യ: കീഴാറ്റൂരില്ലത്ത് രുക്മിണി അന്തർജനം (റിട്ട. അധ്യാപിക). മക്കൾ: പ്രിയ, പ്രിയേഷ് (കാനഡ). മരുമക്കൾ: അജിത് നാരായണൻ (മാടമ്പി ഇല്ലം, ശ്രീകൃഷ്ണപുരം), ശ്രീദേവി (പാലത്തിൻകര ഇല്ലം, തകഴി). സഹോദരങ്ങൾ: സാവിത്രി പുല്ലഞ്ചേരി ഇല്ലം, നാരായണൻ നമ്പൂതിരി, പരേതരായ ആര്യ കുറുങ്ങാട്ടില്ലം, ഭവശർമൻ നമ്പൂതിരി.



**ഗോവിന്ദൻ നമ്പൂതിരി**

കക്കോടിമുക്ക്: കോൽപുറത്ത് ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരി (93) വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ ശ്രീദേവി അന്തർജനം. മക്കൾ: നന്ദകുമാർ, ജയ. മരുമക്കൾ: ബിന്ദു, രാജീവൻ.



**സാവിത്രി അന്തർജ്ജനം**

രാമനാട്ടുകര: ഇടിമുഴിക്കൽ നീലമന (പൊലിയേടത്ത്) നാരായണൻ എമ്പ്രാന്തിരിയുടെ ഭാര്യ സാവിത്രി അന്തർജ്ജനം വിഷ്ണുപാദം പൂകി.. മക്കൾ: വിനോദ്, പ്രശോഭ്. മരുമക്കൾ: ദേവി, അഞ്ജലി.



**ബിന്ദു കൃഷ്ണകുമാർ**

ചോറ്റാനിക്കര ഉപസഭാംഗം പുളിമറ്റത്ത് ബിന്ദു കൃഷ്ണകുമാർ (55) വിഷ്ണുപാദം പൂകി.




**ശ്രീദേവി അന്തർജ്ജനം**

മലപ്പുറം എ.ആർ. നഗർ നെച്ചിക്കാട്ടില്ലത്ത് ശ്രീദേവി അന്തർജ്ജനം വിഷ്ണുപാദം പൂകി.

**സ്വസ്തിയിൽ ചരമവാർത്തകൾ**
**നൽകാൻ വാട്ട്സ് ആപ്പ് ചെയ്യൂ**
**9400992823**

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ




**പരമേശ്വരൻ നമ്പൂതിരി**

ഗുരുവായൂർ ക്ഷേത്രത്തിൽ ഓതിക്കൻ കുടുംബാംഗമായ പ്രൊഫ: കക്കാട് പരമേശ്വരൻ നമ്പൂതിരി (80) (കക്കാട് മന, വേണുവിഹാരം ലെയിൻ, കോട്ടപ്പുറം തൃശൂർ) വിഷ്ണുപാദം പൂകി. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ റിട്ടയേർഡ് പ്രൊഫസർ ആണ്. ഭാര്യ: ഗവ.ട്രെയിനിംഗ് കോളേജ് റിട്ട. അധ്യാപിക ഡോ. കെ. എം. ശാന്തകുമാരി (കാഞ്ഞിരങ്ങാട് മഹൾ). മക്കൾ: പ്രമോദ് ടി.സി.എസ് (അമേരിക്ക), സുപ്രിയ (ബാംഗളൂർ). മരുമക്കൾ: ശാലിനി കുറുമാത്തൂർ (അമേരിക്ക) ശങ്കരൻ കോഴിശ്ശേരി മന (ബാംഗ്ലൂർ). സഹോദരങ്ങൾ: മോഹനൻ (റിട്ട.കെഎസ്ഇബി), ഉമാദേവി പുൽപ്പറമ്പിൽ (റിട്ട. ഡെ.ഡയറക്ടർ, എസ്എൽഐ), വാസുദേവൻ നമ്പൂതിരി (റിട്ട. കാത്തലിക് സിറിയൻ ബാങ്ക്, മുൻ ഗുരുവായൂർ മേൽശാന്തി), അഡ്വ. സതീശൻ നമ്പൂതിരി, പരേതരായ ഉണ്ണിനമ്പൂതിരി, ഉഷ. തൃശൂർ ഉപസഭ പ്രസിഡണ്ടും യോഗക്ഷേമ സഭയുടെ ഒരു സജീവ പ്രവർത്തകനും മാർഗ്ഗദർശിയായിരുന്നു.



**ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാട്**

പന്ന്യംവള്ളി ഇല്ലത്ത് ഉണ്ണികൃഷ്ണൻ ഭട്ടതിരിപ്പാട്(65) (അപ്പുക്കുട്ടൻ) വിഷ്ണു പാദം പൂകി.



**ഹരിദാസ്**

അക്കരക്കുറിശ്ശി മന പരേതനായ ഉണ്ണി നമ്പൂതിരിപ്പാടിന്റെ മകൻ ഹരിദാസ് (64) വിഷ്ണുപാദം പൂകി.



**സാവിത്രി അന്തർജനം**

കുമ്മനം: തുയ്യത്തില്ലത്ത് സാവിത്രി അന്തർജനം (80) വിഷ്ണുപാദം പൂകി.

ഭർത്താവ്: കടപ്ര പെരിയമന പടിഞ്ഞാറേ രകരിമ്പേത്ത് ഇല്ലത്ത് പരേതനായ നാരായണൻ നമ്പൂതിരി. മകൾ: ശ്രീകല (അധ്യാപിക).




**പാർവ്വതി അന്തർജനം**

അവിടനല്ലൂർ കൂട്ടാലിട കക്കാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരിയുടെ സഹധർമ്മിണി പാർവ്വതി അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ ദയാനനദൻ നമ്പൂതിരി, ദേവൻ നമ്പൂതിരി.



**സുബ്രമണ്യൻ നമ്പൂതിരിപ്പാട്**

ഒറ്റപ്പാലം, അമ്പലപ്പാറ കാവുങ്കൽ മന സുബ്രമണ്യൻ നമ്പൂതിരിപ്പാട് വിഷ്ണു പാദം പൂകി. അമ്പലപ്പാറ മുതലക്കാവ് ഊരാളനും, മേൽശാന്തിയുമായിരുന്നു



**ഡോ. എൻ. നീലകണ്ഠൻ**

കുറ്റമുക്ക് നിലയങ്ങോട് മനയിൽ ഡോ. എൻ. നീലകണ്ഠൻ (83) വിഷ്ണുപാദം പൂകി.



**പാർവ്വതി അന്തർജനം**

പരേതനായ കക്കാട് വാസുദേവൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി പാർവ്വതി അന്തർജനം വിഷ്ണുപാദം പൂകി. മക്കൾ: ദയാനന്ദൻ നമ്പൂതിരിപ്പാട്, ദേവാനന്ദ് നമ്പൂതിരിപ്പാട്.



**ശംഭുദേവൻ നമ്പൂതിരി**

മല്ലപ്പള്ളി ഐരടത്തില്ലത്ത് ശംഭുദേവൻ നമ്പൂതിരി വാർധക്യ സഹജമായ അസുഖങ്ങൾ മൂലം വിഷ്ണു പാദം പൂകി.

### അക്കിത്തത്തിന്റെ ജന്മശതാബ്ദി



2026 മാർച്ച് 18ന് അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ ജന്മശതാബ്ദി ആഘോഷിക്കുകയാണ്. 1926 മാർച്ച് 18-നു പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ അമേറ്റൂർ അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയുടേയും ചേകൂർ മനയ്ക്കൽ പാർവ്വതി അന്തർജ്ജനത്തിന്റെയും മകനായി അദ്ദേഹം ജനിച്ചു.

ബാല്യത്തിൽ സംസ്കൃതവും സംഗീതവും ജ്യോതിഷവും പഠിച്ചു. 1946-മുതൽ മൂന്നു കൊല്ലക്കാലം ഉണ്ണിനമ്പൂതിരിയുടെ പ്രസാധകനായിരുന്നു. മംഗളോദയം, യോഗക്ഷേമം എന്നിവയുടെ സഹ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്. 1956 മുതൽ കോഴിക്കോട് ആകാശവാണി നിലയത്തിൽ സ്ക്രിപ്റ്റ് എഴുത്തുകാരനായി പ്രവർത്തിച്ച അദ്ദേഹം 1975ൽ ആകാശവാണി തൃശ്ശൂർ നിലയത്തിൽ എഡിറ്ററായി. 1985ൽ ആകാശവാണിയിൽ നിന്ന് വിരമിച്ചു. നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. 2020 ഒക്ടോബർ 15ന് രാവിലെ 8.10ന് തൃശ്ശൂരിലെ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ വച്ച് അദ്ദേഹം 94-ാം വയസ്സിൽ അന്തരിച്ചു. പരേതയായ ശ്രീദേവി അന്തർജനമാണ് ഭാര്യ. ആറു മക്കളുണ്ട്. ചിത്രകാരൻ അക്കിത്തം നാരായണൻ സഹോദരനാണ്. മകനായ അക്കിത്തം വാസുദേവനും ചിത്രകാരനാണ്.

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

**B.A. History, B.A. Economics, B.A. English, B.A. Hindi**
**B.Sc. Mathematics, B.Sc. Physics, B.Sc. Chemistry**
**B.Sc. Computer Science**
**B.Com Taxation, B.Com Computer Application**
**B.Voc. Tourism and Hospitality Management**

**P G COURSES**

**M.A. History**
**M.Com Finance, M.Com International Business**
**M.Sc. Chemistry**

***HOSTEL FACILITY FOR WOMEN***

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the "B+" Level)
principalvtb@gmail.com

**U G COURSES**

**B.A. Sanskrit, B.A. History,**
**B.A. Economics Foreign Trade and Practice**
**B.Sc. Mathematics**
**B.Com, B.B.A**

**P G COURSES**

**M.Sc. Computer Science**
**M.Com**
**M.Sc. Mathematics with Data Science**

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** **B.Sc. Physics, B.A. Economics, B.Com Taxation**

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

**B.B.A., B.A. English**
**B.Com Computer Application, B.Com Co-operation**
**B.Sc. Computer Science, B.Sc. Psychology**

**P G COURSES**

**M.Com Finance**
**M.Sc. Computer Science**
**M.A. English**

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

Temples Managed by
Sree Sankara Trust

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*

# ശ്രദ്ധാഞ്ജലി



## ശങ്കരനാരായണൻ നമ്പൂതിരി (TSN)

റിട്ടയേർഡ് അധ്യാപകൻ, ഞാങ്ങാട്ടിരി എ യു പി സ്കൂൾ .പാലക്കാട് ജില്ല

**ജനനം: 1920, മരണം 1993**

സഹധർമ്മിണി: പരേതയായ ശ്രീകൃഷ്ണപുരം കിഴിയേടത്ത് ഉണിക്കാളി അന്തർജ്ജനം
മക്കൾ: സാവിത്രി, സതി, രവി, രാമചന്ദ്രൻ, നാരായണൻ, വാസന്തി, സജിത.
മരുമക്കൾ: പരേതനായ നാരയണൻ നമ്പൂതിരി (കൂട്ടപ്പിലാവ്-കണ്ടോത്തില്ലം), മാധവൻ നമ്പൂതിരി (വെങ്ങല്ലൂർ), രമ (കിഴക്കെ കുത്തുള്ളി), ഉഷ (ഇളംകുന്നപ്പുഴ കോവിലകം), ഗീത (പള്ളത്തേരി), വാസുദേവൻ (ആലയ്ക്കാട്), വിനോദ് (മങ്ങത്തായ)
പേരക്കുട്ടികൾ: ദിലീപൻ-ലേഖ, അജിത്-സുചിത്ര, ദീപ്തി-ജയനാരായണൻ, അഞ്ജലി-ദിലീപ്, അജയ്- ശിഖ, രാഹുൽ-ശ്രീദേവി, രോഹിത്ത്-അപർണ, അനഘ-സച്ചിൻ, ശരണ്യ-സജീവ്, സുജന്യ-ശ്രീകാന്ത്, ലാവണ്യ- ഋഷീകേശ്, അപർണ-വിഷ്ണു, രജത്, ശരത്, സുപർണ,അമിത് കേശവ്
പ്രപൗത്രർ: ഗീതിക, ഹർഷിത, പൂർണ്ണ പ്രജ്ഞൻ, ഹരിനാരായണൻ, സാവിത്രി, ശ്രീദേവി, ഋഷികേശ്, സാത്വിക്, ധനഞ്ജയ്, കശ്യപ്, അക്ഷത്, നിത്വിക്, ത്രിവിക്രം രാഹുൽ തെക്കേടം

രവി തെക്കേടം- 9867203567






## ശ്രദ്ധാഞ്ജലി



### ഉണ്ണികൃഷ്ണൻ നമ്പൂതിരി

(റിട്ട. അധ്യാപകൻ, വൈദിക താന്ത്രിക ശ്രേഷ്ഠൻ)
കളത്തിൽ ഇല്ലം, താമരശ്ശേരി
ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്
ഭാര്യ, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ,
മറ്റു കുടുംബാംഗങ്ങൾ
മൊബൈൽ: 99612 68008

## ശ്രദ്ധാഞ്ജലി



### പ്രൊഫ: കക്കാട് പരമേശ്വരൻ നമ്പൂതിരി

(റിട്ട. പ്രൊഫസർ, ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ.)
കക്കാട് മന, വേണുവിഹാരം ലെയിൻ, കോട്ടപ്പുറം തൃശൂർ.

*പ്രണാമങ്ങളോടെ,*

ഭാര്യ: ഡോ. കെ. എം ശാന്തകുമാരി കാഞ്ഞിരങ്ങാട്ട് മഹൾ
മകൻ – പ്രമോദ് ടി .സി.എസ് (US)
മകൾ സുപ്രിയ ബ്രാംഗ്ളൂർ) കോഴിശ്ശേരി മന.


ആദ്യമേ ആയുർവേദം
ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941
പാരമ്പര്യത്തിന്റെ മികവ്
സാങ്കേതികതയുടെ തികവ്
300
250
200
150
100
300ml
നൂറ്റാണ്ടുകളുടെ അഷ്ടവൈദ്യ പാരമ്പര്യവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഗവേഷണവും സമന്വയിക്കുന്ന വൈദ്യരത്നം ഔഷധങ്ങൾ. മികച്ച ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുനൽകുന്ന 550ലധികം ആയുർവേദ ഔഷധങ്ങളുമായി വൈദ്യരത്നം ഔഷധശാല... എന്നും നിങ്ങളുടെ ആരോഗ്യത്തിനായി സമർപ്പിതം.
Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications
Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur - 680 306, Kerala, India, Ph: +91 487 2432732, Email: support@vaidyaratnam.com | Web: www.vaidyaratnam.com
/vaidyaratnamofficial
70344 30000
To consult online: vaidyaratnammooss.com/consultonline | To buy online: www.vaidyaratnamstore.com
കൂടുതൽ അറിയാൻ സ്കാൻ ചെയ്യൂ



## നാൽപതാം വിവാഹ വാർഷികം

**താമരക്കുളം ദിവാകരൻ – മീര അന്തർജനം**

**ഏപ്രിൽ 03 2026**

*ആശംസകളോടെ*

വിഷ്ണുപ്രസാദ്,
ഡോ. തുളസി,
ഡോ. ദേവിപ്രിയ,
ഡോ. കേശവൻ വെദിരമന,
ധ്രുവ് ദിവാകരൻ,
നിവേദ് വിഷ്ണു







ഗുരുവായൂർ ആറാട്ടെഴുന്നള്ളിപ്പ്. തിടമ്പുമായി കീഴ്ശാന്തി ചെറുതയൂർ അജിത് നമ്പൂതിരി, മകൻ കൃഷ്ണദേവ് നമ്പൂതിരി

# ഉണ്ണിക്കണ്ണന് അഭിഷേകം ചെയ്യാൻ മഞ്ഞൾക്കുടവുമായി...

ഗുരുവായൂർ ഉത്സവത്തിൽ ആറാട്ടു ദിവസം ഗുരുവായൂരപ്പൻ ഗ്രാമ പ്രദക്ഷിണത്തിന്നായി പുറത്തേക്ക് എഴുന്നള്ളും ആനപ്പുറത്ത് തിടമ്പുപിടിച്ചു കൊണ്ട് ഒരു കീഴ്ശാന്തിയും മഞ്ഞൾപ്പൊടിക്കുടം പിടിച്ചുകൊണ്ട് സമാവർത്തനം കഴിഞ്ഞ ഒരു കീഴ്ശാന്തി ഉണ്ണിയും വേണം. ആദ്യമായി ആനപ്പുറത്ത് കയറുന്നത് ആറാട്ടിനുള്ള മഞ്ഞൾക്കുടം പിടിച്ചുകൊണ്ടായാൽ കേമമായി.

ഇക്കൊല്ലത്തെ ആറാട്ടിന് ഇങ്ങനെയൊക്കെത്തന്നെ സംഭവിക്കാൻ ഭാഗ്യമുണ്ടായി. ആനപ്പുറത്ത് അഛൻ ചെറുതയൂർ അജിത് നമ്പൂതിരിയും മഞ്ഞൾക്കുടവുമായി മകൻ കൃഷ്ണദേവും. അപൂർവ്വമായി കിട്ടിയ ഭാഗ്യം.




കൃഷ്ണദേവിന്റെ വാക്കുകളിലേക്ക്: ആദ്യമൊക്കെ നല്ല പേടിയുണ്ടായിരുന്നു ആനപ്പുറത്തു കയറാൻ. തൊട്ടടുത്ത് അഛനും അഫനുമൊക്കെ ഉണ്ടായിരുന്നത് നല്ല ധൈര്യം തന്നു. മഞ്ഞൾക്കുടം എന്തിനാണെന്നൊന്നും ആദ്യം കൃത്യമായി മനസ്സിലായിരുന്നില്ല. പിന്നീട് മഞ്ഞൾ ഭഗവാന്റെ തിടമ്പിൽ ആടുന്നത് നേരിൽ കണ്ടപ്പോൾ സന്തോഷം, അഭിമാനം! സമാവർത്തനത്തിന് മുൻപു തന്നെ ഉണ്ണി അമ്മയോട് ചോദിക്കാൻ തുടങ്ങിയിരുന്നു; എപ്പഴാ മുണ്ടുടുക്കാൻ കഴിയുക? മറ്റുള്ളവരേപ്പോലെ അമ്പലത്തിലെ പണികളൊക്കെ എടുക്കാൻ കഴിയുക? എന്നെല്ലാം.


ആശംസകളോടെ...
SUKRUTHAM
AYURVEDA CHIKITSALAYAM
www.sukruthamayurveda.org
NABH Accredited
Ayurveda Hospital
Providing premium quality
healthcare and medication
to you and your family
PANCHAKARMA
MASSAGE & SPA
HERBAL MEDICINE
HERBAL ESSENTIAL OIL
CALICUT : Kovilakam Road, Mankavu, Kerala - 673 007 +91 0495 2330838 sukrutham@gmail.com
CHENNAI : 14-A, Classic Farms, Model School Road, OMR Sholinganallur, Chennai, Tamilnadu - 600 119
+91 8891325888, 8891324888 sukruthamchennai@gmail.com
Keraleeya Panchakarma - Consultation, Therapies, Pharmacy


SREEPATHY
INSTITUTE OF MANAGEMENT AND TECHNOLOGY
Approved by AICTE & Affiliated to APJ Abdul Kalam Technological University
ENGINEERING COLLEGE
B.TECH. Courses
Computer Science and Engineering
Artificial Intelligence and Data Science
Civil Engineering
Electrical and Electronics Engineering
Electronics and Communication Engineering
Mechanical Engineering
Robotics and Artificial Intelligence *
OPTION CODE
SPT
BOOK YOUR
SEATS
NOW...!
NBA & NAAC
ACCREDITED
INSTITUTION
790 283 5555 | 790 288 3555
Same Fee for Govt Quota and Management / NRI seats
No Donations | No Extra Fees | 100% Placements | Internship for All Students
Sreepathy Campus, Vavanoor P O., Pattambi, Palakkad - 679533
www.simat.ac.in principal@simat.ac.in


SREEPATHY
INSTITUTE OF ADVANCED STUDIES
ARTS & SCIENCE COLLEGE
Affiliated to University of Calicut
COURSES
OFFERED
BCA (HONOURS)
B. COM FINANCE (HONOURS)
BSc. ARTIFICIAL INTELLIGENCE
790 288 4555 | 790 288 2555
Sreepathy Campus, Vavanoor P.O., Pattambi, Palakkad - 679
www.sasc.in sreepathyartscollege@gmail.com

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:5 Issue No:2 ❑ Kozhikode ❑ Date of Publication: 1 April 2026

